ചിന്താസന്താനം.

(നാലാം ഭാഗം)

ഗ്രന്ഥകർത്താ,

ആർ. ഈശ്വരപിള്ള ബി. എ.

(രണ്ടാം പതിപ്പ്)

പ്രസാധകൻ

സി. ജി. ബ്രദേഴ്സ്

ഈശ്വരവിലാസം ബുക്ക്ഡിപ്പോ,

പറവൂർ.

1108.

Price 12 As.) (വില 12 അണ.

ആമുഖം.

ഞാൻ പലപ്പോഴായി മാസികകളിലേക്ക് എഴുതിയിട്ടുള്ള ലേഖനങ്ങളെ ശേഖരിച്ച പുസ്തകരൂപത്തിലാക്കി വരികയാണ്. ഇവ്വക ലേഖനങ്ങൾക്ക് അവയിലെ വിഷയങ്ങളും പ്രതിപാദനരീതിയും കൊണ്ട് ഇംഗ്ലീഷിൽ 'Essays' എന്നു പറയുന്ന സാഹിത്യത്തോട് ഏറെക്കുറെ സാമ്യമുണ്ടെന്നു തോന്നുന്നു. ഭാഷയിൽ ഇത്തരം സാഹിത്യങ്ങൾ അപൂർവ്വങ്ങളാണ്. ഈ ഗ്രന്ഥാവലി പ്രസ്തുതന്യൂനതയെ അല്പമായിട്ടെങ്കിലും പരിഹരിക്കുമെന്നുള്ള വിചാരവുമില്ലാതില്ല. ഇവക്ക് ഉപന്യാസങ്ങൾ എന്നോ വാങ്മുഖങ്ങൾ എന്നോ പറയാവുന്നതാണ്. ഡാക്ടർ ജാൺസൺ പറയുന്നതുപോലെ ഇതു് "ഒരു വിഷയവുമായിട്ടുള്ള പ്രാരംഭസമരം" അതായതു് ഓരോവിഷയത്തെപ്പറ്റിയും ചുരുക്കവും അപൂർണ്ണവുമായ കാടാചില്ലുവിമർശനം മാത്രമാണ്. വായനക്കാരിൽ ചിന്തയെ ഉത്തേജിപ്പിക്കുന്നതിനു് ഇവ പ്രത്യേകം ഉപയുക്തങ്ങളായിരിക്കുമെന്നു വിശ്വസിക്കുന്നു. സാമ്മാന്യികങ്ങളും സാമുദായികങ്ങളും മറ്റുമായ വിഷയങ്ങളെപ്പറ്റിയുള്ള അതിദീർഘങ്ങളായ ലേഖനങ്ങളും പ്രസംഗങ്ങളും വായനക്കാരിൽ അല്പം വിരസത ജനിപ്പിക്കാനിടയുണ്ട്. വിരസത ജനിപ്പിക്കാതെ കാര്യസാരം ഗ്രഹിപ്പിക്കുന്നതിനു് ഇത്തരം ഉപന്യാസങ്ങൾ പറ്റിയവയാണെന്നുതോന്നുന്നു. മലയാളഭാഷയിൽ ഇപ്പോൾ മറ്റുപല സാഹിത്യങ്ങളും ധാരാളമായി ഉണ്ടാകുന്നുണ്ട്. ആ കൂട്ടത്തിൽ ഇത്തരം സാഹിത്യങ്ങൾകൂടി ഇടക്കിടക്കു് ഉണ്ടാകുന്നതു ഭാഷക്കു് ഒരു ഭൂഷണമായിരിക്കും. നമുക്കു പലപ്പോഴും ലഭിക്കാവുന്ന നാതിദീർഘങ്ങളായ വിശ്രമാവസരങ്ങളിൽ അവ ഏറെക്കുറെ അനുപാദ്യതരങ്ങളുമായിരിക്കും. പ്രകൃതപുസ്തകം ഈ ഗ്രന്ഥാവലിയിൽ നാലാംഭാഗമാണ്. അഞ്ചാംഭാഗവും ഉടനെ പ്രസിദ്ധപ്പെടുത്തണമെന്നാഗ്രഹിക്കുന്നു. ഇവയിൽ എല്ലാംകൂടി വിവിധവിഷയങ്ങളെ സ്പർശിക്കുന്ന നൂറോളം ലേഖനങ്ങൾ ഉണ്ടായിരിക്കുമെന്നു തോന്നുന്നു. ഈവക ലേഖനങ്ങളിൽ വല്ലതും സാരങ്ങളായോ ഗ്രാഹ്യങ്ങളായൊ ഉണ്ടോ എന്നുള്ളതു വായനക്കാർ തീരുമാനിക്കട്ടെ. ഈ ഗ്രന്ഥത്തെ 'സുധീയഃ പുനന്തു' എന്നുള്ള പ്രാർത്ഥനയോടുകൂടി ലോകസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

ഈ പുസ്തകം നല്ല അക്ഷരത്തിൽ വൃത്തിയായും ഭംഗിയായും അച്ചടിച്ചും ആകർഷണീയമായവിധത്തിൽ സജ്ജമാക്കിയും തന്ന എസ്സ്. ജി. പ്രസ്സുടമസ്ഥന്മാരോടും ഈ ജോലി ഭാരമേറ്റ പ്രസാധകന്മാരോടും എന്റെ കൃതജ്ഞതയെ ഇവിടെ രേഖപ്പെടുത്തുന്നതിനു് എനിക്കു വലിയ സന്തോഷമുണ്ടു്.

എന്നു്,

പാറൂർ,
20——10——1108. }

ഗ്രന്ഥകർത്താ.

വിഷയവിവരം.

		പുറം.
1.	വൃദ്ധന്മാർ ...	... 1
2.	ആകാശം ...	... 14
3.	മലയാളസാഹിത്യവും തൽകർത്താക്കന്മാരും I.	... 19
4.	ടി II.	... 32
5.	ടി. III.	... 47
6.	അവരോധത്തിൽനിന്ന് അരങ്ങത്തേയ്ക്ക്	... 54
7.	താമസ് കാർലൈൽ I.	... 69
8.	ടി. II.	... 80
9.	ഭാഷാസാഹിത്യത്തിന്റെ ഇന്നത്തെ ആവശ്യം	... 95
10.	നവലോകം ...	...106
11.	പൗരസ്ത്യരും പാശ്ചാത്യരും	...115
12.	ഉണ്ണായിവാര്യരും നളചരിതം ആട്ടക്കഥയും	...121
13.	സാഹിത്യകാരന്മാരുടെ ഉദ്യമസ്ഥ	...134
14.	സമുദായങ്ങളും സമത്വവും മത്സരവും	...141



ആർ. ഈശ്വരപിള്ള, ബി. ഏ.

ചിന്താനന്താനം.

(നാലാംഭാഗം)

വൃദ്ധന്മാർ.

'വൃദ്ധൻ' എന്ന പദത്തിനു വയ്ച്ചവൻ എന്നു മാത്രമേ അർത്ഥമുള്ളുവെങ്കിലും പ്രയോഗത്തിൽ അതു് അല്പം ദുഷിച്ചിട്ടുണ്ടു്. മലയാളത്തിൽ അല്പം പുച്ഛരസത്തോടുകൂടിയാണു് ഈ പദത്തെ ഉപയോഗിച്ചുവരുന്നതു്. പ്രയോജനശൂന്യങ്ങളായ ചില സന്ദർഭങ്ങളായിട്ടാണു് ഇവർ സാധാരണ വിചാരിക്കപ്പെട്ടുവരുന്നതു്. വാസ്തവവും പക്ഷെ ഇങ്ങനെ ആയേക്കാം. ജീവിതത്തിൽ ഇവരുടെ കൃത്യങ്ങൾ ശരിയായൊ മറു വിധത്തിലൊ നിർവഹിച്ചു കഴിഞ്ഞു മനുഷ്യർ പ്രകൃതിനിയമത്താൽ നിർബന്ധിതരായിട്ടു് ഒരുവിധം സ്വസ്ഥതയെ അവലംബിച്ചു വർത്തിക്കുന്ന കാലമാണല്ലൊ വാർദ്ധക്യം. പക്ഷെ പലരും തങ്ങൾ അനുഭവിച്ചിട്ടുള്ളതായ വിഷയസുഖങ്ങളോടുള്ള ആസക്തിനിമിത്തം യൗവനകാലത്തിലെ അനുഭവങ്ങളെ വാർദ്ധക്യത്തിലേയ്ക്കു വലിച്ചിഴച്ചു് അസ്വാസ്ഥ്യം വരുത്തിവയ്ക്കാറുണ്ടു്. വിഷയസുഖങ്ങൾക്കു മനുഷ്യന്റെ മേലുള്ള ആകർഷണശക്തി എത്ര ബലവത്താണെന്നു് ഇതിൽനിന്നും ഊഹിക്കാവുന്നതാണു്. മനസ്സി

നെ ലോകവ്യാപാരങ്ങളോട് ദൃഢമായി ബന്ധിച്ചു ജീവിതം നയിച്ചുവരുന്നു പിന്നീട് അതിനെ പിന്നോക്കം വലിക്കുന്നതു് അസാമാന്യമായ മാനസികശക്തിയുണ്ടെങ്കിൽ മാത്രമേ സാധിക്കയുള്ളൂ. ഇപ്രകാരമുള്ളവർ ലോകത്തിൽ അപൂർവമാണെല്ലോ. ഭൌതികാംശം കുറഞ്ഞും ആത്മികാംശം കൂടിയും ഇരിക്കുന്ന മനുഷ്യർക്ക് ഇതു സുകരമായിരിക്കും.

മനുഷ്യനു വാർദ്ധക്യദശ ആരംഭിക്കുന്നതു് ഉഷ്ണമേഖലയിൽ ഏകദേശം അറുപതുവയസ്സു തികയുന്നതോടുകൂടിയാണെന്നു തോന്നുന്നു. യൌവനദശയിൽനിന്നുള്ള ഈ മാറ്റത്തെ സൂചിപ്പിക്കുന്നതിനായിട്ടാണു നാം ഷഷ്ട്യബ്ദപൂർത്തിദിനം ആഘോഷിച്ചുവരുന്നതു്. ഇനി ജീവിതരീതിയെ അനുകൂലമായ മാറ്റമെന്നു നമ്മെ ഉപദേശിക്കുന്നതിനായിട്ടാണു് ഈ ഏർപ്പാടു ചെയ്തിരിക്കുന്നതു്. അതിനെ മറ്റുവിധമാണു ജനങ്ങൾ ഇന്നു വ്യാഖ്യാനിക്കുന്നതു്. ഈ ഘട്ടത്തിലാണു് മനുഷ്യൻ 'വയസ്സായി' എന്നു്, സന്നിശ്വാസം ഓമ്മിക്കുന്നതു്. ജരയും നരയും പതുക്കെ തലപൊക്കിത്തുടങ്ങുന്നു. ആദ്യം ഇതിനൊക്കെ വല്ല പ്രതിവിധിയും ഉണ്ടോ എന്നു മനുഷ്യൻ പലവിധം ശ്രമിച്ചുനോക്കും. ഫലമില്ലെന്നു കാണുമ്പോൾ ഒരുവിധം അതുപേക്ഷിയോടുകൂടി കീഴടങ്ങും. "വീണ്ടോടംകൊണ്ടു വിദ്യ" എന്നാ മട്ടിലാണു് പിന്നത്തെ സ്ഥിതി. നരയെ പല വിദ്യകൾകൊണ്ടും മറയ്ക്കാൻ നോക്കും. എന്നാൽ 'ജര' ഇതിനൊന്നിനും വശംവദയാകാതെ തന്റെ ജോലി നിർദ്ദാക്ഷിണ്യമായി നടത്തിക്കൊണ്ടിരിക്കും. ഈ ഘട്ടത്തിൽ സംഗതികളെ കുറച്ചുകൂടി വഷളാക്കുന്നതിനു പുറത്തുനിന്നും ചില അസഹ്യതയുംനേരിടുന്നു. ഇതേവരെ അതു ശ്രദ്ധിക്കാതെയിരു

ന്ന യുവലോകത്തിന്റെ ദൃഷ്ടി ഇപ്പോൾ ഇവരിൽ പതിയുന്നു. ഇതുവരെ "കോമൻനായരെ"ന്നോ "മാത്താണ്ഡപ്പിള്ള"യെന്നോ വിളിക്കപ്പെട്ടിരുന്നവരെ വൃദ്ധോത്തരലോകം ഇപ്പോൾ "മൂപ്പീന്ന്" എന്നും, "അപ്പൂപ്പൻ" എന്നും, "മാമ്മൻ" എന്നും, "കിഴവൻ" എന്നും മറ്റും ചില സംജ്ഞകൾ കൊണ്ടു സംബോധനം ചെയ്തു തുടങ്ങും. ഇതും ഇതേവരെ സംശയഗ്രസ്തമായിരുന്ന തങ്ങളുടെ പ്രായാധിക്യത്തേയും അവശതയേയും സവിശേഷം ഇവരെ സംസ്മരിപ്പിക്കുന്നു. ആകൃതിയിലും മാറ്റമുണ്ടാകുന്നു. ആകപ്പാടെ ഒരു പുതിയ മനുഷ്യനോ ജന്തുവോ ആയിത്തീരുന്നു. ഇവരെ കാലൊടിഞ്ഞ കുടയേയൊ, കീറിയ ഉടുപ്പിനേയൊ പോലെ വല്ല മൂലയിലും സൂക്ഷിക്കേണ്ട വസ്തുക്കളെന്നാ മട്ടിലാണു യുവലോകം ഇപ്പോൾ ഗണിക്കുന്നതു്. ഉള്ളുകൊണ്ടു് ഇപ്രകാരമാണെങ്കിലും പുറമെ ഇതൊന്നും അവർ സ്പഷ്ടമായി ഭാവിക്കയില്ല. ചിലർ ഇവരെ കാണുന്നസമയം ഇരുന്നിടത്തിൽനിന്നു് എഴുന്നേറ്റു നിൽക്കയും കുറച്ചൊക്കെ ആദരവു ഭാവിക്കയും ചെയ്യാതിരിക്കയില്ല. ഇതു പ്രായേണ വിഗണിതന്മാരായ വൃദ്ധന്മാക്കു് അല്പം ആശ്വാസജനകമാണു്. എന്നാൽ പൂർണ്ണരസം ഭാവിക്കുന്നവരും കുറവല്ല. സ്വന്ത ഗൃഹങ്ങളിലുള്ളവരാണെങ്കിൽ അല്പം കൂടി ആദരവും ഭക്തിയും ഭാവിക്കുന്നതു സഹജമാണല്ലൊ. അടിയന്തിരാദികളിലും മറ്റും കാരണവരൊ, പിതാവൊ എന്ന നിലയിൽ ഇവർ ഒരുവിധം പൂജ്യന്മാരാണു്. ഇവരോടു് അഭിപ്രായം ചോദിക്കയും സ്വാഭിപ്രായം പറയുന്നതായാൽ അതിനു വല്ല ആക്ഷേപങ്ങളും പറഞ്ഞു് പ്രശ്നകർത്താവിന്റെ അഭിപ്രായംതന്നെ

സ്ഥിരപ്പെടുത്തുന്നതും സാധാരണ പതിവാണ്. എങ്കിലും ചോദിക്കാതിരിക്കയില്ല. മൂപ്പിലോടൊന്നു ചോദിക്കാതിരിക്കുന്നതു പോരായ്മയാണല്ലൊ. ഈ അവസരങ്ങളിൽ മൂപ്പിലെ "ഗണപതിക്കുവെക്കുന്ന"തുപോലെ ഒരു മാന്യസ്ഥാനത്തിരുത്താതിരിക്കയില്ല അല്ലെങ്കിൽ "ഗുരുത്വ"ത്തിനു പോരാത്തതാണല്ലൊ. ചിലപ്പോൾ മാമ്മനെ കാണുമ്പോൾ മറവുള്ളവർ ഒളിച്ചു മാറികളയുന്നതും ഭക്തിയുടെ ഒരു വിശേഷരൂപമാണ്. പണമൊ മറെറാ സഹായം കൈവശമുണ്ടെങ്കിൽ മട്ടിതൊന്നുമല്ല. അപ്പോൾ അമ്മാമന്റെയൊ, അപ്പൂപ്പന്റെയൊ സൌകര്യം നോക്കി നില്പാൻ ആളുകളുണ്ടാകും. "വിപരീതാനാം ച, വിപരീതതാ" എന്നും പറയാതെ കഴികയില്ല. ഏതായാലും സ്വന്തജനങ്ങൾ ഒഴിച്ചു മറവുള്ളവർ വൃദ്ധന്മാരെ വീക്ഷിക്കുന്നതു് അല്പം ഹാസ്യരസത്തോടുകൂടിയല്ലയോ എന്നു സംശയമുണ്ടു്. എന്നാൽ വൃദ്ധന്മാക്കൊരു ദോഷമുള്ളതു് അവർ പലപ്പോഴും അസ്ഥാനത്തിലൊക്കെ പ്രവേശിക്കയെന്നുള്ളതാണു്. വാൽക്യം കൊണ്ടു തങ്ങൾക്കു് അല്പം ഔന്നത്യം ലഭിച്ചിട്ടുണ്ടെന്നുള്ള കൃതി ഇവർ മറവുള്ളവരെ ശാസിക്കാനും ഉപദേശിക്കാനും പുറപ്പെടുന്നതു സാധാരണയാണു്. പക്ഷെ അവരുടെ ശാസനക്കും ഉപദേശത്തിനും പലപ്പോഴും ലഭിക്കുന്ന സ്വീകരണം ആശാസ്യമായി എന്നു വരികയില്ല. ചിലപ്പോൾ ഈ നീരസത്തെ ഉള്ളുകൊണ്ടു മാത്രം വിചാരിക്കയും ചിലപ്പോൾ വാക്കുകൊണ്ടുകൂടി പ്രദർശിപ്പിക്കയും ഉണ്ടായേക്കാം. പക്ഷെ ഇതിനു വ്യത്യസ്തം ധാരാളം ഉണ്ടാവാം. എന്നാൽ വൃദ്ധന്മാക്കു കൂടുതലായ ലോകപരിജ്ഞാനം സിദ്ധിച്ചിരിക്കാനിടയുള്ളതുകൊണ്ടു പല സംഗതികളിലും അവരുടെ

അഭിപ്രായം ആവശ്യപ്പെടുകയും അതനുസരിച്ചു പ്രവത്തിക്കയും ചെയ്യുവരുന്നതും അത്ര അസാധാരണമല്ല. സൂക്ഷിക്കുതമായ യൌവനദശയെ തരണം ചെയ്തു വാൽക്യത്തിൽ എത്തിയവരെ ലോകം ആദരിക്കാതിരിക്കുക സാധാരണമല്ല. വിദുരവാക്യത്തിൽ പറയുന്നതു നോക്കുക:-

"വിദ്യാഭിജനവയോബുദ്ധ്യുത്ഥശീലങ്ങളാൽ
വൃദ്ധന്മാരവമന്തവ്യന്മാരല്ലൊരിക്കലും."

ഇതിനും പുറമെ,

"വൃദ്ധന്മാരില്ലാതൊരു സഭയും സഭയല്ല
വൃദ്ധന്മാരല്ല ധർമ്മത്തെ ചൊല്ലീടാതവരും"

എന്നും പറഞ്ഞിട്ടുണ്ട്. പക്ഷെ 'എട്ടിൽ' ഇങ്ങിനെയൊക്കെയാണെങ്കിലും നടപ്പിൽ വല്ല വ്യത്യാസവും ഉണ്ടായി എന്നു വരാം. വാൽക്യത്തിനു മൂന്നു ഘട്ടങ്ങളുണ്ട്. ആദ്യത്തേയും മദ്ധ്യത്തിലേയും ഘട്ടങ്ങളിലാണു ലോകപരിജ്ഞാനം പക്വതയെ പ്രാപിച്ചു അന്യന്മാരെ ഉപദേശിക്കുന്നതിനു സമർത്ഥമായിത്തീരുന്നതു്. അവസാനഘട്ടം ഏകദേശം രണ്ടാമത്തെ ശൈശവമായിരിക്കുന്നതുകൊണ്ടു പ്രായേണ പ്രയോജനഹീനമായിത്തന്നെ ഇരിക്കാനെ തരമുള്ളൂ.

ഇനി വാൽക്യത്തിൽ ഉണ്ടാകുന്ന ശാരീരവും മാനസികവുമായ മാറ്റങ്ങളെപ്പറ്റി ചിന്തിക്കാം. വാൽക്യം ആദ്യമായി മനുഷ്യനെ പുറമെയാണു് ആക്രമിക്കുന്നതു്. മുൻപു പറഞ്ഞതുപോലെ ജരാനരകളാണു് ആദ്യമായി പ്രത്യക്ഷപ്പെടുന്നതു്. ഇവ ശരീരത്തിനു പ്രത്യേകിച്ചും മുഖത്തിനു് ഒരു വേഷപ്പകച്ചയുണ്ടാക്കുന്നു. എന്നാൽ അവ

സാനഘട്ടമാകുമ്പോഴെയ്ക്കും ജര മുഖത്തെ ആക്രമിച്ച് ആളറിയാത്ത വിധം വികൃതമാക്കിത്തീർക്കുന്നു. കവിൾത്തടങ്ങൾ ഒട്ടുകയും നെറ്റി കലപ്പച്ചാലുകൾ പോലെയുള്ള രേഖകൾ കൊണ്ടു സങ്കീർണ്ണമായിത്തീരുകയും ചെയ്യുന്നു. കർമ്മേന്ദ്രിയങ്ങൾക്കും ജ്ഞാനേന്ദ്രിയങ്ങൾക്കും ക്രമേണ ശക്തിക്ഷയം സംഭവിക്കുന്നു. അവ അവയുടെ കൃത്യങ്ങൾ ശരിയായി ചെയ്യുന്നതിന് അപ്രാപ്തങ്ങളായി ഭവിക്കുന്നു. കണ്ണിനു കാഴ്ച കുറയുന്നു. ചെവി കേൾക്കാതാകുന്നു. പല്ലുകൾ സ്വസ്ഥാനം വിടുന്നു. ദേഹത്തിലുള്ള തൊലികൾ എല്ലിൽനിന്നും വിട്ട് ഞൊറിഞ്ഞു തൂങ്ങിക്കിടക്കുന്നു. കാലുകൾ ചവിട്ടിയാൽ ഉറയ്ക്കുകയില്ല. കൈകളും വിരലുകളും ബലഹീനങ്ങളായി ഭവിക്കുന്നു. എന്നുവേണ്ട ഷെക്സ്പീയർ പറയുന്നതുപോലെ മനുഷ്യൻ അക്ഷിഹീനനും, ശ്രുതിഹീനനും, ദന്തഹീനനും, സ്പർശഹീനനുമായി ഭവിക്കുന്നു. ഇതുയൊക്കെ ആയാലും മനുഷ്യൻ ആശകളെ വിടുന്നില്ല. പഴയ രുചികളെ വീണ്ടും അനുഭവിക്കാൻ കൊതിച്ചു ക്ഷയോന്മുഖങ്ങളായ ഇന്ദ്രിയങ്ങളേയും അവയവങ്ങളേയും പിന്നെയും ക്ലേശിപ്പിക്കുന്നു. എഴുപതോ എഴുപത്തഞ്ചോ വയസ്സു കഴിഞ്ഞിട്ടും വിവാഹം ചെയ്യുന്നവർ അധികമില്ലെങ്കിലും കുറവല്ല. ഭക്ഷണവിഷയത്തിലും ഇതുപോലെതന്നെ. വാർദ്ധക്യത്തിൽ യൌവനത്തിലേക്കാൾ ബുഭുക്ഷ വർദ്ധിച്ചു കാണപ്പെടുന്നതും അപൂർവ്വമല്ല. ആശകളെ തൃപ്തിപ്പെടുത്താനുള്ള അപ്രാപ്തി വർദ്ധിക്കുംതോറും അവയിൽ ആസക്തി ക്രൂടിക്രൂടി വരുന്നു.

"വൃദ്ധോ യാതി ഗ്രഹീതാ ദണ്ഡം
തദപി ന മുഞ്ചത്യാശാപാശം."

എന്ന് ശങ്കരാചാര്യസ്വാമികൾ പറഞ്ഞിരിക്കുന്നതു് എത്ര യോ പരമാർത്ഥമാണു്. പ്രായം ക്രട്ടുന്തോറും ഭക്ഷണം കുറഞ്ഞുകുറഞ്ഞു വരുന്നതു് സഹജമാണു്. എന്നാൽ ഈ വസ്തുതയെ വിഗണിച്ചു പലരും വേണ്ടതിലധികം വയറിൽ തള്ളിക്കയറി ഉദരത്തിൽ വലിയ കുഴപ്പങ്ങളുണ്ടാക്കിത്തീർക്കുന്നതും ഒട്ടും അസാധാരണമല്ല. ക്രമത്തിലധികം ഭക്ഷണം ചെലുത്തിയാൽ ബലമാകട്ടെ, ആയുസ്സാകട്ടെ ക്രുടുകയില്ലെന്നുള്ളതു വൃദ്ധന്മാർ പലരും വിസ്മരിച്ചുകാണുന്നുണ്ടു്. നേരെമറിച്ചു് വൃദ്ധന്മാർ ഒരിക്കലും വയറുനിറച്ചു ഭക്ഷിച്ചുക്രുടാത്തതാകുന്നു. ദഹനശക്തിയെ പരീക്ഷിക്കേണ്ട കാലം വാർദ്ധ്യമല്ല. ക്ഷയിച്ചുവരുന്ന ദഹനശക്തിക്കനുരൂപമായി ഭക്ഷണം കുറയ്ക്കുകയും തരം മാറുകയും ചെയ്യേണ്ടതാവശ്യമാണു്. സമയനിശ്ചയവും ഈ വിഷയത്തിൽ ആവശ്യമാകുന്നു. ജലരൂപത്തിലുള്ള ഭക്ഷണമാണു് ആവശ്യവും യുക്തവുമായിട്ടുള്ളതു്. വികാരങ്ങളെ നിയമനംചെയ്യാൻ പ്രാപ്തിയില്ലാത്തവരാണു് ഈ വിക്രിയകൾ ഒക്കെയും അധികമായി കാണിക്കുന്നതു്. ചിലർക്കു വാർദ്ധ്യത്തിൽ അനഫ്ഗളായ അഭിരുചിക്രമം ഉണ്ടാകുന്നതായും അറിവുണ്ടു്. ഒരിക്കലും മത്സ്യം ക്രുട്ടാതിരുന്നിട്ടുള്ളവർ വാർദ്ധ്യത്തിൽ അതിൽ അത്യാസക്തന്മാരായിത്തീർന്നിട്ടുണ്ടു്. മറ്റു വിഷയസുഖങ്ങളിലും ഇങ്ങിനെ ആസക്തചിത്തന്മാരായുള്ള വൃദ്ധന്മാർ പലരുമുണ്ടു്. വൃദ്ധന്മാരേക്കുറിച്ചു് അന്യന്മാർക്കുള്ള ഹാസ്യത്തിനു് ഒരു കാരണം ഇതുതന്നെയായിരിക്കണം. ഇന്ദ്രിയങ്ങളുടെ ശക്തിക്ഷയത്തോടുക്രുടി മാനസികശക്തിയും ഏറക്കുറെ ക്ഷയിച്ചുതുടങ്ങും. ഓമ്മശക്തിയാണു് ആദ്യമായി തിരോധാനം ചെയ്യുന്നതു്. ചിന്താശ

ക്തിയും വിവേചനാശക്തിയും മറ്റും പുറകേതന്നെ പോക്കുന്നു. അവസാനഘട്ടം വരുമ്പോൾ മനസ്സു കേവലം ഒരു ശൂന്യപ്രദേശംപോലെ ആയിത്തീരുന്നു. ഇതാണ് രണ്ടാം ശൈശവം. എന്നാൽ പ്രായാധിക്യം ചെന്നവരിൽ പലരും ഈവക ദോഷങ്ങൾ ഇല്ലാത്തവരായി കാണപ്പെടുന്നുണ്ട്. വൃദ്ധന്മാർക്കെല്ലാവർക്കും മനസ്സുവെച്ചാൽ തങ്ങളെ അന്യന്മാരുടെ പരിഹാസപാത്രമാക്കാതെ ജീവിക്കാൻ കഴിയുമെന്നാണ് തോന്നുന്നത്. എന്നാൽ യൌവനം മുഴുവനും അനാശാസ്യമായ വിധത്തിൽ വ്യയംചെയ്ത ശീലിച്ചവർക്ക് ഇതു പക്ഷെ അത്ര എളുപ്പമല്ലായിരിക്കും. വാർദ്ധക്യം ജീവിതയാത്രകഴിഞ്ഞു വന്നുചേരുന്ന അവസാനത്തുറമുഖമായതുകൊണ്ട് വഴിമദ്ധ്യേ ഉണ്ടായിട്ടുള്ള അപകടങ്ങളേയും മറ്റും വിസ്മരിച്ചു ശാന്തജീവിതം നയിക്കുന്നതിനുള്ള അവസരമായി ഗണിച്ചു പ്രവർത്തിക്കേണ്ട ഒരു ഘട്ടമാണ്. തുറമുഖത്തു വന്നുചേർന്നിട്ട് കപ്പൽ മുക്കാൻ ശ്രമിക്കുന്നതു് ഒരു വിധത്തിലും ന്യായമല്ല. ലോകം പലപ്പോഴും ജ്ഞാനം ആഹരിക്കുന്നതും ശ്രദ്ധിച്ചിട്ടുള്ളതും വൃദ്ധവക്ത്രത്തിൽ നിന്നാണെന്നാണ് കേട്ടിട്ടുള്ളതു്. അങ്ങിനെ പൂജിതമായ ഒരു സ്ഥാനത്തെത്തുന്നവർ സ്വാഭാവികമായി വിക്രിയകൾ ഉണ്ടായിരുന്നാലും അവയെ ഈ ഘട്ടത്തിൽ നിയന്ത്രിച്ചും, പരിചയിച്ചും സ്ഥാനശുദ്ധിയെ സംരക്ഷിക്കേണ്ടതാണ്.

വാർദ്ധക്യദശയുടെ മദ്ധ്യഘട്ടം കഴിഞ്ഞാൽപ്പിന്നെ വൃദ്ധന്മാരുടെ മട്ടൊന്നു മാറുന്നതായി കാണാം. ഈ സ്ഥിതിയിൽ എത്തുന്നതുവരെ ഏറക്കുറെ യുവലോകത്തെ അകറ്റിച്ചാണ് വൃദ്ധന്മാരുടേയും നടപടി. വയസ്സായി എന്ന ഭാവം അധികം പുറത്തു കാണിക്കാതെയാണ് കഴിച്ചു

ക്കുട്ടുന്നതു്. യുവലോകസംമേളനത്തിലും ചീട്ടുകളി മുതലായ വിനോദങ്ങളിലും മറവും പങ്കുകൊള്ളുവാൻ ശ്രമിക്കാതിരിക്കയില്ല. അതുയുംനേരമെങ്കിലും വാൽക്യത്തെ സ്മരിക്കാതെ കഴിക്കാമെന്നു കരുതിയായിരിക്കാം അപ്രകാരം ചെയ്യുന്നതു്. ഇങ്ങിനെയുള്ള അവസരങ്ങളിൽ യുവലോകവും വലിയ പുള്ളരസമൊന്നും ഭാവിക്കയില്ല. അപ്പോൾ താനും അവരുടെ കൂട്ടത്തിലാണെന്നു വൃദ്ധൻ വിചാരിച്ചുപോകുന്നതും അതു അസംഭാവ്യമല്ലല്ലൊ. ഒരുപക്ഷെ, ഈ വിധത്തിൽ കുറച്ചുകാലം സമധാനത്തോടുകൂടി കഴിക്കാൻ സാധിച്ചേക്കാം. എങ്കിലും വാൽക്യത്തിനു് ആരെ സംബന്ധിച്ചും ദാക്ഷിണ്യമില്ലാത്തതിനാൽ ഇടയ്ക്കിടയ്ക്കു തന്റെ സാന്നിദ്ധ്യത്തെ പലവിധത്തിൽ ഓർമ്മപ്പെടുത്താതിരിക്കയില്ല.

എന്നാൽ വാൽക്യമില്ലാത്ത മനുഷ്യരും ഇല്ലെന്നില്ല. സർക്കാരുദ്യോഗത്തിലൊ മറ്റൊ പ്രവേശിക്കുന്നവർക്കു വാൽക്യം ഉണ്ടെങ്കിൽത്തന്നെയും വളരെ ചുരുക്കമായിട്ടേ കാണുകയുള്ളു. ഇതിനു സുവിദിതങ്ങളായ പല കാരണങ്ങളും ഉണ്ടായിരിക്കാം. വയസ്സാകുകയെന്നുള്ളതു് അവരിൽ പലരിലും അതു സാധാരണമല്ല. എങ്കിലും ചിലപ്പോൾ വാൽക്യം നിർദ്ദയമായി അവരെ ഉപദ്രവിക്കാതിരിക്കയില്ല. ഇന്നത്തെ ജീവിതരീതി നോക്കിയാൽ മനുഷ്യരിൽ പലരും ആ ദശയിൽ എത്തിയില്ലെന്നും വന്നേക്കാം. അമിതഭക്ഷണം, അകാലഭക്ഷണം, അഭക്ഷ്യഭക്ഷണം, അതിരുകവിഞ്ഞ വ്യായാമം, അമിതമായ വിഷയസുഖം, ക്രമാതീതമായ ദേഹാദ്ധ്വാനം, മനോവ്യാപാരം ഇതുകൾ നിമിത്തം പലർക്കും അകാലത്തിൽ ആയുഃക്ഷയം സംഭവിക്കുന്നു. ഇവരെ വാൽക്യമല്ല രോഗമാണു് ആക്രമിക്കുന്നതു്. ഇതു മ

റെറാരു വിധമായ ഉപദ്രവമെന്നോയുള്ളൂ. സർക്കാർനിയമപ്രകാരം വാർദ്ധക്യം 56–ാമത്തെ വയസ്സിലാണ് ആരംഭിക്കുന്നത്. എന്നാൽ പ്രകൃതി ഈ നിയമത്തെ അത്ര ഗണ്യമായി വിചാരിക്കുന്നുണ്ടോ എന്നു സംശയമാണ്. അതു വേറെ നിയമങ്ങളെ അടിസ്ഥാനമാക്കിയാണു പ്രവർത്തിക്കുന്നത്.

വാർദ്ധക്യദശയുടെ അവസാനഘട്ടമാണ് പൂർണ്ണവാർദ്ധക്യമായി പ്രശോഭിക്കുന്നതു്. അപ്പോഠം എല്ലാ ലക്ഷണങ്ങളും തികയും. മറവു ഘട്ടങ്ങളിൽ യൌവനദശയിലെ അനുഭവങ്ങളുടെ വല്ല നഷ്ടശിഷ്ടങ്ങളും ഉണ്ടായി എന്നു വരാം. അവസാനഘട്ടത്തിലാണു മനുഷ്യൻ തന്റെ യഥാർത്ഥസ്ഥിതിയെ, നല്ല സമ്മതമില്ലെങ്കിലും, ഗ്രഹിക്കേണ്ടതായി വരുന്നതു്. ഇനി നിവൃത്തിയില്ലെന്നതന്നെ വിചാരിച്ചു കീഴടങ്ങും. നടക്കുന്നതിനു വടിയുണ്ടായാൽത്തന്നെയും പ്രയാസമാണ്. ഭക്ഷണത്തിനു രുചി തീരെ ഇല്ല. കണ്ണിനേറയും ചെവികളുടേയും കാര്യം പരുങ്ങലിലാണ്. മിയ്ക്ക സമയങ്ങളിലും പഴുങ്കും തന്നെ ശരണം. പകൽ ഉറക്കം തുങ്ങും. രാത്രിയിൽ ഉറക്കം കുറയും. കോപം വർദ്ധിക്കും. എല്ലാവരോടും സദാ അതൃപ്തി തോന്നും. പരസഹായം സർവ്വത്ര ആവശ്യമാകും. ജീവിതത്തെ ഏറക്കുറെ വെറുക്കും. എപ്പോഴും കുളിരു തോന്നും. പുതപ്പും തീയും ആവശ്യമാകും.

രാത്രൌ ജാനർത്തിവാതാനുഃ
കൃശാനുഃ സന്ധ്യയോർദ്വയോഃ

എന്നു പറഞ്ഞ മട്ടിലാണു ദിവസം കഴിച്ചുകൂട്ടേണ്ടതു്. ചിലർ രുദ്രാക്ഷമാലയും ധരിച്ചു് നാമം ജപിക്കയും മറവും ചെയ്യുന്നതു് അപൂർവ്വമല്ല. പുരാണപാരായണവും ഉണ്ടാവാം.

ആകപ്പാടെ ഇതാണു മനുഷ്യജീവിതത്തിലെ വിഷമഘട്ടം. തരണം ചെയ്യപ്പെട്ട ജീവിതത്തിന്റെ പൂർവ്വഘട്ടങ്ങളെപ്പറ്റിയുള്ള സ്മരണപരമ്പര അവിച്ഛിന്നമായി മനസ്സിൽക്രൂടി പാഞ്ഞുകൊണ്ടിരിക്കും. ഭൂതത്തെപ്പറ്റി പശ്ചാത്താപവും, ഭവിഷ്യത്തിനെപ്പറ്റി ഭീതിയും വ്യാകുലതയും ഇടയ്ക്കിടയ്ക്കുണ്ടാകാതിരിക്കയില്ല. ജീവിതം മുഴുവനും സദ്വിഷയത്തിൽ മാത്രം വ്യയംചെയ്യുവർക്ക് ഇതൊന്നും ഇല്ലായിരിക്കും. എന്നാൽ അപ്രകാരമുള്ളവർ ലോകത്തിൽ എത്രപേരുണ്ടാകും? ആയിരത്തിനൊന്നു കാണുമോ എന്നു സംശയമാണ്. വാഞ്ഛ്യം മനുഷ്യജീവിതത്തിന്റെ ഒഴിച്ചുകൂടാത്തതും, മനുഷ്യന്റെ പൂർണ്ണതയ്ക്ക് ആവശ്യമുള്ളതുമായ ഒരു ഘട്ടമായതുകൊണ്ട് അതിനെ ശപിക്കയൊ, ദുരുപയോഗപ്പെടുത്തുകയൊ ചെയ്യുന്നതു് അയുക്തമെന്നു മാത്രമല്ല, കൃതഘ്നത കൂടിയാണെന്നുവേണം വിചാരിപ്പാൻ. അതുകൊണ്ടു വാഞ്ഛ്യദശയിലേക്കു കാൽ വയ്ക്കാൻ ഇടയാകുന്നവർ ഈശ്വരസന്നിധിയിലേയ്ക്കുള്ള സോപാനത്തിൽ ചവിട്ടുകയാണെന്നു വിചാരിച്ചു തങ്ങളുടെ ജീവിതത്തെ നിയമനം ചെയ്യേണ്ടതാണു്. എന്നാൽ ആ സോപാനത്തിൽ കാൽ വയ്ക്കുന്നതിനുമുമ്പു തങ്ങളുടെ യൗവനത്തിൽ വഹിച്ചിരുന്ന "കാമാദിഷഡംഗം" അടങ്ങിയ ചുമട് താഴത്തിടേണ്ടതു് ആവശ്യമാണു്. ഇതുകഴിഞ്ഞാൽ മനഃശുദ്ധിയേയും, ശാന്തിയേയും നിത്യസഹായികളായി സ്വീകരിക്കണം. പിന്നീടു് ഒരുവിധം ശാരീരമായ തപസ്സു് അല്ലെങ്കിൽ വ്രതം അനുഷ്ഠിക്കണം. സ്നാനാദികൊണ്ടും മറ്റും ദേഹം സദാ ശുചിയായി വെക്കണം. ആഹാരം, ഗുണത്തിൽ സാത്വികവും, തരത്തിൽ ലഘുവും, മാനത്തിൽ മിതവും ആയിരിക്കണം. ദേഹസംബന്ധമായ പീഡകളും മറ്റും കഴിയുന്നത്ര ശമി

പ്പിക്കയും അല്ലാത്തവ, ക്ഷമാപൂർവ്വം സഹിക്കയും വേണം. ജീവിതത്തിന്റെ പൂർവ്വഘട്ടങ്ങളിൽ വല്ല വ്യതിയാനങ്ങളും ഉണ്ടായിരുന്നാൽ അവയെ പരിഹരിക്കാവുന്നിടത്തോളം പരിഹരിക്കാൻ യത്നിക്കണം. ശരീരത്തേയും മനസ്സിനേയും വൃഥാ ക്ലേശിപ്പിക്കാതിരിക്കണം. യഥാജ്ഞാനം ഇതു ശരധ്യാനം ചെയ്യണം. തങ്ങൾ നിമിത്തം അക്ഷം അസഹ്യത നേരിടാതിരിപ്പാൻ സൂക്ഷിക്കണം. സർവ്വസംഗപരിത്യാഗമാണ് ഇവിടെ കഴിയുമെങ്കിൽ ആചരിക്കേണ്ടതു്. വാർദ്ധക്യമാണ് ജീവിതത്തിന്റെ 'ത്യാഗ'ഘട്ടം. നമുക്കു പല വിധങ്ങളായ ഇഷ്ടങ്ങളും ആഗ്രഹങ്ങളും വാർദ്ധക്യത്തിലും ഉണ്ടാകാം. അവയിൽ ശരീരത്തിനൊ മനസ്സിനൊ ദോഷഹേതുകമായിട്ടുള്ളവയെ തീരെ പരിത്യജിക്കണം. ഇതിനു വലിയ മനശ്ശക്തി ആവശ്യമുണ്ടെന്നു തോന്നുന്നില്ല. അവ ക്ഷണിക്കുമ്പോൾ അനുഗമിക്കാതിരുന്നാൽ മതി. അവയ്ക്കു നാം യൗവനദശയിൽ വേണ്ട സ്വാതന്ത്ര്യം നല്കിക്കഴിഞ്ഞുവല്ലൊ. അതുകൊണ്ടു തൃപ്തിപ്പെട്ടുകൊള്ളട്ടെ. ഈ ഘട്ടത്തിലും അവക്ക് അടിമകളാകുന്നതു പൌരുഷഹീനമാണ്. പുറത്തേ കണ്ണുകൾക്കു കാഴ്ചയില്ലെങ്കിൽ അകത്തെ കണ്ണിനു കാഴ്ച കൂടും. കണ്ടതിനെ കാണാൻ പാടില്ലെങ്കിൽ കണ്ടിട്ടില്ലാത്തതിനെ കാണാം. കണ്ണുകൾക്കു ധൈരതയുണ്ടെങ്കിൽ പല ദുർഭാഷണങ്ങളും മറവും കേൾക്കാതെ കഴിക്കാമല്ലൊ. ഒന്നെങ്കിൽ ഇല്ലെങ്കിൽ ചുവ്വണം അനാവശ്യമില്ലാത്ത സാധനങ്ങൾ ഭക്ഷിച്ചാൽ മതിയാകും. ഇങ്ങിനെ പല ത്യാഗങ്ങളും അനുഷ്ഠിക്കുവാൻ സാധിക്കുന്നു. യൗവനസഹജങ്ങളായ സുഖങ്ങൾ ഇല്ലായിരിക്കാം. ആഗ്രഹങ്ങൾ പലതും സാധിച്ചില്ലെന്നു വരാം. കഷ്ടതകൾ പലതും ഉണ്ടായേക്കാം. ഇതു ലോകസാധാരണമാണ്. അ

തുകൊണ്ടു വ്യസനിക്കേണ്ട ആവശ്യമില്ല.

"നഷ്ടമായതുചിന്തിച്ചേതുമേ ഖേദിയാതെ
തുഷ്ടനായപ്രാപ്യമായുള്ളതുകാമിയാതെ
ആപത്തുവരുന്നേരമേതുമേ മോഹിയാതെ
താപത്തെത്യജിപ്പവൻ പണ്ഡിതശ്രേഷ്ഠനല്ലൊ."

എന്നുള്ള ഉപദേശത്തെ സ്വീകരിച്ചാണ് 'വൃദ്ധന്മാർ' സദാ പ്രവർത്തിക്കയും വർത്തിക്കയും ചെയ്യേണ്ടതു്. അല്ലാതെ ജീവിതത്തിന്റെ ഈ പാവനഘട്ടത്തെ ആശകൊണ്ടും, നിരാശകൊണ്ടും, അതൃപ്തികൊണ്ടും, അസ്വാസ്ഥ്യംകൊണ്ടും മലിനമാക്കുകയല്ല വേണ്ടതു്. സായാഹ്നസൂര്യനെപ്പോലെ പ്രശാന്തപ്രസന്നതയോടുകൂടി അന്ത്യജീവിതം നയിക്കുക. ഇതാണ് ഉത്തമം. ഈ ലേഖനകർത്താവു വാർദ്ധക്യത്തിന്റെ ഇരുവശങ്ങളുമായിട്ടു പരിചയപ്പെട്ടിട്ടുള്ള ഒരാളാണ്. അതു ജീവിതത്തിന്റെ ഒരവശ്യഘട്ടമാണെന്നാണ് ഇപ്പോഴും തോന്നുന്നതു്. അതു് എടുത്തുകളഞ്ഞാൽ ജീവിതം അവസാനമില്ലാത്ത ഒരു കഥയോ ചിത്രമോ പോലെ അപൂർണ്ണമായിത്തന്നെ ഇരിക്കുമെന്നാണു വിചാരിക്കേണ്ടതു്. ഇതാണു വാസ്തവമായ 'വാനപ്രസ്ഥാശ്രമം'. കാളിദാസൻ ഒരു വൃദ്ധനെ വർണ്ണിക്കുന്നതു നോക്കുക:

"നിവ്വിഷ്ടവിഷയസ്നേഹഃ സദ്യഃശാന്തമുപേയിവാൻ
ആസീദാസന്നനിർവ്വാണപ്രദീപാർച്ചിരിവോഷസി."

മനുഷ്യജീവിതത്തിൽ നാം വരയ്ക്കുന്ന ഗുണദോഷസമ്മിശ്രങ്ങളായ സകല രേഖകളും ഒന്നിച്ചുകൂട്ടുന്ന കേന്ദ്രമാണു് വാർദ്ധക്യം. യൗവനത്തിൽ അവയുടെ സ്വഭാവത്തെ ആഛാദനം ചെയ്തിരുന്ന തിരസ്കരണി വാർദ്ധക്യത്തിൽ വീണുപോകുന്നു. അതുകൊണ്ടു നമ്മുടെ പ്രവൃത്തികളെ അ

വയുടെ യഥാർത്ഥരൂപത്തിൽ കാണ്മാൻ സാധിക്കുന്നു. അ
വയെപ്പററി അനുതപിക്കയൊ അഭിമാനിക്കയൊ ചെയ്യു
ന്നതിനും ദോഷപരിഹാരത്തിനുമുള്ള കാലം വാൎദ്ധക്യമാ
ണു്. ജീവിതത്തെപ്പററി ശാന്തമായി ചിന്തിക്കുന്നതിനും
വിമൎശിക്കുന്നതിനും വാൎദ്ധക്യം അവസരം നൽകുന്നു. പ്ര
പഞ്ചത്തിൽ ക്ലേശങ്ങളും അനുഭവിച്ചു വഴിയാത്ര ചെയ്യുന്ന
നമുക്കു് വിശ്രമിക്കുന്നതിനുള്ള ഛായാവൃക്ഷം വാൎദ്ധക്യമാ
ണു്. ഇതിനും പുറമെ വാൎദ്ധക്യം മരണത്തിന്റെ അയൽ
വാസിയുമാണല്ലൊ. അതുകൊണ്ടു തന്റെ കഷ്ടതകളെ ശ
മിപ്പിക്കുന്നതായ ക്രൂട്ടകാരൻ സദാ സമീപത്തുണ്ടെന്നുള്ള
ആശ്വാസവും തനിക്കുണ്ടു്. വൃദ്ധോതരന്മാർ വൻകാടുക
ടെ സമീപത്തു വസിക്കുന്നവരെപ്പോലെയാണു്. വ്യാഘ്രം
തങ്ങളെ എപ്പോഴാണു കബളമാക്കുന്നതെന്നു നിശ്ചയമി
ല്ലാതെ സദാ ഭയത്തോടുകൂടിയാണു വസിക്കുന്നതു്. ഏതായാ
ലും വാൎദ്ധക്യം മനുഷ്യന്നു് അനുപേക്ഷണീയമായ ഒരവസ്ഥ
യാണെന്നു തീൎച്ചയാണു്.

* ആകാശം.

ജനങ്ങൾക്കാകാശത്തെപ്പററിയുള്ള അറിവു് ഏറ
വും തുച്ഛമാണെന്നുള്ളതു് ആശ്ചൎയ്യകരം തന്നെയാണു്. മ
നുഷ്യനെ ആനന്ദിപ്പിക്കുന്നതിനും മനുഷ്യനുമായി സല്ലാപം

* John Ruskin.

ചെയ്യുന്നതിനും മനുഷ്യന് ജ്ഞാനോപദേശം ചെയ്യുന്നതിനും പ്രകൃതിദേവി തന്റെ സൃഷ്ടിസഞ്ചയത്തിന്റെ ഇതര ഭാഗങ്ങളെ അപേക്ഷിച്ച് അത്യധികം ഉദാരബുദ്ധ്യാ നിർമ്മിച്ചിട്ടുള്ള പ്രപഞ്ചാംശമാണ് ആകാശം. എന്നാൽ നമ്മുടെ ശ്രദ്ധയ്ക്കിതുപോലും തുച്ഛമായി വിഷയീഭവിച്ചിരിക്കുന്ന സൃഷ്ടിവിഭാഗവും ഇതുതന്നെയാണ്. പ്രകൃതിയുടെ മറ്റുള്ള സൃഷ്ടിവിഭാഗങ്ങളിൽ മനുഷ്യനെ കേവലം സന്തോഷിപ്പിക്കയെന്നുള്ളതിനേക്കാൾ ഗൗരവതരങ്ങളും അവശ്യങ്ങളുമായ പല ഉദ്ദേശ്യങ്ങളും അവയുടെ ഘടനാംശങ്ങൾകൊണ്ടു നിർവ്വഹിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ നമുക്കറിയാവുന്നിടത്തോളം, ആകാശത്തിന്റെ ജോലി മുഴുവനും മൂന്നോ നാലോ ദിവസത്തിലൊരിക്കൽ ഒരു കാളമേഘത്തെ ആവിർഭവിപ്പിക്കയും ജലവിതരണം ചെയ്ത ശേഷം തിരോധാനം ചെയ്യിപ്പിക്കയും അനന്തരം ആകാശത്തെ പൂർവ്വവൽ ശ്യാമായമാനമാക്കിത്തീർക്കുകയും ചെയ്യുന്നതുകൊണ്ട് അവസാനിക്കുന്നു. പക്ഷെ പ്രഭാതത്തിലും സായംകാലത്തിലും നിഹാരരൂപേണ അല്പം ഒരു മൂടൽ മാത്രം കാണുമായിരിക്കും.

എന്നാൽ വാസ്തവത്തിൽ, നമ്മുടെ ജീവിതകാലത്തിൽ ഓരോ ദിവസവും, ഓരോ നിമിഷവും പ്രകൃതിദേവി സംഖ്യാതീതങ്ങളായ ചിത്രരംഗങ്ങളേയും, ചിത്രങ്ങളേയും, പ്രഭാവിശേഷങ്ങളേയും നിർമ്മിക്കയും അനവദ്യയായ സൗന്ദര്യത്തിന്റെ സൂക്ഷ്മതത്വത്തെ അടിസ്ഥാനപ്പെടുത്തി പ്രവർത്തിച്ചുവരികയും ചെയ്യുന്നതിൽനിന്നും അതെല്ലാം നമുക്കു നിത്യാനന്ദം നല്കുന്നതിനു വേണ്ടിത്തന്നെയാണെന്നു തീർച്ചയായും അനുമാനിക്കാം. ഏതു മനുഷ്യനും, ഇതരരസാനുഭൂതിയിൽ നിന്നും, രാമണീയകതത്വത്തിൽ നിന്നും എത്രതന്നെ

ദൂരത്തിൽ സ്ഥിതിചെയ്താലും ആകാശം നല്കുന്ന ഈ പരമാനന്ദം എന്നും അനുഭവിക്കുന്നതിനു സാധിക്കുന്നതാണ്. ഭൂപൃഷ്ഠത്തിലുള്ള അത്യുൽകൃഷ്ടങ്ങളായ കാഴ്ചകളെ അപൂർവം ചിലർക്കു മാത്രമെ കാണുന്നതിനും ആസ്വദിക്കുന്നതിനും സാധിക്കയുള്ളൂ. മനുഷ്യൻ സർവദാ അവയുടെ മദ്ധ്യത്തിൽ സ്ഥിതിചെയ്യണമെന്നുദ്ദേശിക്കപ്പെട്ടിട്ടുമില്ല. അയാൾ പലപ്പോഴും തന്റെ സാന്നിദ്ധ്യംകൊണ്ട് അവയ്ക്കു മാലിന്യം ഉണ്ടാക്കുകയും ചെയ്യുന്നു. അവയുടെ നിരന്തരസാമീപ്യംകൊണ്ടു മനുഷ്യൻ അവയുടെ രമ്യതയിൽ വിരക്തനായും ഭവിക്കുന്നു. എന്നാൽ ആകാശം മനുഷ്യക്കില്ലാവർക്കും ഒരുപോലെ സുഗമമായുള്ള ഒരു ഭോഗ്യവസ്തുവാണ്.

അതു് ജ്യോതിർമ്മയമാണെങ്കിലും മനുഷ്യവർഗ്ഗത്തിനു നിത്യം നോക്കി രസിക്കാൻ പാടില്ലാത്ത വിധത്തിൽ അത്യധികം തേജോമയമൊ അതിമനോഹരമൊ അല്ല. അതു് അതിന്റെ സകല വ്യാപാരങ്ങളിലും, മനുഷ്യഹൃദയത്തെ ബാധിക്കുന്ന മാലിന്യങ്ങളും ശ്യാമികകളും നീക്കി പരിപാവനമാക്കുന്നതിനും, മനുഷ്യന് അനവരതമായ സുഖാനുഭൂതി നല്കുന്നതിനും ഉപയുക്തമായിട്ടാണിരിക്കുന്നതു്.

ചിലപ്പോൾ ശാന്തവും, ചിലപ്പോൾ അവ്യവസ്ഥിതവും, ചിലപ്പോൾ ഭയാനകവും, എന്നാൽ അരക്ഷണംപോലും ഒരേ നിലയിൽ നില്ക്കാത്തതുമായിട്ടാണ് അതു സ്ഥിതിചെയ്യുന്നതു്. അതിന്റെ വികാരങ്ങളിൽ, അതു മിക്കവാറും മാനുഷവും, അതിന്റെ ശാന്തതയിൽ അതു മിക്കവാറും ആത്മീയവും, അതിന്റെ അനന്തതാഭത്തിൽ അതു മിക്കവാറും ദൈവികവുമാണ്. നമ്മിൽ അനിത്യമായിട്ടുള്ളതിനോടു് അതിന്റെ നിഗ്രഹാനുഗ്രഹരൂപമായ പെരുമാറ്റം

—നമ്മിൽ നിത്യമായിട്ടുള്ളതിനോട് അതിനുള്ള ഉൽബോധനശക്തിയിൽ നിന്നും ഏറ്റവും വിഭിന്നമായിട്ടാണിരിക്കുന്നത്.

എന്നിരുന്നിട്ടും നാം ഒരിക്കലും അതിനെ ശ്രദ്ധാപൂർവ്വം നിരീക്ഷിക്കുന്നില്ല. നാം നമ്മുടെ ജന്തുസാമാന്യമായ വികാരങ്ങളോട് സംബന്ധിച്ചിടത്തോളമല്ലാതെ ഒരിക്കലും അതിനെ നമ്മുടെ ചിന്താവിഷയമാക്കുന്നില്ല. കേവലം വിശേഷബുദ്ധിയില്ലാത്ത ജന്തുക്കളോട് സാദൃശ്യമാകുന്നതിനേക്കാൾ അധികം വ്യക്തമായിട്ട് നമ്മെ ഉൽബോധിപ്പിക്കുന്നു. അതിന്റെ എല്ലാ വ്യാപാരങ്ങളേയും നമുക്ക് നമ്മെ ആവരണംചെയ്യുന്ന അജ്ഞാനാകാരമായ വിയത്തിൽനിന്നും ചെടിക്കും കുമിക്കും കുടി ലഭിക്കുന്ന വെളിച്ചത്തേയും നീഹാരത്തേയുംകാൾ കൂടുതലായി ചിലതെല്ലാം ലഭിക്കണമെന്നുള്ള സർവ്വലോകനിയന്താവിന്റെ ഉദ്ദേശ്യത്തെ സാക്ഷീകരിക്കുന്ന എല്ലാ ദൃശ്യകാശചേഷ്ടകളേയും, അർത്ഥമില്ലാത്തവയും വ്യവസ്ഥയില്ലാത്തവയും, ഏകരീതിയിലുള്ളവയുമായ സംഭവങ്ങളുടെ പരംപരയാണെന്നും അവ നമ്മുടെ അവധാനപൂർവ്വമായ ശ്രദ്ധയ്ക്കും, വിസ്മയാവഹമായ നിരീക്ഷണത്തിനും യോഗ്യങ്ങളല്ലെന്നും നാം ഗണിച്ചുവരുന്നു. നാം ഉന്മേഷവും ജോലിയുമില്ലാത്ത വല്ല അവസരങ്ങളിലും അനന്യശരണന്മാരായി ആകാശത്തിലേയ്ക്കു നോക്കുകയാണെങ്കിൽ നാം അതിന്റെ ഏതു വ്യാപാരത്തെപ്പറ്റിയാണു സാധാരണ സംസാരിക്കപതിവു്? പക്ഷെ ഒരാൾ അതു മേഘച്ഛന്നമായിരിക്കുന്നുവെന്നും, മറെറാരാൾ അതു പ്രഭഞ്ജനകോപത്താൽ ക്ഷുബ്ധമായിരിക്കുന്നുവെന്നും, അന്യൻ അതു് അത്യുഷ്ണമായിട്ടിരിക്കുന്നുവെന്നും പറയുന്നു. ഇങ്ങിനെ ചിലയ്ക്കുന്ന കുട്ടരിൽ ആരെങ്കിലും ഇന്നാലെ മ

ദ്ധ്യാഹ്നത്തിൽ ചക്രവാളത്തെ സ്വർണ്ണവർണ്ണമാക്കിത്തീർത്ത ഉത്തുംഗങ്ങളും ധവളങ്ങളുമായ പർവതനിരകളുടെ ശൃംഗങ്ങളേയും ആകൃതികളേയും പറഞ്ഞു വിവക്ഷിക്കാൻ സാധിക്കുമോ? ദക്ഷിണഭാഗത്തുനിന്നും പുറപ്പെട്ട്, അവയുടെ കൊടുമുടികളെ സ്പർശിച്ചു നീലവർണ്ണങ്ങളായ ജലബിന്ദുക്കളായി പരിണമിച്ച അതികൃശമായ സൂര്യകിരണത്തെ ആരു കണ്ടു? ഇന്നലെ സൂര്യാസ്തമനശേഷം പശ്ചിമവാതം ഉന്മത്തി കരിയിലകളെ എന്നപോലെ പറപ്പിച്ച ജഡങ്ങളായ മേഘങ്ങളുടെ നൃത്തം ആർ കണ്ടു? ഇവയെല്ലാം അവീക്ഷിതങ്ങളും അവിദിതങ്ങളുമായി മാഞ്ഞുപോയി. അഥവാ നമ്മുടെ ഉദാസീനത ക്ഷണനേരത്തേയ്ക്കു നീങ്ങിയാൽത്തന്നെയും, അതു വല്ല അസാധാരണസംഭവം കൊണ്ടോ വല്ല സ്ഥൂലചിഹ്നം കൊണ്ടോ മാത്രമായിരിക്കും. എന്നാൽ പ്രപഞ്ചികശക്തിയുടെ ഭയാനകവും പ്രസ്തുതവുമായ പ്രത്യക്ഷവ്യാപാരങ്ങളിലൊ, വർഷോപലങ്ങളുടെ സംഘടനത്തിലൊ, ചുഴലിക്കാറ്റിന്റെ രഹസ്സിലൊ അല്ല, മനുഷ്യനിൽ അന്തർലീനങ്ങളായ മനോവികാരങ്ങൾ വികസിപ്പിക്കപ്പെടുകയും പോഷിപ്പിക്കപ്പെടുകയും ചെയ്യുന്നത്. ഭൂകമ്പത്തിലൊ—വഹ്നിജ്വാലയിലൊ—അല്ല, സാക്ഷാൽ പ്രശാന്തവും, സൂക്ഷ്മവുമായ ശബ്ദത്തിലാണ് ഈശ്വരൻ നിഗൂഢമായി വർത്തിക്കുന്നത്. മിന്നൽപിണർകൊണ്ടും മറ്റും മാത്രം ഉൽബോധനം ചെയ്യാവുന്നതായ നമ്മുടെ ആഭ്യന്തരശക്തികൾ കേവലം നികൃഷ്ടങ്ങളും ജഡങ്ങളുമാകുന്നു. എന്നാൽ നമ്മുടെ വിസ്മയത്തെ ആകർഷിക്കാത്ത അനുഭാവവിശേഷത്തിന്റെ ശാന്തവും നിയമിതവുമായ വ്യാപാരങ്ങളിലും, ഗംഭീരവും പ്രശാന്തവുമായ അനവരതങ്ങളുമായ സംഭവങ്ങളിലും, കാണുന്നതിനു മുമ്പുതന്നെ കാമ്യങ്ങളായുള്ളവയിലും, ഗ്രഹി

ക്കുന്നതിനു മുമ്പുതന്നെ സ്നേഹിക്കേണ്ടതായുള്ളതിലും, ദേവന്മാർ നമുക്കുവേണ്ടി ദിവ്യസംപ്രതി സജ്ജമാക്കുന്നതിലും, എന്നാൽ സഭാ മാറിക്കൊണ്ടിരിക്കുന്നതിലും, ഒരിക്കലും ഇല്ലാതായി എന്നു വരാത്തതിലും, എല്ലായ്പോഴും കാണപ്പെടുന്നവയിലും, എന്നാൽ ഒരോന്നു ഒരിക്കൽമാത്രം കാണുന്നതിലും ക്രൂടിയാണ് കേതിപരമായ പാഠം പ്രധാനമായി ഉപദേശിക്കപ്പെടുന്നതും സൌന്ദര്യത്തിനുപേണയുള്ള അനുഗ്രഹം നല്കപ്പെടുന്നതും.



മലയാളസാഹിത്യവും തൽ കർത്താക്കന്മാരും.

(സൂചനം)

(ഇതു് ഇരുപത്തേഴു കൊല്ലം മുൻപു് "മലബാർ കപാട്ടർലി റവ്യൂ" എന്നു പത്രഗ്രന്ഥത്തിൽ ഇംഗ്ലീഷിൽ എഴുതിയിരുന്ന ലേഖനപരമ്പരയുടെ തർജ്ജിമയാണു്. ഇന്നത്തെ ദൃഷ്ടിയിൽ ഇവ പക്ഷെ അല്പം ഹ്രസ്വങ്ങളും അപൂർണ്ണങ്ങളുമായി കണ്ടേക്കാം. പല വിഷയത്തിലും അഭിപ്രായഭേദങ്ങളും ഉണ്ടായേക്കാം. അവിടവിടെ അപൂർവ്വമായി സ്ഖലിതങ്ങളും പക്ഷെ കണ്ടേക്കാം. ഇതെഴുതുന്ന കാലത്തു് ലേഖകനു സാഹിത്യവിഷയത്തിൽ ഇന്നത്തെപ്പോലെയുള്ള അല്പജ്ഞാനംക്രൂടി ഇല്ലായിരുന്നു. അന്നു ഗവേഷണത്തിനു

ള്ള സൌകര്യവും സമയവും കുറവായിരുന്നു. എന്നും തന്നെയുമല്ല, ലേഖനത്തിന്റെ ആരംഭത്തിൽ പറഞ്ഞിട്ടുള്ളപോലെ വിസ്തരിച്ചെഴുതണമെന്നുള്ള ഉദ്ദേശ്യവും അന്നു ലേഖകന് ഇല്ലായിരുന്നു. തന്റെ കൃത്യത്തിരക്കിൽ ഇതു സാദ്ധ്യവും അല്ലായിരുന്നു. ഈ ലേഖനം ഒരു മാന്യസ്നേഹിതന്റെ നിർബന്ധം നിമിത്തം എഴുതിയതുമാണ്. ഇതെല്ലാംകൊണ്ട് ഈ ലേഖനങ്ങൾ ഭാഷാസാഹിത്യത്തിൽ കൂടി കേവലം ദ്രുതഗതിയിലുള്ള ഒരു "ദൃഷ്ടിയോട്ടം" മാത്രമാണെന്നു വായനക്കാർ ഗ്രഹിക്കേണമെന്ന് അപേക്ഷിക്കുന്നു. ഈ ലേഖനങ്ങളെ അതേ രൂപത്തിൽതന്നെ തജ്ജിമ ചെയ്യണമെന്നു പല സ്നേഹിതന്മാരും പലപ്പോഴും ആവശ്യപ്പെട്ടിട്ടും ആ കൃത്യം ഓരോ ഒഴിവുകഴിവു പറഞ്ഞു നീക്കിവയ്ക്കുകയാണ് ഇതേവരെ ചെയ്തിട്ടുള്ളതു്. ഇനി ഈ പ്രാതിഭി "ദീപ്സൂത്രത" ഉചിതമല്ലെന്നു വിചാരിച്ചു് ഇപ്പോൾ തജ്ജിമയാരംഭിച്ചിരിക്കയാണ്. ലേഖനങ്ങൾ തുടർന്നു പൂർത്തിയാക്കുന്നതിനു ലേഖകന്റെ അക്കാലത്തുണ്ടായിട്ടുള്ള സ്ഥലംമാറ്റവും ജോലിമാറ്റവും പ്രതിബന്ധങ്ങളായിത്തീർന്നതിനാലും പത്രികതന്നെ നിന്നുപോയതിനാലും സാധിക്കാതെയാണു വന്നതു്. അതുകൊണ്ടു മലയാളസാഹിത്യത്തിന്റെ എത്രയോ തുച്ഛമായ ഒരു ഭാഗം മാത്രമേ ഈ ലേഖനങ്ങൾ സ്പർശിക്കുന്നുള്ളൂ. ഇതിൽ ഉൾപ്പെട്ടിട്ടുള്ള സാഹിത്യകാരന്മാരുടെ ചിത്രംതന്നെ ബാഹ്യരേഖയിൽ സാംഗമല്ലാതെ മാത്രമേ വരച്ചുകാണിക്കാൻ സാധിച്ചിട്ടുള്ളൂ. എന്നാൽ അവരുടെ ഭാഷാരീതിയിലും വാസനയിലും സ്വഭാവത്തിലും, സ്ഫുടിതങ്ങളായി നില്ക്കുന്ന അംശങ്ങളെ തീരെ വിട്ടുകളഞ്ഞിട്ടുമില്ല. ലേഖകന്റെ ഇടംപ്രഥമമായ സാഹിത്യപ്രസ്ഥാനം ഇതാണെന്നുംകൂടി പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ഇങ്ങിനെ

യൊക്കെ ഇരുന്നാലും ഈ ലേഖനങ്ങൾ പുറപ്പെട്ട കാലത്തു അവയ്ക്കു പല സഹൃദയന്മാരിൽനിന്നും സ്വാഗതം ലഭിച്ചിട്ടുണ്ട്. വായനക്കാക്കുണ്ടായേക്കാവുന്ന സംശയങ്ങളുടേയും ജിജ്ഞാസയുടേയും നിവൃത്തിക്കായിക്കൊണ്ടു മാത്രം ഇത്രയും പറയുന്നതിനിടയായതാണ്.)

I.

ഗവേഷണോത്സുകയായ ബുദ്ധിക്ക്, ആലോചനക്കും പരിശോധനക്കും കേരളം സുവിസ്തൃതമായ അവസരം നല്കുന്നുണ്ട്. അതിലെ ജനങ്ങളും ആചാരങ്ങളും നിയമങ്ങളും ഭാഷയും എന്നുവേണ്ട, അവിടത്തെ ഉത്ഭിജ്ജങ്ങളും തിര്യ്ഗ്യോനികളും കൂടി വിശേഷങ്ങളും അസാധാരണങ്ങളും എന്നാൽ ജിജ്ഞാസുക്കൾക്ക് ആകർഷണീയങ്ങളും ആയ പല സ്വഭാവവൈചിത്ര്യങ്ങളും വഹിക്കുന്നുണ്ട്. അതിനും പുറമെ ഈ മനോഹരമായ നാടിനെ സംബന്ധിച്ചുള്ള എല്ലാ പ്രതിപാദ്യവിഷയങ്ങളും ഒരു സന്ദേഹരൂപമായ നിഴലിനാലും മായാമയമായ ആവരണത്താലും മറയ്ക്കപ്പെട്ടുമിരിക്കുന്നു. ഐതിഹ്യം ആരോപിക്കുന്ന അത്ഭുതകരവും ദൈവികവുമായ അതിന്റെ ഉത്ഭവംതന്നെ അതിനെ ആവരണംചെയ്യുന്ന സ്വതേയുള്ള രഹസ്യത്തെ പൂർവ്വാധികം വർദ്ധിപ്പിക്കുന്നതിനു സഹായിക്കുന്നു. വാസ്തവങ്ങളോ ഊഹങ്ങളോ ഏതാണ് അധികമായിരിക്കുന്നതെന്നു നിർണ്ണയിപ്പാൻ പ്രയാസമായിട്ടുള്ള ഒരുതരം ഐതിഹ്യസമൂഹങ്ങളാണ് അതിന്റെ ഇന്നത്തെ ചരിത്രമായി ഗണിക്കപ്പെട്ടുന്നതു്. അപരിഷ്കൃതവും പുരാതനവുമായ സമുദായസ്ഥിതിക്കനുരൂപമായുള്ള ഏർപ്പാടുകൾ പലതും അവയുടെ ആവ

ശ്യം വളരെ മുൻപുതന്നെ കഴിഞ്ഞുപോയി എങ്കിലും ഇപ്പോഴും അവയുടെ ആരംഭഘട്ടത്തിലെ പ്രാകൃതസ്ഥിതിയിൽത്തന്നെ നിലനിന്നുവരുന്നു. എന്നാൽ പരിശോധനാശീലവും ഗവേഷണബുദ്ധിയും സർവ്വ ശക്തിയുക്തമായി പ്രവർത്തിക്കുന്നതും, പുരാതനങ്ങളായ എല്ലാ ഏർപ്പാടുകളും ആചാരങ്ങളും ഐതിഹ്യങ്ങളും സൂക്ഷ്മബുദ്ധ്യാ വിമർശനം ചെയ്യപ്പെടുന്നതും, മനുഷ്യരുടെ ഉള്ളിൽ യുക്തി ഏകച്ഛത്രാധിപത്യം വഹിക്കുന്നതുമായ ഇക്കാലത്തു മേല്പറഞ്ഞ സന്ദിഗ്ദ്ധാവസ്ഥയ്ക്ക് അല്പംപോലും നീണ്ടുനില്ക്കുവാൻ ഇനി തരമില്ല. അതുകൊണ്ട് ഈ പാരമ്പര്യാഭിപത്രത്തിന്റെ പ്രാദുർഭാവം കാലത്തിനൊത്ത ഒരു ചിഹ്നം തന്നെയാണ്. ഈ നാടിനോടും ജനങ്ങളോടും യഥാർത്ഥമായ പ്രതിപത്തിയുള്ള എല്ലാവരും ഈ രാജ്യത്തെ സംബന്ധിച്ചുള്ള പ്രധാന പ്രശ്നങ്ങളുടെ പ്രതിപാദനം, വ്യാഖ്യാനം, സൂക്ഷ്മഗ്രഹണം ഇവയെത്തന്നെ സ്വകൃത്യമായി വരിച്ചിട്ടുള്ള ഈ പത്രസ്ഥാനത്തിന്റെ കാലോചിതമായ ആവിർഭാവത്തെ സാദരം പൂർവ്വം ആദരിക്കുമെന്നുള്ളതിനു തർക്കമില്ല.

ഈ പത്രസ്ഥാനത്തിന്റെ മുൻലക്ഷ്യങ്ങളിൽ കേരളത്തെ സംബന്ധിക്കുന്ന പല പ്രധാനവിഷയങ്ങളും സുസമ്മതന്മാരായ വിദ്വാന്മാരാലും യോഗ്യന്മാരാലും പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് അല്പമായ ശങ്കയോടും അനല്പമായ സങ്കോചത്തോടും കൂടിയാണു ഞാൻ ഈ കേദാരത്തിൽ കാൽ വയ്ക്കുവാൻ തുനിയുന്നതു്. ഞാൻ ഒന്നരണ്ടു വാക്കു പറയാമെന്നു വിചാരിച്ചു വരിച്ചിരിക്കുന്ന വിഷയം എന്നേക്കാൾ സമർത്ഥന്മാരായ മഹാന്മാരാൽ പ്രതിപാദിക്കപ്പെടുന്നതിനു് അർഹതയുള്ളതായ "മലയാളസാഹിത്യം"

എന്നുള്ളതുതന്നെയാണ്. ഈ വിഷയം തിരഞ്ഞെടുക്കുന്നതിന് എന്നെ പ്രേരിപ്പിച്ചത് അതിനെ യഥാർഹം പ്രതിപാദിക്കുന്നതിന് എനിക്ക ശേഷിയുണ്ടെന്നുള്ള ആത്മവിശ്വാസമല്ല. എനിക്കീവിഷയത്തിലുള്ള താല്പര്യം ഒന്നുമാത്രമാണ്. അതിനാൽ മലയാളസാഹിത്യത്തിന്റെ സുവിസ്തൃതമായ ഒരു ചരിത്രം നല്കുന്നതിനു ഞാൻ ഒരുക്കമില്ലെന്ന് ആരംഭത്തിൽത്തന്നെ പറഞ്ഞുകൊള്ളുന്നു. എന്നാൽ ഈ സാഹിത്യശാലേയത്തെ ഏറക്കുറെ ഉപരിപ്ലവമായി പര്യവേക്ഷണം ചെയ്യുന്നതിനും അതിന്റെ യഥാർത്ഥമായ പോഷണത്തിനും വികാസത്തിനും സഹായിച്ചിട്ടുള്ളവരും തന്മൂലം "മലയാളസാഹിത്യകർത്താക്കന്മാർ" എന്ന നാമത്തിനു വാസ്തവത്തിൽ അർഹന്മാരുമായ പ്രവർത്തകന്മാരെ ചൂണ്ടിക്കാണിക്കുന്നതിനും മാത്രമെ വിചാരിക്കുന്നുള്ളൂ.

കേരളം ഐശ്വര്യവും സമൃദ്ധിയുമുള്ള ദേശമാണെന്നുള്ള മുമ്പേതന്നെ പ്രസിദ്ധമാണല്ലൊ. മറ്റു വിഷയങ്ങളിൽ ഇതു എത്രതന്നെ വാസ്തവമായിരുന്നാലും ഭാഷാസാഹിത്യത്തെ സംബന്ധിച്ചു ഈ സമൃദ്ധി അതിന്റെ അഭാവം കൊണ്ടാണു ശോഭിക്കുന്നതു്. ഇടക്കാലം വരെയുള്ളും അപൂർവ്വം ചില കൃതികളല്ലാതെ സാഹിത്യം എന്നു പേരിനെ അർഹിക്കുന്നതായി വല്ലതും ഉണ്ടായിരുന്നോ എന്നു സംശയമാണു്. എണ്ണത്തിലും തരത്തിലും മലയാളസാഹിത്യം വളരെ ദാരിദ്ര്യാവസ്ഥയിലായിരുന്നു. ഈ സാഹിത്യദാരിദ്ര്യത്തിന്റെയും ഭാഷയുടെ ഈ വന്ധ്യതയുടേയും കാരണങ്ങളെ ഗവേഷണം ചെയ്യുന്നതു രസാവഹമായിരിക്കും. രാജ്യത്തിൽ ഇടക്കിടക്കുള്ള കലഹങ്ങളും ഭാഷയുടെ അപരിഷ്കൃതസ്ഥിതിയും വിദ്വാന്മാരുടേയും സ്വസ്ഥവൃത്തിയിലി

രിക്കുന്നവരുടേയും അഭാവവും ഭാഷയെക്കുറിച്ചു പ്രബുദ്ധക്കന്മാ
ക്കും മറ്റുമുണ്ടായിരുന്ന അവജ്ഞയും സംസ്കൃതസാഹിത്യത്തി
ലേയ്ക്കുള്ള പ്രവേശനനിരോധനവും ഈ വിഷയത്തിലുള്ള
പ്രോത്സാഹനക്കുറവും ചില വർഗ്ഗക്കാരുടെ പ്രത്യക്ഷമായ
വിരോധവും മറ്റും ഈ സാഹിത്യക്ഷാമത്തിനുള്ള ചില കാ
രണങ്ങളായിരിക്കാം.

കേരളത്തിൽ ആദ്യം പ്രവേശിച്ചതും കുടിപാർത്തു തു
ടങ്ങിയതും നായന്മാരാണെന്ന് ഇപ്പോൾ സമ്മതിക്കപ്പെട്ടി
ട്ടുള്ള ഒരു കാര്യമാണ്. അവരുടെ ആദ്യത്തെ വാസസ്ഥ
ലം എവിടെത്തന്നെയായിരുന്നാലും അവർ കേരളത്തിൽ
പ്രവേശിച്ചതു നേരിട്ടു തമിഴ്നാട്ടിൽനിന്നും ആണെന്നും
അവർ തമിഴോ അതിനോടു സംബന്ധമുള്ളതൊ ആയ ഒരു
ഭാഷയേയും കൂടി കേരളത്തിലേക്കു കൊണ്ടുപോന്നുവെന്നും
കാണുന്നു. ഇങ്ങിനെ ഒരഭിപ്രായം പുറപ്പെടുവിക്കുന്നതിൽ
ഇതിനു നേരെ വിപരീതവാദം പുറപ്പെടുവിച്ചിട്ടുള്ള പ
ണ്ഡിതന്മാരുടെ ആത്മധൈര്യത്തിനു ഞാൻ ലാക്കായിത്തീ
ർന്നേക്കാമെന്ന് എനിക്കറിയാം. എന്നാൽ ഈ വിഷയ
ത്തിൽ ഭിന്നാഭിപ്രായങ്ങൾ പുറപ്പെടുവിച്ചിരിക്കുന്നവരിൽ
ഏതെങ്കിലും ഒരു ഭാഗത്തു ചേരുകയൊ എതിർഭാഗത്തോ
ടു ശഠിക്കുകയൊ ചെയ്യണമെന്നു ഞാൻ വിചാരിക്കുന്നില്ല.
ഭാഷ നല്കുന്ന തെളിവുതന്നെ ഞാൻ പുറപ്പെടുവിച്ച അഭി
പ്രായത്തിനാണ് അധികം സംഭാവ്യതയുള്ളതെന്നു ബോ
ദ്ധ്യപ്പെട്ടുത്തുന്നുണ്ടെന്നു മാത്രം പുറത്തു തുറന്നുപറഞ്ഞുകൊള്ളു
ന്നു. അവിതർക്കിതമായ തെളിവുമൂലം ലേഖകൻ അവലം
ബിച്ചിരിക്കുന്ന നില സുരക്ഷിതമല്ലെന്നു തെളിയിക്കുന്നതു
വരെ ആ സ്ഥാനത്തെ ഉപേക്ഷിക്കേണ്ട ആവശ്യമുണ്ടെന്നു

എനിക്കു തോന്നുന്നില്ല. നായന്മാർ പ്രശാന്തമായ സാഹിത്യസേവനത്തിൽ അഭിരുചി കുറഞ്ഞ ഒരു സാംയുഗീനവംശ്യന്മാരായിരുന്നുവെന്നു പല വിവരണങ്ങളിൽനിന്നും നമുക്കു മനസ്സിലാക്കാം. അവരുടെ ദൃഷ്ടിയിൽ ഖഡ്ഗത്തിനാണു തൂലികയേക്കാൾ ശക്തി കൂടിയിരുന്നതു്. അവർ കളരികളിൽ യുദ്ധവിദഗ്ദ്ധന്മാരായ പണിക്കന്മാരുടെ കീഴിൽ ആയുധാഭ്യാസവും യുദ്ധമുറകളും ശീലിച്ചുവന്നു. അവർ ഖഡ്ഗപാണികളും, കാഴ്ചയിലും സ്വഭാവത്തിലും ശൂരന്മാരും, മേൽമീശയും മുടിയും വളർത്തിയിരുന്നവരുമായിരുന്നു. അവർ അന്യോന്യം കലഹിച്ചുകൊണ്ടിരുന്ന ദേശാധിപതികളുടെ കീഴിൽ ഭടന്മാരായി ചേർന്നു സദാ യുദ്ധം ചെയ്തുവന്നു.

ഇതിനുംപുറമെ അവർക്കു കേരളത്തിലെ ആദിമനിവാസികളുമായി യുദ്ധംചെയ്തു് അവരെ കീഴടക്കേണ്ട ചുമതലയും ഉണ്ടായിരുന്നു. ഇപ്രകാരം വർത്തിച്ചിരുന്ന ഒരു ക്രൂരമനസ്സുണ്ടായിരുന്നാൽത്തന്നെയും പൗരുഷം കുറഞ്ഞതെന്നു വിചാരിക്കപ്പെടുന്നതും മൃദുലവുമായ സാഹിത്യവിഷയത്തിൽ പ്രവേശിക്കുന്നതിനു് ഒട്ടുംതന്നെ സമയം ഉണ്ടായിരിക്കാൻ തരമില്ലല്ലൊ. സാഹിത്യസേവനത്തിനു ധാരാളം വിശ്രമാവസരവും പാണ്ഡിത്യവും ഉള്ളവരും ഇതരവ്യാപാരഹീനന്മാരുമായ ഒരുതരം ആളുകൾ അത്യാവശ്യമാണല്ലൊ. എന്നാൽ ഇപ്രകാരമുള്ള ആളുകൾ മുൻവിവരിച്ച സമുദായസ്ഥിതിക്കു് ഉണ്ടാവുക എന്നുള്ളതു തീരെ സംഭാവ്യമല്ല. ഇതുകൂടാതെയും നായന്മാരുടെ പൂർവ്വന്മാർ കേരളത്തിലേയ്ക്കു പ്രവേശിച്ചപ്പോൾ സ്വന്തമായ യാതൊരു സാഹിത്യവും കൊണ്ടുപോന്നതായി കാണുന്നില്ല. അങ്ങിനെ വല്ലതും ഉണ്ടായിരുന്നുവെങ്കിൽ അവർ അതിനെ സാസൂയം സൂക്ഷി

ക്കയും അവ പാരമ്പര്യവഴി നമുക്ക് സിദ്ധിക്കയും ചെയ്യുമായിരുന്നു. ഇതിനുള്ള കാരണം കേരളത്തിൽ പ്രവേശിച്ചവർ പ്രായേണ അഭ്യസ്തവിദ്യന്മാരിൽ നിന്നല്ല സാംയുഗീനവർഗ്ഗത്തിൽ നിന്നാണ് ആനയിക്കപ്പെട്ടതെന്നുള്ളതാണ്. ഇവർ സ്വദേശവുമായുള്ള ദീർഘകാലത്തെ വിയോഗം നിമിത്തം സ്വഭാഷയോടും, ഭാഷാസാഹിത്യത്തോടും നിർദ്ദോഷം സ്പർശം ഇല്ലാതായിത്തീർന്നു. ഭാഷതന്നെയും അതിന്റെ സ്വസ്ഥിരസ്ഥാനത്തിൽനിന്നും ദൂരീകരിക്കപ്പെട്ടതിനാൽ സ്വല്പകാലത്തേയ്ക്കു വൽസവില്ലാതെ മുരണ്ടു് ഇരുന്നിരിക്കണം. ക്രമേണ പുതിയതായ പരിതസ്ഥിതിക്കനുരൂപവും എന്നാൽ പൂർവ്വഭാഷയുടെ സ്വഭാവത്തിനു വിപരീതവും ആയ പല മാറ്റങ്ങളും അതിനു സംഭവിച്ചിരിക്കാം.

മലയാളഭാഷയുടെ വൽസനയ്ക്കും വികാസത്തിനും ഏറ്റവുമധികം ബാധകമായ മറ്റൊരു പ്രധാന സംഗതിയും നാം പരിഗണിക്കേണ്ടതായുണ്ടു്. നമ്പൂരിബ്രാഹ്മണരുടെ ഉത്തരേന്ത്യയിൽ നിന്നുമുള്ള ആഗമനം മറ്റൊരു പുതിയ വിപരീതശക്തിയെ രാജ്യത്തിലേയ്ക്കു് ആവാഹിക്കയും അതുതല്ക്കാലം ഭാഷയുടെ സ്വച്ഛന്ദവളർച്ചയ്ക്കു് ഒരു പ്രതിബന്ധമായിത്തീരുകയും ചെയ്തു. അവർ സംസ്കൃതസാഹിത്യവും ഭാഷയും അവരുടെകൂടെ കൊണ്ടുവന്നു. തന്മൂലം അവർ മലയാളഭാഷയെ ഉദാസീനനിലയിലോ പക്ഷേ ഗർഹണീയത്തിലോ വീക്ഷിക്കുന്നതു് ഏറ്റവുമധികം സഹജമാണല്ലൊ. അല്പകാലത്തേയ്ക്കു് അവർ നായന്മാരിൽനിന്നു് അകന്നുനിന്നിരുന്നു. നായന്മാർ അവരെയും അവിശ്വാസബുദ്ധ്യാ വീക്ഷിച്ചുവന്നു. എന്നാൽ കാലക്രമംകൊണ്ടു് ഇതരവർഗ്ഗക്കാരെ സ്വാധീനപ്പെടുത്തുന്നതിനും സ്വസമുദായാംഗങ്ങളാക്കു

ന്നതിനും ആര്യന്മാക്ക് സഹജമായുള്ള സാമർത്ഥ്യംകൊണ്ടോ അവരുടെ വൈദികനിലകൊണ്ടോ അഥവാ വിജയംകൊണ്ടോ നമ്പൂരിമാർ നായന്മാരുടെമേൽ അധികാരം സമ്പാദിക്കയും ഭൂസ്വാമികളായിത്തീരുകയും ചെയ്തു. അവരുടെ കീഴിലുള്ള വർഗ്ഗക്കാരെ ഇന്ന് ഊഹിക്കാൻ സാധിക്കാത്ത വിധം വശംവദരാക്കുകയും ചെയ്തു.

എന്നാൽ നമ്പൂരിമാരും നായന്മാരും കാലക്രമംകൊണ്ട് അന്യോന്യം മൈത്രീഭാവത്തിലും സമാധാനത്തിലും ജീവിക്കാൻ ശീലിച്ചുവെങ്കിലും ഒടുവിൽ പറഞ്ഞവരുടെ അശുഭദൃഷ്ടിയിൽനിന്നും മലിനസ്പർശത്തിൽനിന്നും സംസ്കൃത സാരസ്വതഗേഹത്തിന്റെ ദ്വാരം കാത്തിരുന്ന മുൻപറഞ്ഞവരുടെ തീണ്ണതയ്ക്ക് ലേശംപോലും കുറവുണ്ടായില്ല. ഇപ്രകാരം സമ്പൽസമൃദ്ധിയുള്ളതും, വിശിഷ്ടവുമായ സംസ്കൃതഭാഷയും ഭാരതത്തിലെ നാട്ടുഭാഷകൾക്കെല്ലാം പോഷകാംശം നല്കിവന്നിരുന്ന സാഹിത്യസ്വാധീനതയേയും അവർക്ക് തല്ക്കാലം ദുഷ്പ്രാപ്യമായിത്തന്നെ ഇരുന്നു.

ഇതരജാതിയിലുള്ളവർക്ക് പഠിക്കുന്നതിനു അർഹതയില്ലെന്നു വിധിക്കപ്പെട്ടിരുന്ന വേദങ്ങളും മറ്റു മാഹാത്മ്യമുള്ള കൃതികളും സംസ്കൃതഭാഷയിലായിരുന്നതുകൊണ്ട് ആ ഭാഷയിലെഴുതപ്പെട്ടവയെല്ലാംതന്നെ പരിശുദ്ധങ്ങളാണെന്നു വിധിക്കപ്പെടുകയും അവയിലേയ്ക്ക് ദ്വിജന്മാക്കൊഴിച്ചു മറ്റെല്ലാവർക്കും പ്രവേശനം നിഷേധിക്കപ്പെടുകയും ചെയ്തിരുന്നു. എന്നാൽ നമ്പൂരിമാക്ക് കാലക്രമേണ എല്ലാകാര്യങ്ങളും നായന്മാരേക്കൊണ്ടു സാധിക്കേണ്ടിയിരുന്നതിനാലും നായന്മാരുമായിട്ടു മറ്റുവിധത്തിൽ ബന്ധം സ്വീകരിച്ചു തുടങ്ങിയിരുന്നതിനാലും അന്യോന്യം അഭിപ്രായവി

നിമയം ചെയ്യേണ്ട ആവശ്യം പൂർവ്വാധികം വർദ്ധിച്ചുവന്നു. അതുകൊണ്ട് അവർക്കും താഴെയുള്ളവരും തമ്മിൽ വിചാര വിനിമയത്തിന് ഇതേവരെ അവഗണിക്കപ്പെട്ടിരുന്ന മലയാളഭാഷയെ സ്വീകരിക്കേണ്ട ആവശ്യം നേരിട്ടു. എന്നാൽ അന്യസ്പർശം അശുദ്ധമാക്കുമെന്നു വിചാരിച്ചുവന്ന അവരുടെ ശ്രേഷ്ഠമായ സാഹിത്യഭാഷയായ സംസ്കൃതത്തെ ഒരു സങ്കേതസ്ഥലമായി വേലികെട്ടി അടച്ചിരുന്നു എങ്കിലും ഇവർ മലയാളഭാഷയിലേയ്ക്ക് അനേകം സംസ്കൃതപദങ്ങളെ ആവശ്യംപോലെ അവതരിപ്പിച്ച് അതിന്റെ വാക്സമ്പത്തിനെ പുഷ്ടിപ്പെടുത്തി. എന്നാൽ ഭാഷയുടെ മൌലികസ്വഭാവം സ്ഥായിയായിത്തന്നെ നിന്നിരുന്നു. ഇപ്രകാരം ഭാഷയ്ക്ക് ഇന്നും നിലനിന്നുവരുന്നതായ ഒരു നിലയും വിലയും സിദ്ധിച്ചു. ഇതുമുതല്ക്കു ഭാഷ നിർവ്വിഘ്നം വളരുകയും തദ്വാരാ സാഹിത്യത്തിന്റെ ഉത്ഭവത്തിനും വർദ്ധനക്കും മാർഗ്ഗം സുഗമമാകുകയും ചെയ്തു. ഇതു കൂടാതെ അതിന്റെ പോഷണത്തിനു സഹായിച്ച മറ്റു സംഗതികളും ഉണ്ടായിരുന്നു. നമ്പൂരിമാരും കീഴിലുള്ളവരും തമ്മിൽ ഉള്ള സംസർഗ്ഗം വർദ്ധിച്ചുവന്നതോടുകൂടി സംസ്കൃതസാഹിത്യം അവർക്ക് നോക്കിക്കൂടാ എന്നുണ്ടായിരുന്ന ദൃഢനിർബന്ധം ക്രമേണ സ്വസ്ഥമായിത്തുടങ്ങി. ആദ്യം മതവുമായിട്ടു പ്രത്യക്ഷസംബന്ധമില്ലാത്തതായ ആയുർവ്വേദം, ജ്യോതിഷം, വ്യാകരണം മുതലായ ഗ്രന്ഥങ്ങളും ജാതിമുറയിൽ നമ്പൂരിമാക്കും, നായന്മാക്കും മദ്ധ്യത്തിലും അമ്പരോടടുത്തും സ്ഥിതിചെയ്തിരുന്ന അമ്പലവാസികൾക്കും മറ്റും നോക്കുകയും, വായിക്കുകയും ചെയ്യുമെന്ന് ഒരു അനുവാദം ഉണ്ടായി. ഇവരിൽനിന്നും ഈ വിഷയങ്ങളെക്കുറിച്ചുള്ള ജ്ഞാനം അല്പാല്പമായി താഴെയുള്ളവർക്കും ലഭിച്ചുതുടങ്ങി. ഇപ്രകാരം വ

ളതെക്കാലാ അസൂയാപൂർവ്വാ രക്ഷിച്ചുവന്ന പ്രാകാരം ഭേദിക്കപ്പെട്ടു. കാവ്യം, ശാസ്ത്രം, വേദം മുതലായ വിവിധവിഭവസമ്പന്നവും വിശാലവുമായ സംസ്കൃതസാഹിത്യകേദാരം അതിന്റെ അനന്തരാമണീയകതപ്പോട്ടക്കുടി അവരുടെ മുമ്പിൽ പരന്നു കിടക്കുന്നതായി കാണപ്പെട്ടു.

ഒരു രാജ്യത്തിലെ സാഹിത്യം അതിലുള്ള ജനങ്ങളുടെ ചിന്താഗതിയേയും, വികാരങ്ങളേയും, അഭിരുചികളേയും, ശീലങ്ങളേയും, അവർ പ്രാപിച്ചിട്ടുള്ള പരിഷ്കാരഘട്ടത്തേയും, അവരുടെ ബുദ്ധിയുടെ വളർച്ചയേയും വികാസത്തേയും ഏറക്കുറെ പ്രതിബിംബിപ്പിക്കുന്നതാണ്. എന്നാൽ നിർഭാഗ്യവശാൽ നമ്മുടെ നാടിനെ സംബന്ധിച്ചിടത്തോളം ഈ വക സംഗതികളെപ്പറ്റി ഒരു ശരിയായ അനുമാനത്തെ അവലംബിക്കുന്നതിന് ഉതകുന്നതായ ആദികാവ്യങ്ങൾ വളരെ അപൂർവ്വമാണ്. മലയാളഭാഷയിലുള്ള പ്രധാനകൃതികൾ സംസ്കൃതഗ്രന്ഥങ്ങളുടെ തർജ്ജിമകളൊ, പരിഭാഷകളൊ, സംക്ഷേപങ്ങളൊ ആണ്. അല്ലെങ്കിൽ അവയിലെ പ്രതിപാദ്യവിഷയങ്ങൾ സംസ്കൃതഗ്രന്ഥങ്ങളിൽ നിന്നും എടുത്തിട്ടുള്ളവയായിരിക്കും. മലയാളഭാഷയിൽ ആദ്യമായി ഉത്ഭവിച്ച സാഹിത്യങ്ങൾ പാട്ടുകളാണ്. നമ്മുടെ ചിന്തകളും വികാരങ്ങളും ആദ്യമായി ഉള്ളിൽനിന്നും നിർഗ്ഗമിക്കുന്നതു പദ്യരൂപത്തിലാണെന്നുള്ളതു് ഒരു സുപ്രസിദ്ധമായ സംഗതിയാണ്. മനുഷ്യസമുദായത്തിന്റെ ശൈശവാവസ്ഥയിൽ വ്യക്തികളുടെ ശൈശവാവസ്ഥയിലെന്നപോലെ വികാരാംശമാണു മനസ്സിൽ അധികം ശക്തിമത്തായി നില്ക്കുന്നതു്. തീഷ്ണവികാരങ്ങളുടെ പ്രകടനത്തിനു സുസ്ഥിരവും ശാന്തവുമായ ഗദ്യരീതി ഒട്ടും യോജി

ക്കുന്നതല്ല. നേരെ മറിച്ച് പദ്യങ്ങളും പാട്ടുകളും നമ്മുടെ മനോവികാരങ്ങളുടെ നിരർത്ഥകവും നൈസർഗ്ഗികവും ആയ പ്രകടനത്തിന് ഏറ്റവും യോജിച്ചതുമാണ്. അവ അവയുടെ വൃത്തമാത്രാടികം കൊണ്ടും ശബ്ദമാധുര്യം കൊണ്ടും മനുഷ്യഹൃദയത്തെ ആനന്ദിപ്പിക്കുന്നതിനും ഉജ്ജീവിപ്പിക്കുന്നതിനും ഉയർത്തുന്നതിനും ഉപയുക്തമായി ഭവിക്കുന്നു. മലയാളഭാഷയിൽ ഇത്തരം പാട്ടുകൾ പ്രത്യേകിച്ചും മതസംബന്ധമായവ ഒട്ടനേകം ഉണ്ട്. ഇവ ഭാഷ അലിഖിതഘട്ടത്തിൽനിന്നും ലിഖിതഘട്ടത്തിലേയ്ക്കു കടക്കുന്നതിനു മുമ്പ് അതിന്റെ അപരിഷ്കൃതാവസ്ഥയിൽ ഉത്ഭവിച്ചിട്ടുള്ളവയായിരിക്കണം. ഇവയുടെ കർത്തൃത്വം ഗാഢാന്ധകാരത്തിൽ ലയിച്ചു കിടക്കുകയാണ്.

ഏതായാലും കൊല്ലവർഷാരംഭം വരെയ്ക്കു മലയാളഭാഷയിൽ സാഹിത്യമെന്നു ശരിയായി ഗണിക്കാവുന്നതായി ഒന്നും ഉത്ഭവിച്ചിട്ടില്ല. പക്ഷെ നായന്മാർ ക്രിസ്തുവിന്നു മുന്നു ശതാബ്ദം മുമ്പുതന്നെ കേരളത്തിൽ പ്രവേശിച്ചതായി പറയപ്പെടുന്നുണ്ട്. ഇങ്ങനെ സാഹിത്യവിഷയത്തിൽ ഒരു സുദീർഘമായ വിരാമവും സ്തംഭനവും ഉണ്ടായിരുന്നു. ഇതിനുള്ള കാരണങ്ങളും മുൻപു പ്രസ്താവിച്ചുവ തന്നെ ആയിരിക്കണം. മലയാളഭാഷയിൽ ആദ്യമായി നിർമ്മിക്കപ്പെട്ട കൃതി എന്താണെന്നു നിശ്ചയമായി അറിവാൻ നിവൃത്തിയില്ല. കൊല്ലവർഷം അഞ്ചാംശതാബ്ദത്തിൽ "രാമചരിതം" എന്ന നാമധേയത്തിൽ തിരുവിതാംകൂറിലെ മഹാരാജാക്കന്മാരിൽ ഒരാൾ സാമാന്യം നല്ലതായ ഒരു സാഹിത്യഗ്രന്ഥം നിർമ്മിച്ചതായി സാധാരണ വിചാരിക്കപ്പെട്ടിരിക്കുന്നു. ഭാഷാചരിത്രത്തിൽ ഉദ്ധരിക്കപ്പെട്ടിട്ടുള്ള ഭാഗങ്ങളിൽനിന്നും

ഇതിൽ തമിഴ്‌വാക്കുകളും ശൈലികളും ധാരാളം ഉണ്ടെന്നും മലയാളഭാഷയുടെ അപരിഷ്കൃതഘട്ടത്തിലെഴുതിയിട്ടുള്ളതാണെന്നും കാണപ്പെടുന്നു. അതു് ഇതേവരെ അച്ചടിപ്പിക്കപ്പെടാത്തതുകൊണ്ടു് ഏറക്കുറെ ദുഷ്പ്രാപ്യമായിട്ടാണിരിക്കുന്നതു്. * അതുകൊണ്ടു് അതു അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുന്നതുവരെ അതിന്റെ ഗുണദോഷങ്ങളെപ്പറ്റിയുള്ള അഭിപ്രായം തല്ക്കാലം നീക്കിവയ്ക്കേണ്ടതാണു്. ഏകദേശം ഇക്കാലത്തുതന്നെ ആയുർവ്വേദത്തേയും ജ്യോതിഷത്തേയും സംബന്ധിച്ചു ചില ഗ്രന്ഥങ്ങൾ നിർമ്മിക്കപ്പെട്ടിട്ടുണ്ടു്. ഈ സംഗതി സംസ്കൃതസാഹിത്യചരിത്രത്തിൽ കേരളീയർ പ്രവർത്തനം തുടങ്ങിയെന്നുള്ളതിനെ തെളിയിക്കുന്നു.

കൊല്ലവർഷം ആറാംശതാബ്ദത്തിന്റെ ആരംഭത്തിൽ കേരളത്തിലെ സാഹിത്യചക്രവാളം കണ്ണശ്ശപ്പണിക്കർ എന്ന സാമാന്യം ഔജ്ജ്വല്യവും കാന്തിയുമുള്ള ഒരു നക്ഷത്രത്തിന്റെ ഉദയത്താൽ പ്രകാശമാനമായി ഭവിച്ചു. ഇദ്ദേഹത്തിന്റെ ഗൃഹം തിരുവിതാംകൂറിൽ തിരുവല്ലാ താലൂക്കിൽ നിരണം എന്ന സ്ഥലത്തായിരുന്നു. ഗൃഹമിരുന്ന സ്ഥലം കവിയുടെ നാമം വഹിച്ചു കണ്ണശ്ശൻപറമ്പു് എന്നുള്ള പേരിൽ ഇന്നും അവിടെ കാണ്മാനുണ്ടു്. അദ്ദേഹത്തിന്റെ ജീവചരിത്രത്തെപ്പറ്റി ഒന്നുംതന്നെ വ്യക്തമായി അറിവാൻ പാടില്ല. എന്നാൽ അദ്ദേഹം ആ താലൂക്കിൽ ധനപുഷ്ടിയുള്ള ജന്മിമാരായ പോറ്റിമാരുടെ ഒരു കുടിയാനവനായിരുന്നു എന്നും അദ്ദേഹത്തിനു തിരുവനന്തപുരത്തിനു സമീപം 'മലയിൻകീഴ്" എന്ന സ്ഥലത്തു് ഒരു ഗൃഹം ഉണ്ടായിരുന്നു എന്നും അവിടെവച്ചാണു് അദ്ദേഹത്തിന്റെ കൃ

* അടുത്ത കാലത്തു് അച്ചടിച്ചിട്ടുണ്ടു്.

തികം എഴുതപ്പെട്ടതെന്നും അദ്ദേഹം അവിടെനിന്നും തി
രുവല്ലായിലേക്കു പോകുന്ന വഴിക്കുവച്ചു യാദൃഛികമായി
മരിച്ചു എന്നും പറയപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന്റെ
പ്രധാനകൃതികൾ രാമായണം, ഭാരതം, ഭാഗവതം, ബ്രഹ്മാ
ണ്ഡപുരാണം ഇവയാകുന്നു. എന്നാൽ ഇവയിൽ ഒന്നുംത
ന്നെ അച്ചടിക്കപ്പെട്ടിട്ടില്ല. * കൈയെഴുത്തുഗ്രന്ഥങ്ങൾ
തന്നെ ഇപ്പോൾ വളരെ അപൂർവ്വവും അവയെ വായിക്കുന്ന
വർ ദുരുക്കവുമാണ്. ഇവയിലെ ഭാഷാരീതി സരളവും
ലളിതവും എന്നാൽ പ്രൌഢവുമാണ്.

മലയാളസാഹിത്യവും തൽ കർത്താക്കന്മാരും.

II.

ഭാഷയാണെങ്കിൽ തമിഴും മലയാളവും കൂടി കലർന്നി
ട്ടുള്ളതും, അതു് ഒന്നിൽനിന്നും മറ്റതിലേയ്ക്കുള്ള പരിവ
ർത്തനാവസ്ഥയെ സൂചിപ്പിക്കുന്നതും ആകുന്നു. ഇക്കാലത്തു
ള്ള കൃതികളെ വായിച്ചു മനസ്സിലാക്കുന്നതിനും, ഇനം തി
രിക്കുന്നതിനും തമിഴ് ഭാഷയുടേയും വ്യാകരണത്തിന്റെ
യും സഹായം കൂടാതെ സാധിക്കുന്നതല്ല. അദ്ദേഹ
ത്തിന്റെ കൃതികളിൽ വച്ചു് സുപ്രസിദ്ധമായിട്ടുള്ള രാമാ

* കണ്ണശ്ശരാമായണവും അച്ചടിച്ചിട്ടുണ്ട്.

യണത്തിന്റെ പല ഭാഗങ്ങളും ഈ ലേഖകൻ വായിച്ചിട്ടുണ്ട്. ഈ കൃതി ഒട്ടും താണതരമല്ലാത്ത കവിതാവാസനയെ പ്രകടിപ്പിക്കുന്നുണ്ടെന്നു പ്രസ്താവിക്കാതിരിക്കാൻ നിവൃത്തിയില്ല. അനവദ്യയായ വാക്ചാതുരി, ഹൃദയാകർഷകമായ പ്രതിഭോചിതങ്ങൾ, സന്ദർഭോചിതങ്ങളായ അലങ്കാരങ്ങൾ ഇവയെല്ലാം ഈ കൃതിയെ മലയാളഭാഷയ്ക്കുള്ള അനഘരത്നങ്ങളിൽ ഒന്നാക്കിത്തീർത്തിട്ടുണ്ടെന്നുള്ളതിനു സംശയമില്ല. തമിഴ്വാക്കുകളും, ശൈലികളും, ഘടനാരീതിയും ഇതിൽ ധാരാളമുണ്ടെന്നുള്ളതു ഇതിന്റെ ഗുണങ്ങൾക്ക് ഒരുവിധത്തിലും ന്യൂനത വരുത്തുന്നില്ല. ഇപ്രകാരമുള്ള ഒരു കൃതി ഇത്ര ദീർഘകാലം ഉപേക്ഷിച്ചു വിസ്മൃതിയിൽ തള്ളിക്കളഞ്ഞതു വളരെ ശോചനീയംതന്നെയാണ്.

കൊല്ലാബ്ദം ഏഴാംശതവർഷത്തിന്റെ മദ്ധ്യത്തിൽ കൃഷ്ണലീലകളെ വിസ്തരിക്കുന്നതായ "കൃഷ്ണഗാഥ" എന്നൊരു കൃതി ചെറുശ്ശേരി എന്നു വിളിക്കപ്പെട്ടിരുന്ന ഒരു നമ്പൂരിബ്രാഹ്മണൻ രചിച്ചിട്ടുള്ളതായി കാണുന്നു. ഈ കൃതിക്ക് "ചെറുശ്ശേരി" എന്നും തെക്കൻദിക്കിൽ പേരുപറഞ്ഞുവരുന്നുണ്ട്. ഇതു സ്ത്രീകൾ കുട്ടികളെ തൊട്ടിലിൽ കിടത്തി പാടാറുള്ള "താലോലം" എന്ന പാട്ടിന്റെ രീതിയിലും, വൃത്തത്തിലും ഉണ്ടാക്കപ്പെട്ടിട്ടുള്ളതാണ്. ഈ കൃതിയിൽനിന്നുതന്നെ ഇതു വടക്കേമലയാളത്തിൽ കോലത്തുനാടുഭരിച്ചിരുന്ന ഒരു ഉദയവർമ്മരാജാവിന്റെ അപേക്ഷയനുസരിച്ച് ഉണ്ടാക്കപ്പെട്ടതാണെന്നു നമുക്കറിയാം. എന്നാൽ ഈ കൃതി അനന്യസാധാരണമായ കവിതാഗുണമുള്ളതാകുന്നു. അതിൽ രമണീയങ്ങളായ പ്രതിഭാസൃഷ്ടികളും, ഹൃദ്യങ്ങളായ വർണ്ണനകളും, അലങ്കാരപ്രചുരമായ ഭാഷയും, സാ

രള്യത്തിനും വാഗൈഭവത്തിനും സഹജമായ ആകർഷണീയതയും സമാന്യത്തിലധികം ഉണ്ട്. ഇതിൽ സംസ്കൃതപദങ്ങൾ വളരെ ചുരുക്കമായും ഇന്നു ലുപ്തപ്രയോഗങ്ങളായ മലയാളപദങ്ങൾ ഒട്ടധികമായും കാണപ്പെടുന്നുണ്ട്. ഇതു കേരളസ്ത്രീകൾക്കു വളരെ പ്രതിപത്തിയുള്ള ഒന്നാണ്. ഇതിനു സ്ത്രൈണമായ ഒരു രമ്യതാവുമുണ്ടെന്നു പറയാം. ഭാഷാസാഹിത്യത്തിനു വാസ്തവമായ പുഷ്ടി നൽകുന്ന ഒരു കൃതിയായി ഗണിക്കുന്നതിനു വേണ്ട ഗുണം അതിനുണ്ട്. ഈ കൃതിയെ അപ്രശസ്തിയിലേയ്ക്കു തള്ളിയതിനുള്ള കാരണം അതിനു ജനങ്ങളുടെ ഹൃദയത്തെ വശീകരിക്കുന്നതിനു വേണ്ട കാലം അകുന്നതിനുമുമ്പു സാഹിത്യനഭോമണ്ഡലത്തിലുള്ള ചെറിയ തേജോഗോളങ്ങളെ നിഷ്പ്രഭങ്ങളാക്കുന്നതായ ഒരു മഹൽതേജസ്സ് ചക്രവാളത്തെ പ്രകാശമാനമാക്കിത്തുടങ്ങിയെന്നുള്ള സംഗതിയായിരിക്കാം.

മലയാളഭാഷയും ഭാഷാസാഹിത്യവുമായിട്ട് അല്പം പോലും പരിചയമുള്ളവർ ആരുംതന്നെ കീർത്തീദേവതയുടെ അനശ്വരമായ ചേരടിൽ ചേക്കാൻ സർവ്വപ്രകാരേണ അർഹതയുള്ള തുഞ്ചത്തെഴുത്തച്ഛന്റെ നാമധേയത്തെ കേട്ടിട്ടില്ലാത്തവരാൻ തരമില്ല. ഇദ്ദേഹത്തിനെ മലയാളഭാഷാസാഹിത്യത്തിന്റെ "പിതാവെ"ന്നും, മലയാളഭാഷയുടെ "കർത്താവെന്നും" നിശ്ചയമായും പറയാം. ഇദ്ദേഹത്തിന്റെ ഹസ്തത്തിൽനിന്നുതന്നെയാണു മലയാളഭാഷ അതിന്റെ ജീവനേയും, അതിന്റെ രമ്യതയേയും, അതിന്റെ പ്രൗഢതയേയും സമീകരിച്ചതു്. മലയാളപദങ്ങളും, സംസ്കൃതശബ്ദങ്ങളും എത്ര ഭംഗിയായി കൂട്ടിയിണക്കാമെന്നും ഭാഷയ്ക്ക് എന്തുമാത്രം ശക്തിയും വൈഭവവും ഉണ്ടെന്നും, അതു വാസ്തവത്തിൽ എത്ര അർത്ഥപുഷ്ടിയുള്ളതാണെ

ന്നും ആശയപ്രകാശനത്തിന് അതിന് എത്ര ശക്തിയുണ്ടെന്നും അതിനെ ഇനിയും എങ്ങിനെ പുഷ്ടിപ്പെടുത്തുകയും, സംസ്കരിക്കയും, ഉല്ലേഖനം ചെയ്യുകയും ചെയ്യാൻ സാധിക്കുമെന്നും അദ്ദേഹമാണ് നമുക്കാദ്യമായി കാണിച്ചുതന്നിട്ടുള്ളത്. താണതെന്നു ഗണിക്കപ്പെട്ട ഒരു ജാതിയിൽ ജനിക്കയും, ഒരു വിനീതമായ ജീവിതവൃത്തിയെ അവലംബിക്കയും ചെയ്തിരുന്നുവെങ്കിലും അദ്ദേഹം തന്റെ ബുദ്ധിവൈഭവംകൊണ്ടും, പ്രയത്നശക്തികൊണ്ടും, സുസ്ഥിരമായ മനോനിശ്ചയംകൊണ്ടും അദ്ദേഹത്തിന്റെ നാട്ടുകാക്ക് അളവറ്റ ഗുണം ചെയ്യുത്തക്ക ഒരു പദത്തെ പ്രാപിക്കയും ഭാഷയുടേയും ജനങ്ങളുടേയും മേൽ എത്രമാത്രമെന്ന് ഇന്നു ശരിയായി നിണ്ണയിക്കാൻ പാടില്ലാത്തതായ ഒരു പ്രേരണാശക്തിയെ വഹിക്കയും ചെയ്തു. അദ്ദേഹത്തിന്റെ അഭാവത്തിൽ മലയാളഭാഷ ദക്ഷിണഭാരതത്തിലെ ഭാഷകളുടെയിടയിൽ ഇന്നുള്ള സ്ഥാനവും ഗൗരവവും പ്രാപിക്കയില്ലായിരുന്നു. അതുകൊണ്ട് അദ്ദേഹത്തിന്റെ പ്രാദുർഭാവം ഭാഷാസാഹിത്യത്തിന്റെ ജീവിതദശയിൽ ഒരു വിശേഷസന്ധിയെത്തെ സൂചിപ്പിക്കുന്നു.

നമ്മുടെ ഭാഷാസാഹിത്യത്തിൽ ഇത്ര വലിയ ഒരു മാറ്റം വരുത്തുകയും നമ്മുടെ മാതൃഭാഷയെ ഇപ്പകാരം സമ്പന്നയും ഭ്രഷിതയുമാക്കുകയും നമ്മുടെ സുഖാനുഭവത്തിന്റെ പരിധിയെ വിസ്തൃതമാക്കുകയും നമ്മുടെ ഹൃദയങ്ങളിൽ ഒരു പുതിയ ദീപം ജ്വലിപ്പിക്കയും ചെയ്തതും ഇന്നും നമ്മുടെ സന്ധ്യാവേളയെ ആനന്ദപ്രദമാക്കി ചെയ്യുന്നതുമായ ആ പുരുഷന്റെ ജീവിതത്തേയും സ്വഭാവത്തേയും പറഞ്ഞു വല്ലതും അറിയുന്നതു കൌതുകാവഹമായിരിക്കുമല്ലൊ. എന്നാൽ

നിർഭാഗ്യവശാൽ ഈ വിഷയത്തിൽ ഏതാനും അവ്യക്തങ്ങളായ ഐതിഹ്യങ്ങളല്ലാതെ മറ്റു വിശ്വസനീയമായ അറിവു യാതൊന്നും ഇല്ലാതാണിരിക്കുന്നതു്. ലോകത്തിലുള്ള മഹാകവികളുടെ എല്ലാവരുടേയും സ്ഥിതി ഇതുതന്നെയാണു്. ഹോമർ, ഷെക്സ്പിയർ, കാളിദാസൻ മുതലായവർ ഇതിനു വ്യവസ്തങ്ങളല്ല. അതിനുള്ള പ്രധാനകാരണം അവർ പരമാത്മജീവികളായിരുന്നതുകൊണ്ടു് ഭാവിലോകത്തിന്റെ അറിവിനായി അവരുടെ ആത്മരായ പ്രതിഫലിച്ചുകിടക്കുന്ന അവരുടെ കൃതികളിൽനിന്നും ഗ്രഹിക്കപ്പെടാവുന്നവയല്ലാതെ മറ്റു യാതൊരു വിവരവും അവർ രേഖപ്പെടുത്തണമെന്നു വിചാരിച്ചില്ലെന്നുള്ളതുതന്നെയാണു്. എന്നുതന്നെയുമല്ല, അവരുടെ സമകാലീനന്മാരുടെ ദൃഷ്ടിയെ ആകർഷിക്കാത്തവിധം ഒതുങ്ങിയ മട്ടിലാണു് അവർ ജീവിക്കയും പ്രവർത്തിക്കയും ചെയ്തുവന്നതും. വിശേഷിച്ചും അവരുടെ കൃതികൾ പ്രസിദ്ധങ്ങളാകുകയും അവയുടെ യഥാർത്ഥവില ജനങ്ങൾ ഗ്രഹിക്കയും ചെയ്യുന്നതിനു് ഒന്നോ രണ്ടോ പുരുഷാന്തരം വേണ്ടിവരുന്നു. അപ്പോഴേയ്ക്കും അവരുടെ ജീവിതവൃത്താന്തങ്ങൾ വിസ്മൃതങ്ങളായി ഭവിക്കയും അങ്ങിനെ വരുമ്പോൾ നമുക്കു് ഐതിഹ്യങ്ങളല്ലാതെ മറ്റൊരാധാരവും ഇല്ലാതെ വരികയും ചെയ്യുന്നു. എന്നാൽ ഇങ്ങനെ ഗത്യന്തരമില്ലാതെ വരുമ്പോൾ ഐതിഹ്യങ്ങൾതന്നെ നമുക്കു് സഹായിയായി ഭവിക്കുന്നു. അതുകൊണ്ടു മലയാളഭാഷാചരിത്രത്തിൽ അടങ്ങിയിരിക്കുന്നതുപോലെ അദ്ദേഹത്തിന്റെ ഒരു സംക്ഷിപ്തജീവചരിത്രം ഇവിടെ അസ്ഥാനത്തിലായിരിക്കുകയില്ലെന്നു വിചാരിക്കുന്നു.

ഇദ്ദേഹം ഏകദേശം കൊല്ലവർഷം എട്ടാം ശതാബ്ദ

ത്തിന്റെ മദ്ധ്യത്തിൽ തെക്കേമലയാളത്തിൽ പൊന്നാനി ത്താലൂക്കിൽപ്പെട്ട വെട്ടത്തു പുതിയങ്ങാടിയ്ക്കടുത്തു് ഒരു ഗ്രാമത്തിലാണു് ജനിച്ചതെന്നു പറയപ്പെട്ടിരിക്കുന്നു. ഇദ്ദേഹം ഇന്നും സമുദായത്തിന്റെ താണപടിയിൽ വത്തിക്കുന്നു എന്നു വിചാരിച്ചുവന്ന ചക്കാല നായർവർഗ്ഗത്തിൽ ഉൾപ്പെട്ടിരുന്നു. ഇദ്ദേഹത്തിന്റെ ഗൃഹം ഇരുന്നിരുന്ന സ്ഥലത്തിനു് ഇന്നും "തുഞ്ചൻപറമ്പു്" എന്നു പേർപറഞ്ഞുവരുന്നു. ഈ സ്ഥലം ഇന്നും, അനന്യസാധാരണമായ ചൈതന്യമുള്ള ഒരു വിശുദ്ധഭൂമിയായിത്തന്നെ കരുതിപ്പോരുന്നുണ്ടു്. എന്തുകൊണ്ടെന്നാൽ സമീപസ്ഥലങ്ങളിലുള്ള കുട്ടികൾക്കു് ആദ്യമായി അക്ഷരോപദേശം ചെയ്യുമ്പോൾ ഈ പറമ്പിൽ നിന്നും സംഗ്രഹിച്ചിട്ടുള്ള മണ്ണിലാണു് അവരെക്കൊണ്ടു് അക്ഷരങ്ങൾ എഴുതിപ്പിക്കുന്നതു്. ഈ കവി ജനിച്ച ഗൃഹമോ, വല്ല അവശിഷ്ടമൊ ഇപ്പോൾ ഉണ്ടോ എന്നു് അറിവില്ല.

എഴുത്തച്ഛൻ ഒരു വിദ്വാനായിരുന്ന നമ്പൂരിയുടെ പുത്രനായിരുന്നുവെന്നും അദ്ദേഹത്തിൽനിന്നും സാമാന്യം നല്ല വിദ്യാഭ്യാസം ലഭിച്ചുവെന്നും പറയപ്പെട്ടിരിക്കുന്നു.

എഴുത്തച്ഛന്റെ ബാല്യകാലത്തിൽ അദ്ദേഹം ദിവസംതോറും സ്വാമിദർശനത്തിനായി അടുത്തുള്ള തൃക്കണ്ടിയൂർ ക്ഷേത്രത്തിൽ പോകാറുണ്ടായിരുന്നു. ഒരവസരത്തിൽ ബ്രാഹ്മണർ ഓത്തുചൊല്ലുന്നതു കേട്ടു് ഇവർ ഒത്തുചൊല്ലുന്നതു പിഴച്ചാണു് എന്നുള്ള അർത്ഥത്തിൽ "കാട്ടു്, കാട്ടു്" എന്നു പറഞ്ഞുവത്രെ. ഇതു് അവരിൽ അസൂയയേയും സംശയത്തേയും ജനിപ്പിച്ചുവെന്നും അവർ എന്തോ ഔഷധം നിവേദ്യത്തിൽ കലർത്തിക്കൊടുത്തുവെന്നും പറയപ്പെട്ടി

ട്ടുണ്ട്. ഇതു അദ്ദേഹത്തിന്റെ ബുദ്ധിയെ മലിനീഭവിപ്പിക്കയും മനസ്സിന് എന്തോ ജാള്യം വരുത്തുകയും ചെയ്യുമോ! ബാലൻ അന്നുമുതല്ക്കു ഖിന്നമാനസനായിട്ട് ഒരുവിധം മൌനം അവലംബിച്ചു വർത്തിച്ചുവന്നു. അദ്ദേഹത്തിന്റെ പിതാവു് ഇതൊക്കെയും എങ്ങിനെയോ മനസ്സിലാക്കി. ഇതിന്റെ ശമനത്തിന് ഒരു പ്രത്യൌഷധം സേവിക്കാൻ വിധിച്ചു. ഇതുകൊണ്ടു് ഉദ്ദിഷ്ടഫലം സിദ്ധിച്ചു. എന്തുകൊണ്ടെന്നാൽ ഈ ഔഷധം സേവിച്ചതിന്റെ ഫലമായി അല്പകാലത്തേയ്ക്കു് ബാലനു നഷ്ടമായിപ്പോയിരുന്ന ഉന്മേഷവും മനോനൈർമ്മല്യവും വീണ്ടും ലഭിച്ചു സുഖം പ്രാപിച്ചു. ഈ കഥയുടെ വാസ്തവം എങ്ങിനെയിരുന്നാലും യാഥാസ്ഥിതികന്മാരായ ബ്രാഹ്മണരിൽനിന്നും അദ്ദേഹത്തിന് എന്തോ അനിഷ്ടമായ പെരുമാറ്റം ഉണ്ടായിഎന്നു് ഊഹിക്കുന്നതിൽ തെറ്റുണ്ടെന്നു തോന്നുന്നില്ല. വിധിച്ചിട്ടില്ലാത്ത വേദം മുതലായ വൈദികഗ്രന്ഥങ്ങൾ ഇദ്ദേഹം പാരായണം ചെയ്തതു് അവരുടെ ദൃഷ്ടിയിൽ ഒരക്ഷന്തവ്യമായ അപരാധമായിരുന്നു. പലപ്പോഴും ദോഷത്തിൽനിന്നും ഗുണം ഉണ്ടാകുന്നു. ബ്രാഹ്മണരുടെ ഈ പ്രാതിക്ലൃനയം നിർദ്ദയമായി രക്ഷിക്കപ്പെട്ടിരുന്ന സംസ്കൃതസാഹിത്യകോശഗൃഹത്തെ തന്റെ നാട്ടുകാക്കു തുറന്നുകൊടുത്തു് സഹായിക്കണമെന്നുള്ള നിശ്ചയത്തെ അവലംബിക്കുന്നതിന് അദ്ദേഹത്തെ പ്രേരിപ്പിച്ചു. ഈ ഉൽകൃഷ്ടോദ്ദേശൃത്തിന്റെ നിവൃത്തിക്കായിത്തന്നെ തന്റെ പിന്നത്തെ ജീവിതകാലം മുഴുവനും എഴുത്തച്ഛൻ വിനിയോഗിച്ചു. ഇനി കഥ തുടരാം. ചെറുപ്പത്തിൽതന്നെ എഴുത്തച്ഛൻ സ്വദേശത്തു് ഒരു പള്ളിക്കൂടം കെട്ടി ആ ഗ്രാമത്തിലെ കുട്ടികളെ എല്ലാം നമുക്കു പ്രതീക്ഷിക്കാവുന്നതുപോലെ ബുദ്ധിസാ

മത്സ്യത്തോടും ജാഗ്രതയോടും കൂടി വിദ്യ അഭ്യസിപ്പിക്കാൻ തുടങ്ങി. ഇവിടെയും അദ്ദേഹത്തിന്റെ വിരോധികളിൽ നിന്നും ആക്ഷേപങ്ങളും പരിഹാസങ്ങളും സഹിക്കേണ്ടിയിരുന്നു. അദ്ദേഹത്തിന്റെ ജാതിയുണ്ടെന്നു വിചാരിക്കപ്പെട്ടിരുന്ന നികൃഷ്ടതതന്നെ പലപ്പോഴും പരിഹാസവിഷയമാകാതിരുന്നില്ല. എന്നാൽ ബാലനായ രാമാനുജൻ (ഇതായിരുന്നു അദ്ദേഹത്തിന്റെ പേര്) അവക്ക് ഒട്ടും പോരാത്ത ഒരു എതിരാളിയായിരുന്നില്ല. ഇവിടെ ഒരു സംഭവം പറയാം. ഒരിക്കൽ തന്റെ എതിരാളികളായ ബ്രാഹ്മണർ അദ്ദേഹത്തിന്റെ ജാതിയെപ്പറ്റി ആക്ഷേപിക്കുന്നതിനായി "തുഞ്ചന്റെ ചക്കിൽ എത്ര ആട്ടം" എന്നു ഹാസ്യരസത്തിൽ ചോദിച്ചു. ഇതിനു പറ്റിയ ഉത്തരമായി "എന്റെ ചക്കിൽ 'നാലും ആറും' ആട്ടം" എന്നുടനടി മറുപടി പറഞ്ഞു. ഇതിന്റെ സാരം താനൊരു താണസ്ഥിതിയിലുള്ള വനാണെങ്കിലും തന്റെ വഴക്കാരിൽനിന്നും മറച്ചുവയ്ക്കുവാൻ അവർ ഭഗീരപ്രയത്നം ചെയ്യുവരുന്ന "നാലു വേദങ്ങളും ആറു ശാസ്ത്രങ്ങളും" തനിക്കു വശമാണെന്നാണു്.

ഏറെത്താമസിയാതെ എഴുത്തച്ഛൻ തന്റെ ഉദ്ദേശസിദ്ധിക്കും തന്റെ എതിരാളികളോടു പൂർവ്വാധികം ശക്തിയോടെ മല്ലിടുന്നതിനും വേണ്ട ഉപകരണങ്ങളും സമ്പാദിക്കാനായി സംസ്കൃതസാഹിത്യത്തിൽ കൂടുതൽ പരിശ്രമം ചെയ്യുന്നതിനും പരദേശങ്ങളിലുള്ള പ്രസിദ്ധ കവികളേയും വിദ്വാന്മാരേയും അവരുടെ കൃതികളും മുഖേനയൊ, അഥവാ അഭിമുഖമായൊ പരിചയപ്പെടുന്നതിനും വേണ്ടി തമിഴ്നാടുകളിൽ സഞ്ചരിക്കുന്നതിനു തീർച്ചയാക്കി.

ഇതനുസരിച്ചു തന്റെ പള്ളിക്കൂടത്തിന്റെ ഭരണം തന്റെ പ്രിയശിഷ്യന്മാരിൽ ഒരാളെ ഏൽപ്പിച്ചുവച്ച് "ശിവപുരാണ"ത്തിൽ തന്റെ രക്ഷാകർത്താക്കന്മാരിൽ ഒരാൾ എന്നു പറഞ്ഞിട്ടുള്ള മനക്കോട്ട് ഇളയപ്രഭുവിന്റെ ഉദാരമായ ധനസഹായത്തോടുകൂടി യാത്ര പുറപ്പെട്ടു. ഇന്ന നിശ്ചയമായി പറയാൻ നിവൃത്തിയില്ലാത്ത ഒരു ദീർഘകാലത്തെ സഞ്ചാരംകഴിഞ്ഞു് ഇദ്ദേഹം പ്രവർദ്ധമായ ജ്ഞാനത്തോടും, വികസിതമായ ബുദ്ധിയോടും, വർദ്ധിപ്പിക്കപ്പെട്ട ആശയങ്ങളോടും ചിന്തകളോടും കൂടി സ്വദേശത്തേയ്ക്കു മടങ്ങിവന്നു. ആശ്രമപദ്ധതി വീണ്ടും സ്വീകരിച്ചു് തന്റെ ശിഷ്യന്മാരെ വിട്ടു അഭ്യസിപ്പിക്കുന്നതിലും, അദ്ദേഹത്തിന്റെ അനശ്വരമായ കീർത്തിക്കു ഹേതുഭൂതമായ കൃതികൾ നിർമ്മിക്കുന്നതിലും തുല്യവാശിയോടുകൂടി പ്രവൃത്തിയാരംഭിച്ചു. കളരിയിലെ ജോലി മിക്കവാറും തന്റെ ഒട്ടും അണ്ണാക്കുപനല്ലാത്ത ശിഷ്യാഗ്രഗണ്യനായ കരുണാകരൻ എഴുത്തച്ഛനിൽ സമർപ്പിക്കപ്പെട്ടു.

എഴുത്തച്ഛന് ഇപ്പോൾ പുരുഷപ്രായം തികഞ്ഞു. തന്റെ കർത്തവ്യങ്ങളേയും ചുമതലകളേയും കുറിച്ചു ചിന്തിച്ചുതുടങ്ങി. അദ്ദേഹം തന്റെ നാട്ടുകാരുടെ അക്ഷരാനഭിജ്ഞതയും അന്ധവിശ്വാസവും അജ്ഞതയും തന്റെ മാതൃഭാഷയുടെ നിർദ്ധനത്വവും സാഹിത്യത്തിന്റെ ദുർഭിക്ഷവും കണ്ടു വ്യസനിച്ചു്, കൃത്യനിഷ്ഠയേയും ആത്മബോധത്തേയും സംബന്ധിച്ചുള്ള അത്യുൽകൃഷ്ടങ്ങളായ ആദർശങ്ങളെ അവരുടെ മുമ്പിൽ സമർപ്പിച്ചു് അവരുടെ മനസ്സിനെ പ്രദീപ്തമാക്കുകയും, സന്മാർഗ്ഗബോധത്തെ ഉത്തേജിപ്പിക്കുകയും ചെയ്യുന്നതിന് ഉപയുക്തമായ ഒരു സാഹിത്യത്തെ നിർമ്മിച്ചു് ഈ

JUN 21 1933 KULAM

ഗക ദോഷങ്ങളെ പരിഹരിക്കണമെന്നു തീർച്ചയാക്കി. ഈ
ക്കാലത്തു് അദ്ദേഹം സുപ്രസിദ്ധമായ "നാരായണീയം" എ
ന്ന സംസ്കൃതഗ്രന്ഥത്തിന്റെ കർത്താവും അതിവിദ്വാനുമായ
മേല്പത്തൂർ നാരായണഭട്ടതിരിയുമായിട്ടു പരിചയപ്പെടുവാ
നിടയായി. ഇരുവരുടേയും അഭിരുചിയുടേയും ശക്തി
യുടേയും പ്രവൃത്തിയുടേയും സാദൃശ്യം അവരെ അന്യോ
ന്യം ആകർഷിക്കയും ഇപ്രകാരം ഉത്ഭവിച്ച ഈ പരിച
യം കാലക്രമംകൊണ്ടു് പകപമായി യഥാർത്ഥവും ദൃഢവുമാ
യ സഖ്യമായി പരിണമിക്കയും ചെയ്തു. അഖർ സദാ പി
രിയാതെ ഒന്നിച്ചു വർത്തിക്കുന്നതിൽ സന്തോഷമുള്ളവരായി
ഭവിച്ചു. ഈ ഭട്ടതിരി അമ്പലപ്പുഴെ ചെമ്പകശ്ശേരി രാ
ജാവിന്റെ കൊട്ടാരത്തിൽ ഒരു സേവകനായിരുന്നു. ഈ
ദ്ദേഹം ഒരിക്കൽ അമ്പലപ്പുഴയ്ക്കു പോയ സമയം എഴുത്ത
ച്ഛനേക്കൂടിക്കൊണ്ടുപോയി വിദ്വൽപ്രിയനായിരുന്ന രാജാ
വുമായിട്ടു പരിചയപ്പെടുത്തി എന്നു പറയപ്പെട്ടിരിക്കുന്നു.
എഴുത്തച്ഛൻ ഇങ്ങിനെ അമ്പലപ്പുഴെ താമസിക്കുന്നകാല
ത്തു് അദ്ദേഹം അദ്ധ്യാത്മരാമായണം മലയാളഭാഷയിൽ അ
വതരിപ്പിച്ചുവെന്നാണു് ഐതിഹ്യം. ഈ കൃതി രാജാവി
ന്റെ പ്രീതിക്കും ശ്ലാഘയ്ക്കും പാത്രീഭവിക്കുകയും അദ്ദേഹം
എഴുത്തച്ഛനു് ഒരു നല്ല വർഷാശനം പതിച്ചുകൊടുക്കയും
മറ്റുവിധത്തിൽ അദ്ദേഹം സഹായിക്കയും പ്രോത്സാഹി
പ്പിക്കയും ചെയ്തു. അദ്ദേഹത്തിന്റെ ആജ്ഞാനുസരണം
ചക്കാലനായന്മാരുടെ ചക്കുകഥ ഒക്കെയും പറിപ്പിച്ചു കള
യുകയും മേലാൽ ഇവർ ഈ തൊഴിൽ ചെയ്യേണ്ട എന്നു
തീരുമാനിക്കയും ചെയ്തു. ഇപ്രകാരം നമ്മുടെ എഴുത്തച്ഛ
നുവേണ്ടി ഈ വർഗ്ഗത്തിലുൾപ്പെട്ട എല്ലാ നായന്മാരുടേയും
സമുദായസ്ഥിതി ഉയർത്തപ്പെട്ടു. ഇപ്രകാരം ഒരു ഒറ്റ മ

മനുഷ്യന്റെ യോഗ്യതകളും സൽഗുണങ്ങളും പലപ്പോഴും ഒരു സമുദായത്തിന്റെ ഒട്ടുക്കുള്ള സ്ഥിതിയെ പരിഷ്കരിക്കുന്നതിനും ഉയർത്തുന്നതിനും കാരണമായി ഭവിക്കുന്നു. ഈ മാതിരിയുള്ള സൗജന്യങ്ങൾ കോഴിക്കോട്ടസാമൂതിരിപ്പാടിൽ നിന്നും, കൊച്ചിരാജാവിൽ നിന്നും, മറ്റു പ്രഭുക്കന്മാരിൽ നിന്നും എഴുത്തച്ഛനു ലഭിക്കാൻ ഇടയായി. എഴുത്തച്ഛൻ മടങ്ങിപ്പന്നതിനുശേഷം ഭാരതം, ഭാഗവതം മുതലായ മറ്റു കൃതികളും എഴുതിത്തീർത്തു. അദ്ദേഹം വളരെക്കാലം ജീവിച്ചിരുന്നുവെന്നും ഒടുവിൽ പൊന്നാനിയിൽ സപ്തമഹത്തിൽവച്ചു് അദ്ദേഹം സ്വയമേവ വരിച്ച ഉൽകൃഷ്ടമുമതല നിർവഹിച്ചുവെന്ന ബോധത്തോടുകൂടി ചരമം പ്രാപിച്ചുവെന്നും പറഞ്ഞിരിക്കുന്നു.

ഇപ്രകാരമാണു് മലയാളകവികളിൽ അഗ്രേസരനും, വിദ്വാന്മാരിൽ അദ്വിതീയനുമായ എഴുത്തച്ഛന്റെ ജീവചരിത്രം സംബന്ധിച്ച ഹ്രസ്വവും അവ്യക്തവുമായ ബാഹ്യരേഖ.

മലയാളഭാഷ സംസാരിക്കുന്നവരെല്ലാവരും ഒരിക്കലും തീരാത്തവണ്ണം കൃതജ്ഞതാഭാരപ്പോണ ഇദ്ദേഹത്തോടു് അധമർണ്ണന്മാരായിട്ടാണിരിക്കുന്നതു്. ഈ അപൂർണ്ണചിത്രത്തിൽ അദ്ദേഹത്തിന്റെ ആകൃതിയേയും, സ്വഭാവത്തേയും, ഗൃഹജീവിതരീതിയേയും പറ്റി ഒരക്ഷരംപോലും പറഞ്ഞിട്ടില്ലെന്നു കാണുന്നതാണു്. മേൽവിവരിച്ച വസ്തുതകളെ നമുക്കറിവുതന്ന ഐതിഹ്യംപോലും ഈ വിഷയത്തിൽ മൗനം അവലംബിച്ചിരിക്കയാണു്. ഇപ്രകാരമുള്ള ഈ വിലത്തെ അടയ്ക്കുന്നതിനു ജനങ്ങൾ മനോധർമ്മത്തെ ധാരാളം

ഉപയോഗപ്പെടുത്തിയതായി കാണുന്നു. അദ്ദേഹം ഒരു നംപൂരിയുടെ പുത്രനാണെന്നുള്ള വസ്തുതയിൽനിന്നും അദ്ദേഹം സുമുഖനും രൂപവാനുമായിരുന്നുവെന്നു വിചാരിക്കുന്നതിൽ വലിയ അബദ്ധമുണ്ടെന്നു തോന്നുന്നില്ല. ഇദ്ദേഹം സൗന്ദര്യത്തിനും സംഗീതത്തിനും പ്രസിദ്ധിയുള്ള ഗന്ധർവ്വന്മാരിലൊരാളുടെ അവതാരമാണെന്നും ഒരു ഐതിഹ്യമുണ്ട്. ഈ ഐതിഹ്യം സൂചിപ്പിക്കുന്നതു് അദ്ദേഹത്തിനു കവിതാവാസനയും അതോടുകൂടി സൗന്ദര്യവുമുണ്ടായിരുന്നുവെന്നാണെന്നു തോന്നുന്നു. അദ്ദേഹത്തിന്റെ സ്വഭാവത്തേയും മറ്റും കുറിച്ചു് അറിയുന്നതിനു അദ്ദേഹത്തിന്റെ കൃതികളെത്തന്നെ ആശ്രയിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ടു നമ്മുടെ ശ്രദ്ധയെ അവയിലേയ്ക്കു തിരിക്കാം. അദ്ദേഹത്തിന്റെ പ്രധാനകൃതികൾ ശിവപുരാണം, ദേവീമാഹാത്മ്യം, ഇരുപത്തിനാലുവൃത്തം, അദ്ധ്യാത്മരാമായണം, ഭാരതം, ഭാഗവതം, ചിന്താരത്നം, കേരളനാടകം, ഹരിനാമകീർത്തനം ഇവകളാകുന്നു. ഇവയിൽ സുപ്രസിദ്ധങ്ങളായവ രാമായണം, ഭാഗവതം, ഇരുപത്തിനാലുവൃത്തം ഇവയാണു്. അതുകൊണ്ടു് ഇവയെപ്പറ്റി മാത്രമെ ഇപ്പോൾ വല്ലതും പറയാമെന്നു വിചാരിക്കുന്നുള്ളൂ. ഈ കൃതികളിൽ ഓരോന്നിനേറയും ഗുണങ്ങളേയും രസങ്ങളേയും പറ്റി സവിസ്തരം പ്രതിപാദിക്കുന്നതു് ഇപ്രകാരമുള്ള ഒരു ലേഖനംകൊണ്ടു സാധിക്കുന്നതല്ല. എന്തുകൊണ്ടെന്നാൽ ഇവയിൽ ഓരോന്നുംതന്നെ കവിതാചാതുര്യത്തിന്റെ അനതിശയനീയങ്ങളായ മാതൃകകളാകുന്നു. അതുകൊണ്ടു് ഈ വിശിഷ്ടകൃതികളുടെ സാമാന്യലക്ഷണങ്ങൾ എന്നു ഗണിക്കപ്പെടാവുന്നവയെപ്പറ്റി മാത്രം അല്പം വിമർശിക്കാമെന്നു ഉദ്ദേശിക്കുന്നുള്ളൂ.

നമ്മുടെ കവിയുടെ കൃതികളും മിക്കവാറും സംസ്കൃതകൃതികളുടെ തർജ്ജിമയോ സംക്ഷേപങ്ങളോ ആണ്. അതിനാൽ ഒരു തർജ്ജിമക്കാരന്റെ നിലയിൽ എഴുത്തച്ഛനെ കേരളത്തിലെ കവിശ്രേഷ്ഠനെന്നുള്ള പേരിനും കേരളീയ സാഹിത്യകാരന്മാരുടെ ഇടയിൽ അദ്ദേഹത്തിനു നാം നൽകീട്ടുള്ള മായ്സ്ഥാനത്തിനും അദ്ദേഹം അർഹനല്ലെന്നു ചിലർ തുറന്നുപറഞ്ഞതായി കേട്ടിട്ടുണ്ട്. ഒരു ഭാഷയിൽ എഴുതപ്പെട്ടിട്ടുള്ള ഒരു കൃതിയെ ഇതരഭാഷയിലേക്കു പരിവർത്തനം ചെയ്യുന്നതു് ആ ഭാഷയിൽത്തന്നെ സ്വതന്ത്രമായി ഒരു കൃതി നിർമ്മിക്കുന്നതിനേക്കാൾ ലഘുതരമായ കൃത്യമാണെന്നുള്ള ഊഹത്തിന്മേലാണു് ഈ അഭിപ്രായം സ്ഥാപിതമായിരിക്കുന്നതു്. ഗ്രഹിക്കുന്നതിനും രസിക്കുന്നതിനും ഒരു കവിയുടെ ദിവ്യാവലോകനമോ ഒരു ശില്പിയുടെ മനഃസംസ്കാരമോ ആവശ്യമില്ലാത്തതായ സുധാരണ കാര്യങ്ങളെ പ്രതിപാദിക്കുന്ന ഗദ്യകൃതികളെ സംബന്ധിച്ചു് ഇതു പക്ഷേ ഒരുകണ്ണിന്റെ വാസ്തവമായേക്കാം. എന്നാൽ ഉജ്ജ്വലമായ പ്രതിഭാവിലാസവും അതിസൂക്ഷ്മമായ വിവേചനാശക്തിയും അതിവാസനാസഹജമായ പ്രയോഗകൌശല്യവും പ്രതിബിംബിക്കുന്ന അനവദ്യകളായ വിശിഷ്ടകൃതികളെ സംബന്ധിച്ചു് അവയെ മറെറാരു ഭാഷയിൽ ശരിയായി അനുപോലും തെറെറാതെ പരിവർത്തനം ചെയ്യുന്ന ദുഷ്കടകൃത്യം തൽതുല്യനായുള്ള ഒരു അനുഗൃഹീതകവിക്കല്ലാതെ സാധിക്കയില്ല. ഉദാഹരണമായി പ്രസിദ്ധ ചിത്രകാരനായ കിളിമാന്തൂർ രവിവർമ്മകോയിത്തമ്പുരാൻ അവർകളുടെ അതിരമണീയങ്ങളായ അതുല്യങ്ങളെ അവയുടെ നൈസർഗ്ഗികമായ രമ്യതയും മനോഹാരിതാവും ഒട്ടുംതന്നെ കുറയാതെ ചിത്രഫലകത്തിൽ പ്രദർശിപ്പിക്കാൻ സാധിയ്ക്കുമോ എന്നു

റിഞ്ഞാൽ കൊള്ളാം. ഒരു കൃതിയെ ഒരു ഭാഷയിൽ നിന്നും മറൊരു ഭാഷയിലേയ്ക്ക് മാററണമെങ്കിൽ തജ്ജിമക്കാരൻ ഗ്രന്ഥകർത്താവിന്റെ ചിന്തകളേയും മനോഭാവങ്ങളേയും വികാരങ്ങളേയും യഥാവൽ ഗ്രഹിച്ച് അനുഗമിക്കയും, അവയുടെ ഫലവത്തായ പ്രകടനത്തിനു സമർത്ഥമായ ഭാഷയിൽ അവയെ പ്രകാശിപ്പിക്കയും ചെയ്യേണ്ടതുആവശ്യമാണ്. എന്നാൽ നമ്മുടെ കവിയ്ക്ക് ഇതൊക്കെയും ഒരുപോലെ സ്വതവും പദടെൎല്ലുമുള്ളതും സാഹിത്യാലങ്കാരവിഭേദങ്ങൾ കേവലം ശൂന്യവുമായ ഒരു ഭാഷയിൽ ചെയ്യേണ്ടിയിരുന്നുവെന്ന് ആലോചിക്കുമ്പോൾ അദ്ദേഹത്തിന് എന്തെല്ലാം ഉൽഘടങ്ങളെ അഭിമുഖീകരിക്കയും ഒടുവിൽ തരണം ചെയ്കയും വേണ്ടിവന്നുവെന്ന നമുക്കു ഏറക്കുറെ ഗ്രഹിക്കാൻ കഴിയും. ഫാസ്തവത്തിൽ അദ്ദേഹത്തിനു പുതിയ പദങ്ങളെ സൃഷ്ടിച്ചു ഭാഷയെ പുഷ്ടിപ്പെടുത്തുകയും അതിനെ ഫലവിധത്തിൽ ഉല്ലേഖനം ചെയ്തലങ്കരിക്കയും പുതിയ വാക്യോപകൃതികളെ നിൎമ്മിക്കയും മറും ചെയ്യേണ്ടതായി വന്നു. ഈ പ്രകാരം ഉൽകൃഷ്ടചിന്തകളുടേയും മഹനീയങ്ങളായ ആദർശങ്ങളുടേയും സൃഷ്ടികരണത്തിനും അതിന്റെ പ്രകടനത്തിനും ഗൌരവവും മാധുൎയ്യവുമുള്ള രീതിയിൽ അതിനെ അദ്ദേഹം സജ്ജമാക്കി. അദ്ദേഹത്തിന്റെ കവിതകൾക്കായി അദ്ദേഹം കിളിപ്പാട്ടെന്ന് ഇന്നു പ്രസിദ്ധിയുള്ള ഒരു വിശേഷമാതിരി വൃത്തം നിൎമ്മിച്ചതും അദ്ദേഹത്തിന്റെ മനോധൎമ്മത്തെത്തന്നെ കാണിക്കുന്നു. കിളിയാണ് എല്ലാം പറയുന്നത്. അഥവാ ഓരോ കൃതിയും അതിന്റെ പ്രത്യേകഭാവവും ഒരു കിളിയുടെ സഹായത്തെ വരിച്ചുകൊണ്ടാണ് അരംഭിക്കുന്നത്. കവി ഈ ഉപായത്തെ അവലംബിച്ചതിനു പല കാരണങ്ങളും പറഞ്ഞുകേട്ടിട്ടുണ്ട്. എന്നാൽ

ഇവയിൽ യുക്തിയുക്തമായി കാണുന്നതു്, വൈദികവും പൌരാണികവും ആയ സാഹിത്യത്തിന്റെ വ്യാഖ്യാതാവായി കവിക്കു രംഗപ്രവേശം ചെയ്യാൻ ഉള്ള വൈമുഖ്യം കൊണ്ടു് അദ്ദേഹം വന്ദ്യന്മാരായ പുരാണകർത്താക്കന്മാരുടേയും മറ്റും വാക്കുകളെ കേവലം ഒരു കിളി ശബ്ദിയ്ക്കുന്നതുപോലെ അതുമാത്രം ഗ്രഹിക്കാതെ പറയുകയാണു് ചെയ്തുള്ളതാകുന്നു. ഇതു നമ്മുടെ കവിയുടെ വിനീതസ്വഭാവത്തിനു് ഒരു ഉത്തമദൃഷ്ടാന്തമാണു്. ഇദ്ദേഹത്തിന്റെ സ്വഭാവത്തിലുള്ള ഈ വിശിഷ്ടഗുണത്തിനു രാമായണത്തിന്റെ ആരംഭഘട്ടത്തിലും ദൃഷ്ടാന്തമുണ്ടു്. "ബ്രഹ്മപാദജനജ്ഞാനിനാമാദ്യനായുള്ളൊരു ഞാൻ" എന്നാണു് അദ്ദേഹം തന്നെപ്പറ്റി പറഞ്ഞിരിക്കുന്നതു്. ഇതിനുംപുറമെ അദ്ദേഹത്തിനോടു വിരോധം പ്രദർശിപ്പിച്ചിട്ടും ബ്രാഹ്മണരെ അദ്ദേഹം ഭക്ത്യാദരപൂർവ്വം അനുഗ്രഹിച്ചുവന്നുവെന്നുള്ളതു് അദ്ദേഹത്തിന്റെ മഹാമനസ്കതയെ സൂചിപ്പിക്കുന്നു.

കിളിപ്പാട്ടു് ഒരു പുതിയ മാതിരിയിലുള്ള വൃത്തമാണെന്നും അതു മലയാളത്തിനു് പ്രത്യേകമായിട്ടുള്ളതാണെന്നും തോന്നുന്നു. നമ്മുടെ കവി ഈ വൃത്തത്തിന്റെ പലതരഭേദങ്ങളും ഒരു ക്ലിപ്തസീമയ്ക്കുള്ളിൽ പ്രയോഗിച്ചു കാണുന്നുണ്ടു്. ഈ വിശേഷരീതിയിലുള്ള വൃത്തം അതിന്റെ മന്ദവും ഗംഭീരവുമായ ഗതികൊണ്ടും ഏകരീതിയിലുള്ള ശബ്ദലയം കൊണ്ടും ഇദ്ദേഹം സ്വീകരിച്ചിരുന്നതുപോലെയുള്ള മഹനീയവിഷയങ്ങളുടെ പ്രതിപാദനത്തിനു് എത്രയും യോജിച്ചതായിരുന്നു.

മലയാള സാഹിത്യവും തൽകൃത്താക്കന്മാരും.

III.

ഈ വൃത്തം അനന്തരകവികൾ ധാരാളം സ്വീകരിച്ചുവന്നുവെന്നുള്ളതു ജനങ്ങൾക്ക് ഇതിലുള്ള അഭിരുചിയെ സൂചിപ്പിക്കുന്നു.

നമ്മുടെ കവി അദ്ദേഹത്തിന്റെ കാവ്യവിഷയങ്ങളായി പുരാണങ്ങളെ വരിച്ചുവെന്നുള്ളതു് അർത്ഥവത്തായ ഒരു സംഗതിയാണു്. ഈ വരണം കേവലം ഒരു ആശസ്യികമായ പ്രണോദനത്തിന്റെ ഫലമല്ല, പിന്നെയോ വിചാരപൂർവ്വമായ ഒരു നിശ്ചയമാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. പ്രഥമമായി നമ്മുടെ കവി അഗാധമായ ആത്മീയചിന്തവൃത്തിയോടുകൂടിയ ഒരാളായിരുന്നു. അതുകൊണ്ടു് അദ്ദേഹത്തിന്റെ അഭിരുചിയും വാസനയും അദ്ദേഹത്തെ ആ വഴിക്കുതന്നെ ആകർഷിച്ചു. ഇതിനുപുറമെ അദ്ദേഹത്തിന്റെ പ്രധാനോദ്ദേശ്യം തന്റെ സമകാലീനന്മാരായ ജനങ്ങളുടെ സന്മാർഗ്ഗോദ്ധാരണവും, അവരുടെ അജ്ഞതയുടെ ദൂരീകരണവും, അവരുടെ ഉള്ളിൽ ആത്മീയജ്യോതിസ്സിന്റെ ഉജ്ജ്വലനവും, അവരുടെ മുമ്പിൽ കർത്തവ്യകർമ്മം, സത്യം, സ്നേഹം മുതലായ സൽഗുണങ്ങളെ സംബന്ധിച്ചുള്ള ഉൽകൃഷ്ടാദർശങ്ങളുടെ സമർപ്പണവും ആയിരുന്നു. അപരംച, കേവലം നിസ്സാരമായി ഗണ്യിക്കപ്പെട്ടിരുന്ന മ

ലയാളഭാഷയെ, മാഹാത്മ്യംകൊണ്ടും ആത്മീയസ്വഭാവം കൊണ്ടും വേദത്തിനോട് അടുത്തുള്ളവയെന്ന് ഗണിക്കപ്പെട്ടിരുന്ന സംസ്കൃതമഹാകാവ്യങ്ങളിൽ നിക്ഷിപ്തങ്ങളായിരിക്കുന്ന ഉൽകൃഷ്ടചിന്തകളുടെ പ്രവാഹണമാക്കി ഗൌരവവും പ്രയോജനവും ഉള്ള ഒരു നിലയിൽ കൊണ്ടുവരണമെന്നും അദ്ദേഹത്തിന് ആഗ്രഹമുണ്ടായിരുന്നു. ഇങ്ങിനെ പ്രതിഫലിതഗൌരവംകൊണ്ട് മലയാളഭാഷ സ്വഭാഷയായിരുന്നവരുടെ ദൃഷ്ടിയിൽ തന്നെയല്ല സംസ്കൃതസാഹിത്യത്തെ അടുത്തറിഞ്ഞിരുന്ന ബ്രാഹ്മണരുടെ ദൃഷ്ടിയിലും ഉയർത്തപ്പെട്ടു. ഈ പ്രകാരം നമ്മുടെ കവിയുടെ ഉദ്ദേശ്യം ഏറ്റവും സഫലമായിഭവിച്ചു.

എഴുത്തച്ഛന്റെ വിവിധകൃതികളിൽ വെച്ച് ഉത്തമവും മാഹാത്മ്യമേറുന്നതും അദ്ധ്യാത്മരാമായണമാണെന്നുള്ള സകാരണം ഗണിക്കപ്പെട്ടിരിക്കുന്നു. ഇതു സംസ്കൃതത്തിലുള്ള അദ്ധ്യാത്മരാമായണത്തിന്റെ പദാനുപദതർജ്ജിമയാകുന്നു. അതിലെ ഓരോ ശ്ലോകവും തൽതുല്യമോ, പക്ഷേ അതിനെ അതിശയിക്കുന്നതോ ആയ രാമണീയകതുല്യം, ഔജ്ജ്വല്യം, വൈശദ്യം ഇവയോടുകൂടി തർജ്ജിമ ചെയ്യപ്പെട്ടിരിക്കുന്നു. ഭാഷാരീതി സദാ സരളവും, ചിലപ്പോൾ പ്രൌഢവും, എന്നാൽ ഒരിക്കലും വിരസമല്ലാത്തതുമാകുന്നു. ചിലപ്പോൾ അതു മാഹാത്മ്യത്തിൽ ഉയരുകയും, ചിലപ്പോൾ കരുണരസത്തിൽ ലയിക്കുകയും ചെയ്യുന്നു. രാമായണത്തിന്റെ രാമണീയകതുല്യം അതിന്റെ പ്രൌഢതകൊണ്ടു നമ്മെ വിസ്മയിപ്പിക്കയാണ്. മാധുര്യം കൊണ്ടു വശീകരിക്കയല്ല ചെയ്യുന്നത്. അതിലെ ഓരോ പാദത്തിനും ഒരു മഹാകാവ്യത്തിന്റെ ധ്വന്യിയും ഓരോ പദത്തി

ണം ഉല്ലീഢമായ വജ്രത്തിന്റെ പ്രകാശവും മേനിയും ഉണ്ട്. ഭാഷയുടെ സാരള്യത്തിലും, ആത്മപ്രകാശനത്തിന്റെ പ്രൗഢതയിലും വൃത്തത്തിന്റെ സരസഗതിയിലും, ഭാഷാപദങ്ങളേയും സംസ്കൃതവാക്കുകളേയും ഒരു ചിത്രത്തിലെ വർണ്ണാവർണ്ണങ്ങളെപ്പോലെ ലളിതമായ വിധത്തിൽ ഉള്ള സങ്കലനവിഷയത്തിലും രാമായണം ആദ്ധ്യാപി അനതിശയനീയമായിത്തന്നെ ഇരിക്കുന്നു. പ്രകൃതിവസ്തുക്കളെ വർണ്ണിക്കുന്നതിലും മനുഷ്യവികാരങ്ങളെ പ്രകാശിപ്പിക്കുന്നതിലും ഈ കവിയ്ക്ക് അനന്യസാധാരണമായ വൈഭവമുണ്ടെന്നു പ്രത്യക്ഷപ്പെടുന്നുണ്ട്. ദണ്ഡകാരണ്യത്തേയും, പമ്പാനദിയുടെ തീരത്തേയും വർണ്ണിക്കുന്നതായ ഏതാനും പദ്യങ്ങൾ വായിക്കുമ്പോൾ അയനവൃത്തത്തിൽ ഉള്ള വനത്തിന്റെ അഭിരാമ്യവും ഗാംഭീര്യവും നമുക്ക് ഓർമ്മവരുന്നു. സീതയുടെ വിയോഗത്തിൽ ശ്രീരാമനുണ്ടായ മനോവ്യഥയെ വർണ്ണിക്കുന്ന ഘട്ടം, വായനക്കാരെ അശ്രുപരീതാക്ഷന്മാരാക്കത്തക്കവണ്ണം കരുണാത്മകമായിരിക്കുന്നു. ഈ കൃതിയിൽനിന്നും അതിന്റെ സ്വാരസ്യത്തെ പ്രദർശിപ്പിക്കുന്നതായ ഘട്ടങ്ങളെ ഇവിടെ ഉദ്ധരിക്കുന്നതു് അവശ്യമില്ലെന്നു വിചാരിക്കുന്നു. എന്നു തന്നെയല്ല, സർവ്വത്ര അനവദ്യവും രമ്യവുമായിരിക്കുന്ന ഒരു കൃതിയിൽ നിന്നും പ്രത്യേകം ഉദാഹരണങ്ങളെ ഉദ്ധരിക്കുന്നതുതന്നെ അത്ര സുകരമല്ല. ഈ മഹാകാവ്യത്തിലെ ഓരോ വരിയിലും പ്രതിഫലിക്കുന്ന രമ്യതയും പ്രൗഢതയും ഏതു മന്ദബുദ്ധിയായ വായനക്കാരനും ഗ്രഹിക്കാതിരിക്കാൻ തരമില്ല. ഈ കാവ്യം സഹോദരസ്നേഹം, പുത്രധർമ്മം, പാതിവ്രത്യം, നിസ്വാർത്ഥമായ ഭക്തി, സത്യനിഷ്ഠ, കാമത്തിന്റെ മേൽ ധർമ്മത്തിനു സിദ്ധിച്ച വിജയം എന്നിവകളെപ്പറ്റി നമുക്കുപ

ദ്ദേശിക്കുന്ന സന്മാർഗ്ഗപാഠങ്ങളെക്കുറിച്ചു് ഇവിടെ വിസ്തരിക്കേണ്ട ആവശ്യമുണ്ടെന്നു വിചാരിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ ഇവയെപ്പറ്റിയെല്ലാം പലപ്പോഴും നിർദ്ദേശിക്കപ്പെടുകയും ഉപദേശിക്കപ്പെടുകയും ചെയ്തിട്ടുള്ളതാണു്. ചുരുക്കത്തിൽ പറയാം, ഈ കാവ്യം ഉച്ചരിക്കുന്ന ഗാഢമായ ഈശ്വരഭക്തിയും ഉൽകൃഷ്ടമായ സദാചാരബോധവും നമ്മുടെ മനസ്സിനെ ഒരു നിർമ്മലമായ അന്തരീക്ഷത്തിലേക്കു നയിക്കയും ധനത്തിനും, ഭോഗത്തിനും, അധികാരത്തിനും വേണ്ടിയുള്ള ലൗകികമത്സരത്തിൽ നിന്നും നമ്മെ ഉയർത്തുകയും ഒരു പ്രകാശമാനമായ ഇതരലോകത്തിലേക്കുള്ള ഒരു പ്രവേശനദ്വാരത്തെ തുറക്കുകയും ചെയ്യുന്നു.

രാമായണത്തെക്കുറിച്ചു് ഇപ്പോൾ പറഞ്ഞിട്ടുള്ളതെല്ലാം സാമാന്യേന നമ്മുടെ കവിയുടെ മറ്റു രണ്ടു പ്രധാനകൃതികളെ സംബന്ധിച്ചു യോജിക്കുന്നതാകുന്നു. എന്നാൽ ഒരു വ്യത്യാസമുണ്ടു്. രാമായണം ഗൗരവംകൊണ്ടും, ഭാരതം രാമണീയകത്വംകൊണ്ടും, ഭാഗവതം ശാന്തതകൊണ്ടും സവിശേഷം ശോഭിക്കുന്നു. ഭാരതം മൂലത്തിന്റെ ഒരു സംക്ഷേപം മാത്രം ആയതുകൊണ്ടും അനുപദതജ്ജിമ അല്ലാത്തതിനാലും കവി അതിൽ ഏറക്കുറെ സ്വാതന്ത്ര്യം സ്വീകരിച്ചിട്ടുള്ളതായി കാണുന്നു. അതിനുംപുറമെ അതിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ള വിഷയങ്ങളുടെ വിവിധത്വവും, അതിൽ സംഗ്രഹിക്കപ്പെട്ടിട്ടുള്ള അനേകം രസാവഹങ്ങളായ ഉപാഖ്യാനങ്ങളും നമ്മുടെ കവിയുടെ കവിതാചാതുര്യത്തെ പ്രദർശിപ്പിയ്ക്കുന്നതിനു ധാരാളം അവസരം നല്കി. അതിലെ ഭാഷാരീതി രാമായണത്തേക്കാൾ കുറച്ചുകൂടി ലളിതവും അലങ്കാരകലിതവും ആകുന്നു. നമ്മുടെ കവി ആ

ദ്ദേഹത്തിനു സാധിക്കാൻ കഴിയുന്നിടത്തോളം കവിതാല ങ്കാരകൌശലങ്ങളെക്കൊണ്ടു ഈ കൃതിയെ മോടിപിടിപ്പി ച്ചിട്ടുണ്ട്. ഈ കാവ്യം നൈസർഗ്ഗികമായ മാധുര്യവും ചാ തുര്യവും നിറഞ്ഞ ഘട്ടങ്ങൾ കൊണ്ടു ശോഭിയ്ക്കുന്നു. അ തിനാൽ അതു് ഒരു വിശിഷ്ടകാവ്യമെന്ന നിലയിൽ ചില അംശങ്ങളിൽ രാമായണത്തെ അതിശയിക്കുന്നുമുണ്ട്. സം സ്കൃതത്തിലുള്ള മഹത്തായ ഈ ഗ്രന്ഥത്തെ സരസങ്ങളായ എല്ലാ ഭാഗങ്ങളേയും സംഗ്രഹിച്ചും, സാരങ്ങളായ യാതൊ ന്നിനേയും പരിത്യജിക്കാതെയും ഒരു കരളക്ഷഗ്രന്ഥമായി ചുരുക്കിയിരിക്കുന്നതിൽനിന്നും നമുക്കു കവിയുടെ വിവേച നബുദ്ധിയും ഗ്രഹണശക്തിയും എത്രമാത്രമുണ്ടെന്നു അനു മാനിക്കാവുന്നതാണു്.

ഭാഗവതം എഴുത്തച്ഛന്റെ വാങ്മയത്തിൽ നിർമ്മിച്ച കൃതിയാണെന്നും വിചാരിക്കപ്പെട്ടിരിക്കുന്നു. അതിൽ ഒരു ഉൽകൃഷ്ടവും പ്രയോജനകരവുമായ ജീവിതത്തിന്റെ അ ന്തർദശയ്ക്കു സഹജങ്ങളായ ആത്മാവിന്റെ പ്രശാന്തപ്രസ ന്നതയും, അനുഭ്രതമായ ചാരിതാർത്ഥ്യവും പ്രതിഫലിച്ചു കാണുന്നുണ്ട്. ഈ കാവ്യത്തിൽ സർവ്വത്ര വ്യാപിച്ചു കാ ണുന്ന തത്വജ്ഞാനവിമർശനത്തിന് അനുരൂപമായ വിധ ത്തിൽ അതിലെ ഭാഷാരീതി പ്രൌഢവും, ആഡംബരരഹി തവുമായി കാണുന്നു. അചരവസ്തുക്കളുടെ ആലേഖ്യത്തി നുള്ളതായ ഒരു രമ്യശോഭയും അതിനുണ്ട്.

ഇരുപത്തിനാലുവൃത്തം മലയാളഭാഷയിലുള്ള രത്നങ്ങ ളിൽ ഒന്നാണു്. അതു ബീജപുടസംഗ്രഹിതമായ രാമായ ണം തന്നെയാണു്. എന്നാൽ ഈ ചുരുങ്ങിയ പരിധിയ്ക്കു

ള്ളിൽ നമ്മുടെ കവി കവനകലാവിഭവങ്ങൾ മുഴവനും പ്ര
ദർശിപ്പിച്ചിട്ടുണ്ട്. ഈ കൃതി നമ്മുടെ സ്ത്രീകൾക്ക തിരു
വാതിരകളിക്കായി എഴുതിയിട്ടുള്ളതാണെന്ന പറയപ്പെട്ടി
രിക്കുന്നു. ഇതിലെത്രമാത്രം വാസ്തവമുണ്ടെന്ന് ഇപ്പോൾ
പറയാൻ സാധിക്കുകയില്ല. ഇതു് അങ്ങിനെ ഒരിക്കലെ
ങ്കിലും ഉപയോഗപ്പെട്ടതിയതായി അറിയുന്നുമില്ല. എ
ന്ന തന്നെയല്ല, അതിന്റെ രൂത്തവും ഗാനരീതിയും ഈ
മാതിരി കളിയ്ക്ക ചേരുന്നതുമല്ല. എന്നാൽ ഇതിൽ ച
ില ഭാഗങ്ങളും അത്ഥഗ്രഹണം ലേശം ക്ലേശം കൂടാതെ നമ്മുടെ
പെൺകുട്ടികളെ ആശാന്മാർ കാണാപ്പാഠം പഠിപ്പിച്ചുവ
ന്നിരുന്നു. കവിയുടെ പ്രതിഭാവിലാസവും, വാഗ്വിഭവ
ത്തിന്റെ വിവിധത്വവും, ഭാഷാരീതിയുടെ ഔജ്വല്യവും
എല്ലാം പ്രസ്തുതകവിതയിൽ അത്ഭുതകരമാംവണ്ണം ദൃഷ്ടാ
ന്തീകരിക്കപ്പെട്ടിട്ടുണ്ട്. അയോദ്ധ്യാനഗരത്തിന്റെയും സീ
താവിയോഗാനന്തരം ശ്രീരാമനുണ്ടായ മനോവ്യാകുലതയുടേ
യും ഹൃദയംഗമങ്ങളായ വർണ്ണനകൾ,—ഒന്ന് നമ്മുടെ ഹൃദ
യത്തിൽ അത്യുജ്വലിപ്പിക്കുന്ന കരുണരസംകൊണ്ടും, മറ
ന്ന് നമ്മുടെ മനസ്സിൽ ഉജ്വലിപ്പിക്കുന്ന രമ്യചിത്രങ്ങൾകൊ
ണ്ടും—മലയാളസാഹിത്യശാലയത്തിൽ ഇന്നും അനന്തശ
യനീയമായി വർത്തിക്കുന്നു. നമ്മുടെ കവിയുടെ മറ്റു കൃതി
കളെ സംബന്ധിച്ച് എനിക്ക പറയാനുള്ളത് അവയും ഇ
ദ്ദേഹത്തിന്റെ അമാനുഷബുദ്ധിയുടെ പ്രതിച്ഛായ വഹിക്കു
ന്നു എന്നു മാത്രമാണ്.

ഈ ഉപന്യാസം ഉപസംഹരിക്കുന്നതിനു മുമ്പ്, നമ്മു
ടെ കവി ഭാഷയുടേയും സാഹിത്യത്തിന്റേയും നാട്ടുകാരുടേ
യും മേൽ പ്രയോഗിച്ച പ്രേരണയെക്കുറിച്ചു കൂടി ഒന്നുരണ്ടു

വാക്കു പറയാനാഗ്രഹിക്കുന്നു. ഇന്നു നാം സംസാരിക്കുന്നതും എഴുത്തുന്നതുമായ മലയാളം എഴുത്തച്ഛന്റെ മലയാളമാണ്. അദ്ദേഹം ഭാഷയിലേയ്ക്കു അവതരിപ്പിച്ചിട്ടുള്ള വാക്കുകളും, അദ്ദേഹം നിർമ്മിച്ചിട്ടുള്ള വാചോയുക്തികളും മലയാളഭാഷയുടെ സാരാംശങ്ങളായി തീർന്നിട്ടുണ്ട്. അനന്തരകവികൾ അദ്ദേഹത്തിന്റെ ഭാഷാരീതിയെ അനുകരിക്കയും അദ്ദേഹത്തിന്റെ ശൈലികളെ ധാരാളം ഉപയോഗിക്കുകയും ചെയ്തുവരുന്നു. മലയാളസാഹിത്യത്തിന് അദ്ദേഹം നൽകിയിട്ടുള്ള ചലനശക്തി ഇന്നും അതിനെ പുരോഗമനമാർഗ്ഗത്തിൽ ചരിപ്പിക്കുന്നു; നിരോധിക്കപ്പെട്ടിരുന്ന സംസ്കൃതസാഹിത്യഭൂമിയിൽ അദ്ദേഹം നടത്തിയ അതിക്രമണങ്ങളും അധികം ശക്തിയോടുകൂടി അനുകരിക്കപ്പെട്ടുവരുന്നു. അദ്ദേഹത്തിന്റെ കൃതികൾ അനുകരണമാതൃകകളായിട്ട് അദ്ദേഹത്തിന്റെ അനന്തരഗാമികളായ അനേകംപേർക്കും, ഉന്മേഷപ്രസ്രവണങ്ങളായിട്ട് അവരിൽ മറ്റുചിലർക്കും തീർന്നിട്ടുണ്ട്. അദ്ദേഹത്തിന്റെ സൂജ്ഞാതങ്ങളായ അനേകം പദ്യശകലങ്ങൾ ലോകോക്തികളായി പരിണമിച്ചിട്ടുണ്ട്. കിം ബഹുനാ, മലയാളഭാഷയും മലയാളസാഹിത്യവും ഇന്നും അവയ്ക്ക് ഏകദേശം മുന്നൂറു കൊല്ലം മുമ്പ് അദ്ദേഹം നൽകിയ പ്രണോദനശക്തികൊണ്ട് സജീവങ്ങളായിരിക്കുന്നു.

അവരോധത്തിൽനിന്ന് അരങ്ങത്തേയ്ക്ക്.

നാം നമ്മുടെ കണ്ണുകളെ വിദൂരമായ പൂർവ്വകാലത്തിലേയ്ക്കു തിരിക്കുന്നതായാൽ ലോകചരിത്രത്തിന്റെ പ്രഭാതത്തിലെ ധൂസരകിരണങ്ങളിൽക്കൂടി അനേകം ഉത്തമസ്ത്രീകളുടെ അവ്യക്തങ്ങളായ മായകം നമുക്ക് ദൃഷ്ടിഗോചരങ്ങളായി ഭവിക്കുന്നതാണ്. ഇവർ പുരാതനപ്രതിഭാസമായ ഒരു ജ്യോതിർമയപരിവേഷത്തോടുകൂടിയാണ് നമ്മുടെ മുമ്പിൽ നില്ക്കുന്നത്. ഇവർ യഥാർത്ഥത്തിൽ ജീവിച്ചിരുന്നവരോ കവികളുടേയോ പുരാണകർത്താക്കളുടേയോ ഭാവനാസൃഷ്ടികളോ എന്ന് ഇപ്പോഴും തീർച്ചയാക്കുവാൻ സാധിക്കയില്ല. അതു് എങ്ങിനെയിരുന്നാലും നമ്മുടെ പ്രാചീനമഹന്മാർക്ക് ഈ വിഷയത്തിൽ ഉൽകൃഷ്ടങ്ങളായിരുന്ന ആദർശങ്ങളുണ്ടായിരുന്നു എന്നും സ്ത്രീകൾ ജനമദ്ധ്യത്തിൽ ഒരു മാന്യസ്ഥാനം വഹിച്ചിരുന്നു എന്നും ഇതിൽനിന്നും സ്പഷ്ടമാകുന്നുണ്ട്. പാശ്ചാത്യപൌരസ്ത്യകവികളും പുരാണകർത്താക്കന്മാരും അവരുടെ കൃതികളെ അവിടവിടെ സുചരിതകളും ഗുണവതികളുമായ സ്ത്രീകളുടെ രമ്യങ്ങളായ സുചിത്രങ്ങൾകൊണ്ടു പ്രസന്നങ്ങളാക്കീട്ടുണ്ടെന്നും നമുക്കറിയാം. അവയെ ചിലപ്പോഴും ബാഹ്യരേഖയിൽ മാത്രമേ വരച്ചിട്ടുള്ളു എങ്കിലും അവയിൽനിന്നു നമുക്ക് പ്രത്യക്ഷത്തിൽ ഗ്രഹിക്കാൻ സാധിക്കുന്നതിലധികം അനുമാനംകൊണ്ടു മനസ്സിലാക്കാവുന്നതാണ്.

ഇപ്രകാരമുള്ള ഉത്തമാദർശങ്ങൾ കവിഹൃദയത്തിൽ പ്രതിഫലിക്കണമെങ്കിൽ അവയ്ക്കടിസ്ഥാനമായ യഥാർത്ഥ വസ്തുക്കളുണ്ടാകാതിരിക്കാൻ തരമില്ല. സാവിത്രി, പാഞ്ചാലി, ഹെല്ലൻ, സീത, പെനിലോപ്പി, താര, മണ്ഡോദരി മുതലായവർ കേവലം നിശ്ശ്വാസകളായ സതീരത്നങ്ങൾ മാത്രമല്ലായിരുന്നു. അവരുടെ അന്യാദൃശമായ പ്രേരണാശക്തികൊണ്ടു പുരുഷന്മാരുടെ പ്രവൃത്തികളേയും, ലോകഗതിയെത്തന്നെയും ഏറക്കുറെ നിയമനം ചെയ്തിട്ടുള്ളതായി ചരിത്രം കൊണ്ടു കാണാവുന്നതാണ്. എത്രയോ ഗൗരവതരങ്ങളായ ലോകസംഭവങ്ങൾ ഇവരുമായിട്ടു സംബന്ധിക്കപ്പെട്ടിരിക്കുന്നു. ഏതായാലും പൂർവ്വകാലത്തു സ്ത്രീകൾ ലോകദൃഷ്ടിയിൽ ഒരു മാന്യസ്ഥാനം വഹിച്ചിരുന്നു എന്നും സ്ത്രീത്വത്തിന് അനന്യസാധാരണമായ മഹത്ത്വം കല്പിക്കപ്പെട്ടിരുന്നു എന്നും ഉള്ളതിന് സംശയമില്ല. എന്നാൽ ഇടക്കാലത്തിൽ ഈ വിഷയത്തിൽ ഒരു മാറ്റം സംഭവിച്ചുതായി വിചാരിക്കാൻ കാരണമുണ്ട്. ലോകത്തിൽ എവിടെയും പാശ്ചാത്യപൗരസ്ത്യരാജ്യങ്ങളിൽ മിക്കവയിലും—ഭാരതത്തിൽ പ്രത്യേകിച്ചു—സ്ത്രീകളുടെ നിലയ്ക്ക് ഇടക്കാലത്ത് അല്പം ഇടിവുതട്ടിയതായിക്കാണുന്നുണ്ട്. എന്നാൽ പാശ്ചാത്യരാജ്യങ്ങളിൽ സ്ത്രീകൾക്കു സാമുദായികവിഷയത്തിൽ ഏറക്കുറെ സ്വാതന്ത്ര്യമുണ്ടായിരുന്നു എന്നു പറയാം. മറ്റു കാര്യങ്ങളിൽ അവിടേയും ഭാരതത്തിലേപ്പോലെ ദ്വിതീയസ്ഥാനമേ സ്ത്രീകൾക്കു നൽകപ്പെട്ടിരുന്നുള്ളൂ. മറ്റവകാശങ്ങളെ സമ്പാദിക്കുന്നതിന് അവിടെയും നിരന്തരമായ ഒരുതരം സൈന്യസമരംതന്നെ വേണ്ടിവന്നു. നമ്മുടെ ഭാരതഖണ്ഡത്തിൽ സ്ത്രീത്വത്തിനു സംഭവിച്ച ഇടിവ് ഇനിയും നിശ്ശേഷം തീർന്നതായിപ്പറവാൻ തരമില്ല. എന്നാൽ ഇവ

രും സ്വാതന്ത്ര്യപന്ഥാവിൽ ഇപ്പോഠം കുറച്ചുദൂരം പോ
യിക്കഴിഞ്ഞു. ഇങ്ങിനെ സ്ത്രീകളെ സംബന്ധിച്ചു പൂർവ്വകാ
ലത്തുണ്ടായിരുന്ന ഉൽകൃഷ്ടഗണനയ്ക്ക് ഊനം വരുവാൻ
പല കാരണങ്ങളുമുണ്ടായിരിക്കാം. പുരുഷന്മാരുടെ അതി
യായ അധികാരഭ്രമം ഇതിനു സർവ്വലോകസാമാന്യമായ
ഒരു കാരണമാണെന്നുവേണം പറവാൻ. യുദ്ധങ്ങളും മറ്റു
കലഹങ്ങളും സാധാരണയായി ലോകത്തിൽ വർദ്ധിച്ചതോ
ടുകൂടി പുരുഷന്മാർക്ക് ഗൗരവം കൂടിയും അതിൽ പങ്കുകൊ
ള്ളുവാൻ സാധിക്കാതിരുന്ന സ്ത്രീകൾക്ക് അതു കുറഞ്ഞും
വന്നിരിക്കാം. അക്കാലത്തു ധൈര്യം, ശൗര്യം, പൗരുഷം
മുതലായ സാംയുഗീനഗുണങ്ങൾക്കായിരുന്ന ലോകദൃഷ്ടി
യിൽ മാറ്റു കൂടിയിരുന്നതു്. സ്ത്രീകൾക്കും മറ്റും സഹജ
ങ്ങളായ പ്രശാന്തഗുണങ്ങൾക്കു സമുദായമൂല്യത്തിൽ രണ്ടാമ
ത്തെ സ്ഥാനം മാത്രമേ നൽകപ്പെട്ടിരുന്നുള്ളൂ. ധൈര്യം മു
തലായ സാംയുഗീനഗുണങ്ങളില്ലാത്ത പുരുഷന്മാരേയും ചി
ല ജാതിക്കാരേയും സ്ത്രൈണജാതിക്കാരെന്ന ആക്ഷേപസൂ
ചകമായ പേരു നൽകി സ്ത്രീകൾക്കു തുല്യമായി ഗണിക്ക
പ്പെട്ടിരുന്നു. ഇതു സ്ത്രീകളുടെ നിലയെ താഴ്ത്തുന്നതായ
ഒരു സംഗതിയായിരുന്നു. അക്കാലത്തു വിദ്യാഭ്യാസം മി
ക്കവാറും ആയുധാഭ്യാസവുമായി ബന്ധിപ്പിക്കപ്പെട്ടിരുന്നതു
കൊണ്ടു് അതും വേണ്ടതുപോലെ സ്ത്രീകൾക്കു ലഭിച്ചില്ല.
ഇങ്ങനെ സ്ത്രീകളുടെ സ്ഥിതി അല്പം അനാശാസ്യമായി ഭവി
ച്ചു. ഭാരതത്തിൽ ഇതിനുംപുറമെ സ്ത്രീകളുടെ നിലയെ
ഉയർത്താതിരിക്കുന്നതിനു മറ്റു കാരണങ്ങളുമുണ്ടായിരുന്നു.
"ജാതിവിഭാഗം" മനുഷ്യരിൽ ഒരു വ്യാവർത്തനബുദ്ധി ജനി
പ്പിയ്ക്കുന്നതു സഹജമാണു്. ഈ സ്വഭാവം നിമിത്തം പു
രുഷന്മാർ സംകുചിതബുദ്ധികളായി ഭവിച്ചു് സ്ത്രീകളെ ഒരു

പ്രത്യേകവർഗ്ഗക്കാരെന്ന് നിലയിൽ വിചാരിക്കുന്നതിനിടയാ
യി. ലോകകാര്യങ്ങളുടെ വർദ്ധനയോടുകൂടി കൃത്യവിഭജന
ത്തിന്റെ ആവശ്യവും നേരിട്ടു. സാമുദായികവും മതപര
വുമായ കാര്യങ്ങളെ നിയമംകൊണ്ടു വ്യവസ്ഥപ്പെടുത്തേണ്ട
തായുമിരുന്നു. ജാതിസംഘടനകൊണ്ടു തന്നെ വന്നുകൂടിയ
സംകുചിതമായ ലോകാവലോകനശീലത്തോടുകൂടിയാണു
നിയമങ്ങൾ നിർമ്മിക്കപ്പെട്ടതും, ആചാരങ്ങളെ സ്വീകരിച്ചു
തും. ഇതിൽ പുരുഷന്മാർതന്നെ സ്ത്രീകളേയും പ്രതിനിധീ
കരിച്ചിരുന്നു. ഇവയോടുകൂടി സ്വാതന്ത്ര്യതയും ചേർന്നവെന്നു
വിചാരിക്കുന്നതിൽ അബദ്ധമുണ്ടെന്നു തോന്നുന്നില്ല. അ
തുകൊണ്ടു സ്ത്രീകളെ സംബന്ധിച്ചുള്ള അന്നത്തെ നിയമ
ങ്ങളൊക്കെയും സമുദായമല്യേ അവരുടെ പ്രാധാന്യത്തെ
കുറയ്ക്കുന്നവയായിത്തന്നെ ഇരുന്നു. അവർക്ക് അന്തർവ്വത്നീ
ത്വം— പ്രസവം—ശിശുസംരക്ഷണം—മുതലായ ഭാരങ്ങളു
ണ്ടായിരുന്നതുകൊണ്ടും അവകാശവാദങ്ങളും മറ്റും പൂർപ്പെ
ടുവിക്കുന്നതിനും സ്ഥാപിക്കുന്നതിനും സൗകര്യമില്ലായിരു
ന്നു. സ്വാതന്ത്ര്യമാണെങ്കിൽ അവരോധത്തിന്റെ ചുറ്റു
മുള്ള ഭിത്തികൊണ്ടു നിയന്ത്രിക്കപ്പെട്ടിരുന്നു. വിദ്യാഭ്യാസമില്ലാതിരുന്നതിനാൽ എല്ലാം 'തലയിലെഴുത്ത്'
ണ്ണെ വിചാരിച്ചു് അവരും അടങ്ങിയിരുന്നു. എന്നാൽ
എത്ര ദീർഘമായ രാത്രിയുക്കും ഒരവസാനമില്ലാതെ വരാൻ തര
മില്ലല്ലൊ. സ്ത്രീകളുടെ ദുരവസ്ഥക്കും അവസാനമുണ്ടാ
യി. അപരിഷ്കൃതകാലത്തു സ്ത്രീകൾക്ക് പുരുഷന്മാരോ
ടൊപ്പം പ്രാധാന്യം നൽകാതിരുന്നതിന് ഇതുപോലെ പ
ല കാരണങ്ങളുമുണ്ടായിരുന്നു എന്നു വന്നേക്കാം. എന്നാൽ
പരിഷ്കാരം വർദ്ധിക്കയും സമുദായസ്ഥിതി സുരക്ഷിതമായി
ത്തീരുകയും ചെയ്തതിനു ശേഷവും പഴയ മനസ്ഥിതിയെ

നീട്ടിക്കൊണ്ടു പോകണമെന്നുള്ള വിചാരമൊ, നിർബന്ധ
മൊ വല്ലവർക്കുമുണ്ടെങ്കിൽ അതു് അവരുടെ ഹ്രസ്വദൃഷ്ടി
ത്തേയും, സങ്കുചിതബുദ്ധിയേയുമാണു സൂചിപ്പിക്കുന്നതു്.
എന്നാൽ ഭാഗ്യവശാൽ ഇന്നു് അപ്രകാരമുള്ളവർ വളരെ
കുറഞ്ഞാണു വരുന്നതു്. മനുഷ്യവർഗ്ഗത്തിന്റെ പുരോഗ
തി അതിന്റെ അല്പഭാഗത്തെ മാത്രം ആശ്രയിച്ചുള്ള ഇ
രിക്കുന്നതെന്ന മനസ്സിലാക്കാനുള്ള ഉദാരബുദ്ധി മിക്കവർക്കും
ഉണ്ടായിത്തുടങ്ങീട്ടുണ്ടു്. ഇന്നു ലോകത്തിലുള്ള എല്ലാ വ
ർഗ്ഗക്കാരും കണ്ണുതുറന്നു പുറവും നോക്കിത്തുടങ്ങിയിട്ടുള്ള കാ
ലമാണു്. അവർവക്കു ജന്മസിദ്ധങ്ങളായ എന്തെല്ലാം അ
വകാശങ്ങളുണ്ടെന്നും അവയിൽ എന്തെല്ലാം അന്യായമാ
യി അപഹരിക്കപ്പെട്ടിട്ടുണ്ടെന്നും അവയെ വീണ്ടെടുക്കുന്ന
തിനുള്ള വഴികൾ എന്തെല്ലാമാണെന്നും ഇന്നു് എല്ലാ വ
ർഗ്ഗക്കാരും, വ്യക്തികളും അന്വേഷിച്ചുകൊണ്ടിരിക്കയാണു്.
ഈ മനസ്ഥിതി അവരോധങ്ങളിലേയ്ക്കും പ്രവേശിച്ചു കഴി
ഞ്ഞിരിക്കുന്നു. സ്ത്രീകൾക്കു് സ്വാതന്ത്ര്യം പാടില്ല; വിദ്യാ
ഭ്യാസം പാടില്ല; വീട്ടിനു വെളിയിലൂടെ പൊയ്ക്കൂടാ; എന്നും
മറ്റും വിധിച്ചിട്ടുണ്ടെങ്കിൽ അവ കേവലം അർത്ഥമില്ലാ
ത്ത മൂതാക്ഷരങ്ങൾ മാത്രമായിട്ടാണു് ഇന്നു ഗണിക്കപ്പെട്ടു
വരുന്നതു്. മനുഷ്യരെ സൃഷ്ടിച്ചപ്പോൾ അവരിൽ അല്പഭാ
ഗക്കാർക്കു മാത്രം തലച്ചോറു നൽകിയതായി വിചാരിപ്പാൻ
കാരണമില്ല. വിപരീതമായ ചരിതസ്ഥിതികളുണ്ടായിരു
ന്നിട്ടും, സ്ത്രീകൾ അവരുടെ സ്വഭാവഗുണത്തേയും, ബുദ്ധി
വൈഭവത്തേയും, മഹത്വത്തേയും പ്രദർശിപ്പിക്കാതിരുന്നിട്ടി
ല്ലെന്നുള്ള വസ്തുതതന്നെ മേല്പറഞ്ഞ സംഗതിയെ നിഷേധി
ക്കുന്നു. ചരിത്രത്തിന്റെ വശങ്ങൾ വരിവിട്ടകലയാതെ
പായിക്കുന്നതായാൽ സ്ത്രീകൾക്കു പുരുഷന്മാരോടൊപ്പമോ,

അവരെ കവിത്തോ ബുദ്ധിസാമർത്ഥ്യവും, ശ്രേഷ്ഠതയുമുണ്ടായിരുന്നതായി പ്രത്യക്ഷപ്പെടുന്നതാണ്. എന്നാൽ പല പ്രതിബന്ധങ്ങൾനിമിത്തം ഈവക ഗുണങ്ങളെ എല്ലായ്പോഴും പ്രത്യക്ഷപ്പെടുത്തുന്നതിനു സൗകര്യമില്ലാതിരുന്നിരിക്കാം. വിദ്യാഭ്യാസം ആഢ്യകാലത്തു പുരുഷന്മാർക്കു മാത്രം ലഭിച്ചിരുന്നതുകൊണ്ട് ജ്ഞാനവിഷയത്തിലൊ മറെറാ അല്പം വ്യത്യാസമുണ്ടായിരുന്നിരിക്കാം. ഈ ന്യൂനതയ്ക്കും ഉത്തരവാദിത്വം പുരുഷന്മാരാണു വഹിക്കുന്നതു്. നിഷേധിക്കപ്പെട്ടിരുന്ന സ്വാതന്ത്ര്യവും വിദ്യാഭ്യാസവും ലഭിച്ചതോടുകൂടി അവരുടെ സ്വഭാവഗുണങ്ങളും ബുദ്ധിവൈഭവവും ക്രമേണ വെളിപ്പെട്ടുതുടങ്ങി. ഇന്ന് ഈ വിഷയങ്ങളിൽ ഇവർ പുരുഷന്മാരോടു സമമായൊ അഥവാ പലപ്പോഴും അവരെ കവിഞ്ഞോ ആണു നില്ക്കുന്നതെന്നു് ഏതു കാടാചില്ലുവീക്ഷകനും കൂടി കാണാവുന്നതാണ്. ഒരിക്കൽ പൊയ്പോയ വിദ്യാഭ്യാസം മാത്രമായിരുന്ന വിദ്യാഭ്യാസം ഇന്നു മാനുഷമായിത്തീർന്നിട്ടുണ്ട്. സർവ്വജനീനമായ വിദ്യാഭ്യാസമാണ് ഇന്നു രാജ്യതന്ത്രജ്ഞന്മാരുടെ പരമോദ്ദേശ്യം. ഭാവിലോകത്തെ രൂപവൽക്കരിക്കുന്നതിനുള്ള പ്രധാനമാർഗ്ഗം വിദ്യാഭ്യാസമാണല്ലൊ. അതിന്റെ ഒരു വലിയ ഭാഗം ഇന്നു സ്ത്രീകളുടെ കൈയിലാണു സ്ഥിതിചെയ്യുന്നതു്. വെളിച്ചത്തിറങ്ങാൻ പാടില്ലെന്നു വിധിക്കപ്പെട്ടിരുന്ന സ്ത്രീകളാണ് ഇന്നു ലോകത്തിനു വിളക്കുകാണിക്കുന്നതു്. പുരുഷന്മാർ ഉപേക്ഷയിൽ തള്ളിയിരുന്ന ലോകത്തിന്റെ അനേകം കോണുകളും മൂലകളും ഇവർ ഇന്നു പ്രദീപ്തങ്ങളാക്കീട്ടുണ്ട്. പുരുഷന്മാരുടെ വക്രവൃത്തിയോടുകൂടിയ ചിന്തയെ വിഷമിപ്പിച്ചുകൊണ്ടിരുന്ന പല കാര്യങ്ങൾക്കും ഇവരുടെ ഋജുബുദ്ധി നിവൃത്തി സമ്പാദിച്ചു കൊടുത്തിട്ടുണ്ട്. വിദ്യാഭ്യാസത്തിന്റെ അഭാ

വം നിമിത്തം സുപ്തപ്രായങ്ങളായിക്കിടന്നിരുന്ന അനേകം ഗുണങ്ങൾ ഇപ്പോൾ സ്ത്രീകളിൽ പ്രബുദ്ധങ്ങളായി ഭവിച്ചിട്ടുണ്ട്. അനുകമ്പ, ഔദാര്യം, ത്യാഗശീലം, സമഭാവന, ഭക്തി മുതലായവ ഇന്നു സ്ത്രീകളിൽ സവിശേഷം ശോഭിക്കുന്നു. ലോകത്തിൽ അവരുടെ സ്ഥാനവും കൃത്യവും എന്തെല്ലാമെന്ന് അവർ ഗ്രഹിച്ചുതുടങ്ങി. ഇന്നു ഏതു പ്രവൃത്തിയിലാണ് സ്ത്രീകൾ പിന്നോക്കം നില്ക്കുന്നതു്? ഗൃഹസേവനം, സമുദായസേവനം, രാജ്യസേവനം, സാഹിത്യം, വ്യവസായം, ഉദ്യോഗം, സംഗീതം, ചിത്രക്രിയ, പത്രപ്രവർത്തനം, പ്രസംഗം, വൈദ്യം, ചരിത്രം മുതലായ വിഷയങ്ങളിൽ ലോകത്തിൽ ഏവിടേയും ഇന്നു സ്ത്രീകൾ നമ്മെ ലജ്ജിപ്പിക്കത്തക്കവണ്ണം അന്യസാധാരണമായ പ്രശസ്തിയും വിജയവും നേടിവരുന്നു. കാലക്രമേണ പല സ്ഥാനങ്ങളിൽനിന്നും നാം ഒഴിയേണ്ടതായും വന്നേക്കാം. ഒരു മത്സരഭാവമുള്ളതായി ഇപ്പോൾത്തന്നെ സൂക്ഷിച്ചുനോക്കിയാൽ കാണാനുണ്ടെങ്കിലും അതു ഏറക്കുറെ സൗഹാർദ്ദസമ്മിളിതമായിട്ടാണിരിക്കുന്നതു്. അതു് ഇരുകക്ഷികളുടേയും ആദർശങ്ങളും വീക്ഷണകോണങ്ങളും ഏകീഭവിക്കുമ്പോൾ മാഞ്ഞുപോകുന്നതാണു്. ലോകത്തിന്റെ യഥാർത്ഥമായ ക്ഷേമവും പുരോഗതിയും ഇരുകൂട്ടരുടേയും പരസ്പരസഹകരണത്തെയാണ് ആശ്രയിച്ചിരിക്കുന്നതെന്നുള്ള ബോധം ജനിക്കുമ്പോൾ അഭിപ്രായവ്യത്യാസങ്ങളും തെറ്റിദ്ധാരണകളും നിർദ്ദോഷം മാഞ്ഞുപോകുന്നതാണു്. ഒരു ഭാഗത്തു പ്രബുദ്ധമായ സ്ത്രീത്വബോധവും മറുഭാഗത്തു് ഉദാരമായ കൃത്യബോധവും ഇപ്പോൾത്തന്നെ കണ്ടുതുടങ്ങീട്ടുണ്ട്. ഇതു് ഒരു ശുഭോദർക്കചിഹ്നമാണു്. ഏതായാലും ഇനി ഒന്നിലും ഇവർ പിന്നോക്കം നില്ക്കുമെന്നു വിചാരിക്കുവാൻ വഴിയി

ല്ല. പുതിയ പ്രവൃത്തിമാർഗ്ഗങ്ങൾ കൈവശപ്പെട്ടവരുന്തോ
റും ഇവരുടെ യഥാർത്ഥമഹത്വവും ശക്തിയും പ്രയോജന
വും ഉത്തരോത്തരം വർദ്ധിച്ചു വരുന്നതിനേ തരമുള്ളൂ. സ്ത്രീ
പ്രസ്ഥാനരംഗം ആരംഭിച്ചുകഴിഞ്ഞു. ഇനി ആതിനെ ത
ടുക്കാൻ സാധിക്കയില്ല. "തൊട്ടിലാട്ടുന്ന കൈ തന്നെ വി
ശ്വപത്തെ ഭരിപ്പതും" എന്ന പണ്ടു് ആരോ സ്ത്രീകളുടെ
ദുരാധിരൂഢശക്തിയെപ്പററി പറഞ്ഞിട്ടുള്ളതു് ഇതേവരെ
യഥാർത്ഥമായി പരിണമിച്ചിട്ടില്ലെങ്കിൽ അചിരേണ അ
ങ്ങിനെ വരുമെന്നതന്നെ വിശ്വസിക്കാം. അന്നു സ്ത്രീകള
ുടെ നിലയെന്തു്? ഇന്നു അവരുടെ നിലയെന്തു്? "ന സ്ത്രീ
സ്വാതന്ത്ര്യമർഹതി" എന്നോ "സ്ത്രീണാം ശുശ്രൂഷാബലം"
എന്നോ "സ്ത്രീ ഒരു പരസ്പരവിരുദ്ധോക്തിയാണു്" എ
ന്നോ "സ്ത്രീകൾ വിശ്വസ്തകളല്ലെ"ന്നോ "സ്ത്രീകൾ ച
പലകളാണെ"ന്നോ മറേറാ അഭിപ്രായമുണ്ടായാൽത്തന്നെയും
അതു വല്ല അരണ്യത്തിൻെറ മദ്ധ്യത്തിലോ വിജനസ്ഥല
ത്തോ മറേറാ ഇരുന്നു പറയുകയൊ എഴുതുകയൊ ചെയ്യാ
മെന്നല്ലാതെ ജനസമക്ഷം ഇങ്ങിനെ ചരവാൻ ഇന്നു് ആ
ർക്കുതന്നൊ ധൈര്യമുണ്ടാകുമെന്നു തോന്നുന്നില്ല. ഒരിക്കൽ
അബലകളെന്നു കല്പിക്കപ്പെട്ടിരുന്ന സ്ത്രീകൾ ഇന്നു ലോക
ത്തിൽ ഒരു ഗണനീയമായ ശക്തിയായിത്തീർന്നിട്ടുണ്ടു്. ജീ
വിതത്തിൻെറ വിവിധസരണികളിലും ഇവർ ഇന്നു സഞ്ച
രിച്ചുതുടങ്ങിയിട്ടുണ്ടു്. ദീർഘകാലത്തെ അസമത്വവും അ
വശതയും നിമിത്തം വന്നുകൂടിയ കാലുനഷ്ടത്തെ പരിഹരി
ക്കുന്നതിനു് അവർ തീവ്രയത്നം ചെയ്തുവരുന്നു. മനസ്സി
ൻെറ ഐകാഗ്ര്യത്തിനുവേണ്ടി പല സ്ത്രീകളും വിവാഹ
ബന്ധത്തെതന്നെ ഉപേക്ഷിച്ചിരിക്കയാണു്. സഹനശ
ക്തിക്കെന്നതുപോലെ ത്യാഗശീലത്തിനും അവർ പ്രാപ്തരാ

ളാണെന്നു തെളിയിച്ചുവരുന്നു. അസമത്വത്തിലും അസ്വാതന്ത്ര്യത്തിലും അവർ വളരെക്കാലം അകപ്പെട്ട വലഞ്ഞു എങ്കിലും അവരുടെ സ്വഭാവഗുണം പ്രസുപ്തമായിരുന്നതല്ലാതെ നിശ്ശേഷം നശിച്ചിട്ടില്ലെന്ന് ഇതുകൊണ്ടു നിശ്ചയിക്കാം. വിദ്യാഭ്യാസവിഷയത്തിൽ ഇന്നു ലോകത്തിൽ എവിടെ നോക്കിയാലും സ്ത്രീകൾ പുരുഷന്മാരോടു തുല്യമൊ അവരിൽ കൂടുതലായൊ വിജയവും പ്രശസ്തിയും സമ്പാദിച്ചുവരുന്നു. അവക്കില്ലെന്നു വിധിച്ചിരുന്ന ബുദ്ധിവൈഭവവും പ്രതിഭാശക്തിയും അവർ ഈ വഴിയ്ക്കു പ്രത്യക്ഷപ്പെടുത്തിത്തുടങ്ങി. വിദ്യ അഭ്യസിക്കുന്നതിൽ മാത്രമല്ല വിദ്യ അഭ്യസിപ്പിക്കുന്നു വിഷയത്തിലും ഇവക്കു പ്രത്യേക വാസനയുണ്ട്. ബാലബുദ്ധിയുടെ വികാരചേഷ്ടാവൈചിത്ര്യത്തെ ഗ്രഹിക്കുന്നതിനും അവയ്ക്കനുരൂപമായ വിധത്തിൽ പോഷണശിക്ഷണങ്ങൾ ചെയ്യുന്നതിനും ഇവക്ക് അപുരുഷസാമാന്യമായ വൈഭവമുണ്ട്. പാശ്ചാത്യരാജ്യങ്ങളിൽ പ്രാഥമികവിദ്യാലയങ്ങളും മിശ്രവും സ്ത്രീകളാണു നടത്തിവരുന്നതു്. ഉയർന്തരം സ്ത്രീവിദ്യാലയങ്ങൾ എല്ലാം ഇന്ന അവരാണു ഭരിക്കുന്നതു്. പുരുഷന്മാരുടെ അഭ്യസനരീതി മിക്കവാറും വിരസമായിത്തീർന്നിട്ടുണ്ട്. നേരേമറിച്ചു് എന്തും സരസമായ രീതിയിലാണു സ്ത്രീകൾ അഭ്യസനം നടത്തിവരുന്നതു്. അതുകൊണ്ടു് അവരുടെ അഭ്യസനം കൂടുതൽ ഫലപ്രദമായിട്ടാണു കണ്ടുവരുന്നതു്. എന്തായാലും ഈ ജോലിയ്ക്കു് അവർ ഒട്ടും പിന്നോക്കമല്ലെന്നു ബോദ്ധ്യപ്പെടുത്തിക്കഴിഞ്ഞു.

അതിശ്രേഷ്ഠവും അതിപ്രധാനവുമായ ഗൃഹസേവനവിഷയത്തിൽ ഇവർ നിരതിശയമായ സാമർത്ഥ്യം പ്രദർശി

പ്പിക്കുന്നുണ്ട്. ഗ്രഹങ്ങൾ എല്ലാ രാജ്യക്കാരുടേയും ഐശ്വര്യത്തിന്റെ ബീജപ്രരോഹജനനികളാണല്ലൊ. അവരുടെ ഭരണം വഹിക്കുന്ന കൈകൾക്ക് എന്തു മഹത്വമുണ്ടെന്നു പറയേണ്ട ആവശ്യമില്ലല്ലൊ. "ഏതു രാജ്യക്കാരുടേയും ഒന്നാമത്തെ ചിന്താവിഷയം അവരുടെ ഗ്രഹങ്ങളായിരിക്കുന്നിടത്തോളം അവരുടെ രണ്ടാമത്തേയും മൂന്നാമത്തേയും ചിന്താവിഷയം എന്താണെന്ന് അന്വേഷിക്കേണ്ട ആവശ്യമേയില്ല" എന്നുള്ള മഹദ്വാക്യം ഗ്രഹത്തിന്റെയും അതിന്റെ ഭരിക്കുന്നവരുടേയും മാഹാത്മ്യത്തെയല്ലയോ സൂചിപ്പിക്കുന്നതു്? ഒരു രാജ്യനിവാസികളുടെ ഉൽക്കർഷാപകർഷങ്ങൾ നിയോജകമണ്ഡലങ്ങളിൽ വെച്ചല്ല, ഗ്രഹങ്ങളിൽ വെച്ചാണു തീച്ചയാക്കുന്നതെന്നു പറഞ്ഞിട്ടുള്ളതിന്റെ ഗ്രുഢാത്ഥവും ഇതുതന്നെയാണു്. സുചരിതകളായ സ്ത്രീകളുടെ പ്രേരണാശക്തി ലോകക്ഷേമവിഷയത്തിൽ എത്ര ദൂരത്തോളം എത്തുന്നു എന്നു ആലോചിച്ചു നോക്കുക. ഗ്രഹങ്ങൾ ലോകത്തിൽ നിരന്തരം ഒഴുകിക്കൊണ്ടിരിക്കുന്ന സൽഗുണപ്രവാഹങ്ങളുടെ പ്രസ്രവണങ്ങളാണു്. അവ മാലിന്യം പററാത്ത സ്ത്രീകളാൽ സുരക്ഷിതങ്ങളുമാണു്. ഭാവിലോകത്തെ സൃഷ്ടിക്കുന്നതു വാസ്തവത്തിൽ നിയമകർത്താക്കന്മാരല്ല, ഗ്രഹജനങ്ങൾ തന്നെയാണു്. മുൻപു പറഞ്ഞതുപോലെ ലോകക്ഷേമം ശ്വസിക്കുന്ന ഭോഗികയെ ചാലിപ്പിക്കുന്നതു് ഇവരുടെ കൈകൾ തന്നെയാണു്. പുരുഷന്മാർ ഭരണസമിതികളേയും നിയമസഭകളേയും മറ്റും സൃഷ്ടിക്കുന്നു. എന്നാൽ പുരുഷന്മാരെ സൃഷ്ടിക്കുന്നതും സംഹരിക്കുന്നതും ഗ്രഹങ്ങൾ തന്നെയാണു്. ഇതുകൊണ്ടു് സ്ത്രീകളുടെ കൃത്യവും നിലയും എത്ര മഹത്വമുള്ളതാണെന്നു് അനുമാനിക്കാവുന്നതാണു്. അവർ ഈ കൃത്യം ശരിയായി നിർവ്വഹിച്ചി

ല്ലെങ്കിൽ ലോകത്തിന്റെ സ്ഥിതി എന്തായിരിക്കുമെന്ന് ഊഹിക്കയാണ് പറയുന്നതിനേക്കാൾ എളുപ്പം. എന്നാൽ സ്ത്രീകളുടെ ചുമതല ഇത്രയും കൊണ്ടു് അവസാനിച്ചു എന്നു വിചാരിക്കുന്നതു അബദ്ധമാണു്. ഇതാണു് മനുഷ്യവർഗ്ഗത്തിനു വന്നിട്ടുള്ള ഒരു വലുതായ അബദ്ധം.

ഇന്നു സമുദായസേവനത്തിലും സ്ത്രീകൾ ഒരപ്രധാനമല്ലാത്ത ഭാഗം വഹിക്കുന്നുണ്ടു്. ചികിത്സ, ആതുരശുശ്രൂഷ, ബാലപരിചരണം, ശുചീകരണം, ബാലമൃത്യുനിവാരണം, സൂതികർമ്മം മുതലായി സുഖജീവിതത്തിനു് അതിപ്രധാനങ്ങളും, ആവശ്യങ്ങളുമായ സാമുദായികസേവനത്തിൽ പുരുഷന്മാരല്ല സ്ത്രീകളാണു് സശ്രദ്ധം പ്രവർത്തിച്ചുവരുന്നതു്. സമുദായങ്ങളെ ബാധിച്ചിരിക്കുന്ന അനാചാരങ്ങളെ ദൂരീകരിക്കുന്നതിനും പരോക്ഷമായും പ്രത്യക്ഷമായും ഇവർ വേലചെയ്തുവരുന്നു. പുരുഷന്മാരെ സംബന്ധിച്ചു് സ്വാർത്ഥത കൂടിയും ദീനദയാലുത്വം കുറഞ്ഞും ധനേച്ഛ വർദ്ധിച്ചുമിരിക്കുന്ന ഇക്കാലത്തു ഇത്രപോലെ ത്യാഗശീലകളായി പ്രവർത്തിക്കുന്ന സ്ത്രീകൾ ഇല്ലായിരുന്നു എങ്കിൽ മനുഷ്യസമുദായത്തിന്റെ കഷ്ടത എന്തുമാത്രമായിരിക്കുമെന്നു പറവാൻ പ്രയാസമാണു്. സമുദായത്തെ ബാധിച്ചിരുന്ന എത്രയോ വ്രണങ്ങൾ ഇവരുടെ ശുശ്രൂഷാപരമായ ഔഷധം കൊണ്ടു ഭേദപ്പെട്ടിരിക്കുന്നു. അലക്സാണ്ടർപോപ്പ് എന്ന കവി പറയുന്നതുപോലെ, ".....വല്ലാതല്ലൽ ചിണഞ്ഞാൽ ഭവതികൾ പരദൈവങ്ങൾ പൊയ്യല്ല പുംസാം." രാഷ്ട്രീയസേവനത്തിലാണെങ്കിൽ സ്ത്രീകൾ പടാൽ പടം അതിലും മുന്നോട്ടു കയറി വരികയാണു്. അതിനു പുറമേ ഭദ്രമായി ഉറപ്പിച്ചിരിക്കുന്ന പ്രാകാരത്തിൽ അവിടവിടെ

രന്ധ്രങ്ങളുണ്ടാക്കി അകത്തു കടന്ന് ഓരോരോ സ്ഥാപനങ്ങളും കൈവശപ്പെടുത്തിത്തുടങ്ങി. പല ചുമതലപ്പെട്ട ഉദ്യോഗങ്ങളും പ്രതിനിധിസഭകളിലെ അംഗിതപ്പവും ഇന്നു നമ്മുടെ സഹോദരിമാർ പ്രശസ്തമായ രീതിയിൽ വഹിച്ചു വരുന്നുണ്ട്. എത്രയും ചുമതലയും ഗൌരവമുള്ള അക്ഷരാൽകസ്ഥാനം, വാക് സാമർത്ഥ്യവും സൂക്ഷ്മമായ ഗ്രഹണശക്തിയും വേണ്ടതായ അഭിഭാഷകവൃത്തി, ലോകജ്ഞാനം നിയമജ്ഞാനം വാഗ്മിതപം എല്ലാ കാര്യങ്ങളിലും പ്രായോഗികബുദ്ധി മുതലായവ അവശ്യം വേണ്ടതായ ഭരണനിയമസമിതികളിലെ അംഗിതപം മുതലായവ ഇവർ സമ്പാദിച്ചു കഴിഞ്ഞു. രാജ്യഭരണവും ഇല്ലെന്നില്ല. ഗ്രഹങ്ങളുടേയോ അവരോധങ്ങളുടേയൊ ഉള്ളിലിരുന്ന് ക്ഷമ, സഹനശക്തി, സ്വാശ്രയബുദ്ധി, അനുസരണം, അനഹങ്കാരം മുതലായി ലോകവ്യാപാരത്തിൽ സദാ ഉപയുക്തങ്ങളായ ഗുണങ്ങൾ സമ്പാദിച്ചുംകൊണ്ടാണ് ഇന്നിവർ ലോകരംഗത്തിൽ ഇറങ്ങിയിരിക്കുന്നതു്.

സ്ത്രീകളുടെ ഉൽക്കർഷപ്രാപ്തിക്കായി ഇന്നു ലോകത്തിൽ അവരുടെ നേതൃത്വത്തിൽ പല നവീനപ്രസ്ഥാനങ്ങളും ആരംഭിച്ചിട്ടുണ്ട്. അവർക്ക് ആലോചിക്കുന്നതിനും ആലോചനയെ രൂപവൽക്കരിക്കുന്നതിനും അതിനെ പ്രയോഗത്തിൽ വരുത്തുവാനും പ്രാപ്തിയുണ്ടെന്ന് അവർ തെളിയിച്ചു കഴിഞ്ഞു. സ്ത്രീകൾക്കു പ്രത്യേകം സർവകലാശാലയും ഉണ്ടായിത്തുടങ്ങി. സർവലോകവ്യാപ്തിയുള്ള ഒരു യുവതീജനസംഘവും ഇന്നുണ്ട്. പലവിധത്തിലും അവർക്കുണ്ടായിട്ടുള്ള സമയനഷ്ടത്തെ പരിഹരിക്കുന്നതിന് അവർ പ്രയത്നം ചെയ്തുവരുന്നു.

വിശിഷ്ടകലകളിൽ സ്ത്രീകളുടെ ഇന്നത്തെ നില എന്താണെന്നു നോക്കുക. സാഹിത്യശാലേയത്തിൽ എത്രയോ സ്ത്രീകൾ ഇന്നു വിജയപൂർവ്വം പരിശ്രമം ചെയ്യുവരുന്നുണ്ട്. സ്ത്രീസാഹിത്യത്തിനു മാധുര്യവും ആസ്വാദ്യതയും പ്രത്യേകമുണ്ട്. സ്ത്രീഹൃദയം അധികവും വികാരാത്മകമാകകൊണ്ട് മനുഷ്യന് ഹൃദയാകർഷകങ്ങളായ മൃദുലവികാരവിശേഷങ്ങളെ ഉത്തേജിപ്പിക്കുന്നതിനും ചിത്രീകരിക്കുന്നതിനും അവർക്കു പ്രത്യേക വാസനയുണ്ട്. സ്ത്രീകൾ എഴുതുന്ന ആഖ്യായികകളും മറ്റും അധികം രസാവഹങ്ങളും അനുഭവസിദ്ധങ്ങളുമായിക്കാണുന്നതു് ഈ കാരണം കൊണ്ടാണ്. മനുഷ്യസ്വഭാവത്തിന്റെ മൃദുലവശത്തെ ചിത്രീകരിക്കുന്നതിന് ഇവർക്ക് അധികം വൈഭവമുണ്ട്. ഇന്നു ലോകത്തിൽ എവിടേയും—ഭാരതത്തിലും കേരളത്തിലുംതന്നെ—കവയിത്രികളും ആഖ്യായികാകർത്രികളുമായി എത്രയോ വനിതാരത്നങ്ങൾ ശോഭിക്കുന്നു. ഈ വിഷയത്തിൽ അവരുടെ തൂലികയ്ക്കു പ്രത്യേകശക്തിയുണ്ട്. സംഗീതത്തിലും ചിത്രക്രിയയിലും ഇതുപോലെതന്നെയാണ്. അവരുടെ ശബ്ദംതന്നെ പുരുഷന്മാരെ അപേക്ഷിച്ചു മൃദുലവും മധുരവുമാണല്ലൊ. അതുകൊണ്ടു സംഗീതവിഷയത്തിൽ അവർ അദ്വിതീയകളാണ്. സ്ത്രീകൾതന്നെ പ്രകൃതി വരച്ചിട്ടുള്ള വിശിഷ്ടചിത്രങ്ങളാണ്. അവർക്കു പുരുഷന്മാരെ അതിശയിക്കുന്നതായ സൌന്ദര്യബോധവുമുണ്ടെന്നുള്ളതിനു തർക്കമില്ല. നമ്മുടെ ഇന്നത്തെ സ്ത്രീകളുടെയിടയിലും ചിത്രലേഖകർ ഒട്ടും കുറവല്ല. കലാവിദ്യകളുടെ അധിഷ്ഠാനദേവതതന്നെ ഒരു സ്ത്രീയാണല്ലൊ.

ഇങ്ങിനെ ഇനി പലതും സ്ത്രീകളെ സംബന്ധിച്ചു പറവാനുണ്ട്. വിസ്തരഭയംകൊണ്ട് അതിനിപ്പോൾ തുനിയു

ന്നില്ല. ചുരുക്കിപ്പറയുന്നതായാൽ സ്ത്രീകൾ ഇന്നു പ്രകൃതി നിശ്ചയിച്ചിട്ടുള്ളതും ഇതുവരെ അവരിൽനിന്നും മറയ്ക്കപ്പെട്ടിരുന്നതുമായ സ്ഥാനങ്ങളിൽ പ്രവേശിക്കാൻ ഉദ്യമിച്ചുവരികയാണു്. ഒരിക്കൽ അവരോധങ്ങളുടെ ഉള്ളിലും, അസ്വതന്ത്രതയുടെ നടുവിലും, മൂടുപടത്തിന്റെ മറയിലും, വിദ്യാഭ്യാസത്തിന്റെ പിറകിലും, മനുഷ്യവർഗ്ഗത്തിന്റെ പാർശ്വിഭാഗത്തിലും, അടുപ്പിന്റെ ചുവട്ടിലും, ദാസ്യവൃത്തിയുടെ സമീപത്തും കിടന്നു കഷ്ടപ്പെട്ടുവന്ന സഹോദരിമാർ ഒരു സുദീർഘമായ ശിക്ഷാകാലം കഴിഞ്ഞു് ഇന്നിതാ ഉൽബുദ്ധമായ സ്ത്രീതബോധത്തോടും വിദ്യാഭ്യാസജന്യങ്ങളായ ആത്മാഭിമാനം നവീനാദർശങ്ങൾ വിശാലമായ ലോകാവലോകനം ബുദ്ധിവൈഭവം ഇവയോടുംകൂടി മേഘവിനിർമ്മുക്തനായ പൂർണ്ണചന്ദ്രനെപ്പോലെ ലോകരംഗത്തെ പ്രകാശിപ്പിച്ചുതുടങ്ങിയിരിക്കുന്നു. ജീവിതത്തിന്റെ വിവിധപ്രദേശങ്ങളേയും അവർ അവരുടെ സാന്നിദ്ധ്യംകൊണ്ടും നാനാമുഖങ്ങളായ നിസ്സ്വാർത്ഥസേവനംകൊണ്ടും ജാജ്വല്യമാനങ്ങളാക്കി വരികയാണു്. ഇന്നു സ്ത്രീകൾ വേഡ്സ്വർത്ത് പറയുന്നതുപോലെ അവരുടെ സുസ്ഥിരമായ യുക്തി, നിയന്ത്രിതമായ മനഃശക്തി, സഹനശക്തി, വിവേകം, കരുണ, സാമർത്ഥ്യം ഇവകൊണ്ടു ലോകത്തെ ഉപദേശിക്കുന്നതിനും ആശ്വസിപ്പിക്കുന്നതിനും നയിക്കുന്നതിനും പ്രാപ്തകളായിട്ടാണിരിക്കുന്നതു്. സ്ത്രീകൾക്കു ദോഷങ്ങളില്ലെന്നല്ല പറയുന്നതു്. അവ മനുഷ്യസഹജങ്ങളാകകൊണ്ടു് അവരെ മാത്രം കുറപ്പെടുത്തുന്നതു യുക്തമല്ല. അല്പദോഷമുണ്ടെങ്കിൽ അതു ഗുണങ്ങളുടെ ആധിക്യത്തിൽ മങ്ങിപ്പോകുന്നു. അവക്കുള്ള അല്പദോഷങ്ങൾ അവരുടെ വിശിഷ്ടഗുണങ്ങളെ സവിശേഷം പ്രകാശിപ്പിക്കുന്നതിനു മാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളവയാ

ണ്ട്. ഏതു വസ്തുത്തിലും ദോഷം മാത്രം കാണുന്ന ദൃഷ്ടിക്ക് കോട്ടമോ, വക്രതയോ ഇല്ലാതെ വരികയില്ല. പുരുഷന്മാർ സ്ത്രീകളെ ദൂഷിക്കുന്നതു കണ്ണാടിഗൃഹത്തിലുള്ളവർ അന്യന്മാരെ കല്ലെറിയുന്നതുപോലെയായേക്കാം. എന്നാൽ ഇന്നത്തെ ലോകസ്ഥിതി നോക്കുന്നതായാൽ മനുഷ്യവസ്തുത്തിന്റെ ഭിന്നതത്വമല്ല ഒത്തൊരുമിച്ചുള്ള ശ്രമമാണ് ആവശ്യമായിരിക്കുന്നതു്. ഇരുകൂട്ടരും ഈ വാസ്തവം ഗ്രഹിച്ചു പ്രവർത്തിച്ചുകാണുന്നതു് ആശ്വാസജനകം തന്നെയാണ്. സ്ത്രീകളില്ലാതിരുന്നുവെങ്കിൽ ലോകസ്ഥിതി എന്തായിരിക്കുമായിരുന്നു! അവർ ലോകമാസ്തുങ്ങളിൽ പുഷ്പം വിരിക്കുന്നു. രോഗശയ്യയെ മൃദുലമാക്കുന്നു. സന്താപത്തിനു ശീതോപചാരം ചെയ്യുന്നു. ദുഷ്ടജന്തുക്കളെ നിവൃത്തിയുണ്ടാക്കുന്നു. വിചിത്രകളുടെ കാക്കശ്യം കുറയ്ക്കുന്നു. ഗൃഹങ്ങളെ സ്വർഗ്ഗങ്ങളാക്കുന്നു. ജീവിതത്തെ പരിശുദ്ധവും ആസ്വാദ്യവുമാക്കുന്നു. ഇവിടെ ഞാൻ വരച്ച ചിത്രത്തിനു പക്ഷെ നിറം കുറച്ചു കൂടിപ്പോയിയെന്ന് ഒരാക്ഷേപം പറയുമായിരിക്കും. എന്നാൽ പുരുഷമുഖമായിരിക്കുന്ന ലോകദൃഷ്ടിയെ ഇങ്ങോട്ട് ആകർഷിക്കുന്നതിന് ഇതുയും അത്യാവശ്യമാണെന്നു വിചാരിക്കുന്നു.

തോമസ് കാർലൈൽ.

(ജീവചരിത്രസംക്ഷേപം.)

I.

പത്തൊമ്പതാം നൂറ്റാണ്ടിലെ യൂറോപ്യൻപരിഷ്കാരത്തിന്റെ ഉണ്ണദോഷനിരൂപകനും അതിന്റെ ഭൗതികാംശത്തിന്റെ യഥാർത്ഥവ്യാഖ്യാതാവും അക്കാലത്തെ രാഷ്ട്രീയപ്രസ്ഥാനങ്ങളുടെ നിർഭയനായ വിമർശകനും ഇംഗ്ലീഷ് സാഹിത്യത്തിലും ഭാഷാരീതിയിലും ഒരു അനുകരണീയമാർഗ്ഗം സൃഷ്ടിച്ചയാളും ഗംഭീരനായ ചിന്തകനും ഒരു വിശിഷ്ടനായ തത്വോപദേഷ്ടാവും ദീർഘദർശിയും ത്യാഗശീലനുമായ ഒരു മഹാന്റെ ജീവചരിത്രം സംക്ഷിപ്തമായിരുന്നാലും ഏറക്കുറെ വിജ്ഞാനപ്രദവും രസജനകവും ഉൽകൃഷ്ടവികാരോദ്ദീപകവും ചിന്തോത്തേജകവുമല്ലാതിരിക്കാൻ തരമില്ല.

"ഓക്കിൽ സൽചരിതത്തിൽനിന്നു പരമാ
സാരം ഗ്രഹിക്കാം നമു-
ക്കാക്കും ജന്മമിദംപ്രയത്നമതിനാ-
ലുൽകൃഷ്ടമാക്കാം ഭവി."

എന്നാണു് ഒരു മഹാകവിതന്നെ പറയുന്നതു്. ഏമേഴ്സൻ പറയുന്നതുപോലെ:—

മഹാന്മാർ നമ്മുടെ കണ്ണുകളിൽനിന്നും അഹംഭാവത്തിമിരത്തെ ദൂരീകരിക്കുന്ന അഞ്ജനശലാകകൾ തന്നെയാണ്. മഹൽചരിതം വായിക്കുമ്പോഴാണു നാം നമ്മുടെ നിസ്സാരതയെ യഥാവൽ ഗ്രഹിക്കുന്നതു്. ഇവരുടെ ജീവിതരീതിയും സ്വഭാവമാഹാത്മ്യവും ബുദ്ധിവൈഭവവും നമ്മുടേതിൽനിന്നും ഗുണവിഷയത്തിൽ എത്രയോ കവിഞ്ഞു നില്ക്കുന്നുവെന്നുള്ള ബോധംതന്നെ നമ്മുടെ അബദ്ധവിചാരങ്ങളെ ഉന്മൂലനം ചെയ്യുന്നതിനു പര്യാപ്തമായി ഭവിക്കുന്നു. ഇതുകൂടാതെ പ്രത്യക്ഷമായ ലോകജ്ഞാനം, ഗുണദോഷവിവേചനാശക്തി, ചിന്താശക്തി, രസാനുഭൂതി, ഉല്ക്കർഷപ്രാപ്തിക്കുള്ള മാർഗ്ഗം മുതലായവയും നമുക്കു സിദ്ധിക്കാൻ സൗകര്യമുണ്ടു്. അതുകൊണ്ടു മഹാന്മാരുടെ ജീവചരിത്രപഠനം വ്യക്തികളിൽ കൂടി പ്രതിഫലിക്കുന്ന കാലദേശാവധിഭേദങ്ങളില്ലാത്ത സന്മാർഗ്ഗപഠനം തന്നെയാണെന്നു വേണം പറവാൻ. നാം ജിജ്ഞാസയോടും ശ്രദ്ധയോടും തുറന്ന മനസ്സോടും കൂടി മഹൽചരിത്രം പഠിക്കുന്നതായാൽ നമുക്ക് എന്തുമാത്രം ഗുണങ്ങൾ സിദ്ധിയ്ക്കുമെന്നുള്ളതിനു കണക്കില്ല. നാം ഇതിൽ വ്യയംചെയ്യുന്ന ഒരു നിമിഷംപോലും വ്യർത്ഥമായി വരികയില്ലെന്നുള്ളതു തീർച്ചയാണ്.

"പദമനുവിധേയം ച മഹതാം"

എന്ന മഹദ്വാക്യത്തിന്റെ സാരം ഇവിടെ ചിന്തനീയമാണ്.

താമസ്കാർലൈൽ 1795 ഡിസമ്പർമാസം 4-ാംനു സ്കാട്ട്ലണ്ടിൽ ഇംഗ്ലണ്ടിന്റെ വടക്കേ അതിർത്തിയോടു തൊട്ടുകിടക്കുന്ന ഡംഫ്രീസ്ഷയറിലുള്ള എക്കിൾഫെ

ക്കാൻ എന്ന ചെറുഗ്രാമത്തിൽ ജനിച്ചു. ഈ സ്ഥലത്തിന് അന്നു യാതൊരുവിധമായ പ്രസിദ്ധിയും ഇല്ലായിരുന്നു. ഇവിടെ ഒരു കുടിലിൽ കല്പണിക്കാരനായ ജെയിംസ് കാർലൈലും തന്റെ ഭാര്യയായ മാർഗാറെറ് അയിറെ്കെൻ എന്ന മഹതിയും വസിച്ചിരുന്നു. ഇവരിരുവരുടേയും പ്രഥമസന്താനമായിരുന്നു താമസ് കാർലൈൽ. ഇവർക്കു താമസിനെ കൂടാതെ വേറെ എട്ടു സന്താനങ്ങൾകൂടി പിന്നീടുണ്ടായി. തന്റെ ജനനസ്ഥലമായ ഈ ഗ്രാമത്തോടു കാർലൈലിന് ആജീവനാന്തം അതിയായ സ്നേഹം ഉണ്ടായിരുന്നു. തല്സ്ഥാനമായ ലണ്ടനിൽ താമസമായിരുന്ന കാലത്തും താമസ് വല്ല അസ്വാസ്ഥ്യവും നേരിടുന്ന അവസരങ്ങളിലൊക്കെയും "ആനൻഡെയിലി"ൽ ചെന്നു പ്രശാന്തചിത്തനായി സുഖവാസം ചെയ്യാറുണ്ട്. കാർലൈലിന്റെ നാമം ഇന്നും ഈ സ്ഥലത്തോടു ദൃഢമായി ബന്ധിക്കപ്പെട്ടിരിയ്ക്കുന്നു.

ജെയിംസ് കാർലൈൽ നല്ല സ്വഭാവഗുണവും അസാമാന്യമായ വാഗ്വൈഭവവും ഈശ്വരഭക്തിയും ഉള്ള ഒരു മനുഷ്യനായിരുന്നു. വിദ്യാഭ്യാസത്തിന്റെ യഥാർത്ഥവിലയും അദ്ദേഹം വേണ്ടവണ്ണം ഗ്രഹിച്ചിരുന്നു. തന്നിമിത്തം തന്റെ ബുദ്ധിമാനായ പുത്രനു കഴിയുന്നതും ഉൽകൃഷ്ടവിദ്യാഭ്യാസം നല്കുണമെന്ന് അദ്ദേഹം തീർച്ചയാക്കി. മാതാവും ദൈവവിശ്വാസവും പുത്രവാത്സല്യവുമുള്ള ഒരു സ്ത്രീയായിരുന്നതിനാൽ താമസ്സിനു ബാല്യത്തിൽതന്നെ ഉൽക്കർഷപ്രാപ്തിക്കനുകൂലമായ ഒരു പരിതസ്ഥിതി ലഭിക്കാൻ ഭാഗ്യമുണ്ടായി. കാർലൈലിന്റെ പ്രാരംഭവിദ്യാഭ്യാസം ആ ഗ്രാമത്തിലുണ്ടായിരുന്ന പ്രാഥമികപാഠശാലയിൽത്തന്നെയായി

രുന്നു. ഇവിടെ കാർലൈൽ തന്റെ ബുദ്ധിശക്തികൊണ്ടു് സബ്രഹ്മചാരികളെ എല്ലാവരേയും അതിശയിച്ചിരുന്നു. പത്താമത്തെ വയസ്സിൽ ഇവിടത്തെ അദ്ധ്യയനം കഴിഞ്ഞു് അടുത്തുണ്ടായിരുന്ന 'ആനാൻ' എന്ന സ്ഥലത്തെ അല്പം ഉയർന്തരം വിദ്യാലയത്തിൽ ചെന്നു ചേർന്നു. നാലു വർഷം പഠിച്ചതിന്റെ ശേഷം കാർലൈൽ ഇവിടംവിട്ടു് എഡിൻബറൊ സർവ്വകലാശാലയിൽ പ്രവേശിച്ചു. എഡിൻബറൊ സർവ്വകലാശാല തന്റെ വാസസ്ഥലത്തുനിന്നും ഏകദേശം ഒമ്പതു മൈൽ ദൂരത്താണു സ്ഥിതിചെയ്തിരുന്നതു്. നാലഞ്ചു ദിവസത്തെ നടപ്പുകൊണ്ടു കാർലൈൽ ഏതാനും ചങ്ങാതിമാരോടുകൂടി അവിടെച്ചെന്നു് ഒരു കൂടിൽ എടുത്തു താമസിച്ചു. ഏതാനിൽനിന്നും മാതാപിതാക്കന്മാർ പതിവായി അയച്ചുകൊടുത്തിരുന്ന ഭക്ഷണസാധനങ്ങൾ കൊണ്ടു് ഉപജീവിച്ചുവന്നു. ഇങ്ങിനെയുള്ള ജീവിതം, ബാലനായ കാർലൈലിൽ പുരുഷത്തേയും സ്വാശ്രയശീലത്തേയും ഉദ്ദീപിപ്പിക്കുന്നതിനു് സഹായിച്ചു.

ഇദ്ദേഹത്തിന്റെ ബുദ്ധിശക്തി ആദ്യമായി പ്രത്യക്ഷപ്പെട്ടതു് ഗണിതശാസ്ത്രത്തിലായിരുന്നു. ഇതിൽ അദ്ദേഹം എഡിൻബറൊ സർവ്വകലാശാലയിൽ അനന്യസാധാരണമായ വിജയം പ്രാപിച്ചു. അന്നത്തെ സാഹിത്യഭാഷകളായിരുന്ന ലാറ്റിൻ, ഗ്രീക്ക് മുതലായവയിൽ, അക്കാലത്തു കലാശാലാപണ്ഡിതന്മാരിൽനിന്നും പറയത്തക്ക സഹായം ഒന്നും ലഭിച്ചില്ല. എങ്കിലും കാർലൈൽ സ്വപ്രയത്നംകൊണ്ടും സബ്രഹ്മചാരികളുമായുള്ള സംഭാഷണം മൂലവും തനിക്കു് ഈ വിഷയത്തിലുണ്ടായിരുന്ന വാസനയേയും അഭിരുചിയേയും പോഷിപ്പിച്ചുവന്നു. എഡിൻബറൊ സർവ്വക

ലാശാല താമസ്സിനു യോജിച്ച ഒന്നായിരുന്നു. അദ്ദേഹത്തിന്റെ സ്വാഭാവികമായ ബുദ്ധിവൈഭവത്തിനും മാതാപിതാക്കന്മാരിൽനിന്നും ജന്മനാ സിദ്ധിച്ച മറ്റു ഗുണങ്ങൾക്കും ഇവിടെ അവശ്യം വേണ്ടതായ വികാസം സിദ്ധിച്ചു. ഇവിടെവച്ചുതന്നെ പിൽകാലത്തു് അദ്ദേഹത്തിൽ പ്രത്യക്ഷീഭവിച്ച വാഗ്വിലാസവും ഏറക്കുറെ പ്രകാശിച്ചുതുടങ്ങി. അന്യന്മാരെ പ്രേരിപ്പിക്കുന്നതിൽ ഇദ്ദേഹത്തിനുണ്ടായിരുന്ന സാമർത്ഥ്യവും അദ്ദേഹം ഒരു വിദ്യാർത്ഥിയായിരുന്നപ്പോൾതന്നെ അവ്യക്തമായിട്ടെങ്കിലും കണ്ടുതുടങ്ങി. എന്നാൽ അദ്ദേഹത്തിന്റെ സർവകലാശാലാജീവിതം ഒരുവിധത്തിലും അദ്ദേഹത്തിന്റെ പൗരുഷത്തിനും സ്വാശ്രയസിദ്ധിക്കും ഹാനികരമായി ഭവിച്ചില്ല. ഇവിടെ അദ്ദേഹത്തിന്റെ ജീവിതരീതിയും ഏറ്റവും ആഡംബരരഹിതവും ലളിതവുമായിരുന്നു. "വിനീതജീവിതവും വിശിഷ്ടചിന്തയു"മായിരുന്ന എന്നും അദ്ദേഹത്തിന്റെ ജീവിതാദർശം. ഇവിടെ അദ്ദേഹത്തിനു പ്രധാനഭക്ഷണം ഓട്ട്സ്ധാന്യമാവും പാലും മാത്രമായിരുന്നു. ഇതുതന്നെയായിരുന്നു മരണം വരേയും അദ്ദേഹത്തിൻ നിത്യവും ഹൃദ്യവുമായ ഭക്ഷണം. അഞ്ചു വർഷത്തെ സർവകലാശാലാജീവിതത്തിനു ശേഷം പത്തൊമ്പതാമത്തെ വയസ്സിൽ കാർലൈൽ ഈ വിദ്യാലയത്തോടു യാത്ര പറഞ്ഞു. പിന്നീടു പത്തുപന്ത്രണ്ടുകൊല്ലം മറ്റു സാഹിത്യകാരന്മാരുടെ പതിവനുസരിച്ചു പല തൊഴിലുകളും ഓരോന്നായി പരീക്ഷിച്ചുനോക്കി. വൈദികവൃത്തി സ്വീകരിക്കണമെന്നായിരുന്നു മാതാപിതാക്കന്മാരുടെ താല്പര്യം. അതിലേയ്ക്കുള്ള ഒരുക്കമായി 1824-ൽ അദ്ദേഹം അദ്ധ്യാപകവൃത്തി കൈക്കൊണ്ടു. ആദ്യം "അനാൻ" എന്ന സ്ഥലത്തെ വിദ്യാലയത്തിലും പിന്നീടു

"കിൽക്കാർഡി"യിലൊരു വിദ്യാലയത്തിലും ഗണിതശാസ്ത്രം അഭ്യസിപ്പിച്ചു.

എന്നാൽ കാർലൈലിന് അദ്ധ്യാപകവൃത്തിയോടുള്ള വിരക്തിയേയും അതൃപ്തിയേയും പ്രദർശിപ്പിക്കുന്നതിന് അധികം താമസം വേണ്ടിവന്നില്ല. ഇതില്പിന്നെ കുറച്ചുകാലം നിയമപഠനം പരീക്ഷിച്ചുനോക്കി. അതിലും ഇദ്ദേഹത്തിന് നല്ല തൃപ്തിയുണ്ടായില്ല. അഭിരുചിയും ആ വഴിക്കല്ല ചാഞ്ഞിരുന്നത്. പിന്നീട് ഉപജീവനമാർഗ്ഗമായി ഏതാനും ബാലന്മാരെ ഗൃഹത്തിൽവച്ചു പഠിപ്പിച്ചുവന്നു. ഇതിലും വിരക്തിയാണുണ്ടായത്. മനുഷ്യനിൽ ലയിച്ചുകിടക്കുന്ന സഹജമായ വാസന അതു എളുപ്പം പ്രത്യക്ഷപ്പെടുക പതിവില്ല. അതിനെ ഉണർത്തുന്നതിനു പല ഘട്ടങ്ങളുടേയും സംഘടനം ആവശ്യമാണ്. ഉദാഹരണമായി ഷെക്സ്പീയരുടെ ജീവിതംതന്നെ നോക്കുക. കാർലൈലിന്റെ സഹജവാസന വെളിപ്പെടുന്നതിന് ഇനിയും കാലമായിരുന്നില്ല.

ഇക്കാലത്തു കാർലൈലിന് ഒരു സുഹൃത്തിനെ ലഭിക്കാൻ ഭാഗ്യമുണ്ടായി. അതു് എഡ്വേർഡ് ഇർവിങ്ങ് എന്ന പ്രസിദ്ധമതപ്രാസംഗികനായിരുന്നു. ഇദ്ദേഹം കാർലൈലിന്റെ സ്വദേശിയും തന്നേക്കാൾ അഞ്ചുവയസ്സു പ്രായം കൂടുതലുള്ള ഒരാളുമായിരുന്നു. ഘട്ടങ്ങളിൽ കിടന്ന കുഴങ്ങുമ്പോൾ പലപ്പോഴും നാം വിചാരിക്കാത്ത സ്ഥലത്തുനിന്നും സഹായം ലഭിക്കുന്നതു് അത്ര അസാധാരണമല്ല.

ഇദ്ദേഹം കാർലൈലിന്റെ ജീവിതത്തെ രൂപവൽക്കരിക്കുന്നതിൽ പ്രയുക്തന്മാരായിരുന്ന ചുരുക്കം ചിലരിൽ ഒരു

രുവനായിരുന്നു. ഇവിങ്ങ് കിൽക്കാർഡിയിൽ കാർലൈലിന്റെ സുസ്ഥിരസഖാവായിരുന്നു. പാരായണത്തിനായി പല പുസ്തകങ്ങളും ഇദ്ദേഹം കാർലൈലിനു പതിവായി കൊടുത്തുവന്നു. ദിവസവും ഒന്നിച്ചു നഗരപരിസരങ്ങളിൽ സവാരി പോകുന്നതും പതിവായിരുന്നു. ചുരുക്കത്തിൽ ഇവർതങ്ങളിൽ വലിയ കൂട്ടുകെട്ടായിരുന്നു. ഇദ്ദേഹത്തോടുകൂടിയുള്ള സഞ്ചാരവും സരസസല്ലാപവും സഹവാസവും കാർലൈലിന്റെ ചിന്താപ്രരോഹങ്ങളെ പോഷിപ്പിക്കയും നിരീക്ഷണശക്തിയെ ഉത്തേജിപ്പിക്കയും ചെയ്യുന്നതിനു പര്യാപ്തങ്ങളായി ഭവിച്ചു. ഇതൊക്കെയും കാർലൈൽ അദ്ദേഹത്തിന്റെ "സ്മരണകൾ" എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 1822-ൽ കാർലൈൽ ഇവ്വിങ്ങിന്റെ ശുപാർശപ്രകാരം ബുള്ളർകുടുംബത്തിൽ ഒരു ഉപാദ്ധ്യായനായി പ്രവേശിച്ചു. ചാർൽസ്ബുള്ളർ എന്ന യുവാവു ഒരു ബുദ്ധിമാനും സൽസ്വഭാവിയും ആയിരുന്നു. സഹോദരൻ ആർത്തർബുള്ളരും കൂടി അഭ്യസിച്ചുവന്നു. രണ്ടു കൊല്ലത്തോളംകാലം കാർലൈൽ ഈ യുവാവിന്റെ ഏകോപാദ്ധ്യായനായിരുന്നു. എന്നാൽ നിർഭാഗ്യവശാൽ ഈ യുവാവു് അകാലചരമം പ്രാപിക്കുന്നതിനിടയായി. എങ്കിലും പിന്നീടു് ഈ കുടുംബക്കാർ കാർലൈലിന്റെ ഉറ്റ സഹായികളായിത്തന്നെയിരുന്നു. ഇവിടെ നിന്നും പലപ്പോഴും സാല്പമായ ധനസഹായം ലഭിച്ചതു കൂടാതെ അദ്ദേഹത്തിന്റെ ജ്ഞാനസമ്പാദനത്തിനു വേണ്ട സൗകര്യങ്ങളും അവിടെ ഉണ്ടായിരുന്നു. ഇപ്രകാരമുള്ള ധനസഹായമില്ലായിരുന്നുവെങ്കിൽ താമസ്സിന്റെ സഹോദരനായ ജാൺ വൈദ്യം അഭ്യസിക്കയൊ അലക്സാണ്ടർ കൃഷി ചെയ്കയൊ ചെയ്കയില്ലായിരുന്നു. 1821-ൽ ഇവ്വിങ്ങ്

ഇദ്ദേഹത്തിനെ ഹാഡിങ്ങ്ടൻ എന്ന ടിക്കിലേയ്ക്കു കൊണ്ടുപോകയും അവിടെ പിന്നീട് തന്റെ സഹധർമ്മിണിയായിത്തീർന്ന ജയിൻ ബെയിലിവെൽഷ് എന്ന യുവതിയുമായിട്ട് പരിചയപ്പെടുത്തുകയും ചെയ്തു. ഇവിങ്ങിന്റെ അസാധാരണബുദ്ധിയും ഭ്രമാത്മകതയും അദ്ദേഹത്തിന്റെ ഉത്സാഹശീലവും പ്രസന്നഭാവനയും മറ്റു ഗുണങ്ങളും അദ്ദേഹത്തെ കാർലൈലിന് അത്യുപനായ ഒരു സഖാവാക്കിത്തീർത്തു. ഇദ്ദേഹത്തിനു കാർലൈലിന്റെ യഥാർത്ഥസ്വഭാവം മനസ്സിലായിരുന്നു. ഇതു മറയ്ക്കും സാധിച്ചിട്ടില്ലാത്ത ഒരു കാര്യമാണ്. ഇക്കാലത്തൊക്കെയും കാർലൈൽ ഒരു സുസ്ഥിരജീവിതമാർഗ്ഗവും അവലംബിക്കാതെ സുവിസ്തൃതമായ ഒരു തത്വാന്വേഷണപരിധിയിൽ വ്യാപരിച്ചുകൊണ്ടിരുന്നു. ഈ വിഷയത്തിൽ കാർലൈലിന്റെ ജീവിതം ഡാക്ടർ സാമുവൽ ജാൺസന്റെ സ്ഥിതിയോടു് ഏറക്കുറെ ഉപമിക്കാം. ഈ ദുർഘടാവസ്ഥയിൽ ഇവിങ്ങ് അദ്ദേഹത്തിനു് ഒരുറ്റ ബന്ധുവായിരുന്നു. കാർലൈലിന്റെ മനസ്സിൽ ഉത്സാഹത്തെ ഉജ്ജീവിപ്പിച്ചുകൊണ്ടിരുന്നു മറ്റൊരു സംഗതി തന്നോടു കൂട്ടുബാഗങ്ങൾക്കുണ്ടായിരുന്ന സൗഹാർദ്ദവും വിശ്വാസവും തനിക്കു ഗ്രഹത്തിൽ സിദ്ധമായിരുന്ന ഏകാഗ്രതയുമായിരുന്നു. താമസ് ഇപ്പോഴും അസ്വതിരനായി തോന്നപ്പെടാമെങ്കിലും ഒരിക്കൽ ഒരു കാര്യസിദ്ധനായിത്തീരുമെന്നു് അവക്കെല്ലാവർക്കും നല്ല വിശ്വാസം ഉണ്ടായിരുന്നു. കാർലൈലിന്റെ കുടുംബം 1814-ൽ മെയിഹിൽ എന്ന സ്ഥലത്തേയ്ക്കും 1826-ൽ സ്കോട്ട്സ് ബ്രിംഗ് എന്ന സ്ഥലത്തേയ്ക്കും മാറിത്താമസിച്ചിരുന്നു. കാർലൈലിനു് ഈ രണ്ടു സ്ഥലങ്ങളിലും വാസസൗകര്യവും ഹൃദ്യഭക്ഷണവും നിർവ്യാജമായ സ്നേഹവും മനസ്സമാധാനവും

സൈ്വരതയും ലഭിക്കാതിരുന്നില്ല. എന്നാൽ ഈ വിധ ജീവിതം ഏറക്കറെ അവസാനിക്കാറായിരുന്നു. ഇനി ഇവിടെ ജീവിതത്തിന്റെ ഒരു പുതിയ ഘട്ടം ആരംഭിക്കുന്നു. "ജയിൻബയിലിവെൽഷ്" ഒരു കുലീനയായ യുവതിയായിരുന്നു. ഇവരുടെ ബുദ്ധിസാമർത്ഥ്യവും, പ്രസന്നതയും, ആകർഷണീയമായ സ്വഭാവഗുണവും ഏതു സദസ്സിലും സദാ പ്രകാശിച്ചുകൊണ്ടിരുന്നു. ഹാഡിങ്ങ്ടണ്ണിലെ സ്ത്രീലോകത്തിൽ ഈ മഹതിയ്ക്കു് ഒരു മാന്യസ്ഥാനം സിദ്ധിച്ചിരുന്നു. ഇവ്വിങ്ങും ഈ വനിതയും തമ്മിൽ അനുരാഗം വളർന്നുവന്നു. എന്നാൽ സംഗതിവശാൽ ഇവർതമ്മിൽ വിവാഹം സാദ്ധ്യമായിരുന്നില്ല. ഈ യുവതിയുടെ ബുദ്ധിവൈഭവവും സൗന്ദര്യവും കാർലൈലിനെ ആകർഷിക്കുന്നതിന് അധികം താമസം വേണ്ടിവന്നില്ല. ഇരുവർക്കും തുല്യഗുണങ്ങളും ഉണ്ടായിരുന്നു. എന്നാൽ ഈ മഹതി അത്ര എളുപ്പത്തിൽ വശപ്പെടുന്നതായി കാണപ്പെട്ടില്ല. ഏതെങ്കിലും 1824-ൽ കാർലൈലിനെ വരനായി സ്വീകരിക്കാമെന്ന് ഇവർ സമ്മതിച്ചു. എന്നാൽ പല കാരണങ്ങൾകൊണ്ടും വിവാഹത്തിനു പിന്നേയും അല്പം താമസം വേണ്ടിവന്നു. അവരുടെ ജീവിതരീതിയിലുണ്ടായിരുന്ന ഭിന്നതയാണ് ഇതിനുണ്ടായ പ്രധാനകാരണം. കാർലൈലിന്റെ ജീവിതം തന്നെ ഒരു സ്ഥിരതയില്ലാത്ത മട്ടിലായിരുന്നു. അദ്ദേഹത്തിന്റെ പ്രാരംഭങ്ങളും ഒട്ടും പ്രായോഗികങ്ങളായിരുന്നില്ല. അദ്ദേഹത്തിന്റെ ഉദ്ദേശ്യം തനിക്കു ജ്ഞാനസമ്പാദനത്തിനു നിർബാധമായി വേണ്ട ഗ്രന്ഥപാരായണം ചെയ്യുന്നതിനു സൗകര്യമുള്ളതായ ഒരു വിജനസ്ഥലത്തിൽ വസിക്കണമെന്നായിരുന്നു. അദ്ദേഹത്തിന്റെ മാതാവിനെപ്പോലെ സഹധർമ്മിണിയും ഗൃഹകൃത്യങ്ങളൊന്നും ചെയ്യണമെന്നായി

രുന്നു താല്പര്യം. എന്നാൽ ജയിൻവെൽഷിന്റെ സ്വഭാവവും, അവർ ശീലിച്ചിരുന്ന ജീവിതരീതിയും, കാർലൈൽകുടുംബത്തിനേറ്റതിൽ നിന്നും വളരെ വ്യത്യസ്തപ്പെട്ടിരുന്നു. ജെയിൻവെൽഷ്, കാർലൈലിന്റെ ബുദ്ധിവൈഭവത്തെ ബഹുമാനിക്കയും അദ്ദേഹത്തിന്റെ സഹവാസം കാംക്ഷിക്കയും ചെയ്തുവെങ്കിലും, താൻ ശീലിച്ചുവന്ന സുഖജീവിതത്തേയും, താൻ പ്രാപിച്ചിരുന്ന പൂജ്യമായ സമുദായനിലയേയും ഉപേക്ഷിക്കുന്നതിന് അവക്ക് നല്ല തൃപ്തിയില്ലായിരുന്നു. അവർ തങ്ങളിലുള്ള പ്രേമവും അക്കാലത്ത് അതിനു തക്കവണ്ണം മൂർച്ചിച്ചിട്ടില്ലായിരുന്നു. എങ്കിലും കാർലൈലിന്റെ അഭിലാഷപൂർത്തി അത്ര വിദൂരമായിരുന്നില്ല. 1826-അക്ടോബറിൽ അവർ തമ്മിലുള്ള വിവാഹം നടന്നു. അന്നു കാർലൈലിനു മുപ്പതും, പത്നിയ്ക്ക് ഇരുപത്തിഅഞ്ചും വയസ്സു പ്രായമായിരുന്നു. ഇക്കാലത്തിനിടയ്ക്ക് കാർലൈലിന്റെ സ്വഭാവം ഏറക്കുറെ പ്രത്യക്ഷപ്പെട്ടു തുടങ്ങി.

കാർലൈലിന്റെ ജ്ഞാനസമ്പാദനത്തിലുള്ള അത്യാസക്തിയും, ചിന്താശീലവും, ഇടയ്ക്കിടെയുള്ള അപ്രസന്നതയും, കോപവും, ജിഹ്വയെ ഭരിക്കാനുള്ള അപ്രാപ്തിയും മറും അദ്ദേഹത്തിന്റെ എഴുത്തുകളിൽ പ്രതിബിംബിച്ചു കണ്ടുതുടങ്ങി. മനനവും ത്യാഗവും മഹൽഗുണങ്ങളായി വർത്തിച്ചിരുന്ന ഒരാളിൽ ഇവ അല്പം അസ്ഥാനത്തിലായി കാണപ്പെട്ടു. ഏതു ജോലിയും ശാന്തമായ മനസ്സോടും ക്രമമായ വിധത്തിലും ചെയ്യുകയെന്നുള്ളതു് അദ്ദേഹത്തിനു സാദ്ധ്യമല്ലായിരുന്നു. ഇക്കാലത്തു്, കാർലൈൽ ജർമ്മൻസാഹിത്യഗ്രന്ഥങ്ങൾ വായിക്കുന്നതിലും, അതിനെപ്പറ്റി തനിക്കു ലഭിച്ച അറിവിനെ തന്റെ ദേശക്കാർക്കു വിതരണം ചെ

യുന്നതിലും ജാഗരൂകനായിരുന്നു. ഇതിനുംപുറമെ, അദ്ദേഹം ഫ്രഞ്ചു്, ഇറ്റാലിയൻ ഈ ഭാഷകളിലുള്ള സാഹിത്യഗ്രന്ഥങ്ങളും വായിച്ചു ജ്ഞാനം സമ്പാദിച്ചുവന്നു. എന്നാൽ ജർമ്മൻവിദ്വാന്മാരായ കാൻറ്, ഗീഥി, ഷില്ലർ ഇവരുടെ കൃതികളിലായിരുന്നു അദ്ദേഹത്തിനു പ്രത്യേകം അഭിരുചിയുണ്ടായിരുന്നതു്. അദ്ദേഹം 1823-ൽ ഗീഥിയുടെ "വിൽഹെൽമ്മീസ്റ്റർ" എന്ന ആഖ്യായികയെ ഇംഗ്ലീഷിൽ ഭാഷപ്പെടുത്തി. അതേത്തുടർന്നു് ഷില്ലരുടെ ജീവചരിത്രം എഴുതിത്തീർത്തു. എന്നാൽ ഇവക്കു് അക്കാലത്തു് വലിയ പ്രചാരം ഒന്നും ഉണ്ടായില്ല. അദ്ദേഹത്തിന്റെ യശസ്സു് സുസ്ഥാപിതമായതിൽപ്പിന്നെ മാത്രമെ ഈ ഗ്രന്ഥങ്ങൾക്കു സുവിസ്തൃതമായ പ്രചാരം സിദ്ധിച്ചുള്ളു. ഇക്കാലത്തെല്ലാം അദ്ദേഹം സാഹിത്യവിഷയത്തിൽ പരിശ്രമിക്കയായിരുന്നു. അദ്ദേഹത്തിനു പരാധീനത കൂടാതെ ജീവിക്കുന്നതിനുള്ള ഒരു മാർഗ്ഗം അവലംബിയ്ക്കണമെന്നു വലിയ താല്പര്യം ഉണ്ടായിരുന്നു. എന്നാൽ ഇനിയും ഇതിനായി സോത്സാഹം പ്രവർത്തിയ്ക്കയൊ നിരന്തരമായി ക്ലേശിയ്ക്കയൊ ചെയ്തില്ല.

തോമസ് കാർലൈൽ.

II.

കാർലൈലിന്റെ വിവാഹാനന്തരജീവിതവും ഒരു മാതൃകാജീവിതമായിരുന്നുവെന്നു പറവാൻ തരമില്ല. വിവാഹം കഴിഞ്ഞു രണ്ടുകൊല്ലംവരേയും കാർലൈൽ ഉദ്ദേശിച്ചിരുന്നതുപോലെ ഏകാന്തവാസം സാധിച്ചില്ല. അവർ എഡിൻബറോവിൽത്തന്നെ വസിച്ചിരുന്നു. ഇക്കാലം തനിക്കു വളരെ സുഖമായിരുന്നു എന്ന് കാർലൈൽ പ്രസ്താവിച്ചിട്ടുണ്ട്. അവിടെ അവരുടെ കുടുംബത്തിലെ പ്രധാന സുഹൃത്തു് കാർലൈലിന്റെ പത്നിയുടെ ഒരു ബന്ധുവും "എഡിൻബറോ റിവ്യൂ" എന്ന പത്രത്തിന്റെ പ്രസാധകനുമായ "ജെഫ്രീ" എന്നയാൾ ആയിരുന്നു. "ജെഫ്രീ" ഈ ദമ്പതിമാരുടെ പ്രിയസുഹൃത്തായിത്തീർന്നതിൽപ്പിന്നെ അദ്ദേഹം ഇവരിരുവരേയും തല്സ്ഥാനത്തെ യോഗ്യന്മാരുമായി പരിചയപ്പെടുത്തുകയും തന്റെ "റിവ്യൂ" വഴിക്കു് ജർമ്മൻ സാഹിത്യകാരന്മാരെപ്പറ്റി കൂടുതൽ അറിവു ജനങ്ങളുടെയിടയിൽ പരത്തുകയും ചെയ്തു. രണ്ടു വർഷംവരെ എഡിൻബറോവിൽ താമസിച്ചതിനു ശേഷം അല്പം വിരക്തി തോന്നി തന്റെ പത്നിയുടെ വകയായ "ക്രെയിഗ്ൻ പുട്ടാക്ക്" എന്ന സ്ഥലത്തേയ്ക്കു മാറിത്താമസിച്ചു. ഇതു് ഡംഫ്രീസിൽനിന്നും 16 മൈൽ ഉള്ളിലും സമുദ്രനിരപ്പിൽനിന്നും 700-അടി ഉയരത്തിലും ഉള്ള ഒരു വിജന

മായ അന്തപത്രമിയായിരുന്നു. ഈ വിജനസ്ഥലവാസം കാർലൈലിന് എത്രയും പ്രിയകരമായിരുന്നു. ഇവിടെ അദ്ദേഹം നയിച്ചതായ ആറു കൊല്ലങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തിൽ എത്രയും ഫലഭ്രയിഷ്ടവും പരിശ്രമസങ്കീർണ്ണവുമായിരുന്നു. ഈ വിജനവാസത്തിലാണ് കാർലൈലിന്റെ അസാധാരണബുദ്ധിക്ക പൂർണ്ണവികാസവും പുഷ്ടിയും സിദ്ധിച്ചതു്. ഇവിടെ പത്നി, ഗൃഹജോലിയിലും അസുഖത്തിലും ഏകാന്തതയിലും, പതി, വായനയിലും ജ്ഞാനാജ്ജനത്തിലും ഗ്രന്ഥരചനയിലും ആറു കൊല്ലം നയിച്ചു. ഇവിടെ വച്ചാണ കാർലൈൽ ഗീഥിയെക്കുറിച്ചുള്ള വിമർശനവും ബൺസിനെക്കുറിച്ചുള്ള ഉപന്യാസവും മറ്റും എഴുതിയതു്. അദ്ദേഹത്തിന് ഇവിടെ യാതൊരു ശല്യവും ഉണ്ടായിരുന്നില്ല. എന്നാൽ ഈ സ്ഥലം നമ്മുടെ സാഹിത്യയോഗിക്ക ചേർന്നതായിരുന്നുവെങ്കിലും വിജനജീവിതം വ്യത്തിയുള്ള ഒസ്സഹമായ ക്ലേശമായിരുന്നു. ഇവർ വിദ്വാഭ്യാസവും, ബുദ്ധിസാമർത്ഥ്യവും, സൗജന്യവുമുള്ള ഒരു സ്ത്രീയായിരുന്നു. എങ്കിലും ഇവിടെ ഒരു ഭൃത്യയെപ്പോലെ വേല ചെയ്യേണ്ടിവന്നു. എന്നാൽ ക്ലേശമൊക്കെയും ക്ഷമാപൂർവം സഹിച്ചുവന്നു. ആറുവർഷത്തെ ഈ മട്ടിലുള്ള ജീവിതം അവരുടെ ആരോഗ്യത്തെ ഏറക്കുറെ നശിപ്പിക്കയും ശീലത്തെ അല്പം ഭേദപ്പെട്ടതാക്കുകയും ചെയ്തു. ഇത വിധമുള്ള "ക്രെയിഗ്ജൻപുട്ടാക്കിലെ" വിജനവാസത്തിന്റെ പരാർദ്ധഫലം "സാർട്ടാർ റിസാർട്ടസ്" എന്ന കൃതിയായിരുന്നു. കാർലൈലിന്റെ യശസ്സ് ഇതുവരേയും സുസ്ഥാപിതമായിട്ടില്ലായിരുന്നു. ഇതിലെ അഭിപ്രായങ്ങളും ഭാഷാരീതിയും അസാധാരണമായിരുന്നതിനാൽ ഇതു് പ്രസിദ്ധീകരിക്കുന്നതിന് ആർക്കും സമ്മതമുണ്ടായിരുന്നില്ല. അതുകൊണ്ടു് ആ

ല്പാല്പമായി "ഫ്രേസർസ് മാഗസിൻ" എന്ന മാസികയിൽ പ്രസിദ്ധപ്പെടുത്തുകയാണു ചെയ്തത്.

ഇതു് അന്നത്തെ ചില സമുദായാചാരങ്ങളെ കഠിനമായി ആക്ഷേപിച്ചിരുന്നു. 1833-ൽ അമേരിക്കയിൽ നിന്നു് എമേഴ്സൺ എന്ന പ്രസിദ്ധഗദ്യകാരൻ ഇദ്ദേഹത്തെ സന്ദർശിക്കുന്നതിനായിട്ടു വന്നു. ഇദ്ദേഹം പിന്നീടു് ഒരുത്തമശിഷ്യനായിത്തീർന്നു. ഇവിടെ കാർലൈൽ തന്റെ അധികസമയവും "ഫ്രഞ്ചുവിപ്ലവത്തെ"പ്പറ്റി വായിക്കുന്നതിലാണു വ്യയം ചെയ്തിരുന്നതു്. ഇതേപ്പറ്റി ഒരു ചരിത്രം എഴുതുവാൻ അദ്ദേഹം ഉദ്ദേശിച്ചിരുന്നു. ഇക്കാലത്തൊക്കെയും കാർലൈൽ ഒരു സുസ്ഥിരമായ ഉപജീവനമാർഗ്ഗം അന്വേഷിച്ചുകൊണ്ടിരുന്നു. എഡിൻബറൊ, സെൻറാൻഡ്രൂസ് ഈ സർവ്വകലാശാലകളിൽ പ്രാസംഗികസ്ഥാനം, ചില പത്രങ്ങളുടെ പ്രസാധകത്വം ഇവ ലഭിക്കാൻ താല്പര്യമുണ്ടായിരുന്നു. എന്നാൽ ഈ ആഗ്രഹങ്ങൾ ഒന്നും ഫലിച്ചില്ല. ഇവയിൽ ചിലതിന് ഇദ്ദേഹത്തിനു യോഗ്യതയില്ലായിരുന്നില്ല. ചിലതിനു തക്കതായ ആനുകൂല്യം ഇല്ലാതെയും ഇരുന്നു. ഇതൊക്കെയും നിമിത്തം ഇദ്ദേഹം സ്കോട്ട്ലണ്ടിനെ ഉപേക്ഷിച്ചു് ലണ്ടനിൽ ചെന്നു ശ്രമം ചെയ്യുവാൻ തീർച്ചയാക്കി. 1834-ൽ ചെൽസിയിൽ "ചെയിൻറൊ" എന്ന ഒരു വീടു് എടുക്കയും അന്തുപര്യന്തമിയിലെ ആശ്രമത്തെ ഉപേക്ഷിയ്ക്കുയും ചെയ്തു.

ഈ സ്ഥലം ഇന്നും സുരക്ഷിതമായിരിക്കുന്നതു കാണാം. ഇവിടെ ഇദ്ദേഹത്തിന്റെ ഒരു പ്രതിമയും കാണാമാറുണ്ടു്. ഈ ഗൃഹത്തിലാണു കാർലൈൽ തന്റെ ആയുഷ്കാലത്തിന്റെ ഒടുവിലത്തെ 47 കൊല്ലവും നയിച്ചിട്ടുള്ള

തു്. തന്നിമിത്തം ഇദ്ദേഹത്തിനു് "ചെത്സിയിലെ ജ്ഞാനി" എന്നുള്ള സുപ്രസിദ്ധനാമവും ലഭിച്ചു. ഇവിടെ ഒരു മുറിയിൽവെച്ചാണു്, പുറത്തുനിന്നും ഉള്ള അല്പം ചില ശല്യങ്ങളെ വകവയ്ക്കാതെയും ഉള്ളിലുള്ള അസംതൃപ്തിയേയും ഇച്ഛാഭംഗത്തേയും വിഗണിച്ചും കാർലൈൽ അദ്ദേഹത്തിന്റെ സുപ്രസിദ്ധമായ 'ചരിത്രത്രിതയത്തെ' രചിച്ചതു്. ലണ്ടനിലെ താമസത്തിന്റെ ആദ്യകാലത്തു് അദ്ദേഹത്തിനു ആശയ്ക്കാന്നും വഴിയില്ലായിരുന്നു. 1834-ന്റെ അവസാനംവരെ അദ്ദേഹത്തിനു വലിയ ആദായവും ഒന്നുംതന്നെ ലഭിച്ചില്ല. എന്നാൽ ഈ ദുരവസ്ഥയിൽ അദ്ദേഹത്തിനു് ഒരു ആശ്വാസം ഉണ്ടായിരുന്നു. അതു തന്റെ ബുദ്ധി വൈഭവത്തെപ്പറ്റി പൂർണ്ണമായ വിശ്വാസവും അതിനെ യഥാവൽ വിലമതിക്കുന്നതിനു പ്രാപ്തിയും ഉള്ളതായ ഒരു സഖി തന്റെ പാർശ്വത്തിൽ ഉണ്ടായിരുന്നു എന്നുള്ളതായിരുന്നു. ഇപ്രകാരം ഒരു സമാധാനത്തോടുകൂടി അദ്ദേഹം അല്പം ദാരിദ്ര്യത്തിലും കഷ്ടതയിലും ഇരുന്നു നിരന്തരമായി വേലചെയ്തു് 'ഫ്രഞ്ചുവിപ്ലവം' എന്ന ചരിത്രഗ്രന്ഥം എഴുതുവാൻ തുടങ്ങി. ഇതിലെ പ്രധാന പ്രവർത്തകന്മാരേയും പ്രസിദ്ധ സംഭവങ്ങളേയും അദ്ദേഹം തന്റെ അനതിശയനീയങ്ങളായ തൂലികാരേഖകൾകൊണ്ടു് എത്രയും വിശദമായി ചിത്രീകരിക്കാൻ ശ്രമിച്ചിട്ടുണ്ടെന്നു് അതു വായിക്കുന്നവക്കറിയാം. "ഈ ഗ്രന്ഥം ചരിത്രമോ, ഇംഗ്ലീഷ് ഭാഷയോ, മുമ്പൊരിക്കലും എഴുതപ്പെടാത്ത ഒരു പ്രത്യേകരീതിയിലാണു് എഴുതപ്പെട്ടിരിക്കുന്നതു്" എന്നു് ഒരു വിമർശകൻ പറഞ്ഞിരിക്കുന്നു. സാഹിത്യനിയമങ്ങളേയും, നടപടികളേയും വ്യാകരണസൂത്രങ്ങളെത്തന്നെയും അദ്ദേഹം ഇവിടെ ലംഘനംചെയ്തിരിക്കുന്നു. എന്നാൽ പുസ്തകം പുറത്താ

കുന്നതിനുമുമ്പു നിർഭാഗ്യവശാൽ 1835-ൽ ഒരു അപകടം സംഭവിച്ചു. ഒന്നാംപുസ്തകത്തിന്റെ കൈയെഴുത്തുപ്രതി ജാൺസ്റ്റൂവാർട്ട് മില്ലിനു നോക്കാൻ കൊടുത്തിരുന്നതു് എങ്ങിനേയോ തീപിടിച്ചു നശിച്ചുപോയി. കാർലൈലിനു് അനല്പമായ നിരാശ ഉണ്ടായെങ്കിലും അതിനെ പുറത്തു കാണിക്കാതെ പിന്നേയും സധൈര്യം എഴുതുവാൻ തുടങ്ങി. കിംബലുനാ 1837-ന്റെ ആരംഭത്തിൽ യേനകേനപ്രകാരേണ ഒരു പുതിയ പ്രതി എഴുതിത്തീർത്തു. ചരിത്രനിർമ്മാണവിഷയത്തിൽ ഈ ഗ്രന്ഥം ഒരു നവീനപ്രസ്ഥാനത്തെയാണു സൂചിപ്പിക്കുന്നതു്. ഇതുകൂടാതെ ഈ ഗ്രന്ഥം അദ്ദേഹത്തിന്റെ ജീവിതത്തിന്റെ അഭ്യുദയാരംഭഘട്ടത്തെക്കൂടി ലക്ഷീകരിച്ചിരുന്നു. അന്നത്തെ പ്രധാന സാഹിത്യകാരന്മാർ ഈ ഗ്രന്ഥത്തിനു വിവൃതഹസ്തത്തോടെ സ്വാഗതം നൽകി. അതു് പടാൽപ്പടം സാമാന്യജനങ്ങളുടെ പ്രീതിബഹുമാനാദികൾക്കു പാത്രീഭവിക്കയും ചെയ്തു. ഇതോടുകൂടി സാഹിത്യകാരന്മാരുടെയിടയിൽ അദ്ദേഹത്തിനു സുസ്ഥിരമായ ഒരു മാന്യസ്ഥാനം ലഭിച്ചു. ഇരുവരുടേയും ഉപജീവനമാർഗ്ഗത്തിനു വേണ്ടി മേലാൽ ക്ലേശിക്കേണ്ട ആവശ്യവും അദ്ദേഹത്തിനുണ്ടായിരുന്നില്ല. ഇതോടുകൂടി അദ്ദേഹത്തിനു് അനേകം യോഗ്യന്മാരായ സുഹൃത്തുക്കളേയും ലഭിച്ചു. മിസ്റ്റർ ഫാരിയറ്റ് ബെയറിങ്ങും പത്നിയും കൂടാതെ സ്റ്റെർലിങ്ങ്, റസ്കിൻ, ടെനിസൺ, ഫ്രൌഡ് എന്നിവരും നിത്യസ്നേഹിതന്മാരായിത്തീർന്നു. ഇങ്ങിനെ എല്ലാം ഇരുന്നിട്ടും ലണ്ടനിലെ വാസം കാർലൈലിനു പല അസുഖങ്ങൾക്കും പ്രജാഗരത്തിനും ഇടയായിത്തീർന്നു. ഇതിൽപ്പിന്നെ മൂന്നാലു കൊല്ലംകൊണ്ടു് "ജർമ്മൻ സാഹിത്യം", "സാഹിത്യചരിത്രം", "ആധുനികയൂറോപ്പിലെ വിപ്ലവങ്ങൾ",

"വീരന്മാരും വീരപുരുഷാരാധനയും", "ഭ്രതവും വർത്തമാനവും" എന്നിങ്ങനെ പല ഗ്രന്ഥങ്ങളും അദ്ദേഹം എഴുതിത്തീർത്തു.

ഏഴുവർഷത്തെ നിരന്തരമായ ശ്രമത്തിന്റെ ഫലമായി 1845-ൽ അദ്ദേഹത്തിന്റെ പ്രധാന കൃതിയായ 'ക്രാംവെൽ' എന്ന ചരിത്രഗ്രന്ഥവും പ്രസിദ്ധീകരിച്ചു. ഇതും സാധാരണരീതി വിട്ട് എഴുതപ്പെട്ടിട്ടുള്ള ഒരു ചരിത്ര ഗ്രന്ഥമാണ്. ഫ്രഞ്ചുവിപ്ലവത്തെ എതുയും വിദഗ്ധമായ്കൈകമാകുംവണ്ണം ചിത്രീകരിച്ച ആ തൂലികയുടെ നിശിതത്വവും ചാതുരിയും ക്രാംവെലിന്റെ അന്യാദൃശമായ ചിത്രലേഖനത്തിലും വ്യാപരിച്ചിട്ടുള്ളതായി കാണാവുന്നതാണ്. ഗ്രന്ഥം കാർലൈലിന്റെ ചരിത്രനിർമ്മാണരീതിക്ക് അത്യുത്തമമായ ഒരു ദൃഷ്ടാന്തവുമാകുന്നു. പുസ്തകത്തിന്റെ ഓരോ ഏടിലും കാർലൈലിനു സഹജമായിരുന്ന അസഹിഷ്ണുതാദ്വേഷം, കാപട്യത്തോടുള്ള വെറുപ്പ്, വെറും നാട്യത്തെക്കുറിച്ചുള്ള പുച്ഛം, അത്ഥത്തുല്യങ്ങളായ രാഷ്ട്രീയപ്രമാണങ്ങളേയും സ്ഥാപനങ്ങളേയും കുറിച്ചുള്ള ആക്ഷേപം ഇവയെല്ലാം തെളിഞ്ഞുനിൽക്കുന്നതായി കാണാം. ഏഴു വർഷം നിരന്തരം പരിശ്രമിച്ചു എങ്കിലും അദ്ദേഹത്തിന്റെ ആരോഗ്യത്തിനു വലിയ ഹാനി തട്ടിയതായി കണ്ടില്ല. നഗരവാസംകൊണ്ടു വരാവുന്ന ആരോഗ്യക്ഷയം അദ്ദേഹം അനുപദ്രവവാസംകൊണ്ടു സമ്പാദിച്ച ദേഹബലത്തിനാൽ തടുക്കപ്പെട്ടു എന്നു വേണം പറവാൻ. പിന്നെയും അദ്ദേഹം സുഖപൂർണനായിരുന്നില്ല. കാലം ചെല്ലുന്തോറും അദ്ദേഹത്തിനു് അക്കാലത്തെ രാഷ്ട്രീയപ്രസ്ഥാനങ്ങളോടുള്ള വെറുപ്പു വർദ്ധിച്ചു വന്നു. അതിനെ പ്രകാശിപ്പിക്കാതെ ഇരുന്നുമില്ല. കാർലൈലിന്റെ 'ക്രാംവെൽ' തന്നെ അദ്ദേ

ഹത്തിന്റെ സ്വഭാവത്തിന്റേയും ഇഷ്ടാനിഷ്ടങ്ങളുടേയും ഒരു ശരിയായ പ്രതിബിംബമായി ഗണിക്കാവുന്നതാണ്.

1850-ൽ അദ്ദേഹം "അന്ത്യകാലവൃത്തം" എന്ന പേരോടുകൂടിയ ഒരു ഗ്രന്ഥം എഴുതി പ്രസിദ്ധീകരിച്ചു. ഇതിൽ അദ്ദേഹം ചില സ്ഥാപനങ്ങളേയും മിൽ മുതലായ ചില ഉല്പതിഷ്ണുക്കളേയും കഠിനമായി ആക്ഷേപിച്ചിരുന്നു. നീഗ്രോഅടിമകളുടെ മോചനം, കാരാഗൃഹപരിഷ്കാരം, അക്കാലത്തെ തിരഞ്ഞെടുപ്പുരീതി, പ്രസംഗം മുതലായ അന്നത്തെ ചില രാഷ്ട്രീയവിഷയങ്ങളെ അദ്ദേഹത്തിനു സഹജമായ ഹാസ്യരസത്തോടുകൂടി ഇതിൽ ആക്ഷേപിച്ചിരുന്നു. ഇവരോടു തന്റെ അഭിപ്രായം തുറന്നു പറയാതെയും ഇരുന്നില്ല. ആക്ഷേപത്തിനു തീരെ അടിസ്ഥാനം ഇല്ലാതേയും ഇരുന്നില്ല; അല്പം അധികമായിപ്പോയി എന്നേയുള്ളു. ഈ ഗ്രന്ഥത്തിന്റെ ഈ ആക്ഷേപസ്വരം പ്രായമായതോടുകൂടി വർദ്ധിച്ചുവന്നു. എന്നാൽ ഇടയ്ക്കിടെ നിരാശയും തന്നെ ബാധിക്കാതിരുന്നില്ല. 1851-ൽ കാർലൈൽ തന്റെ പ്രിയ സ്നേഹിതനായ ജാൺ സ്റ്റെർലിങ്ങിന്റെ ഒരു ജീവചരിത്രം പ്രസിദ്ധീകരിച്ചു. ഇതു സാഹിത്യശില്പചാതുര്യത്തിന് ഒരു ഉത്തമദൃഷ്ടാന്തമാകുന്നു. ഈ ആണ്ടിൽത്തന്നെ കാർലൈൽ തന്റെ മൂന്നാമത്തെ ചരിത്രഗ്രന്ഥമായ "ഫ്രഡറിക്ക് മഹാന്റെ ജീവചരിത്രം" എഴുതുവാനാരംഭിച്ചു. ഫ്രഡറിക്കിനെ ഒരാരാധ്യനായ വീരനായിട്ടല്ല അദ്ദേഹം ചിത്രീകരിച്ചിട്ടുള്ളതു്. ഫ്രഡറിക്കിനെ അദ്ദേഹത്തിന്റെ കാലത്തുണ്ടായിരുന്ന സാമാന്യരാഷ്ട്രീതിനെ കവിഞ്ഞിരുന്ന ആർജ്ജവബുദ്ധിയുള്ള ഒരു ആളായിട്ടാണു കാർലൈൽ വീക്ഷിച്ചതു്. കാർലൈൽതന്നെ ഇപ്രകാരം പറയുന്നു: "ഈ മനുഷ്യന് അദ്ദേഹം ജീവിച്ചിരുന്ന ശതാബ്ദത്തെ

പ്പോലെ അസത്യവാദിയും വേഷധാരിയുമാകാതിരിപ്പാൻ ഒരുവിധം സാധിച്ചു." കാർലൈലിന് ജർമ്മൻസാഹിത്യത്തിലും, ചരിത്രത്തിലും പ്രത്യേകം അഭിരുചിയുണ്ടായിരുന്നുവെന്നു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഫ്രഡറിക്കിന്റെ ചരിത്രവും അതിന് ഒരു ദൃഷ്ടാന്തമാണു്. ഈ ഗ്രന്ഥം എഴുതിത്തീർക്കുന്നതിനു പതിന്നാലു കൊല്ലത്തെ താമസം വേണ്ടിവന്നു എന്നു പറയപ്പെട്ടിരിക്കുന്നു. ഇതിനുണ്ടായ മനഃക്ലേശവും അദ്ധ്വാനവും ഒട്ടും ചില്ലറയായിരുന്നില്ല. മറഞ്ഞുകിടന്നിരുന്ന അനേകം സംഗതികളെ തിരഞ്ഞുപിടിച്ചു പരിശോധിച്ചു് ഉപയോഗപ്പെടുത്തുന്നതിന്, ക്രാംവെല്ലിനെ ചിത്രീകരിച്ച കാർലൈലിനെപ്പോലെ, പരിശ്രമിയും കൃശാഗ്രബുദ്ധിയുമായ ഒരു മനുഷ്യനു മാത്രമേ സാധിക്കയുള്ളൂ. ക്രാംവെല്ലിന്റെ ചരിത്രം എഴുതുന്നതിന് അദ്ദേഹം പല യുദ്ധരംഗങ്ങളും മറ്റും നോക്കി കണ്ടതുപോലെ ജർമ്മനിയിലും ചരിത്രസംബന്ധമായ പല സ്ഥലങ്ങളും അദ്ദേഹം സ്വദൃഷ്ട്യാ സന്ദർശിച്ചു തന്റെ ചരിത്രചിത്രത്തിന് ഉജ്ജ്വലതയും വൈശദ്യവും നൽകി. എന്തിന്, ഈ ഗ്രന്ഥത്തിനു ജർമ്മനിയിലും ഇംഗ്ലണ്ടിലും അമേരിക്കയിലും ഒരുപോലെ പ്രചാരവും വിജയവും സിദ്ധിച്ചു. ഈ ഗ്രന്ഥം 1865-ൽ എഴുതിത്തീർന്നപ്പോൾ കാർലൈലിന്റ് ഏകദേശം 70 വയസ്സായിരുന്നു. ഇതോടുകൂടി അദ്ദേഹത്തിന്റെ പ്രധാനജോലിയും പൂർണ്ണമായി. ഈ ഗ്രന്ഥം "ഫ്രഞ്ചുവിപ്ലവത്തോളം രസാവഹമല്ലായിരുന്നുവെങ്കിലും ഇതരചരിത്രകാരന്മാരുടെ ദോഷാരീതിയിൽനിന്നും വിഭിന്നമായ കാർലൈലിന്റെ വർണ്ണനാചാതുര്യവും അനിയന്ത്രിതമായ ഔജ്ജ്വല്യവും ഇതിൽ പ്രകാശിച്ചുകാണുന്നുണ്ട്." ഈ കൊല്ലത്തിൽത്തന്നെ കാർലൈലിന് എഡിൻബറോ സർവ്വകലാശാലയിലെ റെക്ടർ എന്ന മാന്യസ്ഥാനം ലഭിച്ചു.

അടുത്ത ഏപ്രിൽമാസത്തിൽ "ഗ്രന്ഥങ്ങളുടെ ഗുണദോഷ നിർണ്ണയം" എന്ന വിഷയത്തെ ആസ്പദമാക്കി അദ്ദേഹം ത ന്റെ പ്രഥമപ്രസംഗം ചെയ്യുകയുണ്ടായി. കാർലൈൽ, സ്വാ നാരോഗ്യത്തിനായി എഡിൻബറോവിൽ താമസിക്കു മ്പോഴും അദ്ദേഹത്തിന്റെ ഭാര്യ വൃദ്രോഗം നിമിത്തം ഫ്രൈഡ്പാക്കിൽവച്ചു പെട്ടെന്നു മൃതയായി എന്നുള്ള വാ ർത്തമാനം കേട്ടു. ഇതു് അദ്ദേഹത്തിനു് ഒരു അശനിപാത മായിരുന്നു. അന്നുമുതൽ അദ്ദേഹം ചൈതന്യഹീനനും സദാ ഖിന്നമാനസനുമായി ഭവിച്ചു. അദ്ദേഹത്തിന്റെ ജീ വിതത്തിന്റെ സായാഹ്നം സുദീർഘമായിരുന്നു. എന്നാൽ അദ്ദേഹം ഏറക്കുറെ ആരോഗ്യഹീനനായിത്തന്നെ കഴിച്ചു കൂട്ടി. അദ്ദേഹത്തിന്റെ യശസ്സു് സുസ്ഥാപിതമായി കാ ണുന്നതിനും, അദ്ദേഹത്തിന്റെ റെക്ടർസ്ഥാനലബ്ധിയെപ്പ റ്റി സന്തോഷിക്കുന്നതിനും മാത്രം ഭാഗ്യമേ അദ്ദേഹത്തി ന്റെ സഹധർമ്മിണിക്കുണ്ടായിരുന്നുള്ളൂ. പത്നിയുടെ "ദിന വൃത്തം" നോക്കിയപ്പോഴാണ് തന്റെ ശുണ്ഠിയും അവിവേക വുംതന്നെയാണു് അവരുടെ കഷ്ടതയുടെ പ്രധാന കാരണമാ യിരുന്നതെന്നു് കാർലൈൽ ഗ്രഹിച്ചു. പക്ഷേ അതു് അല്പം താമസിച്ചുപോയി. അദ്ദേഹത്തിന്റെ പശ്ചാത്താ പം എള്ളുപ്പത്തിൽ തീരുന്നതല്ലായിരുന്നു. അദ്ദേഹം പി ന്നീടു പത്നിയുടെ എഴുത്തുകളും ഓർമ്മക്കുറിപ്പുകളും ശേഖരി ച്ചു പ്രസിദ്ധീകരിക്കുന്നതിൽ വ്യാപരിച്ചിരുന്നു. അതിനും പുറമെ തന്റെ "സ്മരണകളേ"യും എഴുതിത്തീർത്തു. ഇവ യൊക്കെയും തന്റെ സ്നേഹിതനായ ഫ്രൗഡ്, കാർലൈ ലിന്റെ മരണശേഷം പ്രസിദ്ധീകരിച്ചു. ഇതാണു തന്റെ പത്നിയുടെ ഓർമ്മയ്ക്കായി കാർലൈൽ സ്ഥാപിച്ച അനന്യ സാധാരണമായ സാഹിത്യസ്മാരകം.

അദ്ദേഹത്തിന്റെ എഴുപത്തഞ്ചാമത്തെ വയസ്സിൽ

തന്റെ ആശയങ്ങളേയും ചിന്തകളേയും ഉടനടൻ രേഖപ്പെടുത്തുന്നതിൽ സദാ ഉത്സുകമായിരുന്ന വലത്തുകൈ സ്വാധീനമില്ലാതായിത്തീർന്നു. ഇതോടുകൂടിത്തന്നെ അനിതരസാധാരണശക്തിയോടും വിശിഷ്ടഫലത്തോടുംകൂടി വേല ചെയ്ത തന്റെ തൂലികയും നിർവ്വൃതിയെ പ്രാപിച്ചു. പറഞ്ഞുകൊടുത്തെഴുതിക്ക എന്നതു് അദ്ദേഹത്തിന് അസാദ്ധ്യമായിത്തോന്നി. ശേഷിപ്പുള്ള അദ്ദേഹത്തിന്റെ ആയുഷ്കാലം ഒരുവിധം സ്വസ്ഥമായി കഴിച്ചുകൂട്ടി. 1874-ൽ അന്നത്തെ പ്രധാന മന്ത്രിയായ "ഡിസറയിലി" അദ്ദേഹത്തിന് ഒരു പ്രഭുസ്ഥാനം നൽകുന്നതിനു നിശ്ചയിക്കയും അതു സ്വീകരിക്കാൻ അപേക്ഷിക്കയും ചെയ്തു. എന്നാൽ കാർലൈൽ അതിനെ ഉപേക്ഷിക്കയാണു ചെയ്തതു്. അദ്ദേഹത്തിനു ബാഹ്യങ്ങളായ സ്ഥാനമാനങ്ങളോട് ഒട്ടും തൃപ്തിയില്ലായിരുന്നു. അദ്ദേഹം പ്രൊഫസ്സറും ഒന്നിച്ചു ദിവസവും വൈകുന്നേരം നടക്കാൻ പോയിരുന്നു. നടക്കാൻ നിവൃത്തിയില്ലാതെ ആയപ്പോഴും അദ്ദേഹവുമൊരുമിച്ചു വണ്ടിയിൽ സവാരിചെയ്യുംവന്നു. ചിലപ്പോൾ പുസ്തകപാരായണവും ചെയ്തിരുന്നു. ബൈബിളും ഷെക്സ്പീയറുമായിരുന്നു പ്രധാനമായി അദ്ദേഹം വായിച്ചുവന്നതു്. ഈശ്വരനിലും, ലോകവ്യാപാരങ്ങളിൽ ഈശ്വരന്റെ നിയന്ത്രണശക്തിയിലും അദ്ദേഹത്തിനു പൂർണ്ണവിശ്വാസം ഉണ്ടായിരുന്നു. എന്നാൽ അദ്ദേഹം ഒരു പ്രത്യേക മതവിഭാഗത്തിലും ചേർന്നിരുന്നില്ല. 1881 ഫെബ്രുവരി 5-ാംനു അദ്ദേഹം സമാധാനത്തോടുകൂടി ഇഹലോകവാസം വെടിഞ്ഞു. അദ്ദേഹം മരണത്തിനുമുമ്പു പ്രകടിപ്പിച്ച താല്പര്യം അനുസരിച്ചു് അദ്ദേഹത്തിന്റെ ശവസംസ്കാരം ജന്മഭൂമിയായ എക്കിൾഫെക്കാൻ എന്ന സ്ഥലത്തുതന്നെ നടത്തു

പ്പെട്ട. മരിക്കുമ്പോൾ അദ്ദേഹത്തിനു 86 വയസ്സു കഴിഞ്ഞിരുന്നു. ഇതോടുകൂടി ആംഗ്ലേയ സാഹിത്യനഭസ്സിൽ അത്യുജ്വലമായി ശോഭിച്ചിരുന്ന ഒരു തേജസ്സ് അസ്തംഗതമായി.

കാർലൈൽ പരേതനായിട്ട് ഇപ്പോൾ 50 കൊല്ലം കഴിഞ്ഞിരിക്കുന്നു. അദ്ദേഹത്തിന്റെ ആക്ഷേപത്തിനു ലക്ഷ്യമായിരുന്ന രാഷ്ട്രീയപ്രസ്ഥാനങ്ങളും പ്രമാണങ്ങളും സമുദായനടപടികളും മറ്റും ഇന്നും തീരെ മാഞ്ഞുപോയിട്ടില്ല. അന്ന് അസഹിഷ്ണുത പ്രദർശിപ്പിച്ച അദ്ദേഹം ഇന്നു ജീവിച്ചിരുന്നുവെങ്കിൽ ഏതുവിധത്തിൽ ഇവയോടു പോരാടുമായിരുന്നുവെന്ന് ഇപ്പോൾ പറവാൻ നിവൃത്തിയില്ല. എന്തായാലും അദ്ദേഹം നല്കിയ സന്ദേശം തീരെ വ്യർത്ഥമായി എന്ന് ഒരിക്കലും പറഞ്ഞുകൂടാ. അദ്ദേഹത്തിന്റെ ഗംഭീരശബ്ദത്തിന്റെ മാറ്റൊലി ഇന്നും തീരെ നിന്നുപോയിട്ടില്ലെന്നു പറയാം.

കാർലൈൽ ആകൃതിയിൽ ഉന്നതകായനും എന്നാൽ കൃശശരീരനും ആയിരുന്നു. അദ്ദേഹത്തിന്റെ മുഖം പ്രായേണ അപ്രസന്നവും, ചിന്താധിക്യംകൊണ്ട് ഏറക്കുറെ ക്ലാന്തവും, ഹാസ്യരസസൂചകവുമായിരുന്നു. നയനങ്ങളും സൂക്ഷ്മഗ്രഹണവിഷയത്തിൽ ഉദ്യുക്തങ്ങളോ എന്നു തോന്നുമാറു സദാ പ്രകാശിച്ചുകൊണ്ടിരുന്നു. കാർലൈൽ ബാല്യത്തിൽത്തന്നെ തന്റെ മാതാപിതാക്കന്മാരിൽനിന്നും അദ്ധ്വാനം, സത്യസന്ധത, ഈശ്വരഭക്തി മുതലായവയുടെ മാഹാത്മ്യം ഒരിക്കലും മറക്കാത്തവിധത്തിൽ ഗ്രഹിച്ചിരുന്നു. അദ്ദേഹത്തിന്റെ പിതാവു് അസാധാരണമായ സ്വഭാവശുദ്ധിയും, ഹാസ്യരസപ്രധാനമായ വാചാലതയും, കൃത്യ

നിഷ്ഠയുമുള്ള ഒരാളായിരുന്നു. മാതാവു ദയാശീലയും, മനക്കരുത്തും, ഈശ്വരഭക്തിയും, സംതൃപ്തിയുംകൊണ്ടു ശോഭിച്ചിരുന്ന ഒരു ഗുണവതിയായിരുന്നു. ഇവരിരുവരുടേയും സാന്നിദ്ധ്യത്തിലും ശിക്ഷണത്തിലും കാർലൈലും സുശിക്ഷിതനായി വളർന്നവനു. ബാല്യത്തിൽ ഹൃദയത്തിൽ വച്ചു് അങ്കുരിച്ച ഈ സൽഗുണങ്ങൾ പ്രായമായപ്പോൾ അതിശക്തിയോടും ഫലവത്താകംവണ്ണവും അദ്ദേഹത്തിന്റെ ലോകജീവിതത്തിൽ പ്രകാശിച്ചുവെന്നുള്ളതിനു് അദ്ദേഹത്തിന്റെ വിവിധകൃതികളും സാക്ഷ്യംവഹിക്കുന്നുണ്ടു്. അദ്ദേഹത്തിനു് അല്പം ചില ദോഷങ്ങളും ഇല്ലാതിരുന്നില്ല. അന്യന്മാരെപ്പറ്റി അദ്ദേഹത്തിനു് അല്പം പുച്ഛം ഉണ്ടായിരുന്നു. അതു ചിലപ്പോൾ പുറത്തു പറയുകയും കാണിക്കുകയും ചെയ്യുവന്നു. മിൽ, ചാറൽസ് ലാംബ്, വേർഡ്സ്വത്ത് ഇവരെക്കുറിച്ചു കാർലൈൽ വരച്ചിട്ടുള്ള ചിത്രങ്ങൾ ആക്ഷേപരസംകൊണ്ടു് അല്പം മലിനങ്ങളായിരുന്നുവെന്നു് പറയപ്പെട്ടിരിക്കുന്നു. എന്നാൽ വാസ്തവം ഗ്രഹിക്കുന്നക്ഷണത്തിൽ തന്റെ തെറ്റിനെ സമ്മതിച്ചു ക്ഷമായാചനം ചെയ്യുന്നതിനു് അദ്ദേഹത്തിനു മടിയില്ലായിരുന്നു. അല്പമായ ദോഷത്തോടുകൂടി അദ്ദേഹത്തിനു് അനേകം ഗുണങ്ങളും ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഔദാര്യം സുപ്രസിദ്ധമായിരുന്നു. അദ്ദേഹം തന്റെ രണ്ടു സഹോദരന്മാരെ തൊഴിലിൽ പ്രവേശിപ്പിക്കുന്നതിനു വേണ്ട ധനസഹായം ചെയ്തുകൊടുത്തു. അദ്ദേഹത്തിന്റെ കുടുംബസ്നേഹം നിഷ്കളങ്കമായിരുന്നു. ധനവിഷയത്തിൽ അദ്ദേഹത്തിനു നല്ല നോട്ടവും കണിശവും ഉണ്ടായിരുന്നു. ഹൃദയശുദ്ധിയും സ്വാശ്രയശീലവും സത്യസന്ധതയും അദ്ദേഹത്തിന്റെ പ്രശസ്തഗുണങ്ങളായിരുന്നു. ഏതുതരം കാപട്യത്തോടും,

ശൂന്യഗർഭങ്ങളായ പ്രസ്ഥാനങ്ങളോടും അദ്ദേഹത്തിനു വലിയ വെറുപ്പായിരുന്നു. എന്നാൽ ആർജ്ജവം, ത്യാഗം മുതലായ യഥാർത്ഥഗുണങ്ങൾ ഉള്ളിടത്തു് അദ്ദേഹത്തിനു നിർവ്യാജമായ സ്നേഹവും ബഹുമാനവും ഉണ്ടായിരുന്നു. ഡാക്ടർ ജോൺസൺ, ക്രാംവെൽ, ഷെക്സ്പീയർ, ലൂഥർ, ബർൺസ്, മഹമ്മദുനിബി, നാക്സ് മുതലായ നിസ്സംശയം ഉന്നതന്മാരായ മഹാന്മാരെക്കുറിച്ചു് അദ്ദേഹത്തിനു് അതിരറ്റ ബഹുമാനം ഉണ്ടായിരുന്നുവെന്നു് അദ്ദേഹത്തിന്റെ ഇവരെപ്പറ്റിയുള്ള ഉപന്യാസങ്ങൾതന്നെ തെളിയിക്കുന്നു. കാർലൈൽ തന്റെ വിചാരങ്ങളേയും വികാരങ്ങളേയും മറച്ചുവയ്ക്കാതെ സധൈര്യം വെളിപ്പെടുത്തുന്ന സ്വഭാവം ഉള്ള ഒരാളായിരുന്നു. സത്യത്തിൽനിന്നും സ്വാഭിമാനത്തിൽനിന്നും ഒരിക്കലും അദ്ദേഹം രേഖാമാത്രം വ്യതിചലിച്ചിട്ടില്ല. അദ്ദേഹം ലോകത്തെ വീക്ഷണംചെയ്തതു് ഒരു തത്വജ്ഞാനിയുടെ ദൃഷ്ടികൊണ്ടാണു്. ആളുകളേയും സ്ഥാപനങ്ങളേയും അദ്ദേഹം നിർദ്ദാക്ഷിണ്യമായി പരിശോധിച്ചതിനു ശേഷമേ അഭിപ്രായം പുറപ്പെടുവിക്കാറുള്ളു. അഞ്ജസ്സാർമില്ലാത്തവയെ ആക്ഷേപിക്കുന്നതിനും നിർദ്ദയം പരിഹസിക്കുന്നതിനും അദ്ദേഹം ഒട്ടും മടിച്ചില്ല. ഇതു പലർക്കും വിരോധത്തിനു ഹേതുവായിത്തീർന്നിട്ടുണ്ടു്. ബാഹ്യമോടിയിൽ അദ്ദേഹം ഒട്ടും ഭ്രമിക്കുന്ന ആളല്ലായിരുന്നു. ഇതുനിമിത്തം പലർക്കും അദ്ദേഹത്തോടു രസക്കേടുണ്ടാകാൻ ഇടയായിട്ടുണ്ടു്. ആക്ഷേപങ്ങൾക്കടിസ്ഥാനം അല്പം ഉണ്ടായിരിക്കാമെങ്കിലും അതു പ്രായേണ കുറെ കടന്നുപോയി എന്നാണു പലരുടേയും അഭിപ്രായം.

ഒരു ചരിത്രകാരൻ എന്ന നിലയിൽ കാർലൈൽ ഇതരന്മാരിൽനിന്നും ഒരന്യാദൃശമായ സ്ഥാനം വഹിക്കു

ന്നുണ്ട്. കേവലം കഥനരീതിയിലല്ല അദ്ദേഹത്തിന്റെ ചരിത്രരചന. അദ്ദേഹത്തിന്റെ ചരിത്രഗ്രന്ഥങ്ങളിൽ സംഭവങ്ങളുടേയും പ്രവർത്തകന്മാരുടേയും ജാജ്വല്യമാനങ്ങളായ ആലേഖ്യങ്ങളാണ് അദ്ദേഹം വരച്ചിരിക്കുന്നത്. സംഖ്യയില്ലാത്ത രേഖകൾ പരിശോധിച്ചതിന്റെ ഫലമായി തന്റെ ഉള്ളിൽ അനർഗ്ഗളമായി തോന്നിക്കൊണ്ടിരുന്ന അഭിപ്രായങ്ങളെ ക്രമപ്പെടുത്താൻ ശ്രമിക്കാതെ ആ തേപടി പുറത്തേയ്ക്കു തള്ളുകയാണു ചെയ്തിട്ടുള്ളതു്. വായനക്കാർ ശ്രമംചെയ്തു് അവയെ ഗ്രഹിച്ചുകൊള്ളട്ടെയെന്നാണു് ഉദ്ദേശം. സംഗതികളേയും പുരുഷന്മാരേയും അവയുടെ യഥാർത്ഥവലിപ്പത്തിലും ഗൗരവത്തിലും കാണിക്കുന്നതിൽ അദ്ദേഹം സമർത്ഥനായിരുന്നു. അദ്ദേഹത്തിന്റെ ചരിത്രഗ്രന്ഥങ്ങളാകട്ടെ, മറുള്ളവയാകട്ടെ എല്ലാം ഉത്തമസാഹിത്യങ്ങൾതന്നെ. കാർലൈലിന്റെ ഭാഷാരീതി ഒന്നു പ്രത്യേകംതന്നെയാണല്ലൊ. അതു് ഇന്നും അനുകരണീയമായിത്തന്നെ ഇരിക്കുന്നു. അദ്ദേഹം പദങ്ങളേയും വാചകങ്ങളേയും മറും ഇതരസാഹിത്യകാരന്മാരെപ്പോലെ ശാണോൽപ്പാണം ചെയ്തോ തൊലനം ചെയ്തോ അല്ല പ്രയോഗിച്ചിരിക്കുന്നതു്. അവ അദ്ദേഹത്തിന്റെ ഉള്ളിൽ തിക്കിത്തിരക്കിക്കൊണ്ടിരിക്കുന്ന ചിന്തകളുടേയും വികാരങ്ങളുടേയും അക്ഷമയോടുകൂടിയുള്ള നിർഗ്ഗമനമാണു്. ചിലപ്പോൾ ഒരൊറ്റ പദമോ, ചിലപ്പോൾ ഒരു വാക്യഖണ്ഡമോ ഒരു പൂർണ്ണവാചകത്തിന്റെ സ്ഥാനം വഹിക്കുന്നു. അന്വയവും വ്യാഖ്യാനവും മറും വായനക്കാർക്കു വിട്ടുകൊടുത്തിരിക്കയാണു്. കാർലൈലിന്റെ ഗ്രന്ഥങ്ങൾ വായിച്ചു മനസ്സിലാക്കുന്നതിനു് സാമാന്യമായ ചിന്തക്രമംതെ ആർക്കും സാധിക്കുമെന്നു തോ

ന്നുന്നില്ല. എന്നാൽ ഇതിൽ നാം വ്യയംചെയ്യുന്ന സമയം ഒരിക്കലും നിഷ്ഫലമാകയുമില്ല. കാർലൈലിന്റെ ഗ്രന്ഥങ്ങൾ വായിക്കയല്ല പഠിക്കയാണ വേണ്ടതു്. ഇദ്ദേഹത്തെ അനുകരിച്ചിട്ടുള്ളതായി ആരെങ്കിലും ഉണ്ടെങ്കിൽ അതു് ഒരാൾ മാത്രമേയുള്ളൂ. അതു് ഇദ്ദേഹത്തിന്റെ ശിഷ്യനും സുഹൃത്തുമായ എമെഴ്സൺ എന്ന അമേരിക്കൻ ഗ്രന്ഥകാരൻ ആകുന്നു. കാർലൈലിന്റെ ഭാഷാരീതിയെ അനുകരിക്കുന്നതിനുള്ള പ്രയാസത്തിന്റെ കാരണം, അതു തീക്ഷ്ണചിന്തകളുടേയും ശക്തിമത്തുകളായ വികാരങ്ങളുടേയും പ്രതിബിംബമാണെന്നുള്ളതു തന്നെയാണു്. അദ്ദേഹം ചിന്തയുടെ തൈക്ഷ്ണ്യംകൊണ്ടും വികാരത്തിന്റെ ശക്തികൊണ്ടും അഭിപ്രായങ്ങളുടെ ഭിന്നത്വം കൊണ്ടും ഭാഷാരീതിയുടെ അസാധാരണത്വംകൊണ്ടും സാമാന്യജനങ്ങളിൽനിന്നും ഉയർന്നതും വിദൂരവുമായ ഒരു സ്ഥാനത്തു നില്ക്കുന്നതുകൊണ്ടു് അദ്ദേഹത്തിന്റെ യഥാർത്ഥയോഗ്യതയും മാഹാത്മ്യവും മനസ്സിലാക്കി ബഹുമാനിക്കുന്നതു് എല്ലാവർക്കും സാധിക്കുന്ന കാര്യമല്ല. തേജോമയനും വിദൂരസ്ഥനുമായ സൂര്യനെ നാം വന്ദിക്കുന്നതുപോലെ നമുക്കു് ഇദ്ദേഹത്തെയും വന്ദിക്കാം.

കാർലൈൽ തന്റെ അഗാധമായ പാണ്ഡിത്യംകൊണ്ടും അപാരമായ ജ്ഞാനംകൊണ്ടും അസാധാരണമായ ബുദ്ധിശക്തികൊണ്ടും സ്വഭാവശുദ്ധികൊണ്ടും സന്മാർഗ്ഗനിഷ്ഠകൊണ്ടും തന്റെ സമകാലീനജനതയ്ക്കു് ഉപദേഷ്ടാവായിരിക്കാൻ യോഗ്യനായിരുന്നു. അദ്ദേഹം വസ്തുക്കളുടേയും ആളുകളുടേയും ബാഹ്യമോടിയും മിനുക്കവുംകൊണ്ടു സംതൃപ്തനാകാതെ അവയുടെ ആഭ്യന്തരവും യഥാർത്ഥവുമായ സ്ഥിതി ഗ്രഹിക്കുന്നതിൽ ബദ്ധശ്രദ്ധനായിരുന്നു. അദ്ദേഹത്തി

ന്റെ ജീവിതം മുഴവനും കാപട്യത്തോടും അസത്യത്തോടു മുള്ള നിരന്തരസമരമായിരുന്നു. ഈ സമരത്തിൽ തന്റെ വാങ്മയാസ്ത്രമേൽക്കാത്തവർ ചുരുക്കമാണ്. ലോകത്തിൽ ഉപചാത്മപ്രതിപത്തിയും ഭൌതികഭോഗലോലുപതയും അനാശാസ്യമായ വിധത്തിൽ വളർന്നുകൊണ്ടിരുന്ന ഘട്ടങ്ങളിൽ അതിനെ തടയുന്നതിന് ഇടയ്ക്കിടെ ഇപ്രകാരമുള്ള ത്യാഗികളുടെ അവതാരം അത്യാവശ്യമാണ്. ഇങ്ങനെയല്ലായിരുന്നുവെങ്കിൽ നാം നമ്മുടെ മുമ്പിൽ ഇന്നു കാണുന്ന ലോകം വേറൊരു വിധത്തിലായിരിക്കുമായിരുന്നു. ലോകത്തിൽ ശക്തിയും പ്രതിശക്തിയും സദാ വ്യാപരിക്കുന്നുണ്ട്. അതിന്റെ ഫലമാണു നാം ഇന്നു കാണുന്ന ലോകസ്ഥിതി. കാർലൈൽ തന്റെ ചുറ്റുമുള്ള ലോകത്തെ എങ്ങിനെ എത്രമാത്രം നിയമനം ചെയ്യുവെന്ന് ഇപ്പോഴും നിശ്ചയിക്കാൻ പാടില്ല; എങ്കിലും ജീവിതത്തിന് ഒരാത്മീയവശംകൂടി അദ്ദേഹം കാണിച്ചുകൊടുത്തു എന്ന് പറയേണ്ടിയിരിക്കുന്നു. ഇദ്ദേഹത്തിന്റെ ജീവിതം നാനാമുഖങ്ങളോടുകൂടിയതായിരുന്നതുകൊണ്ട് ഏതുതരം വായനക്കാർക്കും ഏതെങ്കിലും ഒന്നു ഗ്രഹിക്കാതിരിക്കാൻ തരമില്ല.

ഭാഷാസാഹിത്യത്തിന്റെ ഇന്നത്തെ ആവശ്യം.

ഏതു ഭാഷയും ഭാഷാസാഹിത്യവും അവയെ കൈകാര്യം ചെയ്യുന്ന ജനസമുദായവും, പരിഷ്കാരവിഷയത്തിൽ ഒരേനിലയിൽത്തന്നെ ഇരിക്കേണ്ടതാണ്. ഒരു ഭാഷ,

അതുപയോഗിക്കുന്ന ജനങ്ങളുടെ മാനസികാവശ്യങ്ങളെയെല്ലാം വേണ്ടതുപോലെ നിറ്വഹിക്കുന്നതിനു പര്യാപ്തമായും ഇരിക്കണം. ഭാഷയും സാഹിത്യവും ഒരു ഘട്ടത്തിലും, ജനസമുദായം മറെറാരു ഘട്ടത്തിലും വത്തിക്കുന്നതായ ദൃഷ്ടാന്തങ്ങൾ ലോകത്തിൽ വളരെ അപൂവ്വമാണെന്നതുനെ പറയാം. സംസ്കൃതം, ഗ്രീക്ക്, ലാററിൻ മുതലായ ഭാഷകളിലുള്ള സാഹിത്യങ്ങൾ നോക്കുന്നതായാൽ, അവയുടെ ഉടമസ്ഥന്മാർ ചരിഷ്ണുരവിഷയത്തിൽ ഏതു ഘട്ടത്തിലിരുന്നുവെന്നു തീച്ചയായും ഗ്രഹിക്കാം. ഭാഷ, മനുഷ്യചിന്തകളേയും വികാരങ്ങളേയും മറും പ്രതിഫലിപ്പിക്കുന്ന ദർപ്പണമാണു്. എന്നാൽ മലയാളഭാഷയെ സംബന്ധിച്ചു് ഇതു് എത്രമാത്രം വാസ്തവമാണെന്നും നോക്കാം. ഇന്നു മലയാളഭാഷ നമ്മുടെ മാനസികാവശ്യങ്ങളെയെല്ലാം നിവ്വഹിക്കുന്നതായി പറയാൻ തരമില്ല. വചോരൂപേണയും, ലേഖനരൂപേണയും മറുമുള്ള ചിന്താവിനിമയം, ബുദ്ധിസംസ്കരണം, ജ്ഞാനസമ്പാദനം, സംരക്ഷണം; വർദ്ധനം മുതലായ നമ്മുടെ ആവശ്യങ്ങൾ വേണ്ടതുപോലെ ഇന്നു മലയാളഭാഷ നിറ്വഹിക്കുന്നില്ലെന്നുള്ളതു തക്കമില്ലാത്ത സംഗതിയാണു്. ഇന്നു് ഉൽകൃഷ്ടവിദ്യാഭ്യാസം ഏതു ഭാഷ മുഖേനയാണു നാം നടത്തുന്നതു്? എഴുത്തുകുത്തുകൾ മിക്കവാറും ഏതു ഭാഷയിലാണു്? അഭ്യസ്തവിദ്യന്മാരെന്നഭിമാനിക്കുന്നവർ വായിക്കുന്ന ഗ്രന്ഥങ്ങളും പത്രങ്ങളും ഏതു ഭാഷയിലുള്ളവയാണു്? ചുരുക്കത്തിൽ മലയാളഭാഷയുടെ മൂലസ്ഥാനമായ കേരളത്തിൽ അതിന്റെ വ്യാപ്തി എത്രയോ തുച്ഛമാണു്! ഇതിനു കാരണം എന്തായിരിക്കാം? ലോകത്തിൽ മിക്ക ഭാഗങ്ങളിലും വ്യാപരിച്ചിരിക്കുന്ന ഒരു ഭാഷ ഇന്നു നമ്മുടേയും നമ്മുടെ ഭാഷയുടേയും മേൽ അധികാരം വഹിക്കുന്നു. ഇതിന്റെ

മഹാവൃക്ഷത്തിന്റെ വളർച്ചയ്ക്കു വേണ്ട വായുവും പ്രകാശവും ലഭിക്കാതെ മലയാളഭാഷ ഇന്നു മുരടിച്ചു നില്ക്കുകയാണ്. മറ്റുള്ള പോഷകാംശങ്ങളും വേണ്ടിടത്തോളം കിട്ടുന്നില്ല. ഭാഷയുടെ സമ്പൂർണ്ണം വളരുന്നതിന് ഈ നിലയിൽ സൗകര്യം വളരെ കുറവാണ്. നാം അന്യഭാഷയുടെ സഹായം കൊണ്ടു നമ്മുടെ മാനസികാവശ്യങ്ങളെ നിർവ്വഹിക്കുന്നതായാൽ മലയാളത്തിന്, അതിനു് അർഹതയുള്ള സ്ഥാനം ലഭിക്കാതെ പോകുന്നു. ഇങ്ങിനെയുള്ള പ്രതിബന്ധങ്ങൾ ഇരുന്നിട്ടും നമ്മുടെ മാതൃഭാഷ ഇന്ന് അഭിവൃദ്ധിമാർഗ്ഗത്തിലേയ്ക്കു പതുക്കെ കാൽ എടുത്തു വച്ചിരിക്കയാണ്. ഭാഷയിൽ ഒട്ടേറെ ഗ്രന്ഥങ്ങൾ ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ടെന്നു സമ്മതിക്കാം. ഗദ്യങ്ങളെപ്പോലെ പദ്യങ്ങളും ഒട്ടും കുറവല്ല. പല തരത്തിലുള്ള ഏതാനും സാഹിത്യകാരന്മാർ ഇന്നു ഭാഷാകേദാരത്തിൽ വേലയ്ക്ക് ഇറങ്ങീട്ടുണ്ട്. ഇവരുടെ പ്രയത്നഫലം എങ്ങിനെയിരുന്നാലും ഏറക്കുറെ നാം അനുഭവിക്കുന്നുമുണ്ട്. എന്നാൽ ബേക്കൺ പ്രഭു പറയുന്നതുപോലെ, ഇവയിൽ രുചി നോക്കാവുന്നവ ഏതുയെന്നും, ഒന്നായി വിഴുങ്ങാവുന്നവ ഏതുയെന്നും, ചവച്ചു് അവയുടെ പോഷകാംശം ഗ്രഹിക്കാവുന്നവ ഏതുയെന്നും ഇപ്പോൾ തീർച്ചയായി പറവാൻ നിവൃത്തിയില്ല. സാഹിത്യകേദാരത്തിന്റെ ഒരു ശരിയായ പരീക്ഷണം ഇതേവരെ ആരെങ്കിലും ചെയ്തിട്ടുണ്ടോ എന്നു സംശയമാണ്. അവയിൽ ഭൂരിഭാഗവും പാരായണത്തിനധീനങ്ങളാകാതെ ഉപേക്ഷിതങ്ങളായി കിടക്കുകയാണെന്നു വേണം വിചാരിക്കാൻ. കാരണം, നമ്മുടെയിടയിൽ ഗ്രന്ഥപാരായണാഭിരുചി ഇനിയും ഉണ്ടായിട്ടില്ല. അ

ങ്ങുമിങ്ങും അപൂർവം ചിലർ ഉണ്ടായിരിക്കാം. അവർ ഇംഗ്ലീഷുപുസ്തകങ്ങളെ ആവേശത്തോടുകൂടി ആസ്വദിക്കുന്നവരുമാണ്. ഭാഷാസാഹിത്യം അവക്ക് ഒട്ടും രുചികരമല്ല. ഇന്നു നിരത്തുമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന ഒരുതരം പാകംവരാത്ത പദ്യങ്ങളും നവതമില്ലാത്ത നോവലുകളും വായിച്ചു രസിക്കുന്നവർ പക്ഷെ ഇല്ലെന്നു പറവാൻ തരമില്ല. വായനക്കാർ ഇത്തരക്കാരാകകൊണ്ടു് എഴുത്തുകാരും പ്രായേണ അവരുടെ ഹിതാനുകാരികളായിട്ടിരിക്കാനെ തരമുള്ളൂ. ഭാഷാഭിവൃദ്ധി ഏതു ഭാഷയിലും ഒട്ടുമുക്കാലും ഉത്തമങ്ങളായ ഗദ്യകൃതികളെ ആശ്രയിച്ചാണിരിക്കുന്നതു്. സാഹിത്യകാരന്മാർ അതാതു കാലത്തിന്റെ പ്രവക്താക്കന്മാരാണ്. പദ്യങ്ങൾക്കുള്ള കാലം ഇപ്പോൾ അതീതമായിക്കഴിഞ്ഞു. കാളിദാസനും, ഭവഭൂതിയും, ഷെക്സ്പീയരും, ഹോമറും ഇപ്പോൾ ഉണ്ടായിക്കാണാത്തതിനുള്ള കാരണം ഇതുതന്നെയാണു്. മനുഷ്യവർഗ്ഗത്തിന്റെ ശൈശവാവസ്ഥ, പ്രതിഭാപ്രധാനമായ ലോകാവലോകനകാലമായിരുന്നു. അന്നു മനുഷ്യനു പ്രകൃതിയുമായിട്ടുണ്ടായിരുന്ന സഖ്യവും സാമീപ്യവും പ്രതിഭാശക്തിയെ ഉജ്ജ്വലിപ്പിക്കുന്നതിനു് ഉപയുക്തവുമായിരുന്നു. ഇന്നു മനുഷ്യവർഗ്ഗം ആ ഘട്ടത്തെ ലംഘിച്ചു വളരെ ദൂരം കടന്നിരിക്കയാണു്. ഇന്നു ചിന്താദർപ്പണത്തിൽ കൂടിയാണു നാം ലോകത്തെ വീക്ഷിക്കുന്നതു്. ജീവിതം ഇന്നു പണ്ടത്തെപ്പോലെ സുസാധമായിട്ടില്ല—ശ്രമസാധമായിട്ടാണിരിക്കുന്നതു്. പ്രകൃതിയുടെ രമ്യതയല്ല ഇന്നു് അതിന്റെ ഉപയോഗതയായാണു മനുഷ്യശ്രദ്ധയ്ക്കധീനമായിത്തീർന്നിരിക്കുന്നതു്. ജീവനസന്ധാരണവും തദ്വാരാ ജീവസന്ധാരണവുമാണു മനുഷ്യന്റെ പ്രഥമചിന്ത. ഇന്നു ജീവിതത്തിന്റെ പരുഷതാ

ഗത്തോടാണു നമുക്കിടപെടേണ്ടതു്. ഇക്കാലത്തിന്നാവശ്യമായ സാഹിത്യമാണു് ഇന്നു ധാരാളമായി വേണ്ടതു്. ഇതുനിമിത്തം എല്ലാ ഭാഷകളിലും ഇന്നു ഗദ്യസാഹിത്യമാണു് അധികമായി ഉണ്ടായിക്കൊണ്ടിരിക്കുന്നതു്. എന്നാൽ മലയാളഭാഷയിൽ ഇങ്ങിനെയാണോ എന്നു് അല്പം സംശയമുണ്ടു്. വൃത്തവും മാത്രയും ഒപ്പിച്ചും, ചിന്തയെ വഞ്ചിച്ചും എഴുതപ്പെടുന്ന ഒരുതരം പദ്യങ്ങളാണധികവും. അതും വായിക്കാൻ ഭാവമില്ലെങ്കിൽ വിദ്വാന്മാർക്കുണ്ടല്ലൊ. അധികൃതന്മാർ ആജ്ഞാപിച്ചാൽ അവർക്കു വായിക്കാതിരിക്കാൻ തരമില്ലല്ലൊ. എഴുത്തുകാരിൽ അധികംപേരും "ടീപസ്സംഭം മഹാശ്ചര്യ്യ"ക്കാരാണു്. ഈ വിധമല്ലാതെ വിഷയഗൗരവംകൊണ്ടും ചിന്താപ്രാചുര്യ്യം കൊണ്ടും വിജ്ഞാനവിഭവം കൊണ്ടും പ്രൗഢങ്ങളായ ഗദ്യസാഹിത്യഗ്രന്ഥങ്ങൾ മലയാളഭാഷയിൽ ഇന്നു് എത്രയുണ്ടെന്നു നോക്കുന്നതായാൽ അല്പം ഇച്ഛാഭംഗത്തിനിടയായേക്കുമെന്നാണു തോന്നുന്നതു്. ഒരു വള്ളത്തോളോ, ഒരു ഉള്ളൂരോ, ഒരു സി. വി. യോ, ഒരു അപ്പൻതമ്പുരാനൊ, ഒരു പി. കെ. യോ അങ്ങുമിങ്ങും ഉണ്ടായിരിക്കാം. എന്നാൽ ഒരു ഭാഷയിൽ നാലൊ അഞ്ചൊ സാഹിത്യകാരന്മാരുണ്ടായാൽ സാഹിത്യാഭിവൃദ്ധിക്കു് എത്രമാത്രം മതിയാകുമെന്നു് ആലോചിക്കേണ്ടതാണു്. ഇന്നു പലരും പ്രതിവർഷം "പാഠ്യപുസ്തകം നിർദ്ദേശിക്ക" എന്നുള്ള ഏടുപ്പാടിന്റെ ആകർഷണശക്തിയേറുന്ന ഭാഷാസാഹിത്യത്തിൽ തിക്കിത്തിരക്കി കയറുന്നുണ്ടെന്നുള്ളതു മറച്ചുവയ്ക്കുന്നതുകൊണ്ടു ഒരു സംഗതിയില്ല. എന്നാൽ ഇത്തരം വിദ്വാന്മാരിൽ എത്രപേർ ഭാഷാസാഹിത്യത്തെ പുഷ്ടിപ്പെടുത്തുന്നതിലും ഉയർത്തുന്നതിലും ഭാഗഭാക്കുകളായിരിക്കുന്നുണ്ടെന്നു് ആരന്വേഷിച്ചുതന്നെ അറിയേണ്ടിയിരിക്കു

ന്നു. പക്ഷെ അന്വേഷിച്ചാൽ തന്നെയും വലിയ ഫലമു
ണ്ടെന്നു തോന്നുന്നില്ല. പുരോഗമനോന്മുഖവും ഏതൽകാ
ലത്തിനുചിതങ്ങളുമായ എന്തെല്ലാം ഗ്രന്ഥങ്ങൾ നമുക്കിന്നു
ണ്ടാകേണ്ടിയിരിക്കുന്നു. ജീവചരിത്രം, രാജ്യചരിത്രം, രാജ്യ
തന്ത്രം, ധനതത്വശാസ്ത്രം, മറ്റു നാനാവിധ ശാസ്ത്രങ്ങൾ,
വ്യവസായം, കൃഷി മുതലായ വിഷയങ്ങളെപ്പറ്റിയുള്ള ഗ്ര
ന്ഥങ്ങൾ, ആഖ്യായികകൾ, സാമുദായികതത്വങ്ങൾ, സ
ഞ്ചാരവിവരണങ്ങൾ, ലോകത്തിലുള്ള നവീനപ്രസ്ഥാന ച
രിത്രങ്ങൾ, ഹാസ്യങ്ങളും വിജ്ഞാനപ്രദങ്ങളുമായ കഥകൾ,
ഭാഷാചരിത്രം, സാഹിത്യചരിത്രം മുതലായി ഇന്നത്തെ
ലോകസ്ഥിതി പ്രതിബിംബിക്കുന്ന ഉത്തമങ്ങളായ ശാസ്ത്ര
ഗ്രന്ഥങ്ങളാണ് ഇന്നു മലയാളഭാഷയിൽ ഉണ്ടാകേണ്ടിയി
രിക്കുന്നതു്. മലയാളഭാഷയെ ഉൽകൃഷ്ടസ്ഥാനത്തിലേയ്ക്കു
നയിക്കുന്നതിനു് ഇത്തരം ഗ്രന്ഥങ്ങൾ ഉണ്ടാകേണ്ടതത്യാവ
ശ്യമാണു്. പത്തോ, പന്ത്രണ്ടോ വരി പദ്യം എഴുതുക
യൊ, കഥയില്ലാത്ത നോവലെഴുതുകയൊ ചെയ്താൽ എല്ലാം
തികഞ്ഞുവെന്നു ധരിച്ചാരിക്കുന്നതു് അബദ്ധമാണു്. എ
ന്നാൽ മേല്പറഞ്ഞ വിധമുള്ള ഗ്രന്ഥങ്ങൾ രചിക്കുന്നതിനു്
അനല്പമായ ഗവേഷണബുദ്ധിയും ശ്രമവും സ്വാതന്ത്ര്യാഗ
വും ക്ലേശമെന്നു കൂടാതെ കഴിക്കയില്ല. നല്ല കാര്യങ്ങൾ ഒന്നും ഇവ ക്ലേ
ശമെന്നു കൂടാതെ സാധിച്ചതായി അറിവില്ല. നമ്മുടെ ഇടയിൽ ഭാ
ഷാഭിമാനികളും അഭിജ്ഞന്മാരും ഇല്ലാതില്ല. എന്നാൽ
സംഗതിവശാൽ ഇവരിൽ മിയ്ക്കവരുടേയും പാണ്ഡിത്യവും,
ബുദ്ധിവൈഭവവും, വാസനയും, ഭാഷാജ്ഞാനവും ഉദ്യോഗ
ത്തിനടിയിൽ ഉപയോഗമില്ലാതെ കിടന്നു തുരുമ്പുപിടിക്ക
യാണ് ഇന്നു ചെയ്യുന്നതു്. ഭാഷയ്ക്കുണ്ടാകാവുന്ന എത്ര
മാത്രം ഗുണം ഇങ്ങിനെ നഷ്ടപ്പെട്ടു പോകുന്നു! ഇതിനുള്ള

കാരണം, സാഹിത്യം നമുക്ക ധനവും പ്രാഭവവും നല്കുന്നി ല്ലെന്നുള്ള പലരുടേയും ഇന്നത്തെ ഒരു മനസ്ഥിതി തന്നെ ആയിരിക്കണം. ഉദ്യോഗത്തിനുണ്ടെന്നു വിചാരിക്കുന്ന ഗൗരവവും, സാഹിത്യത്തിനില്ലെന്നു വിചാരിക്കുന്ന ഗണ്യതയും യഥാർത്ഥത്തിൽ അസ്ഥാനത്തിലാണ്. ഉദ്യോഗവും സാഹിത്യവും തമ്മിൽ യോജിക്കാത്ത വിധം അത്ര അകൽച്ച ഉണ്ടെന്നു തോന്നുന്നില്ല. എന്നാൽ സൂക്ഷ്മം നോക്കുന്നതായാൽ ഒരുദ്യോഗസ്ഥസാഹിത്യകാരനേക്കാൾ ഉത്തമൻ ഒരു സാഹിത്യകാരനായ ഉദ്യോഗസ്ഥനാണെന്നുവരുന്നതാണ്. പരമാർത്ഥം. ഉദ്യോഗസ്ഥന്റെ സങ്കുചിതമനസ്ഥിതിക്കു സാഹിത്യകാരന്റെ സുവിസ്തൃതമനസ്ഥിതി ഒരു പ്രത്യൗഷധമായി പലപ്പോഴും തീരാറുണ്ട്. സാഹിത്യകാരന്മാരായ ഉദ്യോഗസ്ഥന്മാർ ഇന്നു നമുക്കില്ലാതെയുമില്ല. പക്ഷെ, അവർ സാഹിത്യത്തേക്കാൾ ഉദ്യോഗത്തെയാണ് അധികം കായ്മയായി വിചാരിക്കുന്നതു്. എന്നാൽ ഇവർ ഉദ്യോഗത്തിൽനിന്നും പിരിഞ്ഞാലെങ്കിലും സാഹിത്യവിഷയത്തിൽ അവരുടെ ശ്രദ്ധ മുഴുവനും വിനിയോഗിക്കുമെന്നു ആശിക്കാം. പക്ഷെ ഉദ്യോഗം നീട്ടലും വയസ്സുനീട്ടലും മറ്റും കഴിഞ്ഞാൽ, എത്രപേരാണ് അല്പമെങ്കിലും ബുദ്ധിശക്തിയോടും ദേഹശക്തിയോടും കൂടി ജീവിച്ചിരിക്കുന്നതു്! അതുകൊണ്ടു് ഈ ആശയ്ക്കും വഴിയില്ലെന്നാണു വരുന്നതു്.

എല്ലാ ഭാഷകളിലും ആദ്യകാലത്തു പദ്യസാഹിത്യം മാത്രമേ ഉണ്ടായിരുന്നുള്ളു എന്നു പറഞ്ഞുവല്ലൊ. ഇതു മനുഷ്യവർഗ്ഗത്തിന്റെ ശൈശവാവസ്ഥയുടെ സഹജമായ പ്രതിഭോദ്ദീപനമായ മട്ടത്തിലായിരുന്നു. ലോകം ഇന്നു് ഈ മട്ടത്തിലല്ല നില്ക്കുന്നതു്. നേരെമറിച്ചു് അതിപ്പോൾ

തീവ്രമായ ചിന്താഘട്ടത്തിലാണു വർത്തിക്കുന്നതു്. തനിക്കു ജീവിക്കാനുള്ള മാർഗ്ഗങ്ങളെന്താണെന്നും, തന്റെ സ്ഥാനം, ജന്മാവകാശം ഇവയെന്താണെന്നും അവയെ സമ്പാദിക്കാനോ അപഹൃതങ്ങളെങ്കിൽ വീണ്ടെടുക്കുവാനോ ഉള്ള വഴിയെന്താണെന്നും, പ്രകൃതിയിൽനിന്നും പൃഥിവിയിൽനിന്നും കഴിയുന്ന ഗുണാംശങ്ങൾ സംഗ്രഹിക്കാൻ മാർഗ്ഗമെന്താണെന്നുമാണു് ഇന്നു മനുഷ്യന്റെ ആലോചന. ഭാഷയും ഭാഷാസാഹിത്യവും ഈ ചിന്തകളെ യഥാവിധം പ്രതിഫലിപ്പിക്കുന്നതിനു പര്യാപ്തങ്ങളായിരിക്കേണ്ടതാണു്. പട്ടിണിയും ചിന്താക്ലാന്തങ്ങളായ മനസ്സിനു വിശ്രമം നൽകുന്നതിനു മാത്രമേ ഇന്നുപയോഗപ്പെടുന്നുള്ളു. ഇന്നു ലോകയാത്രയിൽ വിളക്കു പിടിച്ചു മാർഗ്ദർശികളായിട്ടു നില്ക്കുന്നതു നെറ്റി ചുട്ടു് ആലോചിക്കുന്ന ചിന്തകന്മാരാണു്. അവരുടെ അനുഭവങ്ങളായ തുലികാരേഖകളാണു നമുക്കിന്നു് അത്യാവശ്യമായി വേണ്ട സാഹിത്യം. ഭാവിലോകത്തിന്റെ പ്രധാനപ്രശ്നം, "ഇനിയെങ്ങിനെയാണു് ജീവിക്കുക?" എന്നായിരിക്കും. ഇതിനുള്ള മാർഗ്ഗങ്ങളെ ഉപദേശിക്കയോ നിർദ്ദേശിക്കയോ ചെയ്യുന്നതായ നാനാവിധങ്ങളായ ശാസ്ത്രീയഗ്രന്ഥങ്ങളും ഉന്മേഷജനകങ്ങളും വിജ്ഞാനപ്രദങ്ങളുമായ ലോകചരിത്രം, രാജ്യചരിത്രം, സമുദായചരിത്രം, ജീവചരിത്രം മുതലായവയുമാണു ഭാഷയിൽ ഉണ്ടാകേണ്ടതു്. ലോകത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന പുതിയ സമാസാദനങ്ങളുടേയും, പ്രസ്ഥാനങ്ങളുടേയും വിവരണങ്ങളും, ഇന്നു ലോകത്തിൽ വർദ്ധമാനമായിരിക്കുന്ന വ്യവസായം, കൃഷി, വാണിജ്യം ഇവയുടെ ഗതിയേയും സ്ഥിതിയേയും വിശദീകരിക്കുന്ന ഗ്രന്ഥങ്ങളും ധാരാളമായി ഉണ്ടായാൽ മാത്രമേ ജനങ്ങൾക്കു് ഈ വിഷയങ്ങളിൽ

കായ്ക്ഷമമായി പ്രവത്തിക്കുവാൻ സാധിക്കയുള്ളൂ. ഇതര ഭാഷകളിൽക്കൂടി ഈവക ജ്ഞാനം സമ്പാദിക്കയെന്നുള്ളതു ശ്രമസാധ്യമാണെന്നു നാം ഇപ്പോൾത്തന്നെ മനസ്സിലാക്കിത്തുടങ്ങീട്ടുണ്ടു്. കേരളീയരായ നാം ഇന്നു സവ്വലോകസാമാന്യമായ ഒരു പുരോഗമനപഥത്തിൽ പ്രവേശിച്ചിരിക്കുന്നതിനാൽ ഇപ്രകാരമുള്ള പ്രായോഗികജ്ഞാനംകൊണ്ടു സോപകരണന്മാരാകാതിരുന്നാൽ പരാജിതന്മാരായി പിന്നിൽ തള്ളപ്പെട്ടുന്നതാണു്. നാം എന്നും അന്യഭാഷയിലും സാഹിത്യത്തിലും ജീവിക്കുവാൻ പോകുകയല്ലല്ലൊ. നാം അഭിമുഖീകരിക്കുന്ന എല്ലാ ഭാഷകളിൽനിന്നും അവയിലുള്ള തത്പാംശങ്ങൾ ആഭാനം ചെയ്തു സ്വഭാഷാസമ്പത്തു വർദ്ധിപ്പിക്കാതിരുന്നാൽ ഇതരഭാഷയുടെ തിരോധാനത്തിൽ നാം സാഹിത്യദരിദ്രന്മാരായി ശേഷിക്കാനേ തരമുള്ളൂ. വിദൂരഭാവിയിൽ നിഴലിച്ചു കാണുന്ന, ഒരു കേരളീയസവ്കലാശാല സാവയവമായി മൂത്തീകരിക്കപ്പെട്ടുന്നതെങ്കിൽ, നാം അതിനുപയുക്തമായ വിധത്തിൽ നമ്മുടെ മാതൃഭാഷയുടെ ഓജസ്സും, ചൈതന്യവും, സമ്പത്തും വർദ്ധിപ്പിക്കുന്നതിനുള്ള ഉദ്യമം പിന്നത്തേയ്ക്കു നീട്ടിവെയ്ക്കുവാൻ പാടില്ല. ഭാഷാവഴിക്കല്ലാതെ ബുദ്ധിസംസ്കരണവും വിദ്യാഭ്യാസവും സാധിക്കാൻ നിവൃത്തിയില്ലല്ലൊ. ഭാഷയ്ക്കുതന്നെ മാത്രം ഉൽക്കർഷം ലഭിക്കുന്നതോ അതുമാത്രം സാഫല്യം വിദ്യാഭ്യാസത്തിനും ഉണ്ടാകുന്നതാണു്. ഭാഷയിൽ സ്ഥാനം ലഭിക്കുവാൻ സാധിയ്ക്കാത്ത പദ്യങ്ങളും വിദ്യാത്ഥികളെ കഷ്ടപ്പെടുത്തുന്നതിനുമാത്രം ഉപയുക്തങ്ങളായ ഗദ്യങ്ങളും മറ്റും എഴുതി ഭാഷയെ വികലമാക്കാതെ ഉത്തമങ്ങളായ സാഹിത്യഗ്രന്ഥങ്ങൾ നിർമ്മിച്ചു് ഭാഷാസാഹിത്യത്തെ സാരഭ്രയിഷ്ണുവും സാധിഷ്ണുവുമാക്കുന്നതിനു നമ്മുടെ

യഥാർത്ഥഭാഷാഭിജ്ഞന്മാർ ശ്രമിക്കേണ്ടതത്യാവശ്യമാണ്. മനഃപൂർവ്വം ശ്രമിച്ചാൽ ഏതു ഭാഷയേയും ഉയർത്താമെന്നുള്ളതിന് "ബംഗാളി" ഭാഷതന്നെ ഉത്തമദൃഷ്ടാന്തമാകുന്നു. ഈ ഭാഷ അല്പകാലംകൊണ്ട് എത്ര ഉൽകൃഷ്ടമായ ഒരു നിലയിൽ എത്തിയിരിക്കുന്നു! അനന്തങ്ങളും അഗാധങ്ങളും സർവ്വലോകാരാധിതങ്ങളുമായ രവീന്ദ്രനാഥടാഗോറിന്റെ വിവിധചിന്തകളേയും യഥാവിധം പ്രതിഫലിപ്പിക്കുന്നതിന് ഇന്ന് ആ ഭാഷയ്ക്ക് എങ്ങിനെയാണു ശക്തിയുണ്ടായതെന്ന് ആലോചിക്കുക. ഇതുപോലെ ഹിന്ദി മുതലായ മറ്റു ഭാരതീയഭാഷകൾക്കും സാഹിത്യത്തിനും പുഷ്ടിയും പ്രാബല്യവും ലഭിച്ചിട്ടുണ്ട്. ഇതൊക്കെയും ഭാഷാഭിമാനികളുടെ മനഃപൂർവ്വമായ പരിശ്രമംകൊണ്ടു മാത്രമാണ്. ഭാഷയും സാഹിത്യവും തന്നെവളരട്ടെ എന്നു വിചാരിച്ചു മൌനം അവലംബിച്ചിരുന്നാൽ ഭാഷാസാഹിത്യം ഇന്നത്തെപ്പോലെ കാട്ടുകേറുകയേയുള്ളൂ. ഇന്നത്തെ നമ്മുടെ മനോവൃത്തി ഇതുതന്നെയാണ്. സാഹിത്യത്തിൽ മനഃപൂർവ്വമായും പ്രതിപത്തിയോടുകൂടിയും പരിശ്രമിക്കുന്നവർ ഇന്നു നമ്മുടെയിടയിൽ എത്രപേരുണ്ട്? മറ്റു ഭാഷകളെപ്പോലെ ഒരു സുവിസ്തൃതമായ പ്രചാരപരിധിയില്ലാത്ത മലയാളഭാഷ എങ്ങിനെയാണ് അഭിവൃദ്ധിപ്പെടുന്നതെന്നു സംശയിക്കാം. സാഹിത്യത്തിൽക്കൂടിയാണ് ഏതു ഭാഷയ്ക്കും പ്രധാനമായി പ്രചാരം സിദ്ധിക്കുന്നതു്. ഇന്ന് ഇംഗ്ലീഷുഭാഷയെ നാം അഭിനന്ദിക്കുന്നതു് അതിന്റെ സാഹിത്യവിപുലതയും വിശിഷ്ടതയും കൊണ്ടുമാത്രമാണ്. ഉത്തമസാഹിത്യം ഉണ്ടായിരുന്നാൽ ഏതു ഭാഷയ്ക്കും ആകർഷണശക്തിയുണ്ടാകും. ഇതുകൊണ്ടല്ലയോ ഇന്നു സംസ്കൃതസാഹിത്യത്തെ ലോകം ആദരിക്കയും ആരാധിക്കയും ചെ

യുന്നതു്. ഇന്നു മലയാളഭാഷയിലുണ്ടായിക്കൊണ്ടിരിക്കുന്ന സാഹിത്യങ്ങളെ, പരസ്യങ്ങളെ വിശ്വസിച്ചു തരംതിരിക്കുന്നതായിരുന്നാൽ അധികവും അധമങ്ങളും മദ്ധ്യമങ്ങളുമാണെന്നു കാണാവുന്നതാണു്. ഉത്തമങ്ങൾ വളരെ അപൂർവ്വങ്ങളായും കാണും. വിദ്വാന്മാർ മിക്കവരും ഇന്നു പദ്യകൃതികളായിട്ടാണു സാഹിത്യരംഗപ്രവേശം ചെയ്യുന്നതു്. ഇങ്ങിനെ കുറേ എഴുതിക്കൂട്ടിയാൽ സാഹിത്യസ്വസ്ഥമാകുമോ എന്നറിഞ്ഞുകൂടാ. പക്ഷെ സംസ്കൃതസാഹിത്യശാസ്ത്രങ്ങളുംപ്പടെ മുഴവനും പദ്യമല്ലയോ എന്നു ചോദിച്ചേക്കാം. ശരിയാണു്. എന്നാൽ അവ എത്ര പരിശ്രമത്തിന്റെ ഫലമാണെന്നാക്കറിയാം? ക്രൂരതയും ഇന്നു നമുക്കു ലഭിച്ചിരിക്കുന്നവ, വിദ്വാന്മാരുടെ കൽപനമായ വിമർശനത്തിൽ തള്ളപ്പെട്ടവ നീക്കി ശേഷിച്ചിട്ടുള്ളവ മാത്രമാണു്. ഇങ്ങിനെയുള്ള പദ്യകൃതികളെ നിർമ്മിക്കുന്നതിനുള്ള ശക്തിയോ, ശക്തിയുണ്ടായാൽത്തന്നെയും അവയെ വ്യാഖ്യാനിക്കുന്നതിനും മനസ്സിലാക്കുന്നതിനും വേണ്ട സമയമൊ നമുക്കിന്നില്ല. നാം ഇന്നു കൃത്യാന്തരബാഹുല്യത്താൽ പ്രേരിതരായി കൈയൊഴിയാതെയാണല്ലൊ ലോകത്തിൽ ജീവിക്കുന്നതു്. മനുഷ്യനെ ഉത്തമജീവിതത്തിനു സഹായിക്കുകയാണു സാഹിത്യത്തിന്റെ പരമോദ്ദേശ്യം. അതിനു മതിയായില്ലെങ്കിലും ജീവിതത്തെ ഒരുവിധം നയിക്കുന്നതിനെങ്കിലും അതുപയോഗപ്പെടേണ്ടതാണു്. ഇതിലേയ്ക്കു ലോകജ്ഞാനം, ശാസ്ത്രീയജ്ഞാനം, പ്രായോഗികജ്ഞാനം മുതലായവയും ദൃഷ്ടാന്തങ്ങളും, ഉപദേശങ്ങളും, ആദർശങ്ങളും, പ്രവൃത്തിമാർഗ്ഗങ്ങളും അടങ്ങിയ ഗദ്യസാഹിത്യമാണു നമുക്കിന്നത്യാവശ്യമായിട്ടുള്ളതു്. ഈവിധത്തിലാണു സാഹിത്യം ജീവിതത്തോടു ബന്ധിക്കപ്പെടേണ്ടതു്. ഇന്നത്തെപ്പോലെ ആഭ്യന്തരപതി

ലല്ല സാഹിത്യത്തിന്റെ വില കണക്കാക്കേണ്ടതു്. ജീവിതത്തിന്റെ ജയാപജയംകൊണ്ടുവേണം അതിന്റെ മൂല്യനിർണ്ണയം ചെയ്യാൻ. അതുകൊണ്ടു, നമ്മുടെ ഭാഷയ്ക്കു യഥാർത്ഥഗൌരവം സിദ്ധിക്കണമെങ്കിൽ—ഭാഷാസാഹിത്യത്തിനു ജീവിതത്തോടു ദൃഢബന്ധം വേണമെങ്കിൽ—ജീവിതത്തെ നിയമനം ചെയ്യാൻ സാധിക്കണമെങ്കിൽ—അതു വിജ്ഞാനവാഹിനിയായിത്തീരണമെങ്കിൽ—ഉൽകൃഷ്ടവിദ്യാഭ്യാസത്തിനുതകണമെങ്കിൽ—ഒരു കേരളസർവ്വകലാശാലയുടെ മാത്രമായ ഭാവിയിലെങ്കിലും വേണമെങ്കിൽ—നമ്മുടെ മാനസികാവശ്യങ്ങൾ എല്ലാം നിർവ്വഹിക്കപ്പെടണമെങ്കിൽ—അതു നമ്മുടെ പരിഷ്കാരത്തിന്റെ ദർപ്പണമായിരിക്കണമെങ്കിൽ ഭാഷയിൽ ചിന്താനിബന്ധങ്ങളായ വിശിഷ്ട ഗദ്യഗ്രന്ഥങ്ങൾ ധാരാളമായി ഉണ്ടായിരിക്കണം. ഇതാണു് ഇന്നത്തെ ഭാഷാസാഹിത്യത്തിന്റെ പ്രധാന ആവശ്യം.

നവലോകം.

"ജീർണ്ണവസ്ത്രങ്ങളുപേക്ഷിച്ചുദേഹികൾ
പൂർണ്ണശോഭം നവവസ്ത്രങ്ങൾ കൊള്ളുന്നു."

ഇതുപോലെയാണു് ഇന്നത്തെ ലോകസ്ഥിതി. പുരാതനങ്ങളും ജരാജീർണ്ണങ്ങളുമായ ആചാരങ്ങളും മാമൂലുകളും നിശ്ചലമായ യാഥാസ്ഥിതികതയും, അപരിഷ്കൃതലോകത്തിനു സഹജങ്ങളായ അഭിപ്രായങ്ങളും, ആദർശങ്ങ

ളും, അടിസ്ഥാനരഹിതങ്ങളായ വിശ്വാസങ്ങളും, അജ്ഞാനജന്യങ്ങളായ തെറ്റിദ്ധാരണകളും, ശാസ്ത്രവിരുദ്ധങ്ങളായ അബദ്ധാബോധങ്ങളും, സ്വാർത്ഥത്തെ അടിസ്ഥാനമാക്കി സൃഷ്ടിച്ചിട്ടുള്ള നിയമങ്ങളും, കൃത്രിമങ്ങളായ സമുദായസീമകളും, അസമത്വങ്ങളും, ഇവയും ഇവയെപ്പോലെ മറ്റു പലതും ലോകത്തിൽ ഇന്നു പ്രസരിക്കുന്ന സർവ്വതോമുഖമായ നവത്വത്തിന്റെ തീക്ഷ്ണശക്തിയാൽ ഓരോന്നായി ധ്വംസിക്കപ്പെട്ടു വരികയാണു്. വല്ല ഓണംകേറാമൂലയിലോ മറ്റോ അതുകളുടെ വല്ല അവശിഷ്ടങ്ങളും കിടപ്പുണ്ടെങ്കിൽ അവയ്ക്കും നവത്വത്തിന്റെ സന്മാർജ്ജനിയിൽ നിന്നു് ഇനി രക്ഷയുണ്ടെന്നു വിചാരിക്കുവാൻ തരമില്ല. എന്നാൽ "യാഥാസ്ഥിതികത്വം" അതു എളുപ്പത്തിൽ ജീവനെ പരിത്യജിക്കുന്ന ഒരു സത്വമല്ല. അതു വല്ല സ്മൃതിയുടേയൊ വേദവാക്യത്തിന്റേയൊ ദുർവ്യാഖ്യാനത്തിന്റെ പിറകിൽ മറഞ്ഞുനിന്നുംകൊണ്ടു യുദ്ധം ചെയ്യുന്നില്ലെന്നും ഇല്ല. എന്നാൽ ഈ നില ഇനി ദീർഘകാലം നിലനിൽക്കുമെന്നു തോന്നുന്നില്ല.

ശാസ്ത്രീയവും, രാഷ്ട്രീയവും, ഗാർഹികവും, സാമുദായികവും, വ്യാവസായികവും, കാർഷികവും, വിദ്യാഭ്യാസപരവുമായ വിഷയങ്ങളിലും മറ്റും ലോകം പഴയ ക്ഷുണ്ണികളെ നിർദ്ദോഷം പരിത്യജിച്ചു പല നവീനപ്രസ്ഥാനങ്ങളും ആരംഭിച്ചും അവലംബിച്ചും പ്രവർത്തിച്ചു പോരുകയാണു്. ആത്മീയവും ലൗകീകവുമായ വിഷയത്തിലും ആദർശങ്ങളും ഏറക്കുറെ മാറ്റിയും ഏറിയും വരുന്നുണ്ടു്. എവിടെ നോക്കിയാലും മനുഷ്യർക്കു് ഇന്നു നവത്വത്തിൽ നീതീകരിക്കത്തക്കതോ, അല്ലാത്തതോ ആയ ഒരു ഭ്രമം വന്നുകൂടിയിട്ടുണ്ടെന്നു കാണാവുന്നതാണു്.

രാജ്യങ്ങളെല്ലാമിന്നു പാരമ്പര്യരീത്യായുള്ള രാജകീയ ഭരണത്തെ ഉപേക്ഷിച്ചു നവീനമായ ജനാധിപത്യത്തിലേയ്ക്കു പ്രവണങ്ങളായിരിക്കയാണ്. രാജാക്കന്മാരുള്ള രാജ്യങ്ങളുണ്ടെങ്കിൽ അവയിൽ ജനാധിപത്യത്തിനായി സഭാ ആഭ്യന്തരകലഹങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. പരാധീനതയിൽ വർത്തിക്കുന്ന രാജ്യങ്ങൾ ഒക്കെയും സ്വാതന്ത്ര്യാന്വേഷണങ്ങളായി പ്രവർത്തിച്ചുവരികയാണ്. ഭാരതം തന്നെ നോക്കുക. ഇവിടെ സ്വരാജ്യത്തിനു വേണ്ടി നിരായുധസമരം തുടർന്നുകൊണ്ടിരിക്കയാണല്ലൊ. ഇതാ ഒരു ശുഭോദർക്കമായ ഭാവി ആസന്നമായിരിക്കുന്നു. പാശ്ചാത്യരാജ്യങ്ങളിൽ ചിലതിൽ ഇതിനായി സായുധസമരം തന്നെയാണു നടക്കുന്നതു്. പ്രജകൾക്കു രാജഭക്തിയുള്ള ടിക്കിൽ ഭരണനിർവ്വഹണസഭകൾ വേണമെന്നു് ആവശ്യപ്പെടുന്നു. പ്രാതിനിധ്യസഭകൾ വർദ്ധിപ്പിക്കുന്നതിനു ശ്രമം ചെയ്യുവരുന്നു. ഉദ്യോഗങ്ങളും പ്രതിനിധിസഭകളിലെ അംഗിതവും വർഗ്ഗത്തേയൊ സമുദായത്തേയൊ അടിസ്ഥാനമാക്കി വേണ്ടതാണെന്നു ശഠിക്കുന്നു. ഒരു രാജ്യത്തിനു മറെറാരു രാജ്യത്തെ അടിമപ്പെടുത്തുന്നതിനു് അധികാരമില്ലെന്നുള്ള വിശാലതത്വം പ്രബലപ്പെട്ടുവരുന്നു. പണ്ടെയുള്ള പണ്ടേയുള്ള സേച്ഛാപ്രഭുതത്വത്തിനു് ഇനി ഒരിടത്തും നിലയില്ല. ജനഹിതമാണു ഭരണകർത്താക്കന്മാർ അനുവർത്തിക്കേണ്ട പ്രധാനവും പ്രധാനവുമായ നയം എന്നുള്ള തത്വം ഇന്നു എല്ലാടിക്കിലും സുസ്ഥാപിതമായിത്തീർന്നിട്ടുണ്ടു്. നമ്മുടെ ചെറിയ രാജ്യമായ തിരുവിതാംകൂറിലും ഭരണനിർവ്വഹണസഭ വേണമെന്നുള്ള അഭിപ്രായം ബലമായി പുറപ്പെടുവിച്ചു കാണുന്നുണ്ടു്. കൊച്ചിയിലും ഇങ്ങിനെ ഇല്ലെന്നില്ല. ജനങ്ങൾക്കു

പൂർവ്വാധികം പൌരകൃത്യബോധവും ഉണ്ടായി വരുന്നുണ്ട്. ഏതായാലും രാഷ്ട്രീയവിഷയത്തിൽ പലപല നവതത്ത്വങ്ങളും ഇപ്പോഠം ഉത്ഭവിച്ചു കഴിഞ്ഞിരിക്കുന്നു. നമ്മുടെ രാഷ്ട്രീയാദർശം ആപാദചൂഡം മാറിയിരിക്കുന്നു. ലോകത്തിലിനി യുദ്ധം ക്രൂരമായി കഴിക്കുന്നതിനും വേണ്ട മാറ്റങ്ങൾ ആലോചനാവിഷയമായി ഭവിച്ചിരിക്കുന്നു.

ശാസ്ത്രീയവിഷയത്തിലാണെങ്കിൽ നമുക്ക് അജ്ഞാതപൂർവ്വങ്ങളും അനന്തരഭേസിദ്ധങ്ങളുമായ പല ശക്തികളേയും പദാർത്ഥങ്ങളേയും ഇന്നു ശാസ്ത്രവിദഗ്ധന്മാർ കണ്ടുപിടിച്ചു സ്വാധീനപ്പെടുത്തിവരുന്നുണ്ട്. വ്യോമയാനം, നിരുപാധികവൈദ്യുതസന്ദേശം ഇവ നവസൃഷ്ടികളല്ലയോ? പ്രകൃതിയിൽ നിക്ഷിപ്തങ്ങളായിരിക്കുന്ന അനേക രഹസ്യങ്ങളെ വെളിപ്പെടുത്തുകയും അവയെ കായ്സിദ്ധിക്കായി ഉപയോഗപ്പെടുത്തുകയും ചെയ്തുവരുന്നു. ആകാശത്തിന്റെ നോക്കെത്താത്തതും അഖണ്ഡവുമായ അഗാധഭാഗങ്ങളിൽ മറഞ്ഞുനില്ക്കുന്ന സംഖ്യാതീതങ്ങളായ താരാഗണങ്ങളെ ചാക്ഷുഷയന്ത്രദ്വാരാ ഓരോന്നായി കണ്ടുപിടിച്ചുവരികയും സർവ്വഗോളങ്ങളുടേയും സ്ഥിതിഗതികളെ രേഖപ്പെടുത്തുകയും ചെയ്തുവരുന്നുണ്ട്. ജ്യോതിശ്ശാസ്ത്രത്തിന്റെ ജന്മഭൂമിയായ ഭാരതം ഈ വിഷയത്തിൽ ഇന്നു പരിശ്രമിക്കാതിരിക്കുന്നത് ഏറ്റവും ശോചനീയമാണല്ലൊ. ഭൂഗർഭത്തിൽ നിർല്ലീനങ്ങളായ പല വസ്തുക്കളേയും കണ്ടുപിടിച്ചു മനുഷ്യോപയുക്തങ്ങളാക്കി വരുന്നു. റേഡിയം, ഹീലിയം എന്നുതുടങ്ങി അതിശയനീയശക്തിയോടുകൂടിയ പദാർത്ഥങ്ങളും നമുക്കു പാശ്ചാത്യശാസ്ത്രജ്ഞന്മാർ അനുഗ്രഹത്രൂപേണ നല്കിയിരിക്കുന്നു. ഇവ പല രോഗങ്ങൾക്കും

ഉപശാന്തികാരണമായി ഭവിച്ചിട്ടുണ്ട്. ഭാരതത്തിലും ഇ പ്രകാരം ഒരാളെങ്കിലും ഉണ്ടെന്നു നമുക്കു സമാധാനപ്പെടാം. "ജഗദീശചന്ദ്രബോസൻ" ചെടികൾക്കും മറ്റു ജഡങ്ങളായ വസ്തുക്കൾക്കും ജീവചൈതന്യം ഉണ്ടെന്നുള്ളതു പരീക്ഷണംകൊണ്ടു സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ പാശ്ചാത്യശാസ്ത്രജ്ഞന്മാരെപ്പോലെ ഈ വിഷയത്തിൽ നിരന്തരപരിശ്രമം ചെയ്യുവരുന്നവർ നമ്മുടെയിടയിൽ ആരാണുള്ളതു്?— ഭൂമിയുടെ അന്തർഭാഗത്തിലുള്ള പാറയ്ക്കുകളെ പരിശോധിച്ചു് അവയിൽനിന്നും ഭൂമിയുടെ വയസ്സു നിർണ്ണയിക്കുകയും പാറകളുടെ ഉള്ളിൽ കാണുന്ന ജന്തുക്കളുടെ അവശിഷ്ടങ്ങളിൽനിന്നും ഓരോ യുഗത്തിലും ഭൂമിയിലുണ്ടായിട്ടുള്ള ജീവകോടിയെ നിർണ്ണയിക്കുകയും ചെയ്യുവരുന്നു. മനുഷ്യന് ഇന്നുവരെ ദുഷ്പ്രാപ്യമായിരുന്ന ഉത്തരധ്രുവപ്രദേശങ്ങളെ—പല ദുർഘടഘട്ടങ്ങളെ തരണം ചെയ്യും, ധനനഷ്ടവും ജീവനഷ്ടവും സഹിച്ചും—ഏറക്കുറെ കണ്ടുപിടിച്ചുകഴിഞ്ഞിരിക്കുന്നു. വൈദ്യശാസ്ത്രത്തിൽ പാശ്ചാത്യവൈദ്യന്മാർ ചെയ്യുവരുന്ന പരിശ്രമങ്ങളുടെ ഫലം അത്ഭുതകരമാണു്. ഇതിലേയ്ക്കു് ഒരു ദൃഷ്ടാന്തമായി "എക്സ്റെ" തന്നെ നോക്കുക. ശരീരത്തിന്റെ ഉള്ളിലുള്ള സകല ഭാഗങ്ങളേയും "എക്സ്റെ" പ്രയോഗംകൊണ്ടു പ്രത്യക്ഷമായി കണ്ടു ചികിത്സിക്കപ്പെട്ടുവരുന്നു. നൂതനങ്ങളായ പല രുക്പ്രതിക്രിയാമാർഗ്ഗങ്ങളും ഔഷധങ്ങളും കണ്ടുപിടിച്ചു മനുഷ്യവർഗ്ഗത്തിന്റെ എത്രയോ അസുഖങ്ങൾക്കു ശമനം നൽകിവരുന്നു. പണ്ടാരോ ശ്രമവും സമയവും ബുദ്ധിശക്തിയും വ്യയം ചെയ്തു നിർമ്മിച്ച നിലയിൽത്തന്നെ കിടന്നിരുന്ന ആയുർവ്വേദമെന്ന വിശിഷ്ടഭാരതീയചികിത്സാശാസ്ത്രവും ഇപ്പോൾ അല്പമായിട്ടെങ്കിലും

പലരും സശ്രദ്ധം പഠിക്കയും കാലോചിതമായി പരിഷ്കരിക്കയും ഫലവത്തായി പ്രയോഗിക്കയും ചെയ്തുവരുന്നുണ്ട്. വ്യവസായങ്ങളും പ്രതിദിനം നവംനവങ്ങളായി ഉണ്ടായിക്കൊണ്ടിരിക്കയാണ്. ദൈവസൃഷ്ടിയെല്ലാം മനുഷ്യസൃഷ്ടിയാക്കി മാറുന്നു. പ്രകൃതിയിലുള്ള അസംസ്കൃതപദാർത്ഥങ്ങളും ജന്തുക്കളുടെ ചർമ്മരോമാസ്ഥികളും ഒന്നൊഴിയാതെ രൂപാന്തരപ്പെടുത്തി മനുഷ്യന്റെ ഭോജ്യമോ, പേയമോ, വസ്ത്രമോ, ഭ്രഷ്ണമോ, ഔഷധമോ, ആയുധമോ, ഒരുവിധമല്ലെങ്കിൽ മറെറാരുവിധം ഉപയോഗയോഗ്യങ്ങളാക്കി ചെയ്തുവരുന്നു. ഈ വഴിക്കു രാജ്യങ്ങൾക്കും സമുദായങ്ങൾക്കും ധനപുഷ്ടിയും ക്രുടിവരുന്നുണ്ട്. ഇതേവരെ കീഴ്നടപ്പിനേയും മാമൂലിനേയും മാത്രം അടിസ്ഥാനപ്പെടുത്തി നടത്തിവന്ന കൃഷി ഇന്നു ശാസ്ത്രനിഷ്ടിതമാർഗ്ഗത്തിൽക്രൂടി നടത്തിവരുന്നു. സമുദായങ്ങളുടെ സ്വാഭാവികമായ വളർച്ചയ്ക്കു പ്രതിബന്ധങ്ങളായിരുന്ന അനേകം അനാചാരങ്ങളേയും അസമത്വങ്ങളേയും കൃത്രിമസീമകളേയും അസ്വാതന്ത്ര്യത്തേയും ഓരോന്നായി ധ്വംസിച്ചുതുടങ്ങിയിരിക്കുന്നു. ഇന്നു ജനങ്ങളെ വ്യത്യാസപ്പെടുത്തുന്ന ശക്തി വല്ലതുമുണ്ടെങ്കിൽ അതു വിദ്യാഭ്യാസത്തിന്റെ ഏററക്കുറച്ചിൽ തന്നെയാണ്. സമനിലയാണ് ഇന്ന് എല്ലാ സമുദായങ്ങളുടേയും ആദർശം. സാമുദായികദോഷങ്ങളെ പരിഹരിക്കുന്നതിനു ജനങ്ങൾക്കു മൈമനസ്യം പ്രദർശിപ്പിക്കുന്ന അവസരത്തിൽ ശവമെമ്മൻറും പതുക്കെ പ്രവേശിക്കുന്നുണ്ട്. ജനനനിയന്ത്രണനിയമവും ശൈശവവിവാഹനിരോധനനിയമവും ഇതിനുദ്ദൃഷ്ടാന്തങ്ങളാണ്. ഗാർഹജീവിതത്തെ സംബന്ധിച്ചുള്ള ആദർശങ്ങളും മാറീട്ടുണ്ട്. ഒരിക്കൽ നിർബ്ബന്ധിതമായിരുന്ന വിവാഹബന്ധം, ഇന്നു മിക്കവാറും സ്വൈച്ഛികമായി

ട്ടാണിരിക്കുന്നത്. വിവാഹമോചനവിഷയത്തിലും ധാരാളം സ്വാതന്ത്ര്യമുണ്ട്. ആരോഗ്യം, ശുചിത്വം മുതലായ വയെപ്പറ്റിയും ഗൃഹങ്ങളിൽ പൂവ്വാധികം നിഷ്കൃഷ്ടയുണ്ട്. വിദ്യാഭ്യാസത്തിൽ പ്രതിദിനമെന്നപോലെ നവത്വം സംഭവിച്ചുകൊണ്ടിരിക്കുന്നു. സാഹിത്യമാണെങ്കിൽ പൂവ്വസൂരികൾ സഞ്ചരിക്കാത്ത പന്ഥാക്കളിൽക്കൂടിയും അവർ നിർഭ്ഭയം ശിക്കാത്ത രൂപങ്ങൾ അവലംബിച്ചും നൂതനപ്രചാരങ്ങൾ തുടങ്ങിയും ശാഖോപശാഖയായി പ്രസരിച്ചുവരുന്നു. ഇങ്ങിനെ ഇന്നത്തെ നവലോകത്തെപ്പറ്റി പറയുകയാണെങ്കിൽ ഒട്ടധികം ഉണ്ടാകും. വിസ്തരഭയംകൊണ്ട് അതിനിപ്പോൾ തുനിയുന്നില്ല. ചുരുക്കിപ്പറയുകയാണെങ്കിൽ ഇന്നലോകത്തിൽ ആസ്സംബന്ധിച്ചുമപ്പുന്നതും എല്ലാം പുതുമതന്നെയാണു്. ഇനി നമ്മുടെ കേരളത്തെ നോക്കാം. ഇവിടെയും ഒരു നവകേരളം പ്രത്യക്ഷമായിക്കാണാം. ഭൂതത്തെ അപേക്ഷിച്ചു കേരളം എല്ലാംകൊണ്ടും നവതന്നെയാണു്. ആ നവത്വത്തോടുകൂടി ഇന്നത്തെ ലോകസാധാരണമായ നവത്വംകൂടി ചേർന്നപ്പോൾ കേരളം സർവ്വിശേഷം നവമായിത്തീർന്നിട്ടുണ്ട്. നായന്മാർ, നമ്പൂതിരിമാർ, ക്രൈസ്തവർ, മഹമ്മദീയർ, ഈഴവർ മുതലായ സമുദായങ്ങളും ഓരോ കാലത്തു് അവരവരുടെ വിശേഷമായ സമുദായാചാരങ്ങളോടുകൂടി വന്ന കേരളത്തിന്റെ ആദ്യത്തെ നവത്വത്തെ അവിച്ഛിന്നമായി സംരക്ഷിച്ചുവന്നു. പുതിയ പരിഷ്കാരം വന്നപ്പോൾ അതിനെയും കേരളം വിവൃതഹസ്തത്തോടുകൂടി ആശ്ലേഷിച്ചു സൽക്കരിച്ചു. ഇന്നത്തെ സ്ഥിതിയെന്താണു്? സമുദായങ്ങളെല്ലാം ഉണർന്നു പ്രവർത്തിച്ചുതുടങ്ങി. കേരളത്തിലേപ്പോലെ ഇത്രയും വിധവാഗ്ഗക്കാർ മറെറങ്ങും ഉണ്ടെന്നു തോന്നുന്നില്ല. നമ്പൂരി

മാരുടെ യോഗക്ഷേമസഭ, നായർസമാജം, ഈഴവരുടെ എസ്സ്. എൻ. ഡി. പി. യോഗം, ക്രൈസ്തവരുടെ വിവിധ വിഭാഗസംഘങ്ങൾ, ഇസ്ലാംസംഘങ്ങൾ, വെള്ളാളസമാജം, വിശ്വകർമ്മസമാജം, വെളക്കത്തല നായർസമാജം, വെള്ളത്തേടത്തു നായർസമാജം, വിശ്വബ്രഹ്മസമാജം, ഗണകസമാജം, വാലസമാജം, അരയസമാജം, പട്ടാണ്യസമാജം, കുറവസമാജം, പുലയസമാജം മുതലായവയും പരദേശബ്രാഹ്മണർ, കൊങ്ങിണികൾ, ചെട്ടികൾ ഇങ്ങനെ മറനേക സമുദായങ്ങളും ഇന്നു കേരളത്തിന്റെ നവീകരണവിഷയത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്. കേരളത്തെപ്പോലെ ഇത്ര വിസ്താരംകുറഞ്ഞ ഒരു ദേശത്തു് ഇത്രവളരെ സമുദായങ്ങൾ ഇതേവരെ അന്യോന്യം ഹിംസിക്കാതെ വർത്തിച്ചതു് ഒരത്ഭുതംതന്നെയാണു്. പരിഷ്കാരത്തിന്റെ അഭാവമാണു് ഇതിനുള്ള പ്രധാനകാരണം. ഇന്നത്തെ സ്ഥിതി വളരെ വ്യത്യാസപ്പെട്ടിട്ടുണ്ടെന്നു വേണം പറവാൻ. ഓരോ സമുദായങ്ങളും അവരവരുടെ അഭ്യുന്നതിയ്ക്കായി തീവ്രയത്നം തുടങ്ങീട്ടുണ്ടു്. ചില സമുദായങ്ങൾ പ്രത്യേകസാമുദായികനിയമങ്ങൾ സമ്പാദിച്ചുകഴിഞ്ഞു. ചിലവ അതിനായി ഉത്സാഹിച്ചും വരുന്നു. എല്ലാ സമുദായങ്ങളും സ്വയമേവ പല അനാചാരങ്ങളെ ധ്വംസിക്കയും അവക്കുള്ള അവശതകളെ പരിഹരിക്കാൻ പരികരം ബന്ധിച്ചു പുറപ്പെടുകയും ചെയ്തിരിക്കുന്നു. ഉദ്യോഗമാണു് ഇന്നു സമുദായങ്ങൾ തമ്മിൽ പ്രധാനമായ കലഹബീജമായിത്തീർന്നിരിക്കുന്നതു്. ഇതു കൂടാതെ മറ്റു പല നൂതനപ്രസ്ഥാനങ്ങളും കേരളത്തിൽ ഇപ്പോൾ ആരംഭിച്ചിട്ടുണ്ടു്. സാഹിത്യപരിഷത്തു്, കലാമണ്ഡലങ്ങൾ, മഹിളാമന്ദിരം, യുവജനപ്രസ്ഥാനം, വനിതാസംഘങ്ങൾ, നാട്ടുരാജ്യപ്രജാസമിതി, പൌരസമ

തപവാദസംഘം, സമുദായം തിരിച്ചും ഒന്നിച്ചുമുള്ള ധന
വ്യാപാരശാലകൾ, നായർസേവാസമിതി, നിയമസഭ, പ്ര
ജാസഭ ഇവയൊക്കെയും നവകേരളത്തിന്റെ വിശേഷഘ
ടകങ്ങളാണ്. ഇതുകൂടാതെ പാശ്ചാത്യരീതിയിലുള്ള വ
സ്ത്രധാരണം, പരദേശരീതിയിലുള്ള വസ്ത്രധാരണം, എങ്ങ
മില്ലാത്ത വസ്ത്രധാരണരീതി, പരിഷ്കൃതരീതിയിലും ദുർ
ധ്രുയിഷ്ണുവുമായ ജീവിതരീതി, ചുരുട്ടുവലി, ചായകുടി മുത
ലായി ആശാസ്യവുമനാശാസ്യവുമാ യ പല നവതരങ്ങളും
കേരളത്തിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. ഭാരതത്തിൽവച്ച്
ഇന്ന് പാശ്ചാത്യപരിഷ്കാരഭ്രമവും അനുകരണവും വളർ
ച്ചിരിക്കുന്നതു കേരളത്തിലാണെന്നാണു തോന്നുന്നത്. പാ
ശ്ചാത്യർ ആദ്യമായി ഇവിടെയാണല്ലൊ വന്നിറങ്ങിയതു.
എല്ലാംകൊണ്ടും നമുക്കിന്നൊരു നവകേരളം സിദ്ധിച്ചിട്ടു
ണ്ട്. എന്നാൽ നവങ്ങളായവ എല്ലാം നന്മകളായി എണ്ണ
വരികയില്ല. ഒരു വിവേചനശക്തി ഈ വിഷയത്തിൽ
ആവശ്യമാണ്. പത്രങ്ങളും ധാരാളമുണ്ട്. എന്നാൽ അ
വ മിക്കവയും വർഗ്ഗീയപക്ഷത്തെ മാത്രം പ്രതിബിംബിക്ക
ുന്നതുകൊണ്ടു പൊതുക്കായ്യം ഒരുവിധം അശ്രദ്ധിതമായി
ട്ടാണിരിക്കുന്നതു. ഒരു വിശാലമായ ലോകാവലോകനദൃ
ഷ്ടി അത്യാവശ്യമാണ്. ലോകത്തിന്റെ പുരോഗതിക്കും
സമുദായങ്ങളുടെ ക്ഷേമത്തിനും സന്മാർഗ്ഗരക്ഷയ്ക്കും അനുകൂ
ലമല്ലാത്ത ഏതു നവതരവും സ്പൃഹണീയമായിരിക്കയില്ല.
ബാഹ്യങ്ങളായ നവതരമല്ല നമുക്കിന്നു പ്രധാനമായി ആ
വശ്യമുള്ളതു. അതു എളുപ്പം സാധിക്കുന്നതാണ്. ആ
ഭ്യന്തരനവതരമാണു അത്യാവശ്യം. ചിന്താനവതരം, ആ
ദർശനവതരം, അഭിപ്രായനവതരം, വിജ്ഞാനനവതരം, ഉ
ദ്ദേശ്യനവതരം, ആശയനവതരം, കൃത്യബോധനവതരം,

അഭിരുചിനവതപം, സംസ്കാരനവതപം മുതലായവ സാമ്പ
ടിച്ചാൽ അവയ്ക്കനുസരണമായ ബാഹ്യനവതപവും സപയ
മേവ വന്നുചേരുന്നതാണ്. നമ്മുടെ ഇന്നത്തെ വിദ്യാഭ്യാ
സം ഇതിനു പയ്യാപ്തമാകുന്നില്ല. നമ്മുടെ സമുദായമത്സ
രം ഇതിന് അവസരം നൽകുന്നില്ല. നമ്മുടെ അനുകരണ
ബുദ്ധി ഇതിനു പ്രതിബന്ധമായിട്ടാണിരിക്കുന്നതു്. നമ്മു
ടെ പരിതസ്ഥിതികപം ഇതിനൊട്ടും അനുകൂലങ്ങളല്ല. ന
മ്മുടെ ഔദാസീന്യം ഇതിനു തടസ്സമാകുന്നു. നമ്മുടെ
സപാർത്ഥത ഇതിനു ബാധകമായി ഭവിച്ചിരിക്കുന്നു. ഈ
ന്യൂനതകളെ എല്ലാം പരിഹരിക്കുന്നതിനും യഥാർത്ഥ നവ
തപത്തെ ചൂണ്ടിക്കാണിക്കുന്നതിനും നാമമാത്രനവതപത്തെ
ദൂരീകരിക്കുന്നതിനും സമുദായങ്ങപം തമ്മിൽ മൈത്രീഭാവം
വർദ്ധിപ്പിക്കുന്നതിനും മത്സരം കുറക്കുന്നതിനും അന്യോന്യതി
ക്കുതകുന്ന പ്രവൃത്തിമാർഗ്ഗം നിർദ്ദേശിക്കുന്നതിനും ഐക്യം
വർദ്ധിപ്പിക്കുന്നതിനും കേരളത്തിന് ആകെ നവതപം വ
രുത്തുന്നതിനും നമ്മുടെ ചിന്തകന്മാരും പത്രങ്ങളും നേതാ
ക്കന്മാരും ഉത്സാഹിക്കയും ശ്രമിക്കയും ഒടുവിൽ ജയിക്കയും
ചെയ്യുമെന്നു വിശപസിക്കുന്നു.

പൌരസ്ത്യരും പാശ്ചാത്യരും.

പൌരസ്ത്യന്മാരും പാശ്ചാത്യന്മാരും തമ്മിൽ ഇന്നു
പല വ്യത്യാസങ്ങളും ഉണ്ട്. ഇതു സാധാരണ വരാവുന്ന
ഒരു സംഗതിയാണ്. കിഴക്കും പടിഞ്ഞാറും എന്നുള്ള വ്യ

ന്യാസം നമുക്കാക്കും മാറാവുന്നതല്ല. അതുകൊണ്ട് ഒരു ക്രൂട്ടരെ ദുഷിക്കയോ മറുക്രൂട്ടരെ പ്രശംസിക്കയോ ചെയ്യുന്നതു് അല്പം ആലോചിച്ചുവേണ്ടതാണു്. ഇന്നു പാശ്ചാത്യർ മിക്കവാറും ഒരു ഹാസ്യദൃഷ്ടിയോടുകൂടിയാണു പൌരസ്ത്യരെ വീക്ഷിച്ചുവരുന്നതെന്നു വിചാരിപ്പാൻ വഴിയുണ്ടു്. പൌരസ്ത്യർ "കറുത്ത" നിറക്കാരാണെന്നാണു് ഒരു ആക്ഷേപം ഉള്ളതു്. ഇതൊരിക്കലും ഒരാക്ഷേപമായി വരുന്നതല്ലല്ലോ. ഇതിനു ശീതോഷ്ണാവസ്ഥതന്നെയാണു് ഉത്തരവാദിതം വഹിക്കുന്നതു്. അതുകൊണ്ടു് ഇതിനെപ്പറ്റി ചിന്തിക്കേണ്ട ആവശ്യമില്ല. ഇനി ഒരാക്ഷേപം പറഞ്ഞുകേൾക്കാവുള്ളതു പൌരസ്ത്യർ കേവലം ചിന്താശീലന്മാർ മാത്രമാണെന്നും പാശ്ചാത്യരെപ്പോലെ പ്രവൃത്തിതല്പരന്മാരല്ലെന്നുമുള്ളതാണു്. ഒന്നാമതായി നോക്കേണ്ടതു് ഇതിൽ വല്ല പരമാർത്ഥവുമുണ്ടോ എന്നും ഉണ്ടെങ്കിൽത്തന്നെയും അതു് ഒരാക്ഷേപമാണോ എന്നുമാണു്. പൌരസ്ത്യർ ചിന്താശീലന്മാരാണെന്നു സമ്മതിക്കാതെ കഴികയില്ല. എന്നാൽ അതുകൊണ്ടു് അവർ എല്ലാവരും പ്രവൃത്തിവിമുഖന്മാരാണെന്നു വിചാരിക്കുന്നതു യുക്തികൊണ്ടു പ്രാപ്തമായ ഒരനുമാനമല്ല. ഒരു കവച്ചുചാട്ടം മാത്രമാണെന്നു തോന്നുന്നു. എന്നാൽ ഒന്നു് ആലോചിക്കേണ്ടതായിട്ടുണ്ടു്. ചിന്തയുടെ ഫലമല്ലാത്ത പ്രവൃത്തികൊണ്ടു വല്ല ഫലവുമുണ്ടാകുമോ? ഇന്നു പ്രവൃത്തിശീലന്മാരെന്നു് അഭിമാനിക്കുന്ന പാശ്ചാത്യർ എല്ലാവരും അവലംബിച്ചിരിക്കുന്ന മതം അല്ലെങ്കിൽ ഈ ശരവിശ്വാസം ഒരു വിശിഷ്ടനായ പൌരസ്ത്യനാൽ സ്ഥാപിക്കപ്പെട്ടതല്ലയോ? ഈ മതത്തിന്റെ ഛായയിൻകീഴിലല്ലയോ ഇന്നവർ സുരക്ഷിതരായിരിക്കുന്നതും പ്രവൃത്തി ചെയ്യുന്നതും? ക്രിസ്തുദേവൻ എവിടെയാണു ജനിച്ചതു്?

അദ്ദേഹത്തിന്റെ വദനത്തിൽനിന്നും നിർഗ്ഗമിച്ച തത്വങ്ങളല്ലയൊ ഇന്നു പാശ്ചാത്യലോകത്തെ ആകമാനം ഭരിക്കുന്നതു്. പൌരസ്ത്യർ ചിന്താശീലന്മാരായിരുന്നതുകൊണ്ടല്ലയൊ പാശ്ചാത്യർക്കു് ഇന്നു കാണുന്ന സകല ഉൽക്കർഷങ്ങളും ലഭിച്ചതു്? ഇതുപോലെതന്നെ മറ്റെല്ലാ മതസ്ഥാപകന്മാരും പൌരസ്ത്യന്മാരല്ലയൊ? ഇവർ ഇന്നു എത്രയോ ലക്ഷം മനുഷ്യരെ ഭരിച്ചുവരുന്നു! വാസ്തവത്തിൽ പൌരസ്ത്യദീപത്തിന്റെ സഹായംകൊണ്ടാണു പാശ്ചാത്യർ ഇന്നു ലോകയാത്ര ചെയ്യുന്നതു്. ഏതുപ്രവൃത്തിയുടേയും ജനയിതാവു് ഒരു ചിന്തയാണെന്നു പറയപ്പെട്ടിരിക്കുന്ന സ്ഥിതിക്കു ചിന്തയ്ക്കല്ലയൊ പ്രാധാന്യം കല്പിക്കേണ്ടതു്. എന്നാൽ വാസ്തവത്തിൽ പൌരസ്ത്യർ പ്രവൃത്തിവിമുഖന്മാരല്ല. എന്നാൽ അവരുടെ ആദർശം "അഹിംസാപരമോധർമ്മ" എന്നായിരുന്നതിനാൽ അവർ നശീകരണോപകരണങ്ങളും മറ്റു യുദ്ധസാമഗ്രികളും നിർമ്മിക്കാൻ ശ്രമിച്ചിട്ടില്ല; എന്നുള്ളതു പരമാർത്ഥംതന്നെയാണു്. എന്നാൽ ജനങ്ങൾക്കുപകാരപ്രദങ്ങളായ കൃഷിവ്യവസായാദികളിൽ അവർ ബുദ്ധിപൂർവ്വം പ്രവർത്തിച്ചുതന്നെ വന്നിരുന്നു. പാശ്ചാത്യപരിഷ്കാരം രൂപവൽകരിക്കപ്പെടാതെ മൂശയിൽകിടന്നുരുകുന്ന കാലത്തും പൌരസ്ത്യർ പ്രായോഗികവും പ്രാമാണികവുമായ പരിഷ്കാരത്തിന്റെ പരമകാഷ്ഠയിൽ എത്തിക്കഴിഞ്ഞിരുന്നു. എന്നാൽ തുടരെത്തുടരെയുള്ള വിദേശാക്രമണം നിമിത്തം ഇതിനൊക്കെയും അല്പം ഹാനിതട്ടിട്ടുണ്ടെന്നുള്ളതു വിസ്മരിക്കാൻ പാടില്ല. രണ്ടു ഭിന്നപരിഷ്കാരങ്ങളെപ്പറ്റി ഗുണദോഷവിവേചനം ചെയ്യണമെങ്കിൽ അവ രണ്ടും ഒരേവഴിക്കുതന്നെ ഗമിക്കുന്നവയായിരിക്കണം. എന്നാൽ ഇന്നു നാം പൌരസ്ത്യപരിഷ്കാരമെന്നും പാ

ശ്ചാത്യപരിഷ്കാരമെന്നും പറഞ്ഞുവരുന്നവ രണ്ടും ഭിന്ന സ്വഭാവമുള്ള രണ്ടുവഴിക്കു പോകുന്നവയാണ്. അതുകൊണ്ടു ഇവിടെ താരതമ്യവിവേചനത്തിനു ശക്തതയില്ല. എന്നതന്നേയുമല്ല, ആദർശങ്ങളുടെ ഭിന്നത്വം നിമിത്തം പാശ്ചാത്യർ പരിഷ്കാരമെന്നു വിചാരിക്കുന്നതിനെ പൗരസ്ത്യർ അങ്ങിനെ വിചാരിക്കുന്നുമില്ല. കഴിയുന്നിടത്തോളം ധനം സമ്പാദിക്കണമെന്നോ, ഭൂമിയുടെ കഴിവുള്ളിടത്തോളം ഭാഗം കൈവശപ്പെടുത്തണമെന്നോ ഉള്ള ആശയത്തെ അടിസ്ഥാനപ്പെടുത്തി ചെയ്യുന്ന പ്രവൃത്തികൾ എത്രതന്നെ നിറം പിടിപ്പിച്ചാലും യഥാർത്ഥപരിഷ്കാരമാണെന്നു വല്ലവരും പറയുമോ എന്നു സംശയമാണ്. ഇതുകൊണ്ടാണു പൗരസ്ത്യർ തങ്ങളെ ഗ്രസിക്കാൻ വരുന്ന ഈ പരിഷ്കാരത്തോടു പരാങ്മുഖന്മാരായി കാണപ്പെടുന്നതു്. പാശ്ചാത്യരാജ്യങ്ങൾ അപഹരണാർത്ഥം കിഴക്കോട്ടു നീട്ടിത്തുടങ്ങിയിരിക്കുന്ന സുദീർഘങ്ങളായ ഹസ്തങ്ങളുടെ പരുഷസ്പർശം ഏൽക്കാതെ ഇന്നു പൗരസ്ത്യരാജ്യം ഒന്നുംതന്നെ ഇല്ല. പൗരസ്ത്യന്മാരുടെ തലയിലേക്കു കയറാൻ ഭാവിക്കുന്ന ഇത്തരം പരിഷ്കാരം അവർ വഹിക്കാൻ സന്നദ്ധരാണെന്നു തോന്നുന്നില്ല.

പൗരസ്ത്യർക്കുള്ള മറെറാരു ആക്ഷേപം അവർ യാഥാസ്ഥിതികന്മാരാണെന്നാണു്. ഇതു പക്ഷേ ഒരുകാലത്തു വാസ്തവമായിരുന്നിരിക്കാം. എന്നാൽ ഇപ്പോഴത്തെ സ്ഥിതി ഇതൊന്നുമല്ല. പൗരസ്ത്യർ അർദ്ധസുഷുപ്തിയിൽ നിന്നും ഉണർന്നു സ്വാതന്ത്ര്യത്തിനും ഉൽകർഷത്തിനും വേണ്ടി തീക്ഷ്ണപരിശ്രമം തുടങ്ങീട്ടു കാലം കുറഞ്ഞൊന്നായി. ഇൻഡ്യാ, ചൈന, ജപ്പാൻ, അഫ്ഗാനി

സ്റ്റാൻ മുതലായ രാജ്യങ്ങളെ നോക്കുക. അതിനാൽ ഈ ആക്ഷേപം ഇന്നു നിലനില്ക്കുത്തക്കതല്ല. സ്ഥിരതപം ചിലപ്പോൾ പിന്നോക്കമുള്ള ഗതിയെ സൂചിപ്പിക്കുന്നതായിരിക്കാം. എന്നാൽ സ്ഥിരതപമാണു പൗരസ്ത്യപരിഷ്കാരത്തിന്റെ കൊടുമുടികൾപോലെ ഉറപ്പുള്ളതാക്കി സംരക്ഷിച്ചുവരുന്നതു്. യൂറോപ്പിൽ എത്രയോ സാമ്രാജ്യങ്ങളും പരിഷ്കാരങ്ങളും ഉത്ഭവിക്കയും നശിക്കയും ക്ഷണമാത്രയിൽ ചെയ്തുകഴിഞ്ഞിരിക്കുന്നു! പൗരസ്ത്യപരിഷ്കാരം അല്പം കേടുതട്ടിയെങ്കിലും ഇന്നും നശിക്കാതെ നില്ക്കുന്നുണ്ടു്.

പൌരസ്ത്യരെപ്പറ്റിയുള്ള മറെറാരാക്ഷേപം അവർ ദുർഘട സന്ദർഭങ്ങൾ നേരിടുമ്പോൾ അവയെ തരണം ചെയ്യുന്നതിനു തീരെ അസമർത്ഥന്മാരാണെന്നാണു്. പ്രത്യേകിച്ചും മാനുഷികശത്രുക്കളോടു ഇടപെടുമ്പോൾ അവർ അവരുടെ പൂർണ്ണ അപ്രാപ്തിയെ പ്രദർശിപ്പിക്കുന്നു. ഇതുനിമിത്തമാണു ചൈന രണ്ടുപ്രാവശ്യം അപരിഷ്കൃതന്മാരാൽ ജയിക്കപ്പെട്ടതും ഇൻഡ്യ ഒരു കച്ചവടസംഘത്തിനാൽ കീഴടക്കപ്പെട്ടതും. ഇതു ശരിതന്നെ. പൌരസ്ത്യർക്കു് അന്യരാജ്യങ്ങളെ പിടിക്കണമെന്നൊ കീഴടക്കി ഭരിക്കണമെന്നോ ഉള്ള ഉദ്ദേശം ഉണ്ടായിരുന്നില്ല. അവർ തങ്ങളുടെ രാജ്യങ്ങളെ പുഷ്ടിയാക്കി തൃപ്തിയോടുകൂടി വസിക്കണമെന്നുമാത്രമെ ഉദ്ദേശിച്ചിരുന്നുള്ളു. അതുകൊണ്ടു സൈന്യങ്ങളേയൊ യുദ്ധസാമഗ്രികളേയൊ നശീകരണോപകരണങ്ങളേയൊ സൃഷ്ടിച്ചു പരപീഡക്കു് ഒരുങ്ങിയിരുന്നില്ല എന്നുള്ളതു വാസ്തവം തന്നെയാണു്. ഇക്കാലത്തു പാശ്ചാത്യർ ഇതരരാജ്യങ്ങളെ ആക്രമിക്കുന്നതിനും കൈവശപ്പെടുത്തുന്നതിനും സൃഷ്ടിക്കപ്പെട്ടിട്ടുള്ള ബലവത്തുകളായ ഉപകരണങ്ങൾ പൗര

ന്ത്യർ സന്നദ്ധമാക്കീട്ടില്ല. ഇതു് അവരുടെ അഹിംസാപരമായ സ്വഭാവമൊ ചിന്തവൃത്തിയോ കൊണ്ടാണു്. ഇതു പാശ്ചാത്യദൃഷ്ടിയിൽ ചാപല്യത്തിന്റെ ഒരു വകഭേദമാണു്. ശക്തിതന്നെ യുക്തിയായിരിക്കുന്ന കാലത്തു ഇതൊരാക്ഷേപം തന്നെ ആയിരിക്കാം.

പൗരസ്ത്യർ പാശ്ചാത്യരേപ്പോലെ സമുദ്രത്തെ പരിശോധിച്ചിട്ടില്ലെന്നും പുതിയ ലോകങ്ങൾ കണ്ടുപിടിച്ചിട്ടില്ലെന്നും മറ്റുമാണു വേറൊരു ആക്ഷേപം. ഇതും ശരിതന്നെ. എന്നാൽ പൗരസ്ത്യർ പരിശോധിച്ചിട്ടുള്ള അപാരവും അഗാധവുമായ വേദാന്ത സമുദ്രത്തേയൊ, അവർ കണ്ടുപിടിച്ചിട്ടുള്ള ചിന്താലോകങ്ങളേയൊ പാശ്ചാത്യർ ആരെങ്കിലും ഇന്നു പരിശോധിക്കയൊ കണ്ടുപിടിക്കയൊ ചെയ്തിട്ടുണ്ടോ? പൗരസ്ത്യതത്വജ്ഞാനികളുടെ അഭിപ്രായപ്രകാരം മനുഷ്യവർഗ്ഗത്തിന്റെ പരമോദ്ദേശം രാജ്യം കൈവശപ്പെടുത്തുകയോ, ധനം സഞ്ചയിക്കയോ അല്ല. ആത്മജ്ഞാനസമ്പാദനവും ആത്മാവിന്റെ പരിപൂർണ്ണപ്രാപ്തിയുമാണെന്നാണു്. അതിനാൽ പൗരസ്ത്യരുടെ കണ്ടുപിടിത്തവും പരിശോധനയും ഒരു ഭിന്നമാർഗ്ഗത്തിൽക്കൂടിയായിരുന്നുവെന്നേയുള്ളൂ. പൌരസ്ത്യന്മാർ ഈ മാർഗ്ഗത്തെ വിട്ടു പാശ്ചാത്യരേപ്പോലെ ഭൂഭാഗങ്ങളെ കണ്ടുപിടിക്കുന്നതിനു മാത്രം ശ്രമിച്ചിരുന്നുവെങ്കിൽ ഇന്നു ലോകത്തിനു എന്തുമാത്രം അത്മീയനഷ്ടം നേരിടുമായിരുന്നു? മനുഷ്യവർഗ്ഗത്തിന്റെ ഒരു ഭാഗം ചിന്താനിരതന്മാരും മറ്റൊരു ഭാഗം പ്രവൃത്തിതല്പരന്മാരുമായിരുന്നാൽ മാത്രമേ ലോകത്തിനു സാവ്രതികമായ പുരോഗമനം സിദ്ധിക്കാൻ തരമുള്ളൂ. മനുഷ്യന്റെ ഒരു വശംമാത്രം വികസിപ്പിച്ചാൽ പൂർണ്ണത സിദ്ധിക്കയില്ല.

പ്രയത്നം മനുഷ്യനെ ഭൗതികസുഖത്തിലേയ്ക്കു നയിക്കുന്നു. മതം മനുഷ്യനെ ആത്മീയനിർവൃതിയിലേയ്ക്കു ക്ഷണിക്കുന്നു. തത്വജ്ഞാനം മനുഷ്യനെ തന്റെ യാഥാർത്ഥ്യത്തെ ഗ്രഹിക്കുന്നതിനു സഹായിക്കുന്നു. വിദ്യാഭ്യാസം മനുഷ്യനെ തൽക്കാലസ്ഥിതിയിൽ നിന്നും അധികം ഉൽകൃഷ്ടമായ സ്ഥിതിയിലേയ്ക്കു ഉയർത്തുന്നു. മനുഷ്യത്വത്തിന്റെ പരിപൂർണ്ണതയ്ക്ക് ഇവയൊക്കെയും അത്യാവശ്യമാണ്. പൗരസ്ത്യരെ അവഗണിക്കുന്നതു് മനുഷ്യത്വത്തിന്റെ ഒരു പ്രധാനമായ വശത്തെ വിസ്മരിക്കയാണ്. പ്രാചിയില്ലെങ്കിൽ പ്രതീചിയില്ല. പ്രതീചിയില്ലെങ്കിൽ പ്രാചിയുമില്ല. ഒരു ആംഗ്ലേയകവി പറയുന്നതുപോലെ— ഒരു സംഗതി സൃഷ്ടമാണ്-ഈശ്വരസൃഷ്ടിയിലൊന്നും തന്നെ അസ്ഥാനത്തില്ല.

ഉണ്ണായിവാര്യരും നളചരിതം ആട്ടക്കഥയും.

കഥകളി കേരളീയർക്കു പ്രത്യേകമെന്നു വിചാരിക്കാവുന്ന ഒരു വിനോദമാണ്. അതു ഒരു കാലത്തു് അവരുടെ ഹൃദയത്തെ അസാമാന്യമായി ആകർഷിച്ചും ഇരുന്നു. ഇതരദേശങ്ങളിൽ നാടകങ്ങളും മുതലായ അഭിനയകലകളും വളരെ മുമ്പുതന്നെ ഉത്ഭവിച്ചിരുന്നു. എന്നാൽ കേരള

ത്തിൽ അതിന്റെ പരിതസ്ഥിതികളുടെ പ്രത്യേകതയും, ഭാഷയുടെ ശ്രേഷ്ഠതയും നിമിത്തം ഇവ അല്പം താമസിച്ചാണ് ഉണ്ടായതു്. അതുതന്നെ ഏറക്കുറെ അപരിഷ്കൃതരീതിയിലും വേഷത്തിലുമായിരുന്നു. കേരളീയർക്ക് സാഹിത്യാഭിരുചി അല്പമെങ്കിലും ജനിച്ചതു തുഞ്ചത്തു ഗുരുനാഥന്റെ കാലംമുതൽക്കാണു്. അദ്ദേഹത്തിന്റെ അനന്യസദൃശങ്ങളായ കൃതികൾമൂലം ധാരാളം അക്ഷരജ്ഞാനവും പുരാണപാരായണസൗകര്യവും ലഭിച്ചതോടുകൂടി കേരളീയർക്ക് പുരാണകഥകളോടും, അവയിലെ കഥാപുരുഷന്മാരോടും പരിചയം സിദ്ധിക്കയും അവർ തങ്ങളുടെ സ്നേഹത്തിനൊ, ദ്വേഷത്തിനൊ ഏറക്കുറെ പാത്രീഭവിക്കയും ചെയ്തു. മനുഷ്യസ്വഭാവമനുസരിച്ചു് ഈ കഥാപുരുഷന്മാരുടെ ക്രിയകളും വിക്രിയകളും കേൾക്കുന്നതിലെന്നപോലെ കാണുന്നതിലും ജനങ്ങൾ ഉത്സുകന്മാരായി ഭവിച്ചു. സ്വാഭാവികമായ ഈ ഔത്സുക്യത്തെ തൃപ്തിപ്പെടുത്തുന്നതു് അത്യാവശ്യമായിട്ടും വന്നു. ഈ ഘട്ടത്തിലാണു് ഒരു അഭിനയകലയെന്നു പറയാവുന്ന "കഥകളി" കേരളത്തിൽ ഉത്ഭവിച്ചതു്. അത്യാവശ്യം നേരിട്ടപ്പോൾ അവയ്ക്കു നിവൃത്തിയും ഉണ്ടാകാതെ കഴികയില്ലല്ലോ. ഇതു രൂപത്തിലും സ്വഭാവത്തിലും ഇന്നു് ഒട്ടുമിക്കവാറും ഉത്ഭവിച്ച കാലത്തെ നിലയിൽത്തന്നെയാണിരിക്കുന്നതു്. അനുകരിക്കയല്ലാതെ പരിഷ്കരിക്കയെന്നുള്ളതു് ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണു്. ഇനി നാം അതിനെ ഉദ്ധരിക്കാത്തപക്ഷം അതു നാമാവശേഷമായിത്തീരുവാനും ഇടയുണ്ടു്. ഒരു വിനോദം എന്ന നിലയിൽ കഥകളിക്കു് ഇന്നു പ്രചാരം വളരെ കുറവാണു്. എങ്കിലും അതിൽ ഭ്രമമുള്ളവർ അവിടവിടെ തീരെ ഇല്ലാതില്ല. രംഗോപജീവികളും കോണിലും

മൂലയിലു, ചുരുക്കമായി ഉണ്ടായിരിക്കാം. ഉപജീവനമാർഗ്ഗം എന്ന നിലയിലും അതു് ഇന്നു സുസ്ഥിരവും ആദായകരവുമാണെന്നു പറവാൻ തരമില്ല. ഇതെല്ലാംകൊണ്ടും "കഥകളി" അസ്തോന്മുഖമായിട്ടാണു് ഇപ്പോൾ ഇരിക്കുന്നതു്. ജനങ്ങളിൽ വന്നുകൂടീട്ടുള്ള രുചിഭേദമാണു് ഇതിനു പ്രധാന കാരണം.

കഥകളിക്കു വേണ്ടതായ സാഹിത്യത്തെ നിർമ്മിക്കുകയും നേപത്ഥ്യവിധാനങ്ങളേയും മറ്റും നിർദ്ദേശിക്കുകയും ആദ്യമായി ചെയ്തതു കൊട്ടാരക്കര കേരളവർമ്മരാജാവാണു്. ഇദ്ദേഹം എട്ടു ആട്ടക്കഥകൾ എഴുതീട്ടുണ്ടു്. ഇദ്ദേഹത്തിനെത്തുടർന്നു കോട്ടയത്തു രാജാവു മുതലായി മറ്റു പലരും ആട്ടക്കഥകൾ ഏറെക്കുറെ ഉണാഉണവ്യത്യാസത്തോട്ടുകൂടി നിർമ്മിച്ചിട്ടുണ്ടു്. ഇവയെല്ലാറ്റിലുംവെച്ചു് ഉണ്ണായിവാരിയരുടെ "നളചരിത"മാണു് പ്രഥമസ്ഥാനത്തെ അർഹിക്കുന്നതു്. വാരിയർ കൊച്ചിയിൽ ഇരിങ്ങാലക്കുടസ്വദേശിയായിരുന്നു. ഇദ്ദേഹം വിദ്യാഭ്യാസം കഴിഞ്ഞു തിരുവനന്തപുരത്തെത്തി കാർത്തികതിരുനാൾ മഹാരാജാവിനെ സേവിച്ചു വളരെനാൾ താമസിച്ചതായി പറയപ്പെട്ടിരിക്കുന്നു. പ്രസിദ്ധനായ കുഞ്ചൻനമ്പ്യാരും അക്കാലത്തു് അവിടെ താമസിച്ചിരുന്നു. ഇവർ ഇരുവരും തമ്മിൽ വലിയ കൂട്ടുകെട്ടും ആയിരുന്നു. രണ്ടുപേരും സരസന്മാരും വിദ്വാന്മാരും ആയിരുന്നുവല്ലൊ. ഇക്കാലത്തു വാരിയർ തന്റെ ദാരിദ്ര്യാവസ്ഥയെ സൂചിപ്പിച്ചു താഴെ കാണുന്ന ദ്വയാർത്ഥത്തിലുള്ള ശ്ലോകം തിരുമനസ്സിലേയ്ക്കു സമർപ്പിച്ചതായി പറഞ്ഞുകേട്ടിട്ടുണ്ടു്.

"ഏഥകാത്സ്വരപാത്രം
ഭ്രഷിതനിശ്ലേഷപരിജനം
വിലസൽ കരേണു ഗഹനം
സംപ്രതി സമമാവയോഃ സദനം."

വാരിയക്കു തിരുവനന്തപുരത്തെ താമസത്തിനിടയിൽ കഥകളിയെ അതിന്റെ പൂർണ്ണചടങ്ങുകളോടും, വിശിഷ്ട രൂപത്തിലും, കാണുന്നതിനു ധാരാളം അവസരം ലഭിച്ചു. ആട്ടക്കഥകളും മിക്കവയും വായിക്കുന്നതിനും അവയിലുള്ള സൂക്തകളെ മനസ്സിലാക്കുന്നതിനും അദ്ദേഹത്തിനു നല്ല സൗകര്യമുണ്ടായിരുന്നു. കൊട്ടാരംവക ഒരുകഥകളിസംഘം ഉണ്ടായിരുന്നതിലേക്കു വിദഗ്ധന്മാരായ നടന്മാരേയും, പാട്ടുകാരേയും, മേളക്കാരേയും തിരഞ്ഞെടുത്തിരുന്നു. അതിനാൽ കഥകളി എത്രത്തോളം നന്നാക്കാമോ അത്രത്തോളം നന്നാക്കിയിരുന്നു. വാരിയക്കു കഥകളിയെ ആപാദമൂഡം ഒന്നു പരിഷ്കരിച്ചാൽ കൊള്ളാമെന്നു താല്പര്യമുണ്ടായിരുന്നു. എങ്കിലും അതു് അന്നത്തെ രൂപത്തിൽ സാമാന്യജനങ്ങളുടെ വിനോദവിഷയങ്ങളിൽ പ്രധാനമായ ഒന്നായിരുന്നതിനാൽ ആ മാതൃകയെ തീരെ ത്യജിക്കാതെ ആഭ്യന്തരമായ ചില മാറ്റങ്ങൾ വരുത്താനാണു് അദ്ദേഹം ശ്രമിച്ചതു്. സാധാരണ കഥകളികളിൽ വാസ്തവത്തിൽ രസാവഹമായ അഭിനയം വളരെ കുറവും ജനസാമാന്യത്തിനു രസിക്കുന്നതായ ആട്ടവും, ചാട്ടവും, വേഷവിശേഷങ്ങളും അധികവുമായിട്ടാണിരിക്കുന്നതു്. ഇതു നാടകം മുതലായ ദൃശ്യകലകളുടെ ഉൽകൃഷ്ടോദ്ദേശങ്ങൾക്കു യോജിച്ചതായി വിചാരിക്കാൻ തരമില്ല. അതിനാൽ വാരിയർ അല്പം ഭിന്നമായ ഒരു രീതിയെ അവലംബിച്ചാണു നളചരിതം ആട്ടക്കഥ

രചിച്ചിട്ടുള്ളതു്. ഒന്നാമതായി നളചരിതം കഥകളിക്കു മറ്റുള്ളവയിൽ നിന്നുമുള്ള വ്യത്യാസം അതു നാലു ഭാഗങ്ങളായി വിഭജിച്ചിട്ടുണ്ടെന്നുള്ളതാണു്. ഇതു നാടകങ്ങളിലെ അങ്കവിഭാഗരീതിയെ അനുസരിച്ചാണെന്നു പക്ഷേ പറയാം. കഥയിലുള്ള പ്രധാന സംഗതികളിലേയ്ക്കു നമ്മുടെ ശ്രദ്ധയെ പ്രത്യേകം ആകർഷിക്കുന്നതിനു് ഇതു് ഒരു നല്ല ഉപായമാണു്. കഥയുടെ പരിണാമത്തിലേയ്ക്കു ക്രമേണയുള്ള ഗതിയെക്കാണിക്കുന്നതിനും, ഇതു പയ്യാപ്പുമായിട്ടുള്ളതാണു്. മറ്റു കഥകളികളിൽ ഇപ്രകാരമുള്ള സീമാന്തരേഖകം ഒന്നുംതന്നെ ഇല്ലാത്തതിനാൽ കഥയുടെ സ്വഭാവത്തെപ്പറ്റി ഒരു സുവ്യക്തജ്ഞാനം നമുക്കു ലഭിക്കുന്നില്ല. ഇതുകൂടാതെ, വാരിയരുടെ കഥകളിയിൽ മറ്റു കഥകളിൽ പ്രധാനസ്ഥാനം വഹിക്കുന്ന "യുദ്ധ"മോ, "വധമോ" ഒന്നുതന്നെയില്ല. കഥാപാത്രങ്ങളെക്കുറിച്ചു നോക്കുന്നതായാൽ കുസൃതികളായ കലി, ദ്വാപരൻ എന്നിവരെ ഒഴിച്ചാൽ മറ്റെല്ലാവരും ശാന്തമനസ്കന്മാരും സ്വഭാവശുദ്ധിയുള്ളവരുമാണെന്നു കാണാവുന്നതാണു്. നമ്മുടെ കവിയുടെ ദിവ്യതൂലിക ഇവരുടെ എല്ലാവരുടേയും സ്വഭാവത്തെ വിശദമായി ചിത്രീകരിച്ചിട്ടുണ്ടു്. നായികാനായകന്മാരായ ദമയന്തിക്കും നളനും മഹത്തായ വിപത്തുക്കൾ സംഭവിച്ചിട്ടും അവരുടെ സ്വഭാവത്തിനു യാതൊരു കളങ്കവും വരാതെ സുരക്ഷിതമായിത്തന്നെ ഇരിക്കുന്നു. "ആപത്തിലും നിൻബുദ്ധിയധർമ്മവിമുഖിയാകും" എന്നുള്ള യമന്റെ അനുഗ്രഹം രണ്ടുപേർക്കും പറഞ്ഞതായിത്തന്നെ വേണം വിചാരിക്കാൻ. ദുഃഖമാസ്വത്തിൽ കൂടിയല്ലാതെ, സുഖത്തെ പ്രാപിക്കാൻ സാധിക്കയില്ലെന്നുള്ള വിലയേറിയ പാഠമാണു് നളചരിതത്തിൽ നിന്നു നമുക്കു പഠിക്കാ

ണ്ടുള്ളതു്. ഈ രീതിയെ വിശദമാക്കുന്നതിനു് വാരിയർ തന്റെ ബുദ്ധിസാമർത്ഥ്യം മുഴുവനും പ്രയോഗിച്ചിട്ടുണ്ടു്. നാടകം മുതലായ ദൃശ്യകലകളുടെ പരമോദ്ദേശവും ഇതു തന്നെയാണു്. മറ്റുള്ള ആട്ടക്കഥകൾക്കു ഈ പ്രകാരമുള്ള ഉൽകൃഷ്ടലക്ഷ്യം വല്ലതും ഉണ്ടോ എന്നുള്ള കാര്യം സംശയ ഗ്രസ്തമാണു്. അവ മിക്കവാറും മനുഷ്യനിൽ ഉൽകൃഷ്ട മായ പ്രേരണാശക്തിയെ ജനിപ്പിക്കുന്നതിനു മതിയാകാത്തതായ "വധം" അല്ലെങ്കിൽ "സംഭയംവരം" എന്നീ വിഷയങ്ങളെ ആസ്പദമാക്കി എഴുതീട്ടുള്ള വയാണു്. അവ തൽക്കാലം വല്ല രസവും ദ്രഷ്ടാക്കളിൽ ജനിപ്പിച്ചേക്കാമെന്നു മാത്രമേ വിചാരിക്കാൻ തരമുള്ളു. ഇതു ക്രൂടാതെയും മറ്റു് ആട്ടക്കഥകളിൽ സാധാരണ കാണാത്തതായ ലോകതത്വവിമർശനപരമായ "ഏകാന്തഭാഷണം" നള ചരിതത്തിൽ ഒന്നു രണ്ടു ടിക്കിൽ വായ്പ്പർ ഉചിതമായി സംഘടിപ്പിച്ചിട്ടുണ്ടു്. ഇതിനും പുറമേ, അനേകം സരസങ്ങളായ നീതിവാക്യങ്ങളും പാത്രങ്ങളുടെ സംഭാഷണങ്ങളിൽ സുവർണ്ണത്തിൽ രത്നങ്ങൾപോലെ ഖചിതങ്ങളായി ശോഭിക്കുന്നുണ്ടു്. അതുകൊണ്ടു് നളചരിതം അഭിനയിച്ചു കാണുന്നവർക്കു മാത്രമല്ല, അതു വായിക്കുന്നവർക്കും ഉൽകൃഷ്ടമായ ഒരു ചിത്തവൃത്തി ഉണ്ടാകാതിരിക്കാൻ തരമില്ല. നീതിവാക്യങ്ങൾക്കു ചില ഉദാഹരണങ്ങൾ മാത്രം ഇവിടെ ചേർക്കാം.

1. "നല്ലതു നല്ലതിനോടേ ചേരണം"
2. "യൌവനം വന്നടിച്ചിട്ടും ചെറുതായില്ല ചെറുപ്പം"
3. "അണ്ണാവംതന്നിലല്ലോ നിമ്നഗചേന്തു ഞായം അന്യഥാ വരുത്തുവാൻ ഏന്തു മതിന്നീടുമോ?"

4 "ചതി ദേവതകൾം തുടന്നീട്ടകിലോ ഗതിയാരവനീ
[തലേ"

5. "ഭക്തജനചിത്തമുണ്ടോ തപ്പുമാക്കമാറീശന്മാർ."

6. "പാഠസാം നിചയം വാന്നൊഴിഞ്ഞളവു
സേതുബന്ധനോദ്യോഗമെന്തെടോ?"

7. "പാതിയും പുമാൻ പതിയെന്ന വേദശാസ്ത്രാദി-
ബോധമുള്ളവർകൾം ചൊല്ലീടുന്നു."

8. "പ്രാണരക്ഷണത്തിനൊന്നില്ലാ പ്രത്യുപകാരം."

9. "അനർത്ഥമെല്ലാവക്കുമുണ്ടാമേകദാ."

10. "സത്തുക്കൾംക്കന്യാധിസംഹാരം സ്വാധികാരം."

11. "തന്നടെവിട്ടു നന്നൻകിലെന്നാല്ലോ കേൾംപ്പൂ."

12. "ചാരുതപമെഴും നിയമനിഷ്ഠയും
ചാരിത്രമെന്നുള്ളൊരു ചട്ടയും
പാതിവ്രത്യപരമകാഷ്ഠയും
കുലബാലികമാക്കിതന്നേ നല്ല കോട്ടയും"

ഇതുപൊലെ ഇനിയും ഒട്ടുവളരെ നീതിവാക്യങ്ങൾം നള ചരിതത്തിലുണ്ട്. വിസ്തരഭയംകൊണ്ട് അവയെ ഇവിടെ ഉദ്ധരിക്കുന്നില്ല.

നളചരിതത്തിലെ "പാത്രങ്ങളു"ടെ വിഷയത്തിലും വായ്പൂർ വേണ്ടവിധം ശ്രദ്ധിക്കാതിരുന്നിട്ടില്ല. അവരുടെ സ്വഭാവങ്ങളും മറ്റും സപായം വർണ്ണിക്കയല്ല. നാടകരീതി അനുസരിച്ചു പാത്രങ്ങളുടെ സംഭാഷണങ്ങളും ചേഷ്ടകളും വഴിക്ക് വായ്പൂർ പ്രകാശിപ്പിക്കുകയാണു ചെയ്തിട്ടുള്ളതു്. ഉദാഹരണങ്ങൾം എടുത്തു കാണിക്കാമെന്നു വിചാരിക്കുന്നു.

"പരപീഡനമെനിക്ക വ്രതമെന്നറിക
പരിചെഴുമധമ്മമെൻ മതമേ"

എന്നുള്ള വാക്കുകളിൽ കലിതന്നെ തന്റെ ദുസ്സ്വഭാവത്തെ സ്പഷ്ടമാക്കിയിരിക്കുന്നു. പോരെങ്കിൽ "കുമതിഭവാൻ" എന്ന ഇന്ദ്രനും കലിക്കു നാമകരണം ചെയ്തിട്ടുണ്ട്.

"ബാഹുജനെന്നുള്ളതേ നമുക്കുള്ള മറവും" എന്ന "നിഷധപുഷ്കരധൂമകേതു" വായ പുഷ്കരന്തന്നെ തന്റെ നിസ്സാരതയെ സ്പഷ്ടമായി വെളിപ്പെടുത്തുന്നു.

"അതിമൂഢനിവനോടെന്തുസരിച്ചുരപ്പൂ
അതുകേട്ടിട്ടിവനെന്തോ അടങ്ങിപ്പോയിരിപ്പൂ"

എന്നു് കാട്ടാളന്റെ ചപലസ്വഭാവത്തെ അപഗ്രഥനം ചെയ്തു ദമയന്തി അതിന്റെ സാരഭാഗമെടുത്തു കാണിച്ചിരിക്കുന്നു.

"ധൂർത്തനല്ല ദുഷ്ടമാത്മബന്ധുവത്രെ
മൂർത്തിയും മൊഴിയുമൊരുപോലെ"

എന്നാണു് സാർത്ഥവാഹകന്റെ സൽസ്വഭാവത്തെ ദമയന്തി രേഖപ്പെടുത്തിയിരിക്കുന്നതു്. നളന്റെ "പ്രവണന്മാരുളിൽ ക്ഷേമിമാൻ" എന്നും, ദമയന്തിയെ "പാതിവ്രത്യത്തിന്റെ പരമകാഷ്ഠ" യെന്നും, ഋതുപർണ്ണനെ "ബാഹുബലജലരാശി" യെന്നും, രാജഹംസത്തെ "മധുരാകൃതേ ഗുണവാരിധേ" എന്നും സന്ദർഭോചിതമായി വ്യത്യസ്തമായ തുലികാരേഖകൊണ്ടു ചിത്രീകരിച്ചിട്ടുണ്ടു്. നളന്റെ സ്ത്രീവിഷയമായ ചാപല്യത്തേയും കവി മറച്ചിട്ടില്ല.

"വിധുമുഖിയുടെ രൂപമധുരത കേട്ട മമ
വിധുരത വന്നു കൃത്യചതുരത പോയി"

എന്നു നളൻതന്നെ തന്റെ ചപലതയെപ്പറ്റി വിലപിക്കുന്നു.

"ഉയ്ക്കേവുള്ളു മഹീവരരിൽ കാക്കോടകാഖ്യനഹം
ഓക്കേണമൊരു മുനിയെ മാറ്റേ ചതിച്ചിതഹം"

എന്നു കാക്കോടകൻതന്നെ തന്റെ ഗുണാഗുണങ്ങളെ സൂചിപ്പിച്ചിരിക്കുന്നു. ഇങ്ങിനെ ഇനിയും പലതുമുണ്ട്. ചുരുക്കത്തിൽ കഥാപാത്രങ്ങളെ ഒക്കെയും വാഗ്വർ അവരുടെ സ്വഭാവസ്ഥിതിക്കനുരൂപമായ വിധത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ടെന്നുവേണം പറവാൻ.

ഇനി ഭാഷയെക്കുറിച്ചു നോക്കാം. വാഗ്വരുടെ ഭാഷാരീതിതന്നെ ഒന്നു വേറെയാണ്. സംസ്കൃതപദങ്ങളും ധാരാളം ഉപയോഗിച്ചിട്ടുണ്ടെങ്കിലും അവ അവയുടെ കാഠിന്യത്തിനു വേണ്ടിയല്ല; മാധുര്യത്തിനും ലാളിത്യത്തിനുംവേണ്ടി തിരഞ്ഞെടുക്കപ്പെട്ടവയാണ്. ഭാഷാശബ്ദങ്ങളും ഉപയോഗിക്കുന്നതു ഗൌരവത്തിനു പോരാ എന്നു മറ്റു ചിലർക്കുള്ളതുപോലെയുള്ള അഭിപ്രായം വാഗ്വർക്കില്ലെന്നു സ്പഷ്ടമായി കാണാവുന്നതാണ്. ഈ രണ്ടുതരം പദങ്ങളേയും ഗൌരവഹാനിക്കുടാതെ സരസമാംവണ്ണം സംഘടിപ്പിക്കാമെന്നു വാഗ്വർ തെളിയിച്ചിട്ടുണ്ട്. മറ്റു് ആട്ടക്കഥകളിൽ ശ്ലോകങ്ങളും മിക്കവയും അഥവാ എല്ലാംതന്നെയും സംസ്കൃതത്തിലാണ്. എന്നു തന്നെയുമല്ല, കഠിനങ്ങളായ പദങ്ങളും കിട്ടുന്നിടത്തോളം ഉപയോഗിക്കണമെന്നു നിർബന്ധമുള്ളതുപോലെ തോന്നും. എന്നാൽ വാഗ്വർക്ക് അങ്ങനെ ഒരു നിർബന്ധവും ഉള്ളതായിക്കാണുന്നില്ല. നളചരിതത്തിൽ അനേകം സംസ്കൃതശ്ലോകങ്ങളും ഒട്ടേറെ മണിപ്രവാള

ശ്ലോകങ്ങളും തുല്യരമൃതയോടുകൂടി വർത്തിക്കുന്നുണ്ട്. അവയിൽ ഉപയോഗിച്ചിരിക്കുന്ന രണ്ടുതരം പദങ്ങളും ഒരുപോലെ ശാണോല്ലീഢങ്ങളാണെന്നുവേണം പറവാൻ. അർത്ഥപുഷ്ടിയും ശബ്ദഭംഗിയും വാല്മീകി ഒരുപോലെ സദാ ദീക്ഷിച്ചിട്ടുണ്ട്. ശ്ലോകങ്ങളെ ഉദ്ധരിച്ചു് ഇവിടെ സ്ഥലം കളയണമെന്നു വിചാരിക്കുന്നില്ല. ഏവിടെ നോക്കിയാലും, അതു് അറിയാവുന്നതാണു്. "പദങ്ങൾ" അഥവാ ഗാനത്രുപേണയുള്ള സംഭാഷണങ്ങളുടെ സ്ഥിതിയും ഇതുതന്നെയാണു്. ഇതിലെ പലമട്ടിലുള്ള പല പദങ്ങളും സാധാരണ പാട്ടുകളായി ഗായകന്മാർ ഉപയോഗിച്ചുവരുന്നുണ്ട്. ഇവയിലെ ശബ്ദമാധുര്യവും സംഗീതർസികത്വവും അനന്യസദൃശങ്ങളെന്നുതന്നെ പറയാം. വാല്മീകി പ്രാസത്തിൽ അസാമാന്യമായ നിർബന്ധം ഉള്ളതായി തോന്നുന്നു. പ്രാസങ്ങളില്ലാത്ത പദങ്ങളോ ശ്ലോകങ്ങളോ കാണ്മാൻ പ്രയാസമാണു്. ഇല്ലെന്നുതന്നെ പറയാം. എന്നാൽ അന്ത്യപ്രാസത്തോടാണു വാല്മീകി അധികം പ്രതിപത്തിയുള്ളതായി തോന്നുന്നതു്. "നവവിരഹമയന്ത്യാം" "അമൃതമിവകിരന്തി" എന്നും ആരംഭിക്കുന്ന ശ്ലോകങ്ങൾ ഇതിനു് ഉത്തമോദാഹരണങ്ങളാണു്. പദങ്ങളുടെ വിഷയത്തിൽ പ്രത്യേകം ഉദാഹരണങ്ങൾ ഉദ്ധരിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. മിക്കവയും ഉദാഹരണങ്ങൾ തന്നെയാണു്. ചുരുക്കിപ്പറയുന്നതായാൽ വാല്മീകിയുടെ ഭാഷയ്ക്കു് ഒരു പ്രത്യേക പ്രസന്നതയും ഔജ്ജ്വല്യവും മാധുര്യവും ഉണ്ടു്.

"കനകമത്ഥവും സുധാകണക്കെ പദനിരയും
അനർഗ്ഗളം യമകവുമനുപ്രാസമുപമാദി

ഇണക്കംകലർന്ന രമ്യംജനിക്കും നൽസാരസൃഷ്ടിം
നിനക്കും നിൻദയിതയ്ക്കും വിനയുന്നവക്കുംപിന്നെ"

എന്ന സരസ്വതീദേവി വിവാഹാനന്തരം വധൂവരന്മാക്ക നഠംകിയ വരം വായ്ക്കും ഫലിച്ചു എന്നുവേണം നളചരിതത്തിൽ നിന്നും ഊഹിക്കാൻ. വായ്പ്പർ സാഹിത്യത്തിലും സംഗീതത്തിലും ഒരുപോലെ വിദഗ്ധനായിരുന്നു എന്നുള്ളതിനു സംശയമില്ല. എങ്കിലും ചില പദങ്ങളെ അതായതു ഗാനരീതിയിലുള്ള സംഭാഷണങ്ങളെ കോട്ടയത്തു കിളിരൂർ എന്ന സ്ഥലത്തുള്ള ഒരു ഭാഗവതരുടെ സഹായത്തോടുകൂടിയാണു രാഗതാളവിഷയത്തിൽ ശരിപ്പെടുത്തിയതെന്നു കേൾപ്പിയുണ്ട്. ഇതിൽനിന്നെല്ലാം അനുമാനിക്കേണ്ടതു വായ്പ്പർ നളചരിതത്തിന്റെ രചനയിൽ വളരെ ശ്രദ്ധിച്ചിട്ടുണ്ടെന്നാണ്. എന്നാൽ വായനക്കാരെ വിഷമിപ്പിക്കുന്നതായ ചില പ്രയോഗങ്ങളും ഇതിൽ ഇല്ലാതില്ല.

"ആളയച്ചിട്ടുണ്ടെമ്മാനില്ലെമ്മാനില്ല"

എന്ന് ഒരു ദിക്കിലും,

"പ്രീയമാരായോ ഗതിവാരായോ
രണ്ടുമെങ്ങിനെയെന്നാലങ്ങിനെ വേണം ചെയ്യാൻ"

എന്ന മറൊരുദിക്കിലും പ്രയോഗിച്ചുകാണുന്നുണ്ട്. ഇവയുടെ അർത്ഥം അത്ര വ്യക്തമായിരിക്കുന്നില്ല. തമ്മിൽ തിരിച്ചറിവാൻ എളുപ്പമല്ലാത്തവിധത്തിൽ സംസ്കൃതശബ്ദങ്ങളും ഭാഷാശബ്ദങ്ങളും ചില സ്ഥലത്തു സംഘടിപ്പിച്ചിരിക്കുന്നതായും കാണുന്നുണ്ട്.

"വസ്തുമേതദ്ഗുൽസ്രജ്മിചാമിവ" എന്നും,

"തരുവരേഷു തരുവരേഷുപൂജകം" എന്നും, പ്രയോ

ഗിച്ചിട്ടുണ്ട്. ചില പ്രയോഗങ്ങളുടെ സാധുതപ്പെ
ക്കുറിച്ചു സംശയിക്കേണ്ടതായുമിരിക്കുന്നു. കഥയുടെ ആട്ട
ത്തിൽ നളന്റെ ഗുണഗണങ്ങളെപ്പറ്റി വർണ്ണിക്കുന്ന
ക്ലൃപ്തത്തിൽ "കലിശമനൌഷധ രസമയ ചരിതൻ" എ
ന്നൊരു വിശേഷണം നളനു നൽകിയിട്ടുണ്ട്. എന്നാൽ
ഇതു കഥയുടെ ഒടുവിൽ സംഭവിക്കാൻ പോകുന്ന ഒരു
സംഗതിയാകകൊണ്ടു മുൻപിൽ ക്ലൃപ്തി അതു സംഭവിച്ചു
തായി പറയുന്നതു് അനുചിതമല്ലയോ എന്നാണു സം
ശയം. ഇതുപോലെ തന്നെ കലി ദമയന്തിയുടെ വിവാഹ
വാർത്ത അറിയുന്നതിനു മുമ്പിലായി ഇന്ദ്രനോടു് ഇങ്ങനെ
പറയുന്നു: "ഭവദപകൃതേരഹം പ്രതികരിഷ്യാമി" ഇതു
മുമ്പു പറഞ്ഞതുപോലെ അസ്ഥാനത്തല്ലയോ എന്നാണു
സംശയം. കവിക്കു് ഇവയ്ക്കു വല്ല സമാധാനവുമുണ്ടാ
യിരിക്കാം എന്നുവേണം ഊഹിക്കാൻ. അതിരിക്കട്ടെ.
ചില ടിക്കിൽ പദങ്ങളെ വിശേഷരീതിയിൽ സംഘടി
പ്പിച്ചു കാണുന്നുണ്ടു്. "ഈമൂന്നു" എന്നുള്ളതിനു പകരം
"മൂന്നീ" എന്ന പൊടിക്കൈ പ്രയോഗിച്ചിട്ടുണ്ടു്. "പിരി
ഞ്ഞാധിനില്ലാ" എന്ന വേറൊരു ടിക്കിലും ഒരു വിശേഷപ്ര
യോഗം കാണുന്നുണ്ടു്. ചിലേടത്തു തമിഴ് പദപ്രയോ
ഗങ്ങളും ഇല്ലാതില്ല. "ഒരുപോതും നിനയാതെ" എന്നും,
"യുക്ഷ്മദാദേശം കേട്ടപോതിലെ" എന്നും പ്രയോഗിച്ചു
കാണുന്നുണ്ടു്. ഇതൊക്കെയും ഇവിടെ ഉദ്ധരിക്കണമെന്നു
വിചാരിക്കുന്നില്ല. ആകപ്പാടെ നോക്കിയാൽ വായ്പൂർ
ഒരു സരസനും, വിദ്വാനും, കവിയും, ഭാഷാജ്ഞനും, സം
ഗീതജ്ഞനും ആണെന്നുള്ളതിനു സംശയമില്ല. കവി
കർമ്മക്കു് അപൂർവ്വമായി അനുവദിച്ചിട്ടുള്ള "കവിസ്വാ
തന്ത്ര്യം" എന്നുള്ള അവകാശത്തെ ധാരാളം ഉപയോഗ

പ്പെട്ടതിയിട്ടുള്ള ഒരാളാണ് [illegible] എന്നു പറയേണ്ടിയിരിക്കുന്നു. ഇദ്ദേഹത്തിന്റെ ചില പ്രയോഗങ്ങളും വയ്യാകരണന്മാർക്കും വ്യാഖ്യാതാക്കൾക്കും "കീറാമുട്ടി"യായിത്തീർന്നിട്ടുണ്ടെന്നു തോന്നുന്നു. ഇങ്ങനെ ഒക്കെ ഇരുന്നാലും ഇദ്ദേഹത്തിന്റെ നളചരിതം ഒരുത്തമകൃതിയും ആട്ടക്കഥകളിൽ പ്രഥമസ്ഥാനം അർഹിക്കുന്നതുമാണെന്നുള്ളതിനു തർക്കമില്ല. ഒരു പ്രസിദ്ധമായ കഥയെ ഇതിവൃത്തമാക്കി അതിലെ നായകനായികമാരെ വിരഹം, തന്നിവൃത്തി, വിയോഗം, വിപത്തു് ഈ ഘട്ടങ്ങളിൽ കൂടി നയിച്ചു്, ഒടുവിൽ സംയോഗസുഖത്തിൽ എത്തിച്ചു, മനുഷ്യരുടെ ലോകാനുഭവത്തെ ദൃഷ്ടാന്തീകരിച്ചു് ഒരുത്തമമായ സന്മാർഗ്ഗപാഠം കവി നമുക്കു സമർപ്പിച്ചിരിക്കുന്നു മറേറതു് ആട്ടക്കഥയെടുത്തു നോക്കിയാലും ഇപ്രകാരമുള്ള ഒരു വിശിഷ്ടപാഠം നമുക്കു ലഭിക്കാൻ സാധിക്കയില്ല. രചനാചാതുര്യം, ഭാഷാമാധുര്യം, വിവേകപൂർവമായ കഥാവിഭാഗം, പാത്രങ്ങളുടെ സ്വഭാവചിത്രീകരണം അവിടവിടെ ഖചിത്രങ്ങളായിരിക്കുന്ന തത്പജ്ഞാനശകലങ്ങൾ, വശ്യമായ ശൃംഗാരരസം, വിവിധവികാരകലുഷദൂഷിതങ്ങളായ മനുഷ്യഹൃദയങ്ങളെ ശുദ്ധീകരിക്കുന്നതിനുപയുക്തമായ കരുണരസപ്രയോഗം, ദമ്പതിമാരുടെ സുസ്ഥിരവും നിഷ്കളങ്കവുമായ പ്രേമമാർഗ്ഗം, ഖലന്മാരുടെ അധഃപതനം, എല്ലാത്തിലും ഉപരിയായി പാതിവ്രത്യത്തിന്റെ വിജയം ഇവയെല്ലാംകൊണ്ടും നളചരിതം ആട്ടക്കഥ ഭാഷാസാഹിത്യത്തിൽ അദ്വിതീയമായ ഒരു സ്ഥാനം വഹിക്കുന്നു. ഇതിൽ വായ്പുരുടെ കഥാവരണത്തിലുള്ള വിവേകബുദ്ധിയും ഘടനാവൈദഗ്ധ്യവും വാഗ്വശ്യതയും കലാകുശലതയും രസജ്ഞതയും അസാമാന്യ

മായ പാണ്ഡിത്യവും സവിശേഷം നിഴലിച്ചുകാണുന്നുണ്ടെന്നു പറയേണ്ടിയിരിക്കുന്നു. എന്നാൽ ഇതു കേവലം അനവദ്യയാണെന്നു പറയുന്നില്ല. ഇത്തരത്തിലുള്ള മറ്റു കൃതികളെ അപേക്ഷിച്ചു ഭേദഭ്രയിഷ്ഠമാണെന്നു മാത്രമേ പറയുന്നുള്ളൂ. എന്റെ ഈ അഭിപ്രായം ഒരു വായനക്കാരന്റെ നിലയിൽ മാത്രമാണെന്നും ഒരു വിമർശകന്റെ നിലയിലല്ല എന്നും കൂടി പറഞ്ഞുകൊള്ളുന്നു.

സാഹിത്യകാരന്മാരുടെ ദുരവസ്ഥ.

Thomas Carlyle.

ജ്ഞാനത്തെ ഗ്രഹിക്കുക എന്നുള്ളതു ജ്ഞാനത്തെ ഉപയോഗിക്കുക എന്നുള്ളതാണെങ്കിൽ—യശസ്സു യഥാർത്ഥമാഹാത്മ്യത്തേയും മനസ്സമാധാനത്തേയും നൽകുന്നുണ്ടെങ്കിൽ—ചാരിതാർത്ഥ്യമെന്നുള്ളതു ബുദ്ധിയെ അതിനുചിതമായ ഭക്ഷണംകൊണ്ടു പോഷിപ്പിക്കയും പ്രതിഭയെ അനവദ്യയായ സൌന്ദര്യംകൊണ്ടു പരിവൃതമാക്കുകയും ചെയ്യുന്നതാണെങ്കിൽ—സാഹിത്യപരമായ ജീവിതം ഇഹലോകം നൽകുന്ന സുഖാനുഭൂതികളിൽ വച്ചു് ഏറ്റവും അസൂയപ്പെടാവുന്ന ഒന്നുതന്നെയാണു്. എന്നാൽ സത്യം അങ്ങിനെയൊന്നുമല്ല. സാഹിത്യകാരന് ഇതരന്മാരേക്കാൾ അധികം സുസ്ഥിരമോ അപ്രതിഹതമോ ആയ ഒരു മനഃശ്ശക്തിയില്ല. ഒരു കാര്യത്തെ ഗ്രഹിക്കുന്നതും

അതിനെ പ്രവർത്തിരൂപമാക്കുന്നതും രണ്ടും മറ്റുള്ളവക്കെന്നപോലെ അയാൾക്കും ഭിന്നപ്രവൃത്തികളാണ്. അയാളുടെ യശസ്സു തന്റെ സ്വഭാവഗൌരവത്തെ വല്ലപ്പോഴുമെങ്കിലുമോ മനസ്സമാധാനത്തെ ഒരിക്കലെങ്കിലുമോ പുലർത്തുന്നതിനു പര്യാപ്തമായി വരുന്നില്ല. യശസ്സിന്റെ പ്രകാശം കേവലം ബാഹ്യവും അന്യന്മാരുടെ ദൃഷ്ടികളെ മയക്കുന്നതും മാത്രമാണ്. ആന്തരമായി അതു് അസ്വാസ്ഥ്യഹേതുകമാണ്. എന്തുകൊണ്ടെന്നാൽ, അഗ്നിയിൽ ആജ്യം പോലെ ഉൽക്കർഷേച്ഛ തൽക്കാലം ശാന്തമാകുമെങ്കിലും വാസ്തവത്തിൽ ഒന്നുകൂടി തീക്ഷ്ണമായി പൊട്ടിന്നു് ഉജ്ജ്വലിപ്പിക്കുകതന്നെ ചെയ്യുന്നു. പിന്നെയും ഈ സാഹിത്യകാരൻ കേവലം ദേഹിമാത്രമല്ല, ദേഹിയും ദേഹവുംകൂടി കലർന്നുള്ള ഒരു സത്വമാണ്. അയാളുടെ ബുദ്ധിശക്തികളെല്ലാം ഉൽകൃഷ്ടരീതിയിൽ ശിക്ഷിതങ്ങളും അപ്രകാരം ഉപയോഗിക്കപ്പെടുന്നവയുമായിരിക്കാം. എന്നാൽ അയാൾക്കു സുഖം വേണമെങ്കിൽ അതു കേവലം ചിന്തകൊണ്ടു മാത്രം സാധിക്കയില്ല. ഇതിലേയ്ക്കു വികാരങ്ങളുടെ സന്തർപ്പണംകൂടി ആവശ്യമാണ്. വസ്തുവും ഭക്ഷണവും അനുപേക്ഷണീയങ്ങളാണ്. ഇവ ഇല്ലെങ്കിൽ അയാൾ മൃതനാകും. അയാളുടെ ജീവിതം അസൂയപ്പെടത്തക്കതെല്ലെന്നു തന്നെയല്ല, അതു് ഒരു ദീപ്തമായ മനസ്സു് അതിന്റെ വ്യാപാരങ്ങളെ പ്രകാശിപ്പിക്കുന്ന രീതികളിൽ വച്ചു കഷ്ടതയും നികൃഷ്ടതയുംകൊണ്ടു നിബിഡമായ ഒരവസ്ഥകൂടിയാണ്. ഗ്രന്ഥകർത്താക്കന്മാരുടെ ജീവചരിത്രം പരിശോധിക്കുക. അതു മനുഷ്യചരിത്രത്തിലെ അത്യന്തം ശോചനീയമായ ഒരദ്ധ്യായമാണ്. ഈ വകക്കാരുടെ ഒരു ഭാഗ്യങ്ങളും അതിലെ പ്രധാനവും പ്രവൃദ്ധവുമായ വിഷയവു

മാണ്. പലപ്പോഴും അവരുടെ കുറവുകളും ദോഷങ്ങളും അവരുടെ കഷ്ടതകളോടൊപ്പംതന്നെ വർദ്ധിച്ചുവരുന്നു. ഇതെങ്ങിനെ വന്നുകൂടി എന്നറിയുന്നതിന് ഒട്ടും പ്രയാസമില്ല. ഏതു തരമായ ബുദ്ധിവൈഭവവും പ്രായേണ അതിമൂലമായ വികാരത്തോടു സംഘടിതമായിത്തന്നെയിരിക്കും. അതീതബുദ്ധിയുടെ ഒരു ഒഴിച്ചുകൂടാത്ത ഘടകമാണിതു്. ഇപ്രകാരമുള്ള ചിത്തവൃത്തിയോടുകൂടിയവക്ക് ഏതുവിധ ജീവിതത്തിലും കഷ്ടത അധികമായിത്തന്നെയിരിക്കും. സാഹിത്യവിഷയത്തിലുള്ള വ്യാപാരം സഹജമായ ഈ ചാപല്യത്തിനു മൂച്ചു കൂട്ടുന്നു. സാഹിത്യപരിശ്രമങ്ങൾക്കു സഹജങ്ങളായ ഉപദ്രവങ്ങൾ ഇതിനെ സുസ്ഥിരമായ ഒരു ദുസ്സ്വഭാവമാക്കിത്തീർക്കുന്നു. സാഹിത്യപരിശ്രമവും തത്സംബന്ധമായ വ്യാകുലതകളും ആണു സാഹിത്യകാരന്റെ ജീവിതത്തിലെ പ്രധാന അനുഭവം. എന്നാൽ അതു നൽകുന്ന ആനന്ദം അത്യധികം തൈജസവും ക്ഷണഭംഗുരവുമായതുകൊണ്ടു്, നമ്മുടെ ഈ ലോകത്തിൽ സുഖത്തിനാസ്പദമായിരിക്കുന്ന ഭൌതികവും എന്നാൽ സമൃദ്ധവും സമ്പൂർണ്ണവുമായ സംതൃപ്തിയുടെ അവിച്ഛിന്നപ്രവാഹത്തെ ഉല്പാദിപ്പിക്കുന്നതിന് അതു പര്യാപ്തമായി ഭവിക്കുന്നില്ല. മനസ്സിന്റെ അതിവിശിഷ്ടങ്ങളായ ശ്രമഫലങ്ങൾ അതിനു പറയത്തക്ക സന്തോഷം നൽകുന്നില്ല. എന്നുമല്ല ചിലപ്പോൾ സന്താപവും ഉണ്ടാക്കുന്നു. എന്തുകൊണ്ടെന്നാൽ മനുഷ്യരുടെ അകാംക്ഷകൾ അവരുടെ സാധകശക്തിയെ കവിഞ്ഞവയാണു്. ഈ പരിശ്രമങ്ങൾക്കു ലഭിക്കുന്ന ബാഹ്യമായ പ്രതിഫലവും ഇവയിൽനിന്നു ലഭിക്കുന്ന പ്രശസ്തിയും വളരെ വില കുറഞ്ഞവയാണു്. പരിശ്രമത്തിൽ വിജയം ലഭിച്ചാൽത്തന്നെയും അതിലുള്ള ആഗ്ര

ഫലത്തെ സംതൃപ്തിപ്പെടുത്തുന്നതിനു മതിയാകയില്ല. എന്നാൽ പരാജയം സംഭവിക്കുന്നതായാൽ അതിന്റെ ഫലം അസൂയയും ദ്വേഷവും എന്നുല്ല മറവു ഭയനീയങ്ങളും അസുഖകരങ്ങളുമായ അനുഭവങ്ങളുമാകുന്നു. അതിനെ നിയന്ത്രിക്കുന്നതിനൊ, തൃപ്തിപ്പെടുത്തുന്നതിനൊ സൗകര്യമില്ലാതിരിക്കയും എന്നാൽ അതിനെ ദൂഷിപ്പിക്കുന്നതിനും, വ്യതിചലിപ്പിക്കുന്നതിനും ധാരാളം വഴിയുണ്ടായിരിക്കയും ചെയ്യുന്നതിനാൽ ഒരുവനു വികാരം അന്യോന്യവിരുദ്ധങ്ങളും എളുപ്പം ആക്കം പരിഹരിക്കാൻ നിവൃത്തിയില്ലാത്തവയുമായ അനേകം ചിത്തവൃത്തികളെ ഉണ്ടാക്കിത്തീർക്കുന്നു. ഇതുനിമിത്തമാണു സാഹിത്യകാരന്മാരുടെ ദുരിതങ്ങൾ. ഇതുനിമിത്തമാണ് അവരുടെ കുറവുകളും മൗഢ്യങ്ങളും.

ഇങ്ങിനെ സാഹിത്യം പ്രതിഫലേച്ഛ കൂടാതെ വിനോദത്തിനുവേണ്ടി എഴുതുന്നവർക്കുപോലും ദോഷത്തിനും അസ്വാസ്ഥ്യത്തിനും ഹേതുവായി ഭവിക്കാൻ ഇടയുള്ള ഒരു തൊഴിലായി ഭവിക്കുന്നു. എന്നാൽ തന്റെ മാനത്തിനും ലൗകികസുഖത്തിനും വേണ്ടി മാത്രം അതിനെത്തന്നെ അനന്യശരണമായി വരിക്കുന്നവർക്കും എഴുതുന്നതിനുവേണ്ടി ജീവിക്കാതെ ജീവിക്കുന്നതിനുവേണ്ടി എഴുതുന്നവർക്കും ഇതുസംബന്ധമായ ദുഷ്ടങ്ങളും അപകടങ്ങളും ഭയങ്കരമാംവണ്ണം വർദ്ധിക്കുന്നു. അസാധാരണമായ വാസനയോടും, പക്ഷെ വിധിദുർവിപാകത്തിന് അധീനമായും തിനിക്ക് എതിർത്തു നില്ക്കുവാൻ ശക്തിയില്ലാത്തതായ ജീവിതമത്സരത്തിൽ അങ്ങോട്ടുമിങ്ങോട്ടും പാദസ്ഖലിതംകൊണ്ടു തള്ളപ്പെടുന്ന മനുഷ്യനേക്കാൾ ശോചനീയമായ ഒരു കാഴ്ച മറെറാന്നുമില്ലത

ന്നൊ. അത്യുൽകൃഷ്ടങ്ങളായ ചിന്തകളെ ഉള്ളിൽ വഹിച്ചും, അതിനികൃഷ്ടങ്ങളായ ആവശ്യങ്ങളാൽ പ്രതിബദ്ധനായും, പരിശ്രുദ്ധങ്ങളും ശ്രേഷ്ഠങ്ങളുമായ ഉദ്ദേശങ്ങളോട കൂടിയും, എന്നാൽ സദാ ദാരിദ്ര്യത്തിന്റെ കാഠിന്യത്താലൊ വികാരത്തിന്റെ പ്രേരണയാലൊ നേർവഴിയിൽനിന്നും ഭ്രഷ്ടനായും, യശസ്സിനെ അതിയായി ആഗ്രഹിച്ചുകൊണ്ടും, പല പ്പോഴും അന്നത്തെ ഭക്ഷണംപോലും ലഭിക്കാതെയും, തന്റെ ഭാവനാസൃഷ്ടമായ സ്വർഗ്ഗത്തിന്റേയും, യഥാർത്ഥസ്ഥിതിയായ മഹാരണ്യത്തിന്റേയും മദ്ധ്യേമാർഗ്ഗംകിടന്നാലഞ്ഞും, തന്റെ കഠിനപരിശ്രമങ്ങളിൽ പരാജയം സിദ്ധിച്ചും, പ്രതിബന്ധം നേരിട്ടും തന്റെ ഉത്തമകൃതികളിൽപോലും അതൃപ്തിയോടും, തന്റെ ധനസ്ഥിതിയെപ്പറ്റി നിരാശപ്പെട്ടും ഈ സാഹിത്യകാരൻ തന്റെ ദുസ്സഹജീവിതത്തെ അനന്യഗോചരങ്ങളായ കഷ്ടപ്പാടുകളുമായി പോരാടുന്നതിലും, അസ്വസ്ഥനായും, വിക്ലബനായും, ഭ്രാന്തനായും, അധമനായും, കരുണക്കും ഹാസ്യത്തിനും പാത്രവാനായും, മനസ്സും ദേഹവും തമ്മിലുള്ള യുദ്ധത്തിലെ അസഹായനായ പരിതസ്ഥനായും കാലം നയിക്കുന്നു. ഇങ്ങിനെ അനേകം വിശിഷ്ടാത്മാക്കൾ അവരുടെ ജോലി അവസാനിക്കാതേയും ഇപ്രകാരമുള്ള വിപത്തുകൾക്കധീനരായും ഇഹലോകം ത്യജിച്ചിട്ടുണ്ട്. ആട്ടപയെപ്പോലെ പട്ടിണികൊണ്ടും, കെയ്റ്റ്സ്, കാളിൻസ് ഇവരേപ്പോലെ അജ്ഞാതരായി ചിത്തഭ്രമംകൊണ്ടും, ചാറെർട്ടനെപ്പോലെ നിഷ്ഠുരതരമായ വിധത്തിൽ സമാധാനം നേടിയും അവർക്ക സ്വാഗതം നല്കാത്ത ലോകത്തിൽനിന്നും സരോഷം ദൂരെ ഗമിച്ചും, ദാരിദ്ര്യവും അപമാനവും എന്നുവേണ്ട മനുഷ്യന സഹജങ്ങളായ മറനേകം ശല്യങ്ങൾക്കും എത്താൻ സാധിക്കാത്തതായ ആ അദ്ദ്യേമായ

പ്രാകാരത്തിനുള്ളിൽ സങ്കേതം പ്രാപിച്ചവരും ഇല്ലാതില്ല. ഇങ്ങിനെയിരുന്നാലും ഇവരുടെയിടയിലാണ മനുഷ്യവർഗ്ഗത്തിന്റെ ഉത്തമോത്തംസങ്ങളും അവരുടെ പ്രധാന ഉപകർത്താക്കന്മാരുമായവരെ കാണാൻ കഴിയുന്നതു്. ഇവരാണ നമ്മുടെ ആത്മാക്കളുടെ വിശിഷ്ടഭാഗങ്ങളെ ഉന്മേഷത്തോടുകൂടി സംരക്ഷിച്ചിട്ടുള്ളതു്. ഇവരാണ നമുക്ക അധികാരത്തെക്കാളും, ഭോഗത്തെക്കാളും ഉൽകൃഷ്ടങ്ങളായ ആദർശങ്ങൾ നല്കുന്നതും; ഈ ഭ്രമിയിൽ ഉല്കനാധിപത്യത്തിന്റെ പൂർണ്ണഭരണത്തെ എതിർത്തു നില്കുന്നതും; ഇവരാണ ബുദ്ധിയുടെ വിജയപ്രസ്ഥാനത്തിൽ നാസീരപദം വഹിക്കുന്നതും; ഇവരാണ ശൂന്യങ്ങളായ അരണ്യങ്ങളിൽനിന്ന തങ്ങളുടെ ഭാഗ്യവാന്മാരായ സഹോദരന്മാരുടെ ചിന്തകർക്കും വ്യാപാരങ്ങൾക്കും നവീനപ്രദേശങ്ങളെ തെളിച്ചു ഫലസമൃദ്ധങ്ങളാക്കിക്കൊടുക്കുന്ന ശ്രേമുഷീശാലേയകഷ്കന്മാർ. എന്നാൽ ഇവരുടെ പരോപകാരപരമായ വിജയങ്ങളിൽനിന്നും ഇവക്കതല്പം മാത്രമെ കിട്ടുന്നുള്ളുവെന്നുള്ളതു വളരെ ഭയനീയമായ അവസ്ഥയാണ്. എന്നാൽ അസന്തുഷ്ടിയെ പ്രദർശിപ്പിച്ചിട്ടാവശ്യം ഇല്ലെന്നു തോന്നുന്നു. ഇവർ ഈ വിഷയത്തിൽ ധർമ്മഭടന്മാരാണ്. അവർ ആ തിന്റെ ഭോഷങ്ങളെക്കാൾ ആനന്ദത്തെയാണ കൂടുതൽ തൂക്കമുള്ളതായി ഗണിച്ചതു്. അതുകൊണ്ടു് എല്ലാവരേയുംപോലെതന്നെ അവരും അവരുടെ നിശ്ചയത്തിന്റെ ഫലം അനുഭവിക്കതന്നെ വേണം. അവർ അനുഗമിക്കുന്ന പന്ഥാവിലെ കഷ്ടതകൾ ഭയങ്കരങ്ങളാണ്. എന്നാൽ, അവയെല്ലാം ഒരുപോലെ അപരിഹാര്യങ്ങളല്ല. ഈ വിഷയത്തിൽ ശരിയായ മാർഗ്ഗത്തെ അവലംബിക്കുന്നവർക്ക തക്കതായ പ്രതിഫലം ഇല്ലാതെയില്ല. ഒരു സാഹിത്യകാരന്റെ

ജീവിതം മറവുള്ളവരുടെ ജീവിതത്തേക്കാൾ അസുഖകരവും സമാധാനരഹിതവുമാണെങ്കിൽ അതിനെ അധികം ഉന്മേഷജനകവും ഉൽകൃഷ്ടവും ക്രൂടിയാക്കാൻ സാധിക്കുന്നതാണ്. തന്നെ നികൃഷ്ടനാക്കുവാൻ തനിക്കുമാത്രമെ കഴികയുള്ളൂ. തീക്ഷ്ണബുദ്ധികളുടെ ചരിത്രത്തിനു വാസ്തവത്തിൽ രണ്ടു വശങ്ങൾ ഉണ്ട്. ഒന്നു തേജോമയവും, മറ്റതു തമോമയവുമായിത്തന്നെ ഇരിക്കും.

ഇങ്ങനെ അനേകം അനുഗ്രഹീതന്മാരായ മനുഷ്യരുടെ കഷ്ടതയെ വീക്ഷിക്കുന്നതും അതിലും കഷ്ടമായി അവരുടെ അധഃപതനത്തെ കാണുന്നതും വ്യസനഹേതുകമാണെങ്കിൽ, ഏതുവിപരീതമായി, സകല ജീവിതസരണികൾക്കും പ്രത്യേകിച്ചു് ഇവരുടെ മാർഗ്ഗത്തിനും സാദൃശങ്ങളായ പ്രലോഭനങ്ങളും കഷ്ടതകളും ക്ലൂട്ടാക്കാതെ അവയുടെ നടുവിൽക്കൂടി പ്രശാന്തവും പരിപാവനവുമായ ഗൗരവത്തോടുകൂടി സഞ്ചരിച്ചു്, അവരുടെ സ്വഭാവശുദ്ധികൊണ്ടെന്നതുപോലെ തന്നെ അവരുടെ സത്സാഹിത്യങ്ങൾകൊണ്ടും നമ്മുടെ സ്മരണയിൽ പൂജ്യസ്ഥാനം ലഭിച്ചു വർത്തിക്കുന്ന അപൂർവം ചിലരെക്കുറിച്ചു ചിന്തിക്കുന്നതും അതിലിരുന്നു സന്തോഷാവഹമാണു്. ഇവരാണു് ഈ കീഴ്ലോകത്തിലെ സുരഭിലകുസുമങ്ങൾ. ഇപ്രകാരമുള്ളവർക്കു മാത്രമെ 'മഹാന്മാർ' എന്നുള്ള അഭിധാനം സാർത്ഥകമായി നല്കുവാൻ ന്യായമുള്ളൂ. ഇവരുടെ സർവ്വവ്യാപാരങ്ങളിലും വർണ്ണ്യചിന്താവിഷയമായ ഒരു പരസ്പരസാദൃശ്യം ഉണ്ടു്. "ആരൊരുവൻ ഒരു മഹാകാവ്യം നിർമ്മിക്കുവാൻ ഇച്ഛിക്കുന്നുവോ അവൻ തന്റെ ജീവിതം മുഴുവനും ഒരു മഹാകാവ്യം തന്നെയാക്കണം." ഇപ്രകാരമാണു നമ്മുടെ മിൽട്ടൻ അഭിപ്രാ

യപ്പെട്ടുന്നതു്. അദ്ദേഹം കേവലം അഭിപ്രായംകൊണ്ടു തൃപ്തിപ്പെടാതെ അതിനെ പ്രവൃത്തികൊണ്ടു യഥാർത്ഥീകരിക്കുകയും ചെയ്തു. സാഹിത്യകാരന്മാരുടെ സദ്വൃത്തരാജാവായ മിൽട്ടന്റെ കൂട്ടത്തിൽ പല കാലങ്ങളിലും പലരാജ്യങ്ങളിലും നിന്നു് ഒരുൽകൃഷ്ടസാഹിത്യനായകസമൂഹത്തെ ചേർക്കപ്പെടാം. സാഹിത്യകാരന്മാരുടെ തീർത്ഥയാത്രയിൽ അവർക്കു പുറകും നിന്നു് അവരെ ഉൽകൃഷ്ടോദ്യമങ്ങളിലേയ്ക്കു് ഉത്സാഹിപ്പിക്കയും അവരുടെ ഏകാന്തചിന്തകളെ പ്രത്യാശകൊണ്ടു് ഉദ്ദീപിപ്പിക്കയും അവരെ പ്രയത്നിക്കുന്നതിനും, സഹിക്കുന്നതിനും, ദുഷ്കൃത്യങ്ങളെ തരണംചെയ്യുന്നതിനും അഥവാ പരാജയത്തിലും കഠിനകഷ്ടതകളിലും ക്ഷമയാകുന്ന ഇരിമ്പുകവചം കൊണ്ടു തന്റെയുള്ളത്തെ സുരക്ഷിതമാക്കുന്നതിനും അഭ്യസിപ്പിക്കുന്ന സ്വർഗ്ഗീയശക്തികളാണു് ഇക്കൂട്ടർ.

സമുദായങ്ങളും സമതാവും മത്സരവും.

ഈ ശതാബ്ദത്തിന്റെ ഒരു പ്രധാനലക്ഷണം, മനുഷ്യരുടെ ഇടയിലുള്ള സമതാവാദമാണെന്നു് ഒരു സൂക്ഷ്മജ്ഞനായ നിരീക്ഷകനു കാണാവുന്നതാണു്. പൂർണ്ണസ്വാത

ന്ത്യമാണ് ഇന്ന എല്ലാവരുടേയും പരമലക്ഷ്യം. സമ
തപവാദം അതിന്റെ ഒരു വകഭേദമാണെന്ന മാത്രമേയുള്ളൂ.
പരാധീനത എന്നുള്ളതു് ഇന്ന മനുഷ്യർക്ക് ഏറ്റവും ഭ്സ്സ
ഹവും അനാസ്പാദ്യവുമായ ഒരവസ്ഥയാണ്. ഇങ്ങനെയു
ള്ള ഒരു ചിത്തവൃത്തിയോടുകൂടിയാണ് ഇന്ന വ്യക്തികളും
സമുദായങ്ങളും അന്യോന്യം സദാ വീക്ഷിക്കുന്നതും ചില
പ്പോൾ മത്സരിക്കുന്നതും ഇടക്കിടെ കലഹിക്കുന്നതും.

ഇന്ന ലോകത്തിൽ കാണുന്ന അവസ്ഥയ്ക്കു മിക്കവാ
റും ഉത്തരവാദിത്വം വഹിക്കുന്നതു് ഈ മനോഭാവം തന്നെ
യാണ്. സമുദായസമത്വം ഒരുത്തമമായ ആദർശവും ഒരു
കാര്യമായ ലക്ഷ്യവുമാണെങ്കിലും അതിന്റെ പ്രാപ്തിയെ ത
ടയുന്നതായ പല പ്രായോഗികപ്രതിബന്ധങ്ങളും ഇല്ലാതി
ല്ല. ലോകാരംഭം മുതല്ക്കുതന്നെ ഭിന്നങ്ങളും ചിലപ്പോൾ
പരസ്പരവിരുദ്ധങ്ങളുമായ മാർഗ്ഗങ്ങളേയും ആദർശങ്ങളേയും
അവലംബിച്ചു് അന്യോന്യസങ്കരത്തെ അസൂയാപൂർവ്വം വ
ർജ്ജിച്ചും പലവിധമായ അസമത്വങ്ങളോടുകൂടിയും വള
ർന്നവന്ന വിവിധസമുദായങ്ങൾ സമത്വത്തെ പ്രാപിക്കുക
യെന്നുള്ളതു് അത്ര സുസാദ്ധ്യമാണോ എന്ന സംശയിക്കേ
ണ്ടിയിരിക്കുന്നു. മനുഷ്യർ പ്രത്യേകസമുദായങ്ങളായി വേർ
തിരിയുവാനുള്ള കാരണങ്ങൾതന്നെ ശ്രദ്ധാമൂലങ്ങളാകയാൽ
അവ അത്ര എളുപ്പത്തിൽ പരിഹരിക്കത്തക്കവയാണെന്നു
തോന്നുന്നില്ല. അവ മിക്കവാറും മനുഷ്യരുടെ വികാരങ്ങ
ളോടും ജീവിതരീതിയോടും വിശ്വാസത്തോടും സുദൃഢമാ
യി ബന്ധിക്കപ്പെട്ടിരിക്കുന്നതുകൊണ്ടു് ഇവയെ അവയിൽ
നിന്നു വേർപെടുത്തുക എന്നുള്ളതു് അല്പം പ്രയാസമായിട്ടു
ള്ള കാര്യമാണ്.

വംശം, മതം, ആചാരം, ആദർശം, വർണ്ണം, പരിത സ്ഥിതി ഇവയുടെ വ്യത്യാസമാണു മനുഷ്യരെ പ്രത്യേകസമു ദായങ്ങളായി വേർതിരിക്കുന്നതിൽ പ്രവർത്തിച്ചിട്ടുള്ള പ്ര ധാനകാരണങ്ങൾ. ഇവ നിമ്മിച്ചിട്ടുള്ള സമുദായസീമ കളെ—അഥവാ, പ്രാകാരങ്ങളെ—തട്ടി നിരപ്പാക്കിത്തീ ക്കുന്നതു് ഒട്ടും എളുപ്പമായിട്ടുള്ള ഒരു കാര്യമല്ല. വംശവ്യ ത്യാസം അതിനും കേവലം യാദൃച്ഛികമായ ഒരു വിഭജനകാ രണമായിരുന്നുവെങ്കിലും അതു കാലക്രമേണ പ്രബലപ്പെട്ടു മനുഷ്യർ തമ്മിലുള്ള അകൽച്ചക്കും ഇന്നു കാണുന്ന വ ർഗ്ഗീയസ്പർദ്ധക്കും മറ്റും പ്രധാനകാരണമായി ഭവിച്ചിട്ടുണ്ടു്. പല പരിഷ്കൃതസമുദായങ്ങളും ഈ വാസ്തവത്തെ ഭാവം കൊണ്ടും വാക്കുകൊണ്ടും അല്പാല്പം ആക്ഷേപം ചെയ്യുന്ന തിനു ശ്രമിക്കാറുണ്ടെങ്കിലും ഗൗരവതരങ്ങളായ അവസര ങ്ങളിൽ നേരിടുമ്പോൾ ഈ സങ്കുചിതമായ മനോവൃത്തി അതിന്റെ നഗ്നരൂപത്തിൽ തന്നെ പ്രത്യക്ഷപ്പെടുന്നതു് ഒട്ടും അസാധാരണമല്ല. പല സീമാന്തരേഖകളും കാല പര്യയം കൊണ്ടു തേഞ്ഞുമാഞ്ഞു പോകുന്നതായി കാണ പ്പെടുന്നുണ്ടു്. എന്നാൽ അന്യോന്യം പാർശ്വതഃവസിക്കു ന്ന പല ഭിന്നസമുദായങ്ങളും അനേകവർഷശതങ്ങൾ അ വയുടെ തലക്കു മീതെ കടന്നു പോയിക്കഴിഞ്ഞിട്ടും, അവ തമ്മിലുള്ള വിഭജനരേഖ മാഞ്ഞുപോയിട്ടില്ലെന്നു തന്നെ യല്ല, അതു പൂർവ്വാധികം സ്ഥൂലമായും തീർന്നിട്ടുണ്ടു്.

സമുദായങ്ങൾ തമ്മിൽ ക്രൂരക്രൂടെ ഉണ്ടാകുന്ന മത്സര കലഹാദികൾക്കൊക്കെയും വർഗ്ഗീയദുരഭിമാനമാണു പ്രായേ ണ ഉത്തരവാദിത്വം വഹിക്കുന്നതു്. സമുദായങ്ങൾ ത മ്മിൽ സമത്വഭാവം ഉണ്ടാകുമെങ്കിൽ വർഗ്ഗീയചിന്തയെ

കവിഞ്ഞു നില്ക്കുന്ന ഒരു വിശാലമനസ്ഥിതി മനുഷ്യരിൽ അവശ്യം ഉണ്ടാകേണ്ടിയിരിക്കുന്നു. ലോകത്തിൽ ഉണ്ടായിട്ടുള്ള സമരങ്ങളുടേയും മറ്റു ഘോരസംഭവങ്ങളുടേയും കാരണാന്വേഷണം ചെയ്യുന്നതായാൽ അതു് ഒരുവിധം അല്ലെങ്കിൽ മറ്റൊരുവിധം വർഗ്ഗീയസ്പർദ്ധയിൽ ചെന്നവസാനിക്കുന്നതായി കാണുമെന്നുള്ളതിനു തർക്കമില്ല. പല സമുദായങ്ങളും ഇതരസമുദായങ്ങൾ തങ്ങളേക്കാൾ താണനിലയിൽ ഉള്ളവയാണെന്നു വിചാരിച്ചുവരുന്നുണ്ടു്. ഈ വിചാരവും സമുദായ സമീകരണത്തിനു പ്രതിക്രൂലമായിട്ടുള്ള ഒരു ശക്തിയാണു്. വാശവ്യത്യാസം സാമുദായികസമത്വവിഷയത്തിൽ ഇപ്രകാരമാണു വ്യാപരിക്കുന്നതെങ്കിൽ, മതവ്യത്യാസം ഇതേക്കാൾ എത്രമാത്രം ശക്തിമത്തായ വിധത്തിൽ ഈ വിഷയത്തിൽ പ്രവർത്തിക്കുന്നുണ്ടെന്നു് ഏറക്കുറെ ഊഹിക്കാവുന്നതാണു്.

മതത്തേപ്പോലെ ലോകത്തിൽ മനുഷ്യവർഗ്ഗത്തെ അന്യോന്യം കലഹിപ്പിക്കുകയും, ഹിംസിപ്പിക്കുകയും ചെയ്യുന്ന വിഷയത്തിൽ ശക്തിമത്തായി പ്രവർത്തിക്കുന്ന മറ്റൊരു ശക്തിയും ഉണ്ടെന്നു തോന്നുന്നില്ല. ലോകചരിത്രം മുന്നോട്ടും പിന്നോട്ടും എത്രതവണതന്നെ വായിച്ചുനോക്കിയാലും ഈ ഒരു പരമാർത്ഥം തന്നെ എവിടേയും സ്ഫുലിച്ചു തെളിഞ്ഞുനില്ക്കുന്നതായി കാണാവുന്നതാണു്. മതത്തിന്റെ നാമത്തിൽ മനുഷ്യർ അന്യോന്യം എന്തെല്ലാം ഘോരകൃത്യങ്ങൾ ചെയ്തിട്ടുണ്ടെന്നു സൂക്ഷ്മബുദ്ധിയുള്ള ഏതു ചരിത്രാന്വേഷകനും അറിയാവുന്നതാണു്. വംശാഭിമാനത്തേക്കാൾ എത്രയോ മടങ്ങു ശക്തിയോടുകൂടിയാണു മതാഭിമാനം മനുഷ്യവികാരത്തെ ക്ഷോഭിപ്പിക്കുന്നതു്.

മതസംബന്ധമായ തർക്കങ്ങൾ നേരിടുമ്പോൾ മനുഷ്യർ സാഹസികന്മാരായി അന്യോന്യം ഗളച്ഛേദം ചെയ്യുന്നതിനും മടിക്കുന്നില്ല. ഇതിൻ കാരണം എന്തായിരിക്കാം? മതവിശ്വാസം സാമാന്യജനതയെ സംബന്ധിച്ചു മിക്കവാറും യുക്തിയെ കവിഞ്ഞു കേവലം വികാരപരമായ ഒരു മനോവൃത്തിയാണ്. എല്ലാ മതങ്ങളുടേയും മൂലതത്വത്തെ സൂക്ഷ്മബുദ്ധ്യാ ചിന്തിച്ചു ഗ്രഹിച്ചിട്ടുള്ളവർ ഇപ്രകാരമുള്ള പരമതാസഹിഷ്ണുതയെ പ്രകാശിപ്പിക്കയില്ല. എന്നാൽ ഇത്തരക്കാർ വളരെക്കുറച്ചേയുള്ളൂ.

മതസിദ്ധാന്തങ്ങളെ യഥാവൽ ഗ്രഹിക്കാതെയും, അവയുടെ ബാഹ്യാംശങ്ങളായ മൂലതത്വത്തോട് ബന്ധമില്ലാത്തവയായ സംഗതികളേയും അന്ധവിശ്വാസങ്ങളേയും മറും മുറുകി പിടിച്ചുകൊണ്ടുമാണ് സാമാന്യജനങ്ങൾ ഇതരസമുദായങ്ങളോട് മല്ലിടാൻ പുറപ്പെടുന്നത്. മനുഷ്യൻ പൂർണ്ണസ്വാതന്ത്ര്യം വല്ലതിലും വേണ്ടതാണെങ്കിൽ അത് ആത്മീയവിശ്വാസവിഷയത്തിലാണ്. എന്നാൽ പ്രായേണ മനുഷ്യർ ഈ വിഷയത്തിലാണ് പരാഭിപ്രായത്തിൽ ക്രമാതീതമായ അസഹിഷ്ണുതയെ പ്രദർശിപ്പിക്കുന്നത്. ആചാരവിഷയത്തിലും സമുദായങ്ങൾ തമ്മിൽ വലിയ അസമത്വം ഉണ്ട്. ആചാരങ്ങൾ മിക്കവയും മതമാകുന്ന അടിസ്ഥാനത്തിന്മേൽ ഉറപ്പിക്കപ്പെട്ടവയാണ്. ജാതിവ്യത്യാസത്തിന്മേൽ സ്ഥാപിക്കപ്പെട്ടവയും ഒട്ടും കുറവല്ല. എന്നാൽ ഒരു മതത്തിൽതന്നെ പല സമുദായവിഭാഗങ്ങൾ ഉള്ളതുകൊണ്ട് ആ വിഭാഗങ്ങളുടേയും ആചാരങ്ങൾ പ്രായേണ വ്യത്യസ്തപ്പെട്ടിരിക്കുന്നതാണ്. എന്നാൽ ആചാരവ്യത്യാസം സമുദായങ്ങളെ യോജിപ്പിക്കാതെ അകറ്റി നിർത്തുന്ന

വെന്നല്ലാതെ മതവ്യത്യാസത്തെപ്പോലെ പരസ്പരവൈര ഹേതുകമായി ഭവിക്കുന്നില്ല.

ജാത്യഭിമാനവും സമുദായങ്ങളെ തമ്മിൽ ഭിന്നിപ്പിക്കുന്നതിനും, അകൽച്ചയുണ്ടാക്കുന്നതിനും ഇടയാക്കുന്ന ഒരു കാരണമാണ്. "ജാതിസ്പിരിറ്റും" വർഗ്ഗീയസ്പിരിറ്റുപോലെ തന്നെ വിഷദൂഷിതമായ ഒരു ചിത്തവൃത്തിയാണ്. ഇവിടേയും മനുഷ്യർ യുക്തിയെയല്ല വികാരങ്ങളെയാണ്, പ്രധാനമായി അവലംബിക്കുന്നതു്. "താണജാതി"യെന്നും, "ഉയർന്നജാതി"യെന്നും ഉള്ള ശബ്ദങ്ങൾ മനുഷ്യരിൽ എന്തെല്ലാം തിക്തങ്ങളും, അനാശാസ്യങ്ങളുമായ മനോവികാരങ്ങളെ ജനിപ്പിക്കുന്നു എന്നു പറവാൻ പ്രയാസമാണ്. ജാതിവിഭാഗം ആരംഭത്തിൽ തൊഴിലിനെ അടിസ്ഥാനപ്പെടുത്തി സങ്കല്പിച്ചിട്ടുള്ള ഒരു വ്യത്യാസമായിരുന്നുവെങ്കിലും കാലാന്തരത്തിൽ അതു ദുഷിച്ചു, സാമുദായികോല്ക്കർഷാപകർഷങ്ങളുടെ ചിഹ്നമായി പരിണമിച്ചു, ജനങ്ങളിൽ ഒട്ടധികം സ്പർദ്ധയ്ക്കിടയാക്കിത്തീർത്തിട്ടുണ്ടെന്നു് അനുഭവംകൊണ്ടു നമുക്കറിയാമല്ലൊ. പല സമുദായങ്ങളും പരിതസ്ഥിതികളുടെ അപ്രതിഹതമായ ശക്തികൊണ്ടു വളരാനും ഉയരാനും നിവൃത്തിയില്ലാതെ മുരണ്ടും ദുഷിച്ചും പാരതന്ത്ര്യത്തിൽ തന്നെ കഴിച്ചുകൂട്ടുന്നുണ്ടു്. എന്നാൽ ഇക്കൂട്ടരും കാലശക്തിക്കധീനരായി, മുക്തഹസ്തന്മാരായി ഇതിനു ഹേതുഭൂതരായ ഇതരസമുദായങ്ങളെ പഴിച്ചുംകൊണ്ടു് ഉൽക്കർഷസോപാനത്തിൽ കാൽവച്ചുകയറുകയാണ്. സമുദായസമത്വമാണ് ഇവയുടേയും പരമലക്ഷ്യം. വിദ്യാഭ്യാസവും തന്മൂലമുണ്ടാകാവുന്ന സംസ്കാരവും അല്പംപോലും ആസ്പദിക്കാതെ പല സമുദായങ്ങളും പുരാ

തനസ്ഥിതികളിൽ തൃപ്തിപ്പെട്ട വളരെക്കാലം വത്തിച്ചിരു ന്നു. ഈ ക്രൂരരും ഇപ്പോൾ ഉയന്നവരെന്നു ഗണിക്കപ്പെട്ടി രുന്ന സമുദായങ്ങളോടു സമത്വം ലഭിക്കാൻ തീവ്രയത്നം ചെയ്തുവരികയാണു്. ഈ വക കാരണങ്ങൾ കൊണ്ടു സ മുദായങ്ങളും അന്യോന്യം മൈത്രീഭാവം സമ്പാദിക്കാൻ സാ ധിക്കാതെ മത്സരീഭാവത്തെ അവലംബിച്ചു വത്തിക്കേണ്ടി യിരിക്കുന്നു.

ആഭാശ്രവ്യത്യാസവും സമുദായങ്ങളെ പലപ്പോഴും ഭി ന്നിപ്പിക്കുന്നതിനു കാരണമായി ഭവിക്കുന്നുണ്ടു്. ആഭാശ് ങ്ങൾ ഉത്തമങ്ങളും, മദ്ധ്യമങ്ങളും, അധമങ്ങളുമായി കാണ പ്പെടുന്നു. ഇവയെ വരിക്കുന്ന സമുദായങ്ങളുടെ സ്ഥിതി യും ഇപ്രകാരം തന്നെയാണു്. ഇപ്രകാരം ഭിന്നാഭാശ്ങ്ങ ളുള്ള സമുദായങ്ങൾ തമ്മിൽ യോജിച്ചു പ്രവത്തിക്കുന്നതു സാദ്ധ്യമല്ല. ഉൽകൃഷ്ടാഭാശ്ങ്ങളെ വരിച്ചിട്ടുള്ള സമുദായ ങ്ങളാണു് ഇന്നു ലോകത്തിൽ ഉയന്നു നില്ക്കുന്നതായി കാണ പ്പെടുന്നതു്. നേരേമറിച്ചു് അധമാഭാശ്ങ്ങൾ സ്വീകരിച്ചി ട്ടുള്ളവ സമുദായശ്രേണിയുടെ താഴത്തെ പടിയിൽതന്നെ നില്ക്കുന്നതേയുള്ളു. ഇവ തമ്മിൽ സമത്വഭാവം അസ്ഥാന ത്തിലാണെന്നു പറയേണ്ടതില്ലല്ലൊ.

പല സമുദായരൂപങ്ങളും അവയുടെ പരിതസ്ഥിതി നിമിത്തം വിദ്യാഭ്യാസാദി സൗകയ്യങ്ങളെ സ്വാധീനമാക്കി ഉന്നതസ്ഥാനം പ്രാപിച്ചുകാണുന്നു. മറ്റു ചിലവ അവ യെ തീരെ ഉപേക്ഷിച്ചും, ഏറക്കുറെ അവഗണിച്ചും, യാ ഥാസ്ഥിതികത്വം അവലംബിച്ചും, ഉൽഗതിയില്ലാതെയും വത്തിച്ചുവന്നു. ഇവർ പലരും സുപ്തോത്ഥിതരായി ഇ പ്പോഴാണു കണ്ണുതുറന്നു ചുറ്റും നോക്കാൻ തുടങ്ങിയതു്.

ഇങ്ങിനെയുള്ള അസമത്വങ്ങൾ ഉടനടി തീക്കാവുന്നതല്ല. സ്ഥെയ്ത്തോടുകൂടിയുള്ള ചിരകാലപ്രയത്നം കൊണ്ടു മാത്രമേ ഇവിടെ സമത്വം സാധിക്കയുള്ളൂ. ഇവിടെ മത്സരത്തേക്കാൾ അന്യോന്യസഹകരണമാണ് അധികം ഫലപ്രദമായിട്ടുള്ളതു്. എല്ലാ വിഷയത്തിലും സമുദായങ്ങളെല്ലാം സമത്വനിലയിൽ എത്തുകയെന്നുള്ളതു വംശം, മതം, ആചാരം, ആദർശം, ജാതി, വിദ്യാഭ്യാസസ്ഥിതി, പരിഷ്കാരം ഇവ ഭിന്നങ്ങളായി വരുന്നിടത്തോളം കാലം കേവലം കൃത്രിമസാദ്ധ്യമൊ അഥവാ അസാദ്ധ്യമൊ ആയിത്തന്നെ ഇരിക്കാനേ തരമുള്ളൂ.

വിവിധസമുദായങ്ങളും ഭിന്നതകളെ വിട്ട് ഏകീകരിക്കപ്പെടുന്നതായ ലോകത്തിന്റെ ഒരു "ശുക്രദശ" ആരംഭിക്കുന്നതിനു് ഇനിയും ഒട്ടേറെ താമസം ഉണ്ടെന്നാണു തോന്നുന്നതു്. മനുഷ്യവർഗ്ഗത്തിന്റെ ഇന്നത്തെ ബുദ്ധിയുടെ പ്രവണത നോക്കുമ്പോൾ അങ്ങിനെ ഒരു കാലം വരുമെന്നതന്നെ വേണം ഊഹിക്കുവാൻ. എന്നാൽ പൗരാവകാശവിഷയത്തിലും ഉദ്യോഗസമ്പാദനത്തിലും മറ്റും ഉൽകൃഷ്ടവിദ്യാഭ്യാസപരമായ പരിശ്രമംകൊണ്ടു് ഒരുവിധം സമുദായസമത്വം സാധിക്കുവാൻ കഴിയുന്നതാണു്. ഇവയിലാണിന്നു മിക്ക സമുദായങ്ങളുടേയും ശ്രദ്ധ പതിഞ്ഞു കാണുന്നതു്. ഉൽകൃഷ്ടവിദ്യാഭ്യാസം മൂലം സിദ്ധിക്കാവുന്ന വിശാലമനസ്കതയും, വിസ്തൃതമായ ലോകാവലോകനശീലവും മനുഷ്യർക്കുണ്ടായാൽ ഇന്നു പ്രത്യക്ഷമായി കാണുന്ന സമുദായസ്പർദ്ധയും മത്സരവും വളരെ കുറഞ്ഞു് ഒരുവിധം സൗഹാർദ്ദം വന്നുകൂടുവാനിടയുണ്ടു്.

ഭാരതത്തിലെ ഭിന്നവർഗ്ഗങ്ങളും, വിവിധസമുദായങ്ങ

ളും ഭരണസ്വാതന്ത്ര്യലബ്ധിയെ ഉദ്ദേശിച്ച് അവയ്ക്ക് അന്യോന്യം ഉണ്ടായിരുന്ന അവിശ്വാസങ്ങളേയും സംശയങ്ങളേയും ത്യജിച്ച പരസ്പരം മൈത്രീഭാവത്തെ അവലംബിച്ച വർത്തിച്ചുവരുന്നുവെന്നുള്ളതു് ഒരു ശുഭലക്ഷണമാണു്.

നാം വർഗ്ഗീയപദത്തിൽ നിന്നല്ല, മാനുഷപദത്തിൽ നിന്നാണു് അന്യോന്യം വീക്ഷിക്കേണ്ടതു്. എന്നാൽ മാത്രമെ ലോകത്തിൽ ഏതെങ്കിലും മഹൽക്കാര്യങ്ങൾ സാധിക്കുവാൻ കഴിയൂ. ലോകം പ്രകൃത്യാ അസമത്വങ്ങൾ കൊണ്ടു നിറഞ്ഞിരിക്കയാണു്. തന്മൂലം അതിൽ സമീകരണശക്തിയേക്കാൾ അസമീകരണശക്തിക്കാണു കൂടുതൽ പ്രാബല്യം കാണുന്നതു്. ഇതിനുംപുറമെ മനുഷ്യസൃഷ്ടിയായ മതം, ജാതി, ആചാരം, ആടയ്ക്കം, വംശം, നിയമം, പരിതസ്ഥിതി മുതലായവ ഈ അസമത്വത്തെ വർദ്ധിപ്പിക്കയും ചെയ്യുന്നു. അതുകൊണ്ടു് എല്ലാ ദിക്കിലും വിഷയത്തിലും സമത്വത്തെ പ്രതീക്ഷിക്കുന്ന മനുഷ്യൻ ഭഗ്നാശയനായിത്തീരാനെ തരമുള്ളൂ.

അസമത്വത്തിൽ സമത്വം കാണുകയും അതനുസരിച്ചു ഭാവിക്കയും ചെയ്യുന്ന മനുഷ്യൻതന്നെ ബുദ്ധിമാൻ. ഈ വാസ്തവം എല്ലാ സമുദായങ്ങളും ഓർമ്മിച്ചു പ്രവർത്തിച്ചാൽ സമുദായസമത്വം അചിരേണ സാധിക്കാവുന്നതാണു്.

"ആത്മവൽ സർവ്വഭൂതാനി
യഃ പശ്യതി സപശ്യതി."

(ശുഭം)